ഭാഗം
**8**

അക്ഷരവൃക്ഷം
കുട്ടികളുടെ അവധിക്കാല സർഗ്ഗസൃഷ്ടികൾക്കൊരിടം



## കോവിഡ് 19
# ലേഖനങ്ങൾ

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായുള്ള ലോക്ഡൗൺ പശ്ചാത്തലത്തിൽ വീടുകൾക്കുള്ളിൽ അവധിക്കാലം ചെലവഴിച്ച കുട്ടികളുടെ സർഗ്ഗാത്മക രചനകൾ



കേരളസർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

അക്ഷരവൃക്ഷം

കുട്ടികളുടെ അവധിക്കാല സർഗ്ഗസൃഷ്ടികൾക്കൊരിടം

# കോവിഡ് 19 ലേഖനങ്ങൾ

## ഭാഗം 8


കേരളസർക്കാർ

പൊതുവിദ്യാഭ്യാസവകുപ്പ്

പ്രസിദ്ധീകരണം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

മേയ് 2020

*Pubilished by :* **State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
*Website* : www.scertkerala.gov.in, *e-mail* : scert@kerala.gov.in
Phone : 0471 - 2341883, Fax : 0471 - 2341869

*Technical Support :* **Kerala Infrastructure and Technology for Education (KITE)**
Poojappura, Thiruvananthapuram 695012, Kerala

**Cover:** N. T. Rajeev, GHSS, Thariode, Wayanad

**Layout:** Dileep R. S, Mahadevan C. and Sudheer A.
**Printed at** SCERT Press
CC - By - SA - 3.0 license
Department of Education, Government of Kerala



**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

**കേരള സർക്കാർ**

**സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം-695 001**

നം.424/പ്രസ്/സി.എം.ഒ/2020.

ജൂൺ 02, 2020.

## സന്ദേശം

കോവിഡ്-19 മഹാമാരിയെത്തുടർന്ന് നമ്മുടെ കുട്ടികൾക്ക് ചരിത്രത്തിലാദ്യമായി മധ്യവേനലവധിക്കാലത്തെ യാത്രകളും, കളികളും, സന്ദർശനങ്ങളുമെല്ലാം നഷ്ടമായിരിക്കുകയാണ്. എന്നാൽ ഈ ആതുര കാലത്തും വിദ്യാർത്ഥികൾ പുതുവഴികൾ സൃഷ്ടിച്ചു. കേരളമാതൃക ആരോഗ്യരംഗത്ത് മാത്രമല്ല പൊതു വിദ്യാഭ്യാസ രംഗത്തും ചരിത്രമാവുകയാണ്. കോവിഡ് കാലത്തോട് സർഗാത്മകമായി പ്രതികരിച്ച ഇളംമനസ്സുകളുടെ രചനകൾ സമാഹരിച്ച് എസ്.സി.ഇ.ആർ.ടി **'അക്ഷര വൃക്ഷം'** എന്ന പേരിൽ പ്രസിദ്ധീകരിച്ചുവരുന്നു. ഇതിന്റെ എട്ട്, ഒമ്പത്, പത്ത് ഭാഗങ്ങളാണ് ഇപ്പോൾ പുറത്തിറക്കുന്നത്.

കുട്ടികൾ ഈ മഹാവ്യാധിയെ എങ്ങനെ കാണുന്നു, ലോക്ഡൗൺ കാലത്തെ അനുഭവങ്ങളെ എങ്ങനെ വിലയിരുത്തുന്നു എന്നിവയുടെ സാക്ഷ്യപ്പെടുത്തലുകളാണ് ഇതിലെ രചനകൾ. അതിജീവനത്തിന്റെ അനുഭവ പാഠങ്ങൾ, രോഗത്തെക്കുറിച്ചുള്ള ശാസ്ത്രീയമായ ധാരണ, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യത്തിന്റെ പ്രസക്തി, സർക്കാരും പൊതുസമൂഹവും നടത്തുന്ന ഇടപെടലുകൾ, എല്ലാറ്റിനുമുപരി ഈ അടച്ചിടൽ കാലം കുടുംബാന്തരീക്ഷത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്നിവയെല്ലാം വിവിധതലങ്ങളിലൂടെ നിരീക്ഷിക്കാനും നേടിയ അനുഭവങ്ങളെ ആവിഷ്കരിക്കാനും കുട്ടികൾക്ക് കഴിയുന്നുണ്ട്. അവരുടെ ഭാഷാപ്രയോഗശേഷിയും അനുഭവങ്ങളെ വൈകാരികമായി ആഖ്യാനം ചെയ്യുന്ന രീതിയും അഭിനന്ദനമർഹിക്കുന്നു.

ഏതു ദുരന്തവും നിതാന്ത ജാഗ്രത കൊണ്ടും ശാസ്ത്രീയ വീക്ഷണം കൊണ്ടും കേരളീയർക്ക് അതിജീവിക്കാൻ കഴിയും എന്ന ആത്മവിശ്വാസമാണ് ഈ രചനകൾ മുന്നോട്ടുവെക്കുന്നത്. ഏതു പ്രതിസന്ധിയെയും തരണം ചെയ്യാൻ കരുത്തുറ്റ കേരളത്തെ വാർത്തെടുക്കാൻ പ്രേരണ നൽകുന്നതാണ് ഈ സർഗാത്മക പ്രവർത്തനങ്ങൾ. രചനകൾ നടത്തിയ വിദ്യാർത്ഥികളെ ഹൃദയപൂർവം അഭിനന്ദിക്കുന്നു.

ഈ രചനകൾ സമയബന്ധിതമായി ശേഖരിക്കാനും പ്രസിദ്ധീകരിക്കാനും യത്നിച്ച പൊതുവിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാർ, അവരെ സഹായിച്ച വിദ്യാലയ അധികാരികൾ എന്നിവരെയും ഈ അവസരത്തിൽ അനുമോദിക്കുന്നു.

**പിണറായി വിജയൻ**

ടെലിഫോൺ : (0471) 2333812 & 2333682 ഫാക്സ് : (0471) 2333489 ഇ-മെയിൽ : chiefminister@kerala.gov.in
വെബ്സൈറ്റ് : www.keralacm.gov.in


Break the chain
കൈവിടാതിരിക്കാം...
കൈ കഴുകൂ...

# ആമുഖം

കൊറോണാക്കാലം വിതച്ച ഭയത്തിന്റെ വിത്തുകളെ അതിജീവനത്തിന്റെ അക്ഷരങ്ങൾ കൊണ്ട് നേരിട്ട കേരളത്തിലെ കുട്ടിക്കൂട്ടത്തിന്റെ വിജയഗാഥയാണ് **അക്ഷരവൃക്ഷം**. കോവിഡ് കാലത്തിന്റെ ഒറ്റപ്പെടലുകളെ സർഗാത്മകതയുടെ വാതായനങ്ങളിലേക്ക് കടത്തിവിടുവാൻ പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തിയ ശ്രമത്തിന്റെ വലിയ വിജയമാണ്, പൂക്കൾ നിറഞ്ഞ് സൗരഭ്യം പടർത്തുന്ന അക്ഷരവൃക്ഷത്തിന്റെ എട്ട്, ഒമ്പ ത്, പത്ത് ഭാഗങ്ങൾ.

അടച്ചിരിപ്പിലും ചുറ്റുപാടുകളെയും സമൂഹത്തെയും കൃത്യമായി വീക്ഷിക്കുവാനും ഉൾക്കാഴ്ച്ചകൾ നേടി, അതിനെ സർഗാത്മകമായി ആവിഷ്ക്കരിക്കുവാനുമുള്ള അവസരം പൊതുവിദ്യാഭ്യാസ വകുപ്പ് ഒരുക്കി. പൊതുവിദ്യാലയങ്ങളിലെ ഒന്നുമുതൽ പന്ത്രണ്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർഥികളെ ഉൾപ്പെടുത്തിയ ഈ സർഗാത്മക പദ്ധതിയിൽ കഥയും കവിതയും ലേഖനവും രചിച്ചു കൊണ്ടാണ് അവർ പങ്കാളികളായത്. പ്രതിസന്ധികളെ സ്വയം പ്രതിരോധിച്ച്, അപചയങ്ങൾക്കെതിരെ ആന്തരിക പ്രതിരോധശേഷി വളർത്തുവാൻ വിദ്യാർഥികളെ പ്രാപ്തരാക്കാൻ ഇതി ലൂടെ സാധിക്കും.

അത്യന്തം ജാഗ്രതയോടെ പ്രതിസന്ധികളെ അഭിമുഖീകരിക്കുമ്പോഴും ശുഭാപ്തി വിശ്വാസത്തോടെ, ഒരു പ്രശ്നത്തെ സർഗാത്മകമായി നേരിടുവാനുള്ള കുട്ടികളുടെ ശേഷി ഈ രചനകളിലൂടെ സാധിക്കുന്നു. പൊതുവിദ്യാഭ്യാസ മേഖലയുടെ ഉയർന്ന നിലവാരത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ദുരന്തങ്ങൾക്കും പകർച്ചവ്യാധികൾക്കും തകർത്തു കളയാൻ സാധിക്കാത്ത ഒരു തലമുറയുടെ സർഗാത്മക കരുത്തിന്റെ നേർസാക്ഷ്യമാവട്ടെ ഈ അക്ഷരവൃക്ഷം.

ആശംസകളോടെ,

**പ്രൊഫ.സി. രവീന്ദ്രനാഥ്**
പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി

**എ. ഷാജഹാൻ ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ സെക്രട്ടറി

**ജീവൻബാബു.കെ. ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ ഡയറക്ടർ

**ഡോ.ജെ.പ്രസാദ്**
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.

**കെ.അൻവർസാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്

**ഡോ.എ.പി. കുട്ടിക്കൃഷ്ണൻ**
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.കെ



# ഒന്നായി നന്നാകാം

കോവിഡ് എന്ന മഹാമാരിക്ക് മുൻപിൽ ലോകമൊട്ടാകെ മുട്ടുകുത്തി നിൽക്കുന്നു. ലോകം മുഴുവൻ കോവിഡ് 19 വിഴുങ്ങുകയാണ്. നമ്മുടെ രാജ്യത്തും ഇന്ന് കൊറോണ വൈറസ് വേരുപിടിച്ചിരിക്കുന്നു. ഇന്ത്യയിലെ 29 സംസ്ഥാനങ്ങളും കൊറോണാഭീഷണിയിൽ. കേരളവും അതിൽ ഒരു കണ്ണി മാത്രമാണ്. പക്ഷേ മഹാപ്രളയത്തെയും ഭീകരമായ നിപ്പാവൈറസിനെയും കീഴടക്കിയ കേരളീയർക്ക് കൊറോണാവൈറസിനെയും കീഴടക്കാം എന്ന വിശ്വാസമാണ് നമ്മെ ഇന്ന് മുന്നോട്ടു നയിക്കുന്നത്.

ജീവൻ പണയം വെച്ച് കേരളത്തിന്റെ നിലനിൽപ്പിനുവേണ്ടി പൊരുതുകയാണ് ദൈവത്തിന്റെ സ്വന്തം നാട്ടിലെ മക്കൾ. കോവിഡ് വന്ന് മരിക്കുന്നതിനേക്കാൾ ഭീകരമാണ് കോവിഡിനെ പ്രതിരോധിക്കുന്നത്. ഏതു പ്രതിസന്ധിഘട്ടത്തിലും ഐക്യത്തിൽ വിട്ടുവീഴ്ച ചെയ്യാൻ കേരളീയർ തയ്യാറല്ല. ഇന്ന് രാജ്യം മുഴുവൻ സ്തംഭനാവസ്ഥയിലാണ്. കൊറോണാവിപത്ത് നമുക്കിടയിലുള്ളവരുടെ ജീവനും ജീവനോപാധികളും നശിപ്പിച്ചു. ജീവനുവേണ്ടി പോരാടുകയാണ് മനുഷ്യരാശിയൊന്നാകെ. സാമൂഹിക ഇടപെടലുകളിൽ നിന്ന് പരമാവധി ഒഴിവാകുകയാണ് സാമൂഹികജീവിയായ മനുഷ്യൻ.

ലോക്ഡൗണിൽ ഒറ്റപ്പെട്ടുനിൽക്കുന്നതിനിടയിൽ പലരും ദാരിദ്ര്യവും പട്ടിണിയും അനുഭവിയ്ക്കുന്നു. അവിടെയും മാനവർ കൈകോർക്കുന്നു. കമ്മ്യൂണിറ്റികിച്ചണുകൾ സ്ഥാപിച്ച് ഭക്ഷണം ആവശ്യമായവർക്ക് എത്തിച്ചുകൊടുത്തു. വീടില്ലാത്തവർക്ക് താൽക്കാലികതാമസസൗകര്യം ഒരുക്കി. ഏത് പ്രതിസന്ധിഘട്ടത്തിലും ഒപ്പമുണ്ടാകും എന്ന വിശ്വാസം ഓരോരുത്തരിലും വളർത്തിയെടുത്തു. എവിടെ

യും തോൽക്കാൻ തയ്യാറല്ല എന്ന ഉറച്ച തീരുമാനവുമായി കേരളീയർ കോവിഡി നെതിരെ പൊരുതുന്നു. രാവും പകലും ഇല്ലാതെ കോവിഡ്ബാധിതരെ ശുശ്രൂഷി ക്കുന്ന ഡോക്ടർമാരെയും കോവിഡ് ഇനിയും നമ്മെ വിഴുങ്ങാതിരിക്കാൻ ജീവൻ പണയംവെച്ച് പ്രതിരോധം തീർക്കുന്ന പോലീസ് ഉദ്യോഗസ്ഥരെയും ഇന്നും ലോ കം അഭിമാനത്തോടെയും അത്ഭുതത്തോടെയുമാണ് കാണുന്നത്.

ജനങ്ങൾക്ക് ആത്മവിശ്വാസവും ധൈര്യവും പകർന്ന് അവർക്ക് ഒരു കൈത്താ ങ്ങായി അവരിലൊരാളായി മാറുന്ന ആരോഗ്യപ്രവർത്തകരെയും ശരിയായ വാർ ത്തകൾ ജനങ്ങളിൽ എത്തിയ്ക്കുകയും ഓരോരുത്തരുടെയും പ്രശ്നങ്ങൾ സമൂ ഹത്തിന്റെ പ്രശ്നങ്ങളായി പരിഗണിച്ച് എത്തിക്കേണ്ടവരുടെ മുൻപിൽ എത്തിച്ചു കൊടുക്കുകയും ചെയ്യുന്ന മാധ്യമപ്രവർത്തകരെയും മാനവർ ഇന്ന് മനസ്സിൽ വ ലിയ സ്ഥാനംനൽകി ആദരിക്കുന്നു. കേരളത്തെ ലോകം മുഴുവൻ ഇന്ന് അത്ഭുത ത്തോടെയാണ് നോക്കിക്കാണുന്നത്. ഇന്ത്യ മാത്രമല്ല ഇന്ത്യയ്ക്ക് വെളിയിൽ ഉള്ള വരും കേരളത്തെ മാതൃകയാക്കുന്നു. മനുഷ്യരായ നാം എവിടെയും തോൽക്കു ന്നില്ല. തോൽക്കുന്നിടത്തുനിന്ന് ചവിട്ടി കയറാൻ ഉള്ള പടവുകൾ നമ്മൾതന്നെ പ ണിതുവെച്ചിട്ടുണ്ട്. കൊറോണ വൈറസിനെതിരെ യുദ്ധംതുടരുകയാണ് നാം. ശാ രീരിക അകലം പാലിച്ച് മാനസികഒരുമ കൊണ്ട് നാം കെട്ടിപ്പടുക്കുന്നത് ഒരു ന വകേരളത്തെ ആയിരിക്കും.

**അനുജ ശ്രീകുമാർ,**
8 ബി എം.എം.എച്ച്.എസ്സ് നരിയമ്പാറ,
കട്ടപ്പന ഉപജില്ല, ഇടുക്കി

# പരിസ്ഥിതി

തുടക്കം ഒരു കവിതയിലൂടെയാകാം. ഇനിയും മരിയ്ക്കാത്ത ഭൂമീ നിന്നാസന്നമൃ തിയിൽ നിനക്കാത്മശാന്തി കവികൾ ദീർഘദർശനികളാണെന്ന് പറയാറുണ്ട്. ആ ദർശനത്തിന്റെ പ്രതിഫലനമാണ് ഈ വരികളിൽ വ്യക്തമാകുന്നത്. നാം ഒരു കാ ര്യം പറയുമ്പോൾ ഗുണവും ദോഷവും പറയാനുണ്ടാവും. എന്നാൽ പ്രകൃതിയു ടെ കാര്യം എടുത്താൽ നമുക്ക് ഗുണവും നമ്മൾ ദോഷവും ചെയ്തത് മാത്രമായി രിയ്ക്കും പറയാനുണ്ടാകുക. പരിസ്ഥിതിയിൽ ഒരുപാട് സ്വാഭാവികഘടകങ്ങളു ണ്ട്. നദികൾ, വനങ്ങൾ, കുളങ്ങൾ, കുന്നുകൾ, മലനിരകൾ, തടാകങ്ങൾ, വയലു കൾ എന്നിങ്ങനെ നിരവധി ഘടകങ്ങൾ.പക്ഷെ ഇവയൊക്കെ ഇന്ന് വിരളമാണ്. പണ്ടുകാലത്ത് ഹരിതസമൃദ്ധിയാൽ നിറഞ്ഞതായിരുന്നു നമ്മുടെ ഭൂമി. എന്നാൽ

ഇന്ന് ഭൂമി അതിന്റെ അവസാനശ്വാസം എടുക്കുകയാണ്. പ്രകൃതി ഇല്ലാതെ മനുഷ്യനില്ല, മനുഷ്യനില്ലാതെ പ്രകൃതിയുമില്ല. അതു നാം മനസ്സിലാക്കണം. പ്രകൃതിയുടെ നിലനിൽപ്പിന് മനുഷ്യൻ കൂടിയേ തീരു'; മനുഷ്യൻ ഇന്ന് ഭൂമിയിൽ നിലനിൽക്കുന്നതിന് തന്നെ കാരണം പ്രകൃതിയാണ് നാം ഓരോ നിമിഷവും ശ്വസിക്കുന്ന വായു പോലും പ്രകൃതിയുടേതാണ്. നമ്മുടെ അമ്മയെപ്പോലെ തന്നെ പ്രകൃതിയും വാത്സല്യനിധിയാണ്. ഒരു അമ്മയ്ക്ക് മാത്രമേ മക്കളുടെ സുഖസന്തോഷങ്ങൾ തിരിച്ചറിയാനാവൂ. പണ്ടുകാലത്തെ ജനങ്ങൾ ഒരുപക്ഷേ തന്നെക്കാൾ സ്നേഹിച്ചത് പ്രകൃതിയേയായിരിയ്ക്കാം പ്രകൃതിയിൽ ഉണ്ടാകുന്നത് ഭക്ഷിച്ചും പ്രകൃതിയുടെ മടിത്തട്ടിൽ തല ചായ്ച്ചും പ്രകൃതിയെ ആരാധിച്ചും പ്രകൃതിയാണ് ദൈവം എന്നവർ കരുതിപ്പോന്നു. എന്നാൽ ഈ ആധുനികയുഗത്തിൽ മേൽപ്പറഞ്ഞ കാര്യങ്ങൾ വിപരീതമായി വന്നനുഭവിയ്ക്കുന്നു. മനുഷ്യൻ അവന്റെ കടമകൾ മറന്നു കഴിഞ്ഞു. എന്നാൽ ഇന്ന് പ്രകൃതി തന്റെ കർത്തവ്യത്തിൽ മുഴുകിയിരിക്കുന്നു. മനുഷ്യന്റെ പ്രവർത്തനങ്ങൾ കൊണ്ട് പ്രകൃതിക്ക് വന്നു ഭവിക്കുന്ന ആപത്തുകൾ വിവരിക്കാൻ പറ്റാത്തതാണ്. ഭൂമി മരിച്ചുകൊണ്ടിരിയ്ക്കുകയാണ് അതിൽ പതിൻമടങ്ങ് വേഗത്തിൽ മനുഷ്യനും കോടാനുകോടി സസ്യജന്തുജാലങ്ങളുടെ കേന്ദ്രമായ പ്രകൃതി അതിന്റെ ഒരു സൃഷ്ടി കാരണം ഇന്ന് അൽപ്പാൽപ്പമായി നശിപ്പിയ്ക്കപ്പെട്ടുകൊണ്ടിരിയ്ക്കയാണ്. മനുഷ്യൻ ഭൂമിയുടെ ഉത്തമസൃഷ്ടി തന്നെയാണ് എന്നതിൽ തർക്കമില്ല. എന്നാൽ പ്രകൃതിയുടെ നിലനിൽപ്പിന് ഭീഷണിയാകുന്ന തരത്തിൽ മനുഷ്യൻ തന്റെ പ്രവർത്തനങ്ങൾ തുടരുന്നു. ജീവന്റെ നിലനിൽപ്പിന്റെ അടിസ്ഥാനഘടകങ്ങളായ വായു, ജലം, മണ്ണ് എന്നീ സ്രോതസ്സുകളെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്നത് വനങ്ങളാണ്.വായു മലിനമാകാതെയും ജലദൗർലഭ്യം അനുഭവപ്പെടാതെയും മണ്ണൊലിപ്പ് തടയുന്നതിനും വനം വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ഇതൊക്കെ മനസ്സിലാക്കിയിട്ടും ഇന്നും വനവിഭവങ്ങൾ കൊള്ളയടിയ്ക്കലും കാട് വെട്ടിത്തെളിയ്ക്കലും മനുഷ്യർ നടത്തിക്കൊണ്ടിരിയ്ക്കുന്നു. വനപ്രദേശങ്ങൾ ഏറെയും ഇന്ന് വെട്ടിനശിപ്പിച്ചു കൊണ്ടിരിയ്ക്കുകയാണ്. ഇവ നശിപ്പിയ്ക്കുന്നതിലൂടെ ലോകത്താകെ ദുരിതം ക്ഷണിച്ചുവരുത്തുകയാണ് ചെയ്യുന്നത്. വനനശീകരണത്തിന്റെ പ്രധാനഫലം ആഗോളതാപനമാണ്. വർഷങ്ങൾ കഴിയുമ്പോൾ ലോകത്തിലെ ഏറ്റവും വിലപിടിപ്പുള്ള വസ്തു ശുദ്ധജലമായി മാറും. ഭൂമിയിലേക്ക് പതിയ്ക്കുന്ന ഓരോ മഴത്തുള്ളിയും ഭൂമിയുടെ ഉള്ളിലേക്ക് ആഴ്ന്ന് ഇറങ്ങുവാൻ വനങ്ങൾ കൂടിയേ തീരു.വനങ്ങൾ വെട്ടിനശിപ്പിയ്ക്കുന്നത് മണ്ണൊലിപ്പിന് കാരണമായിത്തീരുന്നു. ഭൂമിയുടെ ജീവനാഡികളാണ് നദികൾ നാൽപ്പത്തിനാല് നദികൾ കൊണ്ട് സമ്പന്നമാണ് നമ്മുടെ കേരളം. എന്നാൽ ഇന്ന് ഈ നദികളൊക്കെ പരിതാപകരമായ അവസ്ഥയിലാണ്. വറ്റി വളരുന്ന നദികൾ ഒരു വശത്ത്, ഉള്ള വെള്ളം മലിനമാക്കാൻ

മത്സരിയ്ക്കുന്നവർ മറുവശത്ത്. ഹൗസ് ബോട്ടുകളിൽ നിന്നും വരുന്ന മാലിന്യങ്ങളും, മനുഷ്യവിസർജ്യങ്ങളും, കീടനാശിനികളുമെല്ലാം നദികളെ മലിനമാക്കിക്കൊണ്ടിരിക്കുന്നു. നദികൾ മലിനമാകുന്നതിന്റെ ഫലമായി ധാരാളം രോഗങ്ങളും മനുഷ്യനെ പിടികൂടുന്നു. ആധുനികലോകത്തിൽ ഏറ്റവും അധികം പ്രശ്നം സൃഷ്ടിയ്ക്കുന്ന ഒരു വസ്തുവാണ് പ്ലാസ്റ്റിക്ക്. ഇത് കത്തിച്ചാൽ വായു മലിനമാകുകയും മണ്ണിലെറിഞ്ഞാൽ പരിസ്ഥിതിക്ക് നാശമുണ്ടാകുകയും ചെയ്യുന്നു.ഇത് കത്തുന്നതിന്റെ ഫലമായി പുറത്തുവരുന്ന വാതകങ്ങൾ നമ്മുക്ക് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കുകയാണ് ഇത് സൃഷ്ടിക്കുന്ന വിപത്തുകൾക്കെതിരെ നമുക്ക് ചെയ്യാനാകുന്നത്. അലക്ഷ്യമായി പ്ലാസ്റ്റിക്ക് സാധനങ്ങൾ മണ്ണിലേക്ക് വലിച്ചെറിഞ്ഞാൽ അവ നശിച്ചുപോകാതെ കിടക്കുകയും മരങ്ങളുടെയും മറ്റ് സസ്യങ്ങളുടെയും വേരോടൽ തടസ്സപ്പെടുകയും മഴവെള്ളം ഭൂമിയിലേക്ക് ആഴ്ന്നിറങ്ങുന്നത് തടസ്സപ്പെടുത്തുകയും ചെയ്യുന്നു. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് പൂർണമായും പ്ലാസ്റ്റിക്കിനെ ഒഴിവാക്കിക്കൊണ്ടിരിയ്ക്കുകയാണ്. നിത്യോപയോഗത്തിന് പ്രകൃതിദത്തമായ ധാരാളം വസ്തുക്കൾ ഉപയോഗിക്കുന്നതാണ് നല്ലത്.. പ്രകൃതിയുടെ സ്വത്തുക്കളാണ് ഓരോ വൃക്ഷവും. നമുക്ക് ശുദ്ധവായു നൽകുന്ന വൃക്ഷങ്ങളെ വേരോടെ പിഴുതെറിയുകയാണ് ഇന്നത്തെ മനുഷ്യർ.മരങ്ങൾ നശിയ്ക്കുമ്പോൾ പ്രകൃതിയുടെ താളം തെറ്റുകയാണ് ചെയ്യുന്നത്. മഴവെള്ളം മണ്ണിലേക്ക് ഇറങ്ങാനും നമുക്ക് ഓക്സിജൻ നൽകാൻ സഹായിക്കൂന്നതും മരങ്ങളാണ്.മരത്തെ നശിപ്പിയ്ക്കുമ്പോൾ നാം നശിപ്പിയ്ക്കുന്നത് അതിനെ ആശ്രയിച്ചു നിൽക്കുന്ന ആവാസവ്യവസ്ഥയെക്കൂടിയാണ്. ജീവന്റെ നിലനിൽപ്പിനെ ഏറ്റവുമധികം സ്വാധീനിയ്ക്കുന്ന ഘടകമാണ് ജലം.ജനസംഖ്യാ വർദ്ധനവിനനുസരിച്ച് ജലമലിനീകരണവും വർദ്ധിച്ചുകൊണ്ടിരിയ്ക്കുന്നു. ഇന്ന് വെള്ളവും വില കൊടുത്ത് വാങ്ങേണ്ട സ്ഥിതിയാണ്. ഇത്രയൊക്കെ ആയിട്ടും ജലത്തിന്റെ ദുരുപയോഗത്തിൽ നാം ഒട്ടും പിന്നിലല്ല. ഒരു തുള്ളി വെള്ളം പോലും പാഴാക്കരുത്' എന്ന സന്ദേശം വാക്കുകളിൽ ഒതുക്കാതെ പ്രാവർത്തികമാക്കുകയാണ് ചെയ്യേണ്ടത്.

നമ്മുടെ കുന്നുകളും മലകളും ഇന്ന് ഭൂമാഫിയക്കാർ ഇടിച്ചു നിരത്തി വലിയ വിലയ്ക്ക് വിൽക്കുന്നു. നമ്മുടെ ആവാസവ്യവസ്ഥയെയാണ് ഇവർ തകിടം മറിക്കുന്നത്. ഇവർക്ക് വേണ്ട സൗകര്യം ചെയ്തു കൊടുക്കുന്നവരും ഇവരെപ്പോലെ തന്നെ കുറ്റക്കാരാണ്. നമ്മുടെ തോടുകളും വയലുകളും നികത്തി വീടുകളും ഫ്ളാറ്റുകളും നിർമ്മിക്കാൻ തുടങ്ങിയതോടെ പരിസ്ഥിതി പാടേ മാറ്റി. അതിന്റെ ഫലമായി നമ്മുടെ നാട്ടിൽ പ്രളയം വന്നു. ഒരു പാട് നാശനഷ്ടങ്ങളുണ്ടായി.എന്നാലും നമ്മൾ ഒന്നും പഠിയ്ക്കുന്നില്ല. വീണ്ടും പരിസ്ഥിതിയ്ക്ക് ഹാനികരമായ

കാര്യങ്ങൾ ചെയ്യുവാനാണ് നമുക്ക് ഇഷ്ടം. എന്തെങ്കിലും സംഭവം ഉണ്ടായാൽ ഒന്നോ രണ്ടോ ആഴ്ച മാധ്യമങ്ങൾ പ്രകൃതിസംരക്ഷണത്തെക്കുറിച്ച് വാതോരാതെ പ്രസംഗിക്കും. തുടർന്ന് ഒരു നടപടിയും ഉണ്ടാകാറില്ല.

ഇപ്പോൾ നമ്മുടെ വിദ്യാലയങ്ങളിൽ ഒരു പാട് പരിപാടികൾ പരിസ്ഥിതിസംരക്ഷണത്തിനായി നടക്കുന്നുണ്ട്. കുട്ടികളെ പരിസ്ഥിതിസംരക്ഷണത്തിന്റെ ആവശ്യകത മനസ്സിലാക്കാൻ ഇത് ഒരുപാട് ഉപയോഗം പ്രയോജനപ്പെടുന്നുണ്ട്.നാച്വറൽ ക്ലബ്ബ്, സീഡ് ക്ലബ്ബ്, എന്നിവ ഇതിൽ ചിലതാണ്. ടെലിവിഷനും, പത്രമാധ്യമങ്ങളിൽ വരുന്ന ഫീച്ചറുകളും ഡോക്യുമെന്ററികളും പരിസ്ഥിതി ബോധത്തിലേയ്ക്ക് ജനങ്ങളെ എത്തിയ്ക്കാൻ സഹായിക്കുന്നുണ്ട്. ഈ ലോകത്ത് പ്രകൃതിസംരക്ഷണത്തിനായി ജീവിതം അർപ്പിച്ച ധാരാളം ജന്മങ്ങളുണ്ട്. നമ്മെ പരിപാലിക്കുന്ന പ്രകൃതിയെ സ്നേഹം നൽകി പരിപാലിക്കേണ്ട ചുമതല നമുക്ക് ഉണ്ടാകേണ്ടതാണ്. പ്രകൃതിയിലെ സമസ്തജീവജാലങ്ങൾക്കും തുല്യ അവകാശമാണുള്ളത്. അത് നാം മറക്കാതിരിക്കുക.

**നിരഞ്ജന,**
7 എം. ജി. എം. യു. പി. എസ്. എടയ്ക്കോട്,
ആറ്റിങ്ങൽ ഉപജില്ല, തിരുവനന്തപുരം

# അമ്മ – ഭൂമിയുടെ നാഴികത്താളുകൾ

കോടാനുകോടി വർഷങ്ങൾ പഴക്കമുണ്ട് നമ്മുടെ ഭൂമിക്ക്. കാലാകാലങ്ങളായി ഇവിടെ നടന്ന പ്രകൃതിപ്രതിഭാസങ്ങൾ ഭൂമിയുടെ ഘടനയിലും സ്വഭാവത്തിലും മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു. കരയും, കടലും, മഞ്ഞും, മഴയും എല്ലാം ഭൂമിയെ മറ്റു ആകാശഗോളങ്ങളിൽ നിന്ന് ഏറെ വ്യത്യസ്തമാക്കി. പ്രപഞ്ചപരിണാമത്തിന്റെ ഒരു ഘട്ടത്തിൽ ജീവന്റെ ആദ്യകണം ഭൂമിയിൽ നാമ്പെടുത്തു. ദശലക്ഷക്കണക്കിന് വർഷങ്ങളുടെ സഞ്ചാരത്തിന് ഒടുവിൽ ഭൂമി ഇന്ന് കാണുന്ന ജൈവവൈവിധ്യങ്ങളുടെ കലവറയായി മാറി. മനുഷ്യരും മൃഗങ്ങളും സസ്യങ്ങളും എല്ലാം ഭൂമിയെ സുന്ദരമാക്കിത്തീർത്തു. ഭൂമിയുടെ വിശാലമായ എല്ലാ മേഖലകളും, ജീവകണങ്ങളുടെയും സസ്യജന്തുജാലങ്ങളുടെയും അഭയകേന്ദ്രമായി മാറി. ജീവജാലങ്ങളും അജൈവ ഘടകങ്ങളും സമരസപ്പെട്ടു കഴിയുന്ന ഇത്തരം വാസസ്ഥലങ്ങളെയും ചുറ്റുപാടുകളെയും നമുക്ക് പരിസ്ഥിതി എന്ന് വിളിക്കാം. ആധുനിക കാഴ്ചപ്പാടുകൾ അനുസരിച്ച് മനുഷ്യന്റെ അമിതമായ കൈകടത്തലുകളില്ലാത്ത പ്രകൃതിയും അതിലെ ജീവജാലങ്ങളും പരസ്പരാശ്രയത്തിൽ കഴിയുന്ന ഇടങ്ങൾ സന്തുലിതപരിസ്ഥിതി എന്ന സങ്കൽപ്പത്തിന് ചേർന്നതാണ്. ഏതൊരു

ജീവിയുടെയും ജീവിതം അവയുടെ ചുറ്റുപാടുകൾ അഥവാ പരിസ്ഥിതിയുമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്നു. മണ്ണ്, ജലം, വായു, അനുഭവപ്പെടുന്ന കാലാവസ്ഥ തുടങ്ങിയവ പരിസ്ഥിതിയുടെ അവിഭാജ്യഘടകങ്ങളാണ്. ഇന്ന് പരിസ്ഥിതി എന്ന പദം ഏറെ ചർച്ചാവിഷയമായിട്ടുണ്ട്. പരിസ്ഥിതി ഏറെ വെല്ലുവിളികൾ നേരിടുന്നു എന്നതുതന്നെ ഇതിന് കാരണം. പരിസ്ഥിതിയുടെ സംതുലിതാവസ്ഥയെ ആധുനിക മനുഷ്യന്റെ വികസനപ്രവർത്തനങ്ങൾ തകിടം മറിയ്ക്കുമ്പോൾ സ്വാഭാവികഗുണങ്ങൾ നഷ്ടപ്പെട്ട് പ്രകൃതിയുടെ താളംതെറ്റുന്നു. പരിസ്ഥിതിമലിനീകരണത്തെക്കുറിച്ചും, ഇന്ന് ലോകം നേരിടുന്ന പരിസ്ഥിതിപ്രശ്നങ്ങളെക്കുറിച്ചും, നമുക്ക് മനസ്സിലാക്കാം. ജൈവഘടകങ്ങളും, അജൈവഘടകങ്ങളും നിലനിൽക്കുന്ന ചുറ്റുപാടാണ് പ്രകൃതി. ഒരു ജീവിയുടെ ജീവിതചക്രവും അതിന്റെ സ്വഭാവസവിശേഷതകളും രൂപപ്പെടുത്തുന്നതിൽ പരിസ്ഥിതി വലിയ പങ്കുവഹിക്കുന്നു. ജൈവഘടകങ്ങളും പ്രകൃതിയും തമ്മിലുള്ള സുസ്ഥിര ബന്ധമാണ് പരിസ്ഥിതിയുടെ അടിസ്ഥാനഘടകം. ജീവികൾ തമ്മിലുള്ള ബന്ധവും അവയ്ക്ക് അജൈഘടകങ്ങളുമായുള്ള ബന്ധവും പരിസ്ഥിതിയെ സ്വാധീനിയ്ക്കുന്ന ഘടകങ്ങൾ ആണത്രേ. ചുരുക്കത്തിൽ ജീവനുള്ളവയും ജീവനില്ലാത്തവയും സ്ഥിതിചെയ്യുന്ന ചുറ്റുപാടുകളും അവയെ സ്വാധീനിക്കുന്ന ഘടകങ്ങളും ചേരുമ്പോൾ ഒരു പ്രത്യേക പരിസ്ഥിതി രൂപപ്പെടുന്നു എന്ന് പറയാം. വിവിധ ശാസ്ത്രശാഖകൾ പലതരത്തിലാണ് പരിസ്ഥിതിയെ നിർവചിച്ചിരിക്കുന്നത്. ഒരു ജീവിയെയോ അതിന്റെ ആവാസവ്യവസ്ഥയെയോ വലയം ചെയ്തിരിക്കുന്നതും അവയിൽ പ്രവർത്തിക്കുന്നതുമായ ഭൗതികവും രാസപരവും ജൈവപരവുമായ ഘടകങ്ങൾ ചേർന്നതാണ് പരിസ്ഥിതി. എന്നാൽ ഊർജ്ജത്തിന്റെയും പദാർത്ഥത്തിന്റെയും അവയുടെ സവിശേഷതകളുടെയും ശേഖരം എന്നാണ് ഭൗതികശാസ്ത്രവും രസതന്ത്രവും പരിസ്ഥിതിയെ നിർവചിക്കുന്നത്. ഒരു വ്യക്തിയുടെയോ സമൂഹത്തിന്റെയോ വികസനത്തെ സ്വാധീനിക്കുന്ന പ്രാഥമികഘടകം അവയുടെ പൊതുപരിസ്ഥിതിയും സാമൂഹികപരിസ്ഥിതിയുമാണെന്ന തത്വത്തെ അടിസ്ഥാനമാക്കിയാണ് സമൂഹ്യശാസ്ത്രം പരിസ്ഥിതിയെ നിർവഹിചിച്ചിരിയ്ക്കുന്നത്. പരിസ്ഥിതിവിജ്ഞാനം മനുഷ്യവർഗ്ഗത്തിന്റെ നിലനിൽപ്പിനുതന്നെ അനിവാര്യമാണ്. ലോകമെങ്ങും ജനസംഖ്യ വർധിച്ചു വരുന്ന ഈ നാളുകളിൽ പരിസ്ഥിതിക്കും പരിസ്ഥിതി വിജ്ഞാനത്തിനും ഉള്ള പ്രാധാന്യം എടുത്തു പറയത്തക്കതുതന്നെ. തന്റെ അടിസ്ഥാനാവശ്യങ്ങൾക്കുപരി ആർഭാടങ്ങളിലേക്ക് ശ്രദ്ധ തിരിക്കുമ്പോഴുണ്ടാകുന്ന ഉപഭോഗാസക്തിയെ തൃപ്തിപ്പെടു ത്തുവാൻ മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യാൻ ആരംഭിച്ചു. ചൂഷണം ഒരർത്ഥത്തിൽ മോഷണം തന്നെയാണ്. പ്രകൃതിയെ ചൂഷണം ചെയ്യുക എന്ന ആശയം പാശ്ചാത്യമാണ്.വൻതോതിലുള്ള ഉൽപ്പാദനത്തിന് വൻതോതിലുള്ള പ്രകൃതിചൂഷണം അനിവാര്യമായതിന്റെ

ഫലമായി ഗുരുതരപ്രതിസന്ധിയിലേക്ക് പരിസ്ഥിതി നിലംപതിച്ചു. പരിസ്ഥിതിക്ക് വിനാശം വരുത്തുന്ന പ്രവർത്തനങ്ങൾ, ജീവിതരീതി എന്നിവ നമുക്ക് വേണ്ട എന്ന സ്വയം തിരിച്ചറിവ് ഉണ്ടാകത്തിടത്തോളം ഇത്തരം പ്രശ്നങ്ങളിൽ നിന്ന് രക്ഷനേടാൻ സാധ്യമല്ല. പരിസ്ഥിതിസൗഹൃദമായ ജീവിതം നയിക്കാൻ നാം ഓരോരുത്തരും സ്വയം തയ്യാറാകണം. നമ്മുടെ പാഠ്യപദ്ധതിയിൽ പരിസ്ഥിതിസംരക്ഷണത്തിന്റെ ആഴത്തിലുള്ള പഠനം ഏർപ്പെടുത്തണം. സാംസ്കാരികരാഷ്ട്രീയ ആത്മീയരംഗങ്ങളിൽ പ്രവർത്തിക്കുന്നവർ പരിസ്ഥിതിസംരക്ഷണത്തിന്റെ മുന്നണിപോരാളികളാവണം. പരിസ്ഥിതിക്ക് കോട്ടം തട്ടുന്ന വികസനം നമുക്ക് വേണ്ട എന്ന് പറയാനുള്ള ഇച്ഛാശക്തി നാം ആർജിക്കണം. ഈയൊരു സാഹചര്യത്തിന്റെ ഗൗരവം മനസ്സിലാക്കി മുന്നോട്ടു നീങ്ങിയില്ലെങ്കിൽ ആസന്നഭാവിയിൽ സുന്ദര കേരളം മറ്റൊരു മണൽക്കാടായി രൂപാന്തരപ്പെടും.

"മാതാ ഭൂമിഃ പുത്രോ/ ഹം പൃഥിവാ/ഃ"

**ജ്യോതിഷ്. ബി. കുമാർ,**
11 Science എം.എ.എം.എച്ച്.എസ്സ്. ചെങ്ങമനാട്,
കൊട്ടാരക്കര ഉപജില്ല, കൊല്ലം

# അക്ഷരവിദ്യ പരിസ്ഥിതി

പരിസ്ഥിതി പ്രശ്നങ്ങളിൽ പെട്ട് ലോകം ഇന്ന് നട്ടംതിരിയുകയാണ്. മനുഷ്യന്റെ ഭൗതികമായ സാഹചര്യങ്ങളിൽ ഉള്ള വികസനമായ മാനവപുരോഗതി എന്ന സമവാക്യം ആണ് ഇതിനു കാരണം. തന്റെ  അടിസ്ഥാന ആവശ്യങ്ങൾക്ക് ആശയങ്ങൾക്കുപരി ആർഭാടങ്ങളിലേക്ക് മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യാൻ ആരംഭിച്ചു. ചൂഷണം ഒരർഥത്തിൽ മോക്ഷണം തന്നെയാണ്. പ്രകൃതിയെ ചൂഷണം ചെയ്യുക എന്ന ആശയം പാശ്ചാത്യം ആണ്. വൻതോതിലുള്ള ഉൽപാദനത്തിൽ ഉൽപാദനത്തിന് വൻതോതിലുള്ള പ്രകൃതിചൂഷണം അനിവാര്യമായി. ഇതിന്റെ ഫലമായി ഗുരുതര പ്രതിസന്ധി കളിലേക്ക് പരിസ്ഥിതി നിപതിച്ചു.

ലോകം നേരിടുന്ന പ്രധാന വെല്ലുവിളികളിൽ  ഒന്നാണ് പരിസ്ഥിതിപ്രശ്നങ്ങൾ. എല്ലാ രാജ്യങ്ങളിലും വളരെ ഗൗരവ പൂർണമായ പരിസ്ഥിതി പ്രശ്നങ്ങൾ പഠിക്കുകയും അതിന്റെ  വിപത്തുകൾ കുറയ്ക്കാൻ വഴികൾ കണ്ടെത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുകയാണ്. മനുഷ്യന്റെ നിലനിൽപ്പിനു തന്നെ ഭീഷണിയായി  കൊണ്ട് നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ പ്രതിദിനം വർധിക്കുന്നു. ഈ ഒരു പ്രതിസന്ധി ഘട്ടത്തിൽ കേരളത്തിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ സമഗ്രമായി പഠിക്കുകയും പ്രശ്നപരിഹാര മാർഗങ്ങൾ കണ്ടെത്തുകയും ചെയ്യുക

എന്നതാണ് നമ്മുടെ സാമൂഹിക ധാർമിക ഉത്തരവാദിത്വം. സംസ്കാരം ജനിക്കുന്നത് മണ്ണിൽനിന്നാണ്. ഭൂമിയിൽ നിന്നാണ് പരിസ്ഥിതിയുടെ പാഠങ്ങൾ നാം പഠിക്കുന്നത്. കാടിന്റെ മക്കളെ കുടിയിറക്കുന്നു. കാട്ടാറുകളെ കയ്യേറി കാട്ടു മരങ്ങൾ മുറിച്ച് മരുഭൂമിക്ക് വഴിയൊരുക്കുന്നു. സംസ്കാരത്തിന്റെ ഗർഭപാത്രത്തിൽ പരദേശിയുടെ വിഷവിത്ത് വിതച്ച് കൊണ്ട് ഭോഗാസക്തിയിൽ മതി മറക്കുകയും നാശം വിതയ്ക്കുകയും ചെയ്യുന്ന വർത്തമാനകാല കേരളം ഏറെ പഠനവിധേയമാക്കേണ്ടതാണ്.

നാം ജീവിക്കുന്ന ചുറ്റുപാടിന്റെ സംരക്ഷണവും പരിപാലനവും വളരെ ശ്രദ്ധയോടെ ചെയ്യേണ്ട കാര്യമാണ്. ജലത്തിനും, ഭക്ഷണത്തിനും തൊഴിലിനും പ്രകൃതിയെ നേരിട്ട് ആശ്രയിക്കുന്നവർക്ക് ആണ് പരിസ്ഥിതിനാശം സ്വന്തം പ്രത്യക്ഷ അനുഭവം ആയി മാറുക. സമൂഹത്തിലെ പൊതുധാരയിൽ ഉള്ളവർക്ക് ഇത് പെട്ടെന്ന് മനസ്സിലാകില്ല പക്ഷേ ക്രമേണ എല്ലാവരിലേക്കും വ്യാപിക്കുന്ന സങ്കീർണമായ പ്രശ്നമാണ് ഇത്തരം പാരിസ്ഥിതിക പ്രശ്നങ്ങൾ.

വനനശീകരണം ആഗോളതാപനം അമ്ലമഴ കാലാവസ്ഥാവ്യതിയാനം കുടിവെള്ളക്ഷാമം തുടങ്ങിയവ പരസ്പരപൂരകങ്ങളാണ്. കേരളത്തിലെ കാലാവസ്ഥയിൽ ഗണ്യമായ വ്യതിയാനം സംഭവിച്ചു. ചൂട് സഹിക്കാൻ പറ്റാത്ത അവസ്ഥയായി കൊണ്ടിരിക്കുകയാണ്. കുടിക്കാൻ വെള്ളം കിട്ടാത്ത അവസ്ഥയിലേക്ക് നീങ്ങുന്നു. ഈ കാഴ്ച നമ്മുടെ കണ്ണു തുറപ്പിക്കാൻ ഉള്ളതാണ്.

ഭൂമിയുടെ നാഡീഞരമ്പുകൾ ആയ പുഴകളിൽ ചലം നിറഞ്ഞ് മലിനമായി കൊണ്ടിരിക്കുകയാണ്. മാലിന്യം നിറഞ്ഞ നഗരങ്ങൾ, 44 നദികളാൽ സമ്പന്നമായ നാട്ടിൽ മഴക്കാലത്തും ശുദ്ധജലക്ഷാമം, കാലം തെറ്റി വരുന്ന മഴ, ചുട്ടുപൊള്ളുന്ന പകലുകൾ, പാടത്തും പറമ്പത്തും വാരി കോരി ഒഴിക്കുന്ന കീടനാശിനികൾ, വിഷക്കനികളായ പച്ചക്കറികൾ, സാംക്രമികരോഗങ്ങൾ, ഇ-വേസ്റ്റ് ഉയർത്തുന്ന പ്രശ്നങ്ങൾ ഇതൊക്കെയാണ് പ്രബുദ്ധ കേരളത്തിലെ വികസന കാഴ്ചകൾ. പ്രകൃതിയുടെ സംഭാവനയാണ് ജീവജാലങ്ങൾ. ജീവജാലങ്ങളുടെയെല്ലാം ആഹാരത്തിനുവേണ്ട വകയും പ്രകൃതി ഒരുക്കിയിട്ടുണ്ട്. പരിസരം അല്ലെങ്കിൽ പരിസ്ഥിതി എന്ന അർത്ഥത്തിലല്ല പരിസ്ഥിതിയെ വീക്ഷിക്കേണ്ടത്. പരിതസ്ഥിതിയും പരിസരവും രണ്ടാണ്. പരിസരം ഓരോ വ്യക്തിയുടെയും ജീവികളുടെയും ചുറ്റുപാടുകൾ മാത്രമാണ്. ശരിയായ ക്രമത്തിലും ഘടനയിലും ചുറ്റുപാടുകളും ജീവികളും കൂടി സൃഷ്ടിച്ചെടുക്കുന്നതാണ് പരിസ്ഥിതി.

**പരിസ്ഥിതി ശോഷണം**

പരിസ്ഥിതി ശോഷണത്തിന് വിവിധ കാരണങ്ങളുണ്ട്.

ജലമലിനീകരണം, വനനശീകരണം, ജനപ്പെരുപ്പം ടൂറിസം മേഖലയുടെ കടന്നുകയറ്റം, രാഷ്ട്രീയ സാമ്പത്തിക പ്രതിസന്ധികൾ, വ്യവസായ സംരംഭങ്ങളുടെ

അതിപ്രസരം, ശബ്ദമലിനീകരണം അമിത മത്സരബുദ്ധി സ്വാർഥതാത്പര്യങ്ങൾ മനോഭാവങ്ങൾ ഇങ്ങനെ നിരത്തിവെക്കാൻ ഒരുപാട് കാരണങ്ങളുണ്ട്.

**പരിസ്ഥിതി സംരക്ഷണം**

പരിസ്ഥിതി......... ചുറ്റുപാടുകൾ എന്ന വാക്ക് നാം ഇന്ന് ഏറെ പറയുന്ന ഒന്നു മാത്രം. ആരാലും ചർച്ച ചെയ്യപ്പെടാത്ത പരിതാപ സ്ഥിതിയിലാണ് എന്നതാണ് യാഥാർത്ഥ്യം....

**എന്താണ് പരിസ്ഥിതി......**

നാം അധിവസിക്കുന്ന നിറയെ പ്രത്യേകതകളുള്ള ഭൂപ്രകൃതിയുള്ള സ്ഥലങ്ങളെയും അവയുടെ നിലനിൽപ്പും ചേർത്താണ് നാം പരിസ്ഥിതി എന്നു പറയുന്നത്. ഫാക്ടറികൾ നമുക്ക് പുരോഗമനം നൽകുന്നു എന്ന് നാം ചിന്തിക്കുന്നു. ശരിയാണ് എന്നാൽ ഫാക്ടറികളിലും നിർമാണ പ്രവർത്തനങ്ങളിലും പുറന്തള്ളപ്പെടുന്ന മാലിന്യങ്ങൾ പുഴകളിലും തോടുകളിലും തുറന്നു വിടുമ്പോൾ വിഷാംശം കലർന്ന ജലം പ്രകൃതിയിലെ ജീവജാലങ്ങളിൽ അതിജീവനത്തിന്റെ സാധ്യതകൾ കുറയ്ക്കുകയും പ്രകൃതിയുടെ സന്തുലിതാവസ്ഥ തന്നെ തകിടം മറിക്കുകയും ചെയ്യുന്നു.

ഇന്ന് ലോകത്തിന്റെ ഏതു മൂലയിലും ഏറ്റവും ചർച്ച ചെയ്യപ്പെടുകയും പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യപ്പെടുന്ന വിഷയമാണ് ആഗോളതാപനം. ഭൗമോപരിതലത്തിൻ അടുത്തുള്ള വായുവിന്റെയും സമുദ്രങ്ങളുടെയുമെല്ലാം ശരാശരി താപനിലയിൽ കഴിഞ്ഞ ഏതാനും ദശകങ്ങളായി ഉള്ള വർധനവിനന്റെ അവസ്ഥയാണ് ആഗോളതാപനം എന്ന് പറയുന്നത്. പ്രകൃതിയാൽ ഉള്ള കാരണങ്ങൾ കൊണ്ടും ഹരിതഗൃഹവാതകങ്ങൾ ആയ കാർബൺ ഡൈഓക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ് തുടങ്ങിയവയുടെ അന്തരീക്ഷത്തിലുള്ള അളവ് വർദ്ധിക്കുന്നത് മൂലവും സൂര്യനിൽ നിന്നും ഭൂമിയിലേക്ക് എത്തുന്ന ചൂട് പ്രതലത്തെ ഈ വാതകങ്ങൾ തടയുന്നത് മൂലവും ഭൂമിയിലെ താപനില വർദ്ധിക്കുന്നതുകൊണ്ടും മറ്റും ആഗോളതാപനത്തിനും പരിസ്ഥിതി അസന്തുലനത്തിനും കാരണമായി മാറുന്നു.

മാലിന്യ പ്രശ്നം ആണ് പരിസ്ഥിതി നാശത്തിന് പ്രധാനകാരണം. മാലിന്യം നിക്ഷേപിക്കാൻ കംപോസ്റ്റുകൾ നിർമിച്ച്, ശുദ്ധജലത്തെ രക്ഷിച്ചു നമുക്ക് പരിസ്ഥിതിയെ രക്ഷിക്കാം ആഗോളതാപനവും പരിസ്ഥിതി ദിനവും വളരെയേറെ വർധിക്കുന്നതിനെ തടയുക എന്ന ലക്ഷ്യത്തോടെയാണ് 1974 മുതൽ ഓരോ വർഷവും ജൂൺ 5 ലോക പരിസ്ഥിതി ദിനമായി നാം ആചരിക്കുന്നത്.

**മയൂരി,**
7 എൻ.എസ്.എസ്. ഇ.എം. ധനുവച്ചപുരം,
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# നമുക്കറിയാം ശുചിത്വ ശീലങ്ങൾ

കൂട്ടുകാരേ ഞാൻ... പറയാൻ പോകുന്നത് ശുചിത്വത്തെക്കുറിച്ചും പരിസ്ഥിതിയെക്കുറിച്ചും രോഗപ്രതിരോധത്തെ കുറിച്ചുമാണ്. നമ്മുടെ ജീവിതത്തിൽ പ്രധാനമായി സ്വീകരിക്കേണ്ട ഒന്നാണ് ശുചിത്വം. നമുക്കറിയാം ലോകം മുഴുവൻ ഇന്ന് കൊറോണ എന്ന മഹാമാരിയെ ചെറുക്കാനുള്ള പരിശ്രമത്തിലാണ്. നമ്മളോരോരുത്തരും തന്നെയാണ് ഈ വൈറസിനെ നമ്മളിലേക്കെത്തിക്കുന്നത്. ശുചിത്വമുണ്ടെങ്കിൽ ഈ രോഗത്തെ നമുക്ക് ചെറുക്കാം. ഇന്ന് നമ്മുടെ തെറ്റു മൂലമാണ് കൊറോണ വൈറസ് ബാധിച്ച് കുറേപേർ മരണമടഞ്ഞത്. ഈ മഹാമാരിയെ ചെറുക്കാൻ സർക്കാർ നിർദേശിക്കുന്ന മാർഗനിർദേശങ്ങൾ സ്വീകരിക്കുക, ഇടക്കിടെ സോപ്പുപയോഗിച്ച് കൈകൾ കഴുകുക, സാനിറ്റൈസർ ഉപയോഗിക്കുക സാമൂഹിക അകലം പാലിക്കുക മുതലായ കാര്യങ്ങൾ പാലിക്കണം. ഈ ലോകത്ത് എന്തെല്ലാം അസുഖങ്ങൾ ഉണ്ടെന്ന് നമുക്കറിയില്ല. ആൾക്കൂട്ടമുള്ള സ്ഥലത്ത് പോകാതിരിക്കുക മാസ്ക് ഉപയോഗിക്കുക ഈ രോഗത്തെ തടുക്കാൻ പേടി വേണ്ട ജാഗ്രത മതി. എന്നാൽ എല്ലാവരും ഒത്തൊരുമിച്ച് നിന്നാൽ തടുക്കാൻ കഴിയാത്ത രോഗങ്ങളില്ല. ഓരോ കാര്യത്തിനും ഓരോ ചിട്ടയുണ്ട്. ശുചിത്വം വ്യക്തികൾ പാലിക്കണം, കുടുംബങ്ങൾ പാലിക്കണം, സമൂഹം പാലിക്കണം എന്ന് ഒരിക്കൽ കൂടി ഓർമിപ്പിക്കുന്നു. ശുചിത്വം പാലിക്കൂ രോഗത്തെ അകറ്റു പരിസ്ഥിതി നമ്മുടെ ഓരോരുത്തരുടെയും അമ്മയാണ്. പ്രകൃതിഎന്നുവെച്ചാൽ നമ്മുടെ പെറ്റമ്മയാണ്. പ്രകൃതിയാണ് നമ്മുടെ ഏറ്റവും വലിയ പാഠശാല. പ്രകൃതിയിൽ നിന്ന് വിട്ടു ജീവിക്കാൻ ജീവജാലങ്ങൾക്ക് ആവില്ല. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആത്മബന്ധത്തിൽ നിന്നാണ് എല്ലാ അറിവുകളും മനുഷ്യനിലേക്ക് സംക്രമിക്കാൻ തുടങ്ങുന്നത്. ഈ അറിവാണ്നാളിതുവരെ മാനവരാശിയെ മുന്നോട്ടു നയിക്കുന്നത്. തന്റെ അടിസ്ഥാന ആവശ്യങ്ങളായ ജലം, വായു ,വസ്ത്രം, പാർപ്പിടം ഭക്ഷണം എന്നിവയെല്ലാം മനുഷ്യൻ പ്രകൃതിയിൽ നിന്നാണ് കണ്ടെത്തിയിട്ടുള്ളത്. പ്രകൃതിയെ കുറിച്ചോർക്കുമ്പോൾ എന്റെ മനസ്സിൽ ആദ്യം ഓടിയെത്തുന്നത് ശ്രീ ഒളപ്പമണ്ണ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാടിന്റെ ജാലകപക്ഷി എന്ന കവിതാസമാഹാരത്തിൽ എന്റെ വിദ്യാലയം എന്ന കവിതയാണ്. അതിൽ കവി പ്രകൃതിയെ കുറിച്ച് മനോഹരമായി വർണിച്ചിട്ടുണ്ട്. കാരുണ്യം സ്നേഹം നിരീക്ഷണപാടവം ഭാവന ഇവയെല്ലാം ഈ പ്രപഞ്ചത്തിൽ നിന്നും ആണ് മനുഷ്യൻ പഠിച്ചത്. ഈ പ്രപഞ്ചത്തിലെ ഓരോ ചരിത്രവും നമ്മെ ഓരോ കാര്യങ്ങൾ പഠിപ്പിച്ച്കൊണ്ടിരിക്കുകയാണ്. ഇടയ്ക്ക് കാർമേഘം കൂടി മഴ പെയ്യുകയും അല്പം കഴിഞ്ഞ് തെളിഞ്ഞു പുഞ്ചിരിക്കുകയും ചെയ്യുന്ന ആകാശം ഒരു കൊച്ചു കുട്ടിയെ പോലെയാണ്. ജീവിതം ദുഃഖവും സന്തോഷവും ഇടകലർന്നതാണെന്ന് ഇത് നമ്മെ

ഓർമിപ്പിക്കുന്നു. പ്രകൃതിയിലുണ്ടാകുന്ന പരസ്പരപൂരകങ്ങളാണ് സുഖവും ദുഃഖവും ഇരുളും വെളിച്ചവും രാവും പകലും എല്ലാം പ്രകൃതി നമുക്ക് നിറയെ സൗഭാഗ്യങ്ങൾ തരുന്നു. എന്നാൽ നമ്മൾ പ്രകൃതിക്ക് തിരിച്ചു നൽകുന്നത് എന്താണ്? കുന്നിടിക്കൽ വനനശീകരണം എന്നീ പ്രവർത്തനങ്ങൾ പ്രകൃതിയെ സാരമായി ബാധിക്കുന്നു. ഫാക്ടറികളിൽ നിന്നും ഉള്ള വേസ്റ്റ് വസ്തുക്കൾ പുഴയിൽ ഒഴുക്കി വിടാതിരിക്കുക പ്ലാസ്റ്റിക് മാലിന്യങ്ങൾ പുഴയിൽ നിക്ഷേപിക്കാതിരിക്കുക. വെള്ളപ്പൊക്കം ഉരുൾപൊട്ടൽ മരങ്ങൾ കടപുഴകി വീഴൽ കടൽക്ഷോഭം എന്നിങ്ങനെ മഴക്കാല കെടുതികൾ വരുത്തിവെക്കുന്നത് നമ്മൾ തന്നെയാണ്. ജലാശയങ്ങളും പാടശേഖരങ്ങളും മണ്ണിട്ടുനികത്തിയും നദീതടങ്ങൾ കൈയേറി നിർമാണ പ്രവർത്തനങ്ങൾ നടത്തിയും ജലത്തിന്റെ ഒഴുക്ക് തടയുമ്പോൾ വെള്ളപ്പൊക്കമുണ്ടാകുന്നു. ചെങ്കുത്തായ പ്രദേശങ്ങളിലെ അശാസ്ത്രീയമായ നിർമ്മാണപ്രവർത്തനങ്ങൾ മണ്ണിളക്കിയുള്ള കൃഷി രീതികൾ കുന്നിടിക്കൽ വനശീകരണം എന്നിവയെല്ലാം ഉരുൾപൊട്ടലിന് കാരണമാകുന്നു. മഴക്കാല കെടുതികൾക്ക് ഇങ്ങനെ അനേകം ഉദാഹരണങ്ങളുണ്ട് മനുഷ്യന്റെ അശാസ്ത്രീയമായ പ്രവൃത്തികൾ മൂലമാണ് മഴക്കാല കെടുതികൾ ഉണ്ടാവുന്നത്. പ്രകൃതിയിൽ മരങ്ങളെ നിലനിർത്തുക. മരമില്ലെങ്കിൽ മനുഷ്യരില്ല. മണ്ണിടിക്കൽ ഒഴിവാക്കൂ മരങ്ങളെ സംരക്ഷിക്കൂ മനുഷ്യരുടെ ജീവൻ നിലനിർത്തൂ. പ്രകൃതിയിൽ നിന്നും എല്ലാ അറിവുകളുംആർജിച്ച നാം ഇന്ന് പ്രകൃതിയെ നമ്മുടെ കാൽക്കീഴിൽ ഒതുക്കാനായി പായുകയാണ്. നമുക്കായി പ്രാണവായുവും ജീവജലവും നൽകുന്ന ആ അമ്മയെ കുത്തി മുറിവേൽപ്പിച്ച് സന്തോഷിക്കുകയാണ് നാം കാടുകൾ വെട്ടി മാറ്റി ഫ്ളാറ്റുകളും റോഡുകളും പണിത് നാം വികസന പാതകൾ വെട്ടിത്തുറന്നു. ഒരു മരം വെട്ടുമ്പോൾ നാം എത്രയോ ജീവജാലങ്ങളുടെ നിലനിൽപ്പാണ് ഇല്ലാതാക്കുന്നതെന്ന് തിരിച്ചറിയുന്നില്ല. 30 കോടി മരങ്ങൾ നിർത്താൻ വങ്കാരി മാതായി മരം മുറിക്കുന്നതിനെതിരെ ജീവൻ പണയം വച്ച് സമരം ചെയ്ത ജൂലിയ ബട്ടർഫ്ളൈ എല്ലാം നമുക്ക് കാണിച്ചുതരുന്നത് പ്രകൃതി മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങൾക്ക് എന്തു മാത്രം വിലപ്പെട്ടതാണെന്നാണ് കണ്ണുണ്ടായാൽ പോരാ ഇതെല്ലാം കാണണം, സംശയത്തോടെ നിരീക്ഷിക്കണം പഠിക്കണംഈ വിശ്വ വിദ്യാലയത്തിലെ ഓരോ അറിവും വിലപ്പെട്ടതാണ് എന്ന് അറിയിക്കുക. നമ്മൾ ഓരോരുത്തരും ഓരോ മരങ്ങൾ വച്ചുപിടിപ്പിക്കുക. ഭൂമിയിൽ മരങ്ങളുടെ വർധനവ് ഉണ്ടാകുന്നത് മൂലം ഓക്സിജന്റെ അളവ് വർദ്ധിക്കുന്നു. നാളെ പ്രപഞ്ചത്തിലെ കോടാനുകോടി ജീവജാലങ്ങളുടെ അന്തകരല്ല സംരക്ഷകരായി മാറുകയാണ് വേണ്ടത്

**രോഗപ്രതിരോധം**

മൂന്നാമതായി രോഗപ്രതിരോധംനമ്മുടെ ജീവിതത്തിൽ അത്യന്തം ആവശ്യമാണ്

രോഗത്തെ പ്രതിരോധിക്കാനുള്ള ശേഷി ഏറെ പ്രധാനമാണ്. ചിക്കുൻഗുനിയ പോയിട്ട് കുഷ്ഠം പ്ലേഗ് ഇങ്ങനെ അനവധി പകരുന്ന രോഗങ്ങൾ ഇവിടെ ഉണ്ട്. പകരാത്ത രോഗങ്ങളും ഉണ്ട്. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുകയും രോഗപ്രതിരോധ ശേഷി വർധിപ്പിക്കുകയും ചെയ്യുക രോഗം പ്രതിരോധിക്കാൻ വേണ്ടി കുട്ടികൾക്ക് നൽകേണ്ട വാക്സിനുകൾ നിർബന്ധമായും നൽകുക ഇന്ന് ലോകം വിറപ്പിച്ചു കൊണ്ടിരിക്കുന്ന കൊറോണ വൈറസ് നമ്മുടെ തൊട്ടടുത്ത് എത്തിയിരിക്കുന്നു നമ്മൾ തീർച്ചയായും ശുചിത്വം പാലിക്കണം. പല രോഗങ്ങൾ ക്കും കാരണമാകുന്നത് തുറന്നുവച്ചിരിക്കുന്ന ഭക്ഷണത്തിൽ ഈച്ചകൾവന്നിരി ക്കുമ്പോൾ ശരീരത്തിലുള്ള ബാക്ടീരിയ വൈറസ്, ഫംഗസ് എന്നിവ ഭക്ഷണത്തിൽ കലരുകയും ആ ഭക്ഷണം കഴിക്കുമ്പോൾ രോഗികളായി മാറുകയും ചെയ്യുന്നു. വെള്ളത്തിൽനിന്നും ഭക്ഷണത്തിലൂടെയും വായുവിലൂടെയും ജീവികൾ വഴിയും പലവിധ രോഗങ്ങൾ പടർന്നു പിടിക്കുന്നു.ഇങ്ങനെയുള്ള രോഗങ്ങൾ വരാതിരി ക്കാൻ വേണ്ടി ഓടകൾ വൃത്തിയാക്കുക ചുറ്റുപാടുള്ള പുല്ലും പാഴ്ച്ചെടികളും വെ ട്ടി വൃത്തിയാക്കുക ചിരട്ട മുട്ടത്തോട് ചെടിച്ചട്ടി പാത്രങ്ങൾ തുടങ്ങിയവയിൽ കെ ട്ടിനിൽക്കുന്ന വെള്ളം ഒഴുക്കിക്കളയുക. പരിസ്ഥിതി ശുചിത്വം വ്യക്തി ശുചിത്വം മുതലായവ പാലിച്ചാൽ രോഗങ്ങളൊന്നും മനുഷ്യരിലേക്ക് അടുക്കില്ല. രോഗങ്ങൾ വരുന്നത് തടയാൻ മലിനജലം കെട്ടികിടക്കുന്ന സാഹചര്യങ്ങൾ ഇല്ലാതാക്കുക. കൊതുകുവല ഉപയോഗിക്കുക മോസ്കിറ്റോബാറ്റ് ഉപയോഗിക്കുക. ഈച്ച മുഖേ നയുള്ള രോഗങ്ങൾ വരാതിരിക്കാൻ വീടും പരിസരവും വൃത്തിയാക്കുക, ഭക്ഷ ണം അടച്ചു സൂക്ഷിക്കുക, ചപ്പുചവറുകൾ വലിച്ചെറിയാതെ ഇരിക്കുക. ജലം ആ ഹാരം എന്നിവ മുഖേന രോഗങ്ങൾ വരാതിരിക്കാൻ തിളപ്പിച്ച വെള്ളം മാത്രം കു ടിക്കുക ഭക്ഷണം കഴിക്കുന്നതിന് മുമ്പ് കൈ സോപ്പുപയോഗിച്ച് കഴുകുക. രോഗി കളുമായി അധികം സഹവസിക്കാതിരിക്കുക. രോഗികൾ ഉപയോഗിക്കുന്ന പാ ത്രം വസ്ത്രം എന്നിവ ഉപയോഗിക്കാതിരിക്കുകരോഗങ്ങളെ പ്രതിരോധിക്കാൻ ശ രീരത്തിന് കൃത്യമായകഴിവ് നേടി കൊടുക്കുന്നതിനു വേണ്ടിയുള്ള കുത്തിവെപ്പു കളാണ് പ്രതിരോധകുത്തിവെപ്പുകൾ കുത്തിവെപ്പുകൾ എടുക്കുക. രോഗങ്ങളെ പ്രതിരോധിക്കാൻ കൃത്യമായ കഴിവ് ശരീരത്തിന് നേടി കൊടുക്കുക. രോഗപ്രതി രോധ ശേഷി വർദ്ധിപ്പിക്കാൻ നമ്മുടെ വീടുകളിൽ തന്നെ ഉണ്ടാക്കിയ ജൈവ പ ച്ചക്കറികൾ ധാരാളം കഴിക്കുക അതിനു വേണ്ടി നാം ഓരോരുത്തരും പച്ചക്കറി തൈകൾ വെച്ചുപിടിപ്പിക്കുന്നത് ശീലമാക്കൂ......

**ദേവപ്രിയ**
6 B എൻ എസ് എസ് കെ യു പി സ്കൂൾ കൊട്ടിയൂർ,
ഇരിട്ടി ഉപജില്ല, കണ്ണൂർ

# വീണ്ടും ഒരു ഓർമപ്പെടുത്തൽ

നമ്മുടെ കർത്തവ്യങ്ങൾ കൃത്യമായി നിർവഹിക്കുവാനും നമ്മുടെ കുടുംബത്തെയും നമ്മെ സ്നേഹിക്കുന്നവരെയും നെഞ്ചിലേറ്റുവാനും ഉദയത്തിന്റെ ആ പ്രസരിപ്പിൽ തന്നെ അസ്തമയത്തിൽ തുടരുവാനും നമ്മുടെ പൂർവാചാര്യൻമാർ പഠിപ്പിച്ച ശീലങ്ങൾ പിൻതുടരുവാനും ഉള്ള ശ്രദ്ധ നിമ്മിൽ നിന്ന് വിട്ടകന്നപ്പോൾ വീണ്ടും പഴമയിലേക്ക് പോകുവാൻ ഒരു മഹാമാരി വേണ്ടി വന്നു. അതിനു നമ്മൾ ഇങ്ങനെയൊരു ഓമനപേര് നൽകി കേവിഡ് 19. ഇനി വരും കാലമെങ്കിലും ആ ശ്രദ്ധയാണ് നാം പുലർത്തേണ്ടത്. നമ്മുടെ നാട്ടിൽ നടക്കുന്ന കാര്യങ്ങൾ അറിഞ്ഞു അസ്വസ്ഥരായാൽ മേൽ പറഞ്ഞ പ്രസരിപ്പ് നമ്മുക്ക് ദിവസത്തിലുടനീളം പുലർത്തുവാനാകാതെ പോകും....... കൊറോണ ദിനങ്ങൾ നമ്മെ പുതിയ പാഠങ്ങൾ പഠിപ്പിച്ചു. നമ്മൾ മുൻപ് സാധാരണ സഹിച്ച ദുരിതങ്ങൾ ഇനി അതിലും തീവ്രതയോടെ അനുഭവിക്കേണ്ട ദിനങ്ങൾ ആണ് കടന്നുവരുന്നത്. ഇവിടെ നമ്മൾ ചെയ്യേണ്ടുന്ന പ്രധാന കാര്യം ഇതാണ് എന്ന് തോന്നിയത് കൊണ്ട് തഴെകുറിക്കുന്നു. നമ്മുടെ മുന്നിലേക്ക് വരുന്ന ഏതൊരു കാര്യത്തെയും നിരീക്ഷണ വിധേയമാക്കിയിട്ടു മാത്രം നാം സ്വീകരിക്കുക. ഇന്ന് ഒരുപാട് സോഷ്യൽ മീഡിയകൾ ഉണ്ട്. ഓരോ വാർത്തയും മറ്റുള്ളവർക്ക് അയ്ക്കുന്നതിന് മുൻപ് അതിലെ നിജസ്ഥിതി വിലയിരുത്തേണ്ടതുണ്ട്. നമ്മൾ ഇന്ന് നെഞ്ചിലേറ്റുന്ന പല ഇസങ്ങൾക്കും അപ്പുറം നെഞ്ചിലേറ്റേണ്ട ഒന്നുണ്ട്. അതാണ് ഹ്യൂമാനിസം. മുൻപ് പ്രളയകാലത്തും നമ്മൾ പഠിച്ചു. എന്നിട്ടും എന്ത് ഫലം? ഈ അവസ്ഥയിൽ ശരിക്കും ഓർമ വരുന്നത് നമ്മുടെ മഹാബലി തമ്പുരാന്റെ ഓണപ്പാട്ട് ആണ്. കള്ളവുമില്ല പലിശക്കാരനും ഇല്ല. പണക്കാരനും പാവപ്പെട്ടവനും എന്ന് വ്യത്യാസം ഇല്ല. സമയമില്ലാതെ ഓടിക്കൊണ്ടിരുന്ന മനുഷ്യൻ ഇന്ന് പരസ്പരം സ്നേഹിക്കാനും കുടുംബാംഗങ്ങൾ ഒന്നുചേർന്ന് ഇരിക്കാനും അയൽപക്കത്തുള്ളവരുമായി സൗഹൃദം പങ്കിടാനും പഴയതിലേക്ക് ഒരു പരിധി വരെ തിരിച്ചു പോകുവാനും സാധിച്ചു. ഹോട്ടലിലെ ആഹാരത്തിന്റെ രുചി പിടിച്ച നമ്മൾ ഇന്ന് നമ്മുടെ വീട്ടിലെ ആഹാരത്തിന്റെ രുചി പിടിച്ചു. പണ്ട് ആരോ പറഞ്ഞത് പോലെ ഒന്ന് ചീഞ്ഞാലെ മറ്റൊന്നിനു വളമാകു.  നേര് നിരങ്ങിയേ വരു കള്ളം പറന്നു വരും എന്ന പഴഞ്ചൊല്ല് നമുക്ക് ഈ അവസരത്തിൽ ഓർക്കാൻ ഉള്ളതാണ്. നെഗറ്റീവ് കാര്യങ്ങൾ അതിവേഗം പ്രസരിക്കും. വാർത്തകൾ കിട്ടാൻ ഒന്നല്ല. പല സ്രോതസ്സുകൾ ഉണ്ടെന്നുള്ള ബോധം ഉണ്ടാകാണം. അന്തിരീക്ഷത്തിന്റെ സാഹചര്യമനുസരിച്ച് വിവരങ്ങൾ ശേഖരിക്കുവാൻ കുറച്ചു സമയം മാറ്റിവയ്ക്കണം. നമ്മുടെ മുന്നിലേക്ക് വരുന്ന എന്ത് വാർത്തകളുടെയും നിജസ്ഥിതിക്കായി കാത്തിരിക്കുക. അതിനു ശേഷം വിശകലനം ചെയ്യുക.  അതിനു ശേഷം വിശ്വസിക്കുക പ്രചരിപ്പിക്കുക. ശാരീരിക

ആരോഗ്യം കൈവരിച്ചാൽ മാത്രം നമ്മുടെ നാട് നന്നാവുകില്ല.മാനസികാരോഗ്യം കൂടി കൈവരിക്കേണ്ടതുണ്ട്. നീരിക്ഷണത്തിലൂടെയും വിശകലനത്തിലൂടെയും നമ്മുടെ സാമന്യ ബൗദ്ധികതലം വർദ്ധിപ്പിക്കേണ്ടതുണ്ട്. കുറെ കൂടി നല്ല " yes" ഉം "no" യും പറയുവാനുള്ള ശീലം നമ്മൾ സ്വായത്തമാക്കണ്ടതുണ്ട്. 'ഞാൻ പറഞ്ഞതായാലും മറ്റുള്ളവർ പറഞ്ഞതായാലും. ഗ്രന്ഥങ്ങളിൽ വായിച്ചറിഞ്ഞതായാലും നിങ്ങളുടെ സാമന്യബുദ്ധിക്ക് നിരക്കാത്ത ഒന്നും സ്വീകരിക്കാതിരിക്കുക'. ബുദ്ധൻ.' തത്വദീഷയില്ലാത്ത രാഷ്ട്രീയം, മനസ്സാക്ഷിയില്ലാത്ത ആനന്ദം അദ്ധ്വാനമില്ലാത്ത സ്വത്ത് , സ്വഭാവവൈശിഷ്ട്യമില്ലാത്ത ജ്ഞാനം , സാന്മാർഗികത തീണ്ടാത്ത കച്ചവടം, മനുഷ്യത്വമില്ലാത്ത ശാസ്ത്രം എന്നിവ മനുഷ്യനെ നശിപ്പിക്കുന്നു'... ഗാന്ധിജി.

**പവിത്രാ സനിൽ**
9 C എൻ.എസ്സ്.എസ്സ്.എച്ച്. എസ്സ്.എസ്സ്. കരുവാറ്റ,
അമ്പലപ്പുഴ ഉപജില്ല, ആലപ്പുഴ

# തിരിച്ചറിവ്

രാമപുരം എന്ന ഒരു കൊച്ചു ഗ്രാമം. ആ ഗ്രാമത്തിന് നടുവിലൂടെയാണ് കല്ലൂന്നിപ്പുഴ വളരെ ശാന്തമായി ഒഴുകുന്നത്. ഗ്രാമത്തിലെ ആളുകൾ ഈ പുഴയിലെ വെള്ളമാണ് വീട്ടാവശ്യത്തിനും കൃഷിയ്ക്കുമൊക്കെ ഉപയോഗിക്കുന്നത്. അതുകൊണ്ടുതന്നെ ഗ്രാമത്തിലെ മണ്ണ് വളരെ ഫലഭൂയിഷ്ഠമായിരുന്നു.തങ്ങൾക്കുള്ള ഭക്ഷണ സാധനങ്ങളൊക്കെയും ഗ്രാമവാസികൾ അവിടെത്തന്നെ കൃഷിചെയ്തുണ്ടാക്കുകയാണ് പതിവ്. ഗ്രാമത്തിനുപുറത്തുള്ള സ്കൂളിലാണ് കുട്ടികൾ പഠിച്ചിരുന്നത്. ഈ പുഴയുടെ തീരത്തായി ഗോപിനാഥൻ എന്ന പേരുള്ള ഒരു അപ്പൂപ്പനും ജാനകി എന്നു പേരുള്ള ഒരമ്മൂമ്മയും താമസിച്ചിരുന്നു. നല്ല ഭംഗിയുള്ള ഓടിട്ട വീട്. വീടിന്റെ തൊടിയിൽ വാഴ,മരച്ചീനി,പച്ചക്കറികൾ,മാവുകൾ,പ്ലാവുകൾ ഇതെല്ലാം ഉണ്ടായിരുന്നു.വീടിനു മുന്നിലുള്ള പുഴയുടെ കടവിൽ ആഴം തീരെ കുറവായിരുന്നു.വൈകുന്നേരങ്ങളിൽ ധാരാളം കുട്ടികൾ അവിടെ കുളിക്കാൻ വരും.അവരുടെ കളിയും വർത്തമാനങ്ങളും ആർപ്പുവിളികളും കൊണ്ട് കല്ലൂന്നിപ്പുഴ സന്തോഷവതിയാവും.വൈകുന്നേരത്തെ കുട്ടികളുടെ കളികൾ കാണാൻ അപ്പൂപ്പനും അമ്മൂമ്മയും കടവത്ത് വന്നുനിൽക്കും. അവരുടെ നീന്തലും അട്ടഹാസവും ഒക്കെ കാണാനും കേൾക്കാനും.

അവരുടെ ഒരേയൊരു മകൻ അരുൺ അമേരിക്കയിലെ വലിയൊരു കമ്പനിയിൽ ജോലി ചെയ്യുന്നു. ഭാര്യ ലക്ഷ്മിക്കും അവിടെത്തന്നെയാണ് ജോലി.രണ്ടു മക്കളുണ്ട് അവർക്ക്. നന്ദുവും ചിന്നുവും.നാലിലും ആറിലും പഠിയ്ക്കുന്നു. പക്ഷേ കൊച്ചു

മക്കളെ ഒരിക്കൽപ്പോലും ഒന്നു കാണാനുള്ള ഭാഗ്യം അവർക്ക് ഉണ്ടായിട്ടില്ല. അരുണും ഭാര്യയും ഒരിക്കലും നാട്ടിലേക്ക് വരുവാനും കുട്ടികളെ ഈ ഗ്രാമാന്തരീക്ഷം കാണിയ്ക്കുവാനും താല്പര്യപ്പെട്ടിരുന്നില്ല. അവർക്ക് എന്നും ഇതൊരു കുഗ്രാമമായിരുന്നു. ഗ്രാമത്തിലുള്ളവരെല്ലാം കൾച്ചർ ഇല്ലാത്തവരാണെന്നാണ് ലക്ഷ്മിയുടെ വിചാരം. ഈ ഗ്രാമവും പുഴയും പാടശേഖരങ്ങളും തങ്ങളുടെ പശുക്കളെയും ഒക്കെ വിട്ട് ഒരിക്കലും മകന്റെ അടുത്തേക്ക് പോകുവാൻ അപ്പൂപ്പനും അമ്മയ്ക്കും കഴിയുമായിരുന്നില്ല. എങ്കിലും തന്റെ മക്കൾ എന്നെങ്കിലും വരുമെന്ന വിശ്വാസത്താൽ അവർ തങ്ങൾക്കുള്ളതെല്ലാം പരിപാലിച്ചുപോന്നു. വൈകുന്നേരം വരുന്ന കുട്ടികൾ തൊടിയിലെ മുത്തശ്ശിമാവിൽ കയറി മാമ്പഴങ്ങൾ ശേഖരിച്ചുകൊണ്ട് പോവുമ്പോൾ അവർ സന്തോഷത്തോടുകൂടി മാമ്പഴം പെറുക്കാൻ കൂടും. ഉണ്ടാക്കി വച്ചിരിയ്ക്കുന്ന പലഹാരങ്ങൾ കുട്ടികൾക്ക് തിന്നാൻ കൊടുക്കും. ഓണത്തിന് പായസവും വിഷുവിന് വിഷുവടയും പെസഹായ്ക്ക് അപ്പവും ഒക്കെയായി ഗ്രാമത്തിലെ കുട്ടികൾ സ്നേഹത്തോടെ അപ്പൂപ്പന്റെയും അമ്മൂമ്മയുടെയും അടുത്തേക്ക് വരും. അവർ സന്തോഷത്തോടെ ആ കുട്ടികളുടെ സ്നേഹം സ്വീകരിക്കും

പെട്ടെന്നാണ് ലോകമാകെ ഭീതി പരത്തിക്കൊണ്ട് ഒരു മഹാരോഗം പടർന്നുപിടിച്ചത്. ആളുകളിൽനിന്ന് ആളുകളിലേക്ക് രോഗം വളരെ വേഗം വ്യാപിച്ചുകൊണ്ടിരുന്നു. ആ മഹാമാരിക്ക് കൊറോണ എന്ന് പേര് വിളിക്കപ്പെട്ടു. ആശുപത്രികൾ രോഗികളെക്കൊണ്ട് നിറഞ്ഞു. ചികിത്സ കിട്ടാതെ ആളുകൾ മരണമടഞ്ഞു. ഈ വൈറസിനെതിരെ മരുന്ന് കണ്ടുപിടിക്കാനും ആർക്കും സാധിച്ചില്ല. വികസിതരാജ്യമായ അമേരിക്കയിലും ധാരാളം ആളുകൾ മരണമടഞ്ഞു. സ്കൂളുകൾ അടച്ചിട്ടു. കമ്പനികൾ പൂട്ടി. പ്രവാസികൾ അവരവരുടെ രാജ്യങ്ങളിലേക്ക് തിരിച്ചുപോകണമെന്ന് അമേരിക്കൻഭരണകൂടം ആവശ്യപ്പെട്ടു. അങ്ങനെ ജോലിനഷ്ടപ്പെട്ട അരുണും ഭാര്യയും എന്തുചെയ്യണമെന്നറിയാതെ കുഴങ്ങി. സാധനങ്ങൾ വാങ്ങാൻ പോലും കഴിയാത്ത അവസ്ഥ. ബാങ്കിൽ ഉള്ള പണം പോലും എടുക്കാൻ പറ്റില്ല. സാമ്പത്തികപ്രതിസന്ധി രൂക്ഷമായി.

സ്വന്തം ഗ്രാമത്തിലെ വീട്ടിലെ ലാൻഡ് ഫോണിലേക്ക് വിളിച്ച് എന്തുചെയ്യുമെന്ന് അച്ഛനോട് ചോദിച്ചു. 'എല്ലാവരുംകൂടി ധൈര്യമായി ഇങ്ങ് പോരെടാ. മറുപടി വന്നു. അങ്ങനെ അരുണും കുടുംബവും ഇന്ത്യയിലേക്ക് വിമാനം കയറി. സ്വന്തമായി ഉണ്ടാക്കിയത് എല്ലാം ഉപേക്ഷിച്ച് തന്റെ ഗ്രാമത്തിലേക്കുള്ള മടക്കം. അരുണിന്റെ മക്കൾ തങ്ങളുടെ അപ്പൂപ്പനെയും അമ്മൂമ്മയെയും ആദ്യമായി കാണുകയായിരുന്നു. ശാസ്ത്രം വളരെയേറെ പുരോഗമിച്ചെങ്കിലും അപ്പൂപ്പനും അമ്മൂമ്മയ്കും മൊബൈൽ ഫോൺ ഉപയോഗിക്കാൻ അറിയാത്തതുകൊണ്ട് ഫോണിൽ കൂടിപ്പോലും ആ കുട്ടികൾ അവരെ കണ്ടിട്ടുണ്ടായിരുന്നില്ല. കുറേ ദിവസങ്ങൾ വേണ്ടിവന്നു അവർക്ക് ആ ഗ്രാമാന്തരീക്ഷവുമായി പൊരുത്തപ്പെടാൻ. മരച്ചീനിയും ചേമ്പും

ചീനിക്കിഴങ്ങും കഴിച്ചു ശീലിച്ചിട്ടില്ലാത്ത കുട്ടികൾ അവയൊക്കെ രുചി അറിഞ്ഞു കഴിച്ചു. ഫ്രിഡ്ജിൽവച്ച ഭക്ഷണവും വെള്ളവും കഴിച്ച് ശീലിച്ച അവർക്ക് വിഷമില്ലാത്ത പ്രകൃതിദത്തമായ ഭക്ഷണം ലഭിച്ചത് പുതിയ അനുഭവം ആയിരുന്നു. അവർ അപ്പൂപ്പന്റെയും അമ്മയുടെയും കൂടെ പുഴയിൽ തോർത്ത് മുണ്ടുടുത്ത് കുളിച്ചു. പുഴയിൽ നീന്തി. നീന്താൻ പഠിച്ചു. ചൂണ്ടയിട്ട് മീൻ പിടിക്കാൻ അപ്പൂപ്പനെ സഹായിച്ചു. മുത്തശ്ശിമാവ് പൊഴിച്ചിടുന്ന മാമ്പഴം അവർ മത്സരിച്ചോടിച്ചെന്നെടുത്ത് അമ്മയ്ക്കുമച്ഛനും വീതം വെച്ചു നൽകി. അപ്പൂപ്പൻ ഉണ്ടാക്കിക്കൊടുത്ത ഊഞ്ഞാലിൽ ആടുമ്പോൾ എന്തൊക്കെയോ നേടിയ സന്തോഷമായിരുന്നു കുട്ടികൾക്ക്. അരുണും ലക്ഷ്മിയും കുട്ടികളുടെ ചിരിയും കളിയും ആസ്വദിച്ചു. സ്കൂളിൽ നിന്ന് ട്യൂഷൻ കഴിഞ്ഞ് വരുന്ന കുട്ടികൾ അരുൺ വരുമ്പോഴേക്കും ക്ഷീണിച്ചുറങ്ങുമായിരുന്നു. ഇവിടെ അവർ അപ്പൂപ്പനും അമ്മൂമ്മയ്ക്കുമൊപ്പം അവരുടെ കഥകൾ കേട്ട് സന്തോഷത്തോടെ ഉറങ്ങി.

ഈ സമയത്ത് ഇന്ത്യയിലൊട്ടാകെ ലോക്ഡൗൺ പ്രഖ്യാപിച്ചു. ആർക്കും എങ്ങും പോകാൻപറ്റില്ല. അത്യാവശ്യസാധനങ്ങൾ വാങ്ങാൻമാത്രം പുറത്തുപോകാം. അതും ഒരു വീട്ടിൽനിന്നും ഒരാൾമാത്രമേ പുറത്തു പോകാവൂ. ആളുകൾ തമ്മിൽ സമ്പർക്കം പാടില്ല. ജനങ്ങൾ രോഗഭീതിയാൽ പൊറുതിമുട്ടി. മരണസംഖ്യ പതുക്കെ ഉയർന്നുവന്നു. രാമപുരം ഗ്രാമത്തിലെ ആളുകളും സർക്കാർ നിർദ്ദേശങ്ങൾ അക്ഷരംപ്രതി പാലിച്ചു. എല്ലാവരും അവരവരുടെ വീടുകളിലും പറമ്പുകളിലും ആയി ഒതുങ്ങിക്കഴിഞ്ഞു. പക്ഷേ ദാരിദ്ര്യം ഉണ്ടായിരുന്നില്ല. അവിടെത്തന്നെ കൃഷി ചെയ്തുണ്ടാക്കിയ നെല്ലുകുത്തരിയുടെ ചോറുണ്ട് കപ്പയും മീനും കഴിച്ച് വാഴപ്പഴങ്ങളും മാമ്പഴവും ഒക്കെ കഴിച്ച് അരുണും കുടുംബവും ആ ഗ്രാമത്തിൽ കഴിഞ്ഞു. അപ്പോഴാണ് തന്റെ ഗ്രാമത്തെയും അച്ഛനെയും അമ്മയെയും അവരുടെ സ്നേഹത്തെയും അവൻ അറിഞ്ഞത്. അധികം സ്വത്ത് സമ്പാദിച്ചുനൽകുന്നതിൽ അല്ല കുഞ്ഞുങ്ങളോടൊപ്പം ഭക്ഷണം കഴിയ്ക്കാനും കളിയ്ക്കാനും അവർക്ക് പറയാനുള്ള കാര്യങ്ങൾ കേൾക്കാനും സമയം കണ്ടെത്തുന്നവരാണ് യഥാർത്ഥ മാതാപിതാക്കളെന്ന് അവർ തിരിച്ചറിഞ്ഞു. സ്വന്തം നാട് നൽകുന്ന സുരക്ഷിതത്വം വേറെയെങ്ങും ലഭിക്കില്ല. നന്ദുവും ചിന്നുവും ഇപ്പോൾ സന്ധ്യാസമയം അപ്പൂപ്പനും അമ്മൂമ്മയ്ക്കും ഒപ്പമിരുന്ന് പ്രാർത്ഥനകൾ ചൊല്ലും. അത് അവർക്ക് വേണ്ടി മാത്രമായിരുന്നില്ല. രാമപുരം എന്ന ഗ്രാമത്തിനു വേണ്ടിയോ, ഭാരതീയർക്കുവേണ്ടിയോ മാത്രമായിരുന്നില്ല, സമസ്തമാനവരാശിക്കും നന്മ വരുവാനുള്ള പ്രാർത്ഥനയായിരുന്നു. മനുഷ്യന് പണത്തേക്കാൾ വലുത് സമാധാനവും സന്തോഷവും ആണെന്ന തിരിച്ചറിവാണ് അരുണിനും കുടുംബത്തിനും ഉണ്ടായത്. ഇതിനെല്ലാം സാക്ഷിയായി കല്ലൂന്നിപ്പുഴ അപ്പോഴും ശാന്തമായി ഒഴുകിക്കൊണ്ടിരുന്നു.

**പാർവ്വതി ശ്യാം,**
6 ബി എം.എം.എച്ച്.എസ്സ് നരിയമ്പാറ,
കട്ടപ്പന ഉപജില്ല, ഇടുക്കി

# കൊറോണ
# മരണം വിതയ്ക്കുന്ന മഹാമാരി

2019 ഡിസംബറിൽ ചൈനയിലെ വ്യൂഹാൻ പ്രവശ്യയിൽ കൊറോണ എന്ന സൂക്ഷ്മ രോഗാണു പടരുമ്പോൾ ആരും കരുതിയില്ല, അത് ലോകത്തെ മുഴുവൻ ഭീതിയിൽ ആഴ്ത്തുന്ന ഒരു വമ്പൻ വൈറസ് ആകുമെന്ന്. ഒരുമാസത്തിനുള്ളിൽ ലോകത്തിലെ വിവിധ ഭാഗങ്ങളിൽ എത്തിയ കൊറോണ വൈറസ് ലക്ഷത്തിലധികം ആളുകളെ കൊല്ലുകയും അനേകം ലക്ഷങ്ങളെ രോഗബാധിതരാക്കുകയും ചെയ്തു. വെറുതെ ഒരു സ്പർശനത്തിൽ കൂടിയോ അല്ലെങ്കിൽ സ്രവങ്ങൾ കൊണ്ടോ മനുഷ്യനിൽനിന്ന് മനുഷ്യനിലേക്ക് വൈറസ് പകരുന്നത് വളരെ ആശങ്കാജനകമാക്കുന്നു. അതുകൊണ്ട് തന്നെയാണ് സർക്കാരും ആരോഗ്യ പ്രവർത്തകരും സ്വയം സംസർഗ്ഗപ്രതിബന്ധം സൃഷ്ടിക്കാൻ ആവശ്യപ്പെടുന്നത്. ആരാധനാലയങ്ങളും സമൂഹം ഒത്തുകൂടാറുള്ള സ്ഥലങ്ങളും അടച്ചിട്ട് നഗരങ്ങളെല്ലാം പൂർണ്ണ അച്ചടക്കം പാലിച്ച് 21 നാൾ. നമ്മെ സംബന്ധിച്ചിടത്തോളം അതുവളരെ അരോചകമാണ്. എന്നിരുന്നാൽ തന്നെയും അതെല്ലാം പാലിച്ച് കൊണ്ടേ കൊറോണ എന്ന വമ്പൻ വൈറസിനെ ഈ ലോകത്തിൽ നിന്നും എന്നേക്കുമായി നമുക്ക് തുരത്താൻ സാധിക്കുകയുള്ളൂ.

കൊറോണ എന്ന വാക്കിനർഥം കിരീടം എന്നാണ്. കൂടാതെ സൂര്യന്റെയോ ചന്ദ്രന്റെയോ ചുറ്റുമുള്ള പ്രകാശ വലയത്തെ കൊറോണ എന്ന് വിളിക്കും. അതുപോലെതന്നെ ബ്രിട്ടാനിക്ക ചുരുട്ടിന്റെയും അപരനാമം കൂടിയാണ് കൊറോണ. കൊറോണ വൈറസ് മൂലമുണ്ടാകുന്ന രോഗമാണ് കോവിഡ് -19.

കോവിഡ് ലോകത്തിലെ എല്ലായിടത്തും എത്തിച്ചേർന്നിരിക്കുന്നു. അവിടെയുള്ള എല്ലാവരും ഒരുപോലെ ഭയചകിതരായിരിക്കുന്നു. മനുഷ്യന്റെ നഗ്നനേത്രങ്ങൾകൊണ്ട് കാണാൻ സാധിക്കാത്ത ഈ സൂക്ഷ്മ രോഗാണുവിന്റെ താണ്ഡവം മനുഷ്യൻ വരച്ച അതിർത്തികൾക്കും സാമ്പത്തിക മേന്മകൾക്കും തടഞ്ഞുനിർത്താൻ സാധിച്ചില്ല. അത് മനുഷ്യനെന്ന ജീവിയുടെ നിസ്സാരതയാണ് ചൂണ്ടിക്കാട്ടുന്നത്. ഒരു സൂക്ഷ്മാണുവിന്റെ മുൻപിൽ ഇന്നിന്റെ ലോകത്തെ വികസിപ്പിച്ചെടുത്ത മാനവരാശി തലകുനിക്കുകയാണ്. പക്ഷിമൃഗാദികളെ കൂട്ടിൽ അടച്ച് അവയുടെ സ്വാതന്ത്ര്യം വിലക്കിയ നാം ഇന്ന് അവയെ പോലെ വീടുകളിൽ അടഞ്ഞിരിക്കുമ്പോൾ പക്ഷികളും മൃഗങ്ങളും സ്വാതന്ത്ര്യത്തോടെ ഉല്ലസിക്കുകയാണ്. അതുമാത്രമല്ല കോവിഡിനു വേണ്ടി സ്വജീവിതം തന്നെ നാടിനായി, രാജ്യത്തിന്റെ നന്മയ്ക്ക് വേണ്ടി സമർപ്പിച്ച ഡോക്ടർമാരുടെയും നഴ്സുമാരുടെയും അർപ്പണ മനോഭാവം പ്രശംസനീയമാണ്. പ്രത്യേകിച്ച് കോവിഡ് മൂലം മരണമടഞ്ഞ ആദ്യ ഇന്ത്യൻ ഡോക്ടർ, ഡോക്ടർ ശത്രുഘ്നൻ പഞ്ചാനിന്ത എല്ലാ ഇന്ത്യക്കാരുടെയും ഹൃദയത്തിൽ വിങ്ങുന്ന ഓർമയാണ്. സാമ്പത്തികമായും, ശാസ്ത്രപരമായും,

സാങ്കേതികവിദ്യയിലും എന്നും മുന്നിട്ടുനിൽക്കുന്ന രാജ്യങ്ങളാണ് യുഎസ്, ബ്രിട്ടൻ, ജപ്പാൻ തുടങ്ങിയവ. മനുഷ്യന്റെ നഗ്നമായ കണ്ണുകൾ കൊണ്ട് കാണാൻ സാധിക്കാത്ത ഈ സൂക്ഷ്മരോഗാണുവിന്റെ മുൻപിൽ യുഎസും, ബ്രിട്ടനും അടക്കമുള്ള രാജ്യങ്ങൾ മുട്ടുകുത്തേണ്ടി വരികയാണ്. അപ്പോൾ പിന്നെ 130 കോടി ജനങ്ങൾ തിങ്ങിപ്പാർക്കുന്ന നമ്മുടെ രാജ്യത്തിന്റെ കാര്യം പറയേണ്ടതില്ല. എന്നിരുന്നാൽ തന്നെയും യു.എസിന്റെയും ബ്രിട്ടന്റെയും മരണനിരക്ക് താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യയുടെ മരണനിരക്ക് കുറവാണ് എന്നതിൽ നാം ആശ്വാസം കൊള്ളേണ്ടതാണ്. പ്രധാനമായും സമയം പാഴാക്കാതെ കർശന ലോക്ഡൗൺ പ്രഖ്യാപിച്ച സർക്കാരിന്റെ പ്രതിബദ്ധതയും അതനുസരിക്കാൻ കാണിച്ച ജനങ്ങളുടെ സന്നദ്ധതയുമാണ് മരണ നിരക്ക് കുറയാൻ കാരണമായത്. കൂടെ ആരോഗ്യപ്രവർത്തകർ സ്വജീവൻ പോലും കണക്കിലെടുക്കാതെ നടത്തിയ ആത്മാർഥവും അകമഴിഞ്ഞതുമായ ആരോഗ്യ പ്രവർത്തനങ്ങളുടെ ഫലവും കൂടി കൂട്ടി വായിക്കേണ്ടതാണ്. എന്നാലും നാം എപ്പോഴും ആശങ്കയോടെ വേണം വർത്തിക്കാൻ. കൊറോണ എപ്പോൾ വേണമെങ്കിലും നമ്മെ കാർന്നു തിന്നാം. കോവിഡിനാൽ ആശങ്കപെട്ടിരിക്കുന്ന രാജ്യത്തെ സമ്പദ്‌വ്യവസ്ഥയും കാർഷികരംഗവും ഇതിനാൽ തന്നെ കൂപ്പുകുത്തി ഇരിക്കുകയാണ്. ഇതിൽനിന്നും കര കയറേണ്ടത് രാജ്യത്തെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതമാണ്. കാർഷിക രംഗത്തിലെ നെൽ കർഷകർ നെല്ല് കൊയ്യാൻ സാധിക്കാതെ വിഷമിക്കുകയാണ്. അതുപോലെ തന്നെ മറ്റു കാർഷികവിളകളും ഇതേ പരിതാപകരമായ അവസ്ഥ നേരിടുകയാണ്. ദിവസ വേതനക്കാരുടെ ജോലി നിലച്ചതോടെ എന്ത് ചെയ്യണം എന്നറിയാതെ വിഷമിക്കുകയാണ്. കേരള സർക്കാർ ഇതെല്ലാം പരിഹരിക്കുന്നതിനുവേണ്ടി അനേകം പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. 15 കിലോ റേഷനരി, ആയിരം രൂപയുടെ പലവ്യഞ്ജന കിറ്റുകൾ, സമൂഹ അടുക്കള, സാമ്പത്തികസഹായം തുടങ്ങിയവ രൂപീകരിച്ചു. അതുപോലെ തന്നെയുള്ള മറ്റൊരു പ്രശ്നമാണ് അതിഥി തൊഴിലാളികൾ. ലോക്ഡൗൺ പ്രഖ്യാപിച്ചതോടെ തൊഴിലുകൾ നഷ്ടപ്പെട്ട് അവർ പട്ടിണി മൂലം സ്വന്തം നാടുകളിലേക്ക് പലായനം ചെയ്യുകയാണ്. നൂറും അഞ്ഞൂറും കിലോമീറ്ററുകൾ താണ്ടി നഗരങ്ങളിൽ നിന്നും സ്വന്തം ഗ്രാമങ്ങളിലേക്ക് കാൽനടയായി യാത്ര തിരിക്കുകയാണ്. ഡൽഹി പോലുള്ള നഗരങ്ങളിൽ ഈ കാഴ്ച വൻതോതിൽ കാണാൻ സാധിക്കും. അതിഥി തൊഴിലാളികളെ സംബന്ധിച്ചിടത്തോളം തുലോം വ്യത്യസ്തമാണ് കേരളത്തിൽ. അവർക്ക് താമസസൗകര്യവും ഭക്ഷണവും അതുപോലെ മറ്റു സൗകര്യങ്ങളും ഒരുക്കുന്നതിൽ ഗവൺമെന്റും, പോലീസും ആരോഗ്യപ്രവർത്തകരും സദാ ജാഗരൂകരാണ്. കോവിഡിന്റെ ഈ വിളയാട്ടത്തിൽ കേരളീയ ജനതയ്ക്ക് പ്രത്യാശിക്കാനും അഭിമാനിക്കാനും ഒപ്പം ആകുലപ്പെടുന്നതിനുമുള്ള കാര്യങ്ങൾ സംഭവിക്കുക ഉണ്ടായി. ഇന്ത്യയിലെ തന്നെ ഏറ്റവും പ്രായം കൂടിയ കോവിഡ് ബാധിതരാണ് അടുത്തിടെ കേരളത്തിൽ

കോവിഡ് വിമുക്തരായത്. 93 വയസ്സുകാരനായ തോമസും ഇദ്ദേഹത്തിന്റെ ഭാര്യ 89 വയസ്സുകാരിയായ മറിയാമ്മയും ആണ് കേരളത്തിൽ പ്രത്യാശ പരത്തിയ വാർത്ത. അതുപോലെതന്നെ ദൈവത്തിന്റെ സ്വന്തം നാട്ടിലെ ചികിത്സ ബ്രിട്ടീഷ് പൗരന്മാരെ കോവിഡ് മുക്തരാക്കിയത്. വിനോദ സഞ്ചാരത്തിനെത്തിയ 4 ബ്രിട്ടീഷ് പൗരന്മാരാണ് കോവിഡ് ബാധിരായത്. കേരളത്തിലെ ആരോഗ്യ പ്രവർത്തകരുടെ ശുശ്രൂഷയും കരുതലും അവർ സസ്നേഹം ഏറ്റുവാങ്ങി, കൊറോണ ക്കെതിരെ ധീരമനസ്കരായി പോരാടുകയായിരുന്നു. അങ്ങനെ അവർ കോവിഡ് വിമുക്തി നേടി. ഇതുപോലെ പ്രവാസ ഭൂമികയിൽ ആയിരിക്കുന്ന നമ്മുടെ പ്രിയപ്പെട്ട മിത്രങ്ങളും സഹോദരങ്ങളും ആധിയിലാണ്, എങ്ങനെ നാട്ടിൽ എത്തണം എന്ന ഒറ്റ ചിന്തയിൽ കഴിയുകയാണ് ഓരോ പ്രവാസി മിത്രവും. പ്രവാസികളെ എത്രയും വേഗം നാട്ടിലെത്തിച്ച് അവരവരുടെ വീടിന്റെ സ്നേഹ മരച്ചുവട്ടിൽ എത്തിക്കാൻ ഉള്ള മാർഗങ്ങൾ കേരള സർക്കാർ ആലോചിക്കുന്നുണ്ട്. ഗൾഫ് രാജ്യങ്ങളിലുള്ള ഇന്ത്യക്കാരെ പ്രത്യേകിച്ച് മലയാളി സഹോദരന്മാരെ ഒരു വിപത്തും കൂടാതെ നാട്ടിൽ എത്രയും വേഗം എത്തിക്കണം എന്ന് നമുക്ക് സർവേശ്വരൻ മുൻപിൽ പ്രാർത്ഥിക്കാം. ഇതുമാത്രമല്ല കർണാടക അതിർത്തിയും കോവിഡ് കാലത്ത് ഒരു പ്രശ്നമായിരുന്നു കേരളത്തിന്. കർണ്ണാടക- കാസർകോട് അതിർത്തി ചെക്ക് പോസ്റ്റ് ആയ തലപ്പാടി ചെക്ക് പോസ്റ്റ് കർണാടക മുഖ്യമന്ത്രി ബി എസ് യെദിയൂരപ്പ അടച്ചതിനാൽ കർണാടക മെഡിക്കൽ കോളേജിനെ ആശ്രയിക്കുന്ന അനേകം കാസർകോട് സ്വദേശികളാണ് അവതാളത്തിൽ ആയത്. മരുന്നും ചികിത്സയും കിട്ടാതെ അഞ്ചിലധികം മലയാളികളാണ് മരണത്തിന് കീഴടങ്ങിയത്. കർണാടകയുടെ അതിനീചമായ മുഖമാണ് കേരളം ഈയിടെ കണ്ടത്. എന്നിരുന്നാൽ പോലും തലപ്പാടി ചെക്ക് പോസ്റ്റ് കടന്നു കേരളത്തിൽ വരുന്നവരെ ഭാഷപോലും നോക്കാതെയാണ് കേരള ഫയർഫോഴ്സ് അണുവിമുക്തമാക്കി കടത്തിവിടുന്നത്. ഇപ്പോഴാണ് കേരള സർക്കാരിന് കാസർഗോട് മെഡിക്കൽ കോളേജിന്റെ ആവശ്യകത മനസ്സിലാക്കാൻ സാധിച്ചത്. ലോക്ഡൗണിൽ വീട്ടിൽ ഇരിക്കുന്ന ജനം ഒരു തിരിച്ചുവരവിന് ആഗ്രഹിക്കുകയാണ്. ഒരു കാര്യം നാം ഓർക്കണം, ശാശ്വതപ്രതിവിധി അല്ല ലോക്ഡൗൺ, രോഗവ്യാപന തോത് കുറയ്ക്കാനും പ്രതിരോധത്തിനുള്ള സമയം കിട്ടാനുമുള്ള മാർഗമാണിത്. രാജ്യാന്തര പഠനങ്ങളിൽ നിന്നും നമുക്ക് മനസ്സിലാകുന്നത് ആറാഴ്ചയ്ക്ക് മുൻപ് ലോക്ഡൗൺ അവസാനിപ്പിക്കുന്നത് കാര്യമായ ഗുണം ചെയ്യുകയില്ല എന്നതാണ്. ഈ വൈറസ് നിമിഷനേരം കൊണ്ട് ലോകത്താകെ പടരുന്നു. ഈ വൈറസിനെ കുറിച്ച് നമ്മുടെ അറിവ് പരിമിതമാണ് താനും. ലോക്ഡൗണിനെക്കുറിച്ച് ശാസ്ത്രം പറയുന്നതിങ്ങനെ, ഈ രോഗം സ്ഥിരീകരിച്ച ആൾക്ക് 2 മുതൽ 14 ദിവസം മുൻപ് ആയിരിക്കും രോഗം ലഭിച്ചിരിക്കുക. അതുകൊണ്ടുതന്നെ ഈ രോഗം ആ വ്യക്തിയിൽ നിന്നും നേരിട്ടും അല്ലാതെയും നൂറിലധികം ആളുകളിലേക്ക് വ്യാപിച്ചിരിക്കുന്നു. അതു

കൊണ്ടാണ് പ്രധാനമായും 21 ദിവസമെങ്കിലും സംസർഗപ്രതിബന്ധത സൃഷ്ടിക്കാൻ സർക്കാർ ആവശ്യപ്പെടുന്നത്. അതുമാത്രമല്ല രോഗം ബാധിച്ച നാലിൽ ഒരാൾ ഒരു രോഗലക്ഷണം കാണിക്കുകയില്ല എന്നത് നമ്മെ ഭീതിയിലാഴ്ത്തി. രോഗവ്യാപനം ശരിക്കും കുറയുന്നുണ്ടോ എന്ന് വിലയിരുത്താൻ ഏഴു മുതൽ 10 ദിവസം വരെ കാത്തിരിക്കുന്നത് ഉചിതമാണ്. ഉദാഹരണത്തിന് യുകെയിൽ ഏപ്രിൽ മൂന്നിന് കേസുകൾ കുറഞ്ഞതായി കാണിച്ചു. പിന്നീട് മൂന്നു ദിവസത്തിനു ശേഷമാണ് മഹാദുരന്തം ആ രാജ്യം നേരിടേണ്ടി വന്നത്. കോവിഡിനെ തുരത്താൻ വേണ്ടി ഐ സി എം ആർ (ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്) റാപിഡ് ടെസ്റ്റുകൾ രൂപീകരിച്ചു. അതുമാത്രമല്ല ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഡിസിൻഫെക്ഷൻ ഗേറ്റ്‌വേ നിർമ്മിക്കുകയുണ്ടായി. കൂടാതെ hydroxychloroquine മരുന്ന് കോവിഡിനെ പ്രതിരോധിക്കാൻ ഫലപ്രദമെന്നു ലോകം വിലയിരുത്തി. രക്തത്തിൽ ആന്റിബോഡി യുടെ അളവ് കണ്ടെത്താൻ ഐജിജി എലൈസ ടെസ്റ്റും, ഒരേ സമയം 50 സ്രവ സാമ്പിളുകൾ ഒരുമിച്ചു പരിശോധിക്കാൻ സാധിക്കുന്ന പൂൾ ടെസ്റ്റിംഗ്, പ്ലാസ്മാ ടെസ്റ്റിംഗ്, സജ്ജമാക്കാൻ പരിശ്രമിക്കുന്നുണ്ട്. പ്രത്യാശയുടെയും ഉയർപ്പിന്റെയും ആഘോഷമായ ഈസ്റ്ററും സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും ആഘോഷമായ വിഷുവും ഈ ദിനങ്ങളിൽ കടന്നുപോകുകയുണ്ടായി. ജനസാന്നിധ്യമില്ലാതെ ആരാധനാലയങ്ങളിൽ തിരുക്കർമ്മങ്ങൾ നടന്നു. കോവിഡ് എന്ന മഹാ ദുരന്തത്തിൽ നിന്നും നാം ഉയർത്തപ്പെടും എന്നും, സമ്പൽ സമൃദ്ധിയും ഐശ്വര്യവും നിറഞ്ഞ ഒരു നല്ല നാളെ ഉണ്ടാക്കുമെന്നും, ഈ ആഘോഷങ്ങളിലൂടെ ഉൾക്കൊള്ളുവാൻ നമുക്ക് എല്ലാവർക്കും സാധിച്ചു. ഒരു നാൾ ഈ കൊറോണയുടെ ആക്രമണത്തിൽ നിന്നും വിടുതൽ നേടി ലോകം തനിക്ക് നഷ്ടപ്പെട്ടതെല്ലാം വീണ്ടെടുക്കും; വ്യാധി നൽകിയ വ്യസനത്തിൽ നിന്നും വിമുക്തമായ ഒരു നല്ല നാളേക്കു വേണ്ടി നമുക്ക് കാത്തിരിക്കാം. ജാതിയും മതവും വർണവിവേചന ങ്ങളും അഹന്തയും സ്വാർഥതയും എല്ലാം വെടിഞ്ഞ് സർവ്വേശ്വരന്റെ മുൻപിൽ വിനയാന്വിതരാകാം. വസൂരിയും പ്ലേഗും പോലെയുള്ള മഹാമാരികളും മനുഷ്യൻ തന്നെ സൃഷ്ടിച്ച രണ്ട് മഹായുദ്ധങ്ങളും ഈ ലോകത്തെ തന്നെ വിഴുങ്ങിയപ്പോഴും അതിൽ നിനിന്നും എല്ലാം അതിജീവിച്ചവരാണ് നമ്മൾ. അപ്പോൾ പിന്നെ ഈ വൈറസിനെ നമ്മൾ തീർച്ചയായും തോൽപ്പിച്ച് ചിരിക്കും. ഈ ലോക്ഡൗൺ കാലം പോസിറ്റീവായി കരുതി, കൂടുതൽ അറിവും, ക്രിയാത്മകമായ കഴിവുകളും നമുക്ക് നേടിയെടുക്കാം. സർക്കാറിന്റെയും ആരോഗ്യ പ്രവർത്തകരുടെയും നിയമങ്ങളും നിർദേശങ്ങളും പാലിച്ച് നമുക്ക് ഒറ്റക്കെട്ടായി മുന്നേറാം..... പ്രത്യാശയോടെ മുന്നോട്ടു കുതിക്കാം...... വൈറസിനെ നമ്മൾ തുരത്തിയിരിക്കും............

**ക്രിസ്റ്റീന**
8A എൽ. എഫ്. സി. എച്ച്. എസ്സ്. ഇരിങ്ങാലക്കുട,
ഇരിങ്ങാലക്കുട ഉപജില്ല, തൃശ്ശൂർ

# പ്രകൃതി

നാം വസിക്കുന്ന ഭൂമി നമ്മുടെ അമ്മയാണ്.ഇവിടെ ജനിക്കുന്ന ഒരോ മനുഷ്യനും ആവശ്യമായതൊക്കെ ഈ അമ്മ ഇവിടെ ഒരുക്കിവച്ചിരിക്കുന്നു.ഈ അമ്മയെ ഹ്രദയം തുറന്നു സ്നഹിക്കുന്നതാകണം നമ്മുടെ ഒരൊരുത്തരുടെയും ധർമം.പക്ഷെ മനുഷ്യന്റെ ആർത്തിമൂലം അവർ പ്രകൃതിയെ അമിതമായി ചൂഷണം ചെയ്തു കൊണ്ടിരിക്കുകയാണ്.ഇതിന്റെ അനന്തരഫലമാണ് പരിസ്ഥിതി നാശം.

കൂട്ടകാരേ പരിസ്ഥിതി സംരക്ഷണം ഭൂമിയിൽ ജീവന്റെ നിലനില്പിനു അത്യാവശ്യമണ്.ഇതിനു വേണ്ടി കുട്ടികളായ നാം നമ്മെ കൊണ്ടു കഴിയും വിധം പ്രകൃതിയെ സംരക്ഷിക്കാൻ പരിശ്രമിക്കണം.

**അനാമിക എ ബി**
1 F, എൽ.എം.എസ്.എൽ.പി.എസ്.വെങ്ങാനൂർ,
ബാലരാമപുരം ഉപജില്ല, തിരുവനന്തപുരം

# പ്രതിരോധിക്കാം രോഗങ്ങളെ..

രോഗം വന്നിട്ട് ചികിത്സിക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതെ നോക്കുന്നതാണ് എന്ന് നാം ഒരുപാട് കേൾക്കുന്നുണ്ട്. എന്നാൽ നമ്മൾ പോലും അറിയാതെ എത്രയോ രോഗങ്ങളെ നമ്മുടെ ശരീരം ചെറുത്തു നിൽക്കുന്നുണ്ട്. അത് ഒരു വ്യക്തിയുടെ സ്വാഭാവിക രോഗപ്രതിരോധശേഷി കൊണ്ടാണ്. ആരോഗ്യ രംഗത്ത് നാം ഏറെ പുരോഗതി നേടിയെങ്കിലും കൊറോണ യും നിപ്പയും പോലുള്ള പുതിയ രോഗങ്ങൾ ഒന്നൊന്നായി ഉടലെടുത്തു കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ പ്രതിരോധശേഷിയെ കുറിച്ച് ചർച്ച ചെയ്യേണ്ടതുണ്ട്.

ഒരു കാലഘട്ടത്തിൽ വസൂരിയും കോളറയും പോലുള്ള രോഗങ്ങളുടെ വിളനിലമായിരുന്നു കേരളം. ഇന്ന് അത്തരം രോഗങ്ങളെ ഒരു പരിധിവരെ പുറത്തു നിർത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നൂറുകണക്കിന് ആളുകളുടെ മരണത്തിന് ശേഷമാണ് അത്തരം രോഗങ്ങളെ പിടിച്ചുകെട്ടാൻ നമുക്ക് സാധിച്ചത്. വ്യക്തി ശുചിത്വത്തിൽ മലയാളികൾ ഏറെ മുന്നിലാണെങ്കിലും പരിസര ശുചിത്വത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താത്തത് പൊതുജന ആരോഗ്യത്തിന് ഭീഷണിയാണ്. ഇതിനൊപ്പം പുതിയ സാംക്രമിക രോഗങ്ങളുടെ കടന്നുവരവ് കൂടി ആകുമ്പോൾ ആശങ്കകൾ വർധിക്കുന്നു.

പല രോഗങ്ങളെയും അകറ്റി നിർത്തുന്നതിൽ പ്രതിരോധ മരുന്നുകൾക്കുള്ള പങ്ക് പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്. ടെറ്റ്നസ്, പോളിയോ പോലുള്ള പല രോഗങ്ങളെയും ഇങ്ങനെ ചെറുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒരു കുട്ടി ജനിക്കുന്നത് മുതൽ 15 വയസ്സു വരെയുള്ള കാലയളവിൽ നൽകുന്ന കൃത്യമായ പ്രതിരോധ കുത്തിവെപ്പുകൾ, പോളിയോ തുള്ളി മരുന്നുകൾ എന്നിവ രോഗപ്രതിരോധ ശേഷി വർധിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. ഇത് പരമാവധി ജനങ്ങളിലേക്ക് എത്തിക്കുവാനും നടപ്പിൽ വരുത്തുവാനും കഴിഞ്ഞത് കേരളത്തിന്റെ വലിയ വിജയമാണ്. പോഷകസമൃദ്ധമായ ആഹാരവും നല്ല വ്യായാമവും പ്രതിരോധശേഷി വർധിപ്പിക്കുവാൻ സഹായിക്കുന്നു.

ആരോഗ്യകരമായ ജീവിതശൈലി ആണ് ഏത് രോഗത്തിനുമുള്ള പ്രതിവിധി. പോഷകസമ്പുഷ്ടമായ ആഹാരം, നല്ല വ്യായാമം, സമ്പൂർണ ശുചിത്വം ഇവ ശീലമാക്കികൊണ്ട് രോഗങ്ങളെ നമുക്ക് പ്രതിരോധിക്കാം..

**പാർവ്വതി ബി.എസ്**
6 ഡി ഏ.ആർ.നഗർ.എച്ച്.എസ് ചെണ്ടപ്പുറായ,
വേങ്ങര ഉപജില്ല, മലപ്പുറം

# പച്ചയിൽ മതിമറക്കരുത്..

ഈ കൊറോണ കാലത്ത് വീട്ടിൽ ഇരുന്ന നമ്മുക്ക് നമ്മുടെ സർക്കാർ ചില ഇളവുകൾ പ്രഖ്യാപിച്ചു. ഇതിന്റെ ഭാഗമായി നമ്മുടെ ആലപ്പുഴയും ഗ്രിൻസോണായിരിക്കുകയാണ്. ഇതോടുകൂടി നമ്മൾ കൂടുതൽ ബോധവാൻമാരാകേണ്ട സമയമാണ്. എന്നാൽ ഈ ഇളവുകളിൽ നമ്മൾ മതിമറന്ന് അനാവശ്യമായി പ്രവർത്തിച്ചാൽ അതിന്റെ ദോഷഫലങ്ങൾ നമ്മൾ അനുഭവിക്കേണ്ടിവരും. കഴിഞ്ഞദിവസങ്ങളിൽ ഗ്രീൻസോണിൽ ആയിരുന്ന ഇടുക്കി ,കോട്ടയം എത്ര പെട്ടെന്നാണ് റെഡ് സോൺ ആയത്. അത് പോലെ ആണ് ഇപ്പോഴത്തെ സാഹചര്യം.

കൊറോണ വൈറസ് എത്രപെട്ടന്നാണ് മറ്റു നാടുകളിൽ പകരുന്നത്? നമ്മുടെ അയൽ സംസ്ഥാനങ്ങളിലേക്ക് ഒന്ന് കണ്ണോടിച്ചാൽ നമുക്ക് മനസ്സിലാകും. തമിഴ്നാട്ടിലെ ചെന്നയിൽ എത്രപെട്ടന്നാണ് വൈറസ് പകരുന്നത്. അവിടെ എത്രയോ പേർ മരിച്ചു. നമ്മുടെ കൊച്ചു കേരളത്തിൽ ഒരു പരിധിവരെ ഈ വൈറസിനെ തടഞ്ഞുനിർത്താൻ കഴിഞ്ഞിട്ടുണ്ട്. അത് നമ്മുടെ സർക്കാരിന്റെയും നമ്മൾ ഓരോരുത്തരുടെയും. പ്രവർത്തന ഫലമായിട്ടാണ്. എങ്കിലും നമുക്ക് ആശ്വസിക്കാൻ ഉള്ള സമയം ആയിട്ടില്ല. നമ്മുടെ നാട്ടിൽ നിന്നും വിദേശ രാജ്യങ്ങളിലും മറ്റു

സംസ്ഥാനങ്ങളിലേക്കും തൊഴിൽപരമായും മറ്റ് ആവശ്യങ്ങൾക്ക് ആയും പോയവർ അവരെ നമ്മുടെ നാട്ടിലേക്ക് തിരിച്ചുകൊണ്ടുവരുവാൻ സർക്കാർ ശ്രമം തുടങ്ങിയിരിക്കുകയാണ്. ആയതിനാൽ നമ്മൾ എല്ലാവരും വളരെയധികം ജാഗ്രതയോടുകൂടി ഇരിക്കേണ്ട സമയമാണ്. അത് കൊണ്ടാണ് പച്ചയിൽ നമ്മൾ മതിമറക്കരുത് എന്ന് പറയുന്നത്.......ഈ സമയത്ത് സ്വന്തം ജീവിതം പോലും നോക്കാതെ നമുക്ക് വേണ്ടി പ്രവർത്തിക്കുന്ന ആരോഗ്യപ്രവർത്തകർക്കും.......ആരോഗ്യവകുപ്പ് മന്ത്രിയായ ടീച്ചറമ്മയ്ക്കും.. ..കേരള സർക്കാരിനും.. ..എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ........

**അഞ്ജന ശങ്കർ,**
3 C ഗവ.എൽ.പി.എസ്.തിരുവിഴ,
ചേർത്തല ഉപജില്ല, ആലപ്പുഴ

# നശിച്ചു കൊണ്ടിരിക്കുന്ന പ്രകൃതി

പരിസ്ഥിതി സംരക്ഷണം വളരെ അധികം ചർച്ച ചെയ്യേണ്ട കാര്യമാണ്. ആധുനികസമൂഹത്തിൽ പരിസ്ഥിതിയോടുള്ള ആളുകളുടെ മനോഭാവത്തിൽ വിള്ളലുകൾ സംഭവിച്ചു കൊണ്ടിരിക്കുന്നു. മരങ്ങൾ വെട്ടി മുറിച്ചും പുഴയിൽ നിന്ന് മണ്ണ് എടുത്തും നദികൾ മണ്ണിട്ട് നികത്തിയും അങ്ങനെ ക്രൂര കൃത്യങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നു. ആധുനിക മനുഷ്യർ പരിസ്ഥിതിയെ ഒരു ചവറ്റു കൊട്ടയായി കാണുന്നതിന്റെ തെളിവായി നമുക്ക് ഇതിനെ കാണാം. തങ്ങളുടെ ജീവന്റെ ഉത്പത്തിയെ പിടിച്ചു നിർത്താനുള്ള കൈകൾ ആണ് പരിസ്ഥിതി എന്ന് അവർ മനസ്സിലാക്കുന്നില്ല. ലാഭം മാത്രം മുന്നിൽ നിർത്തി കാണുന്ന അവരുടെ ചെയ്തികൾക്ക് അറുതി വരുത്താൻ പ്രകൃതി ഒരുങ്ങും എന്ന് നാം ചിന്തിക്കേണ്ടതുണ്ട്.

മരങ്ങൾ അവരേൽക്കുന്ന വെയിലും, തണലും നമ്മിലേക്ക് പകർന്ന് തരുന്നു. എന്നാൽ നാം അവർക്ക് വേണ്ടി കരുതി വെച്ചത് മഴു ആയിരുന്നു മരങ്ങൾ തണൽ വിരിച്ചിരുന്ന പ്രദേശത്ത് അതിനു പകരം കൂറ്റൻ കെട്ടിടങ്ങൾ തല പൊക്കി. മഴത്തുള്ളികളോട് നിരന്തരമായി കിന്നാരം പറഞ്ഞിരുന്ന മണ്ണിനെ ഓർക്കാതെ പ്രൗഢി മുന്നിൽ കണ്ട് കൊണ്ട് മനുഷ്യർ കോൺക്രീറ്റു സൗധങ്ങൾ കൊണ്ട് ഭൂമിയെ മൂടി. മണ്ണിലൂടെ ഒന്നു നടന്നു നോക്കൂ അപ്പോഴറിയാം കോൺക്രീറ്റ് കൊണ്ട് മൂടി കിടന്ന് ശ്വാസം മുട്ടി കരയുന്ന മണ്ണിന്റെ വിലാപം. അതുപോലെ തന്നെ ജീവന് വേണ്ടി പിടയുന്ന വയലുകളുടെ കരച്ചിൽ കേൾക്കാം. നദികൾ നികത്തുമ്പോൾ പിടഞ്ഞു മരിക്കുന്ന മൽസ്യങ്ങളുടെയും മറ്റും നിലവിളി കേൾക്കാം. പരിസ്ഥിതി മുഴുവൻ കരളലിയിപ്പിക്കുന്ന കാഴ്ചകളാണ് നമുക്ക് കാണാനാവുക. പരിസ്ഥിതി

നമ്മുടെ അമ്മയാണ് എന്ന കാര്യം നാം ഓരോരുത്തരും മറന്നു പോകുന്നു. നാം പ്രകൃതിയുടെ കുഞ്ഞുങ്ങളാണ്. അതിനാൽ അമ്മയായ പരിസ്ഥിതിയുടെ നാശം കുഞ്ഞുങ്ങളായ നമ്മളെയും വളരെയധികം ബാധിക്കും. കനലായി എരിയുന്ന വേനലും നിർത്താതെ പെയ്തു പ്രളയമായി തീരുന്ന മഴയും ഇന്ന് നമുക്ക് പരിചിതമായിരിക്കുന്നു. ഇതു രണ്ടും നാം ക്ഷണിച്ചു കൊണ്ട് വന്ന അതിഥികളാണ്. ഈ ഭൂമിയിൽ മനുഷ്യർ മൃഗങ്ങളെക്കാൾ അധ:പതിക്കുന്നത് കാണുമ്പോൾ പരിസ്ഥിതിയോട് നമുക്ക് ലജ്ജ തോന്നി പോകേണ്ടതാണ്. പകയുടെ കനലായി എരിയുന്ന ഓരോ വേനൽ കാലവും നമ്മോട് പകരം വീട്ടുന്നു. പരിസ്ഥിതിയെ നശിപ്പിക്കില്ല എന്ന പ്രതിജ്ഞ നാം എടുത്താൽ നമുക്ക് സകല ജീവജാലങ്ങളുടെയും സംരക്ഷണം ഏറ്റെടുക്കാൻ കഴിയും. നല്ല ചിന്താഗതിയിലൂടെ ആവട്ടെ നമ്മൾ ഓരോരുത്തരുടെയും ഇനിയുള്ള യാത്രകളെങ്കിലും...

**സഫ്‌വാന കെ**
7 C ഏ വി ഹൈസ്ക്കൂൾ,
പൊന്നാനി ഉപജില്ല, മലപ്പുറം

# പരിസ്ഥിതി, ശുചിത്വം, രോഗപ്രതിരോധം

മനനം ചെയ്യാൻ കഴിവുള്ളവരാണ് മനുഷ്യർ. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് കുറവുകളും ബലഹീനതകളും മാത്രം നൽകിയല്ല, പകരം ആരോഗ്യവും ആയുസ്സും ചിന്തിക്കാനുള്ള കഴിവും സകല വികാരങ്ങളും നൽകിക്കൊണ്ടാണ്. സഹജീവിയെ കൂടുതൽ മനസ്സിലാക്കാനും അവരുടെ ആവശ്യങ്ങളിൽ അവരെ സഹായിക്കുവാനുള്ള കടമ ഒരോ വ്യക്തിയുടേതും ആണ്. അരോഗദൃഢഗാത്രരായ വ്യക്തികളാണ് സമൂഹത്തെ നില നിർത്തുന്നത്. പരിസ്ഥിതി ബോധവൽക്കരണത്തിനു വേണ്ടി ഐക്യരാഷ്ട്ര സംഘടനയുടെ നേതൃത്വത്തിൽ ജൂൺ 5 പരിസ്ഥിതി ദിനമായി ആചരിക്കുകയാണ്. പാരിസ്ഥിതിക വിഷയങ്ങൾ ലോകത്തിലെ മുഴുവൻ ഭരണാധികാരികളുടെയും ശ്രദ്ധയിൽ കൊണ്ടുവരികയാണ് ഈ ദിനത്തിന്റെ ഉദ്ദേശ്യം. നമ്മുടെ അറിവിൽ ജീവനുള്ള ഒരേ ഒരു ഹരിതഗൃഹം ഭൂമി മാത്രമാണ്. എന്നാലിന്ന് ആ ഹരിതഗൃഹത്തിന്റെ പരിസ്ഥിതി നശിച്ചുകൊണ്ടിരിക്കുന്നു. വ്യക്തിത്വമില്ലായ്മയും പരിസര ശുചിത്വമില്ലായ്മയുമാണ് ഇതിന് കാരണം. ഏറെ ബുദ്ധി നൽകി സൃഷ്ടിച്ച മനുഷ്യൻ ഇന്ന് ഒന്നും ചിന്തിക്കാതെയാണ് പ്രവർത്തിക്കുന്നത്. പെട്രോളിയം ഉൽപ്പന്നങ്ങൾ, കൽക്കരി ജൈവവസ്തുക്കൾ ഉപയോഗിച്ചുള്ള ഭൂമി കത്തിക്കൽ ഇവ പരിസ്ഥിതി മലിനമാക്കുകയും മനുഷ്യനെ രോഗികളായി മാറ്റുകയും ചെയ്യുന്നു. ഭൂമിയിൽ നാം ഉണ്ടാക്കുന്ന മലിനീകരണത്താൽ

പൊലിഞ്ഞു പോകുന്ന അനേകം ജീവനുകൾ ഉണ്ട്. ഇനിയെങ്കിലും നമുക്ക് നമ്മുടെ പരിസരത്തെ വൃത്തിയാക്കി സൂക്ഷിക്കാം. ഇതിലൂടെ ശുചിത്വം ഉറപ്പു വരുത്താം രോഗങ്ങളെ തടയാം നല്ലൊരു നാളേയ്ക്കായി നമുക്ക് ഒരുമയോടെ പ്രവർത്തിക്കാം, അതിനായി ആ ലക്ഷ്യത്തിനായി സ്വപ്നം കാണാം. 'സ്വപ്നം കാണുക സ്വപ്നം കാണുക സ്വപ്നം കാണുക സ്വപ്നങ്ങൾ ചിന്തകളായി മാറും ചിന്തകൾ പ്രവൃത്തിയിലേക്ക് നയിക്കും ' എപി ജെ അബ്ദുൽ കലാം

**അക്സ**
2 B എൽ എം എസ് മോഡൽ എൽ പി എസ് ചെമ്പൂർ.,
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

# കൊറോണയുടെ ലോകം

കൊറോണ വൈറസ് ഇന്ന് ലോകമെമ്പാടും ചർച്ചയാകുന്ന ഒരു വിഷയമാണ്. ചൈനയിലെ വുഹാൻ നഗരത്തിൽ നിന്ന് തുടങ്ങിയ ഈ വൈറസ് ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തെ വരെ വിഴുങ്ങിയിരിക്കുന്നു. ഈ വൈറസ് മൂലം ലോകത്തു മരണം രണ്ടുലക്ഷം കവിഞ്ഞു. ഓരോ മനുഷ്യനെയും കാർന്നു തിന്നുകയാണിത്. പത്രത്തിലെ ചെറിയ ഒരു പെട്ടിയിൽ കിടന്ന ഈ വാർത്ത ഇപ്പോൾ പത്രത്തിന്റെ എല്ലായിടങ്ങളിലും ഇടം പിടിച്ചിരുക്കുന്നു. ഒരു മൂന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ട പോലെയാണ് നമ്മൾ കോവിഡ് എന്ന മഹാമാരിയോട് പൊരുതുന്നത്.

ഈ വൈറസ് പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ നാം അഭിനന്ദിക്കേണ്ട ചിലരുണ്ട്. സ്വന്തം ജീവൻ പണയപ്പെടുത്തി ആത്മധൈര്യത്തോടെ പൊരുതുന്ന ആരോഗ്യപ്രവർത്തകരെയാണ്, അതിലുപരി തൂവെള്ള വസ്ത്രമണിഞ്ഞു ഐസൊലേഷൻ വാർഡിലെ വാതിലിലൂടെ നിരന്തരം കയറിയിറങ്ങുന്ന നഴ്സുമാർ അല്ലെങ്കിൽ നമ്മുടെ മാലാഖമാർ. വൈറസിന്റെ പിടിയിൽ അകപ്പെട്ട രോഗികൾക്ക് ഏറ്റവും കൂട്ടാവുന്നത് ഇവരാണ്. പി. പി ഈ. യും മുഖാവരണവും അണിഞ്ഞാണ് അവർ ഐസൊലേഷൻ വാർഡിൽ നിൽക്കുന്നത്. ഇത് മൂലം കൊടും ചൂട് അനുഭവപ്പെടുമെങ്കിലും അവർ അതെല്ലാം സഹിക്കുന്നു. അവരുടെ ദൗത്യം പൂർത്തിയാക്കുന്നത്വരെ അവർ പൊരുതുന്നു. സ്വന്തം കുടുംബത്തെ പോലും കാണാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്നത് അവരെ വലിയ ദുഃഖിതരാക്കുന്നില്ല.

ഓരോ ദിവസം കൂടുംതോറും മരണ നിരക്കും കൂടുന്നു ,ഈ സാഹചര്യത്തിൽ സർക്കാർ ലോക്ഡൗൺ പ്രഖ്യാപിച്ചു ,കടുത്ത ഒരു പ്രഖ്യാപനം. ഇത് ജനങ്ങൾ

ക്ക് വലിയ ബുദ്ധിമുട്ട് ഉണ്ടാക്കിയെങ്കിലും അതൊക്കെ സഹിക്കേണ്ടവരാണ് ജനങ്ങൾ. നിയന്ത്രണങ്ങൾ ശക്തമായതോടെ വാഹനങ്ങളും മറ്റും റോഡിൽ ഇറക്കാതെയായി ,കടകൾ പകുതിയും അടച്ചു ,അങ്ങനെയെല്ലാം. ഭക്ഷണത്തിനു വേണ്ടി അന്യസംസ്ഥാനങ്ങളെ ആശ്രയിച്ച നാം സ്വന്തം മണ്ണിൽ കൃഷിചെയ്യാൻ പഠിച്ചു. വാഹനങ്ങൾ ഓടാത്തതുമൂലം അന്തരീക്ഷമലിനീകരണത്തിനു കുറവുണ്ടായി ,അങ്ങനെയെല്ലാം. ഇത്രയും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയ സർക്കാരിന് ഒരു വലിയ കൈയടികൊടുക്കാം നമുക്ക്.

'ഭയം വേണ്ട.. .....ജാഗ്രത മതി.. ......അതിജീവിക്കും.. .....'

**ഹന്നാമോൾ.കെ**
6 C ഐ.ഐ.യു.പി.സ്കൂൾ നടുവിലക്കര,
ചവറ ഉപജില്ല, കൊല്ലം

# ശുചിത്വം നമ്മിലൂടെ

പ്രാചീന കാലം മുതൽ നമ്മുടെ പൂർവികർ ശുചിത്വത്തിന്റെ കാര്യത്തിൽ ഏറെ ശ്രദ്ധ ഉള്ളവരായിരുന്നു എന്ന് നമ്മുടെ പുരാതന സംസകാരത്തിന്റെ തെളിവുകൾ വ്യക്തമാക്കുന്നു. ശുചിത്വം ഒരു സംസ്കാരമാണെന്ന് തിരിച്ചറിഞ്ഞവരായിരുന്നു നമ്മുടെ പൂർവികർ. ആരോഗ്യം പോലെ തന്നെ വ്യക്തി ആയാലും സമൂഹമായാലും ശുചിത്വം ഏറെ പ്രാധാന്യമുള്ളതാണ്. മാത്രമല്ല ആരോഗ്യാവസ്ഥ ശുചിത്വാവസ്ഥയുമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്നു.

വ്യക്തികളും അവർ ജീവിക്കുന്ന ചുറ്റുപാടും അന്തരീക്ഷവും മാലിന്യവിമുക്തമായിരിക്കുന്ന  അവസ്ഥയാണ് ശുചിത്വം. അതുകൊണ്ട് വ്യക്തി ശുചിത്വത്തോടൊപ്പം മനുഷ്യമല-മൂത്ര വിസർജ്യങ്ങളുടെയും സുരക്ഷിതമായ പരിപാലനവും ശുചിത്വം എന്നതിൽ ഉൾപ്പെടുന്നു. വ്യക്തിശുചിത്വം, ഗൃഹശുചിത്വം, പരിസരശുചിത്വം, സ്ഥാപനശുചിത്വം, പൊതുശുചിത്വം, സാമൂഹ്യശുചിത്വം എന്നിങ്ങനെയെല്ലാം ശുചിത്വത്തെ നാം വേർതിരിച്ച് പറയുമെങ്കിലും യഥാർത്ഥത്തിൽ ഇവയെല്ലാം കൂടി ചേർന്ന ആകെത്തുകയാണ് ശുചിത്വം.

നാം എപ്പോഴും ശുചിത്വം പാലിച്ചിരിക്കണം. അത് കൃത്യമായി പാലിച്ചാൽ പകർച്ചവ്യാധികളും ജീവിതശൈലീരോഗങ്ങളും ഒഴിവാക്കുവാൻ കഴിയും

എല്ലാദിവസവും ഭക്ഷണത്തിനു മുൻപും പിൻപും കൈകൾ നന്നായി സോപ്പിട്ട് കഴുകിയാൽ, വയറിളക്കരോഗങ്ങൾ, വിരകൾ, കുമിൾ രോഗങ്ങൾ തുടങ്ങി കോവിഡ്,

സാർസ് തുടങ്ങിയ രോഗങ്ങൾ നമുക്ക് ഒഴിവാക്കാം. പൊതുസ്ഥലം സമ്പർക്കത്തിന് ശേഷം നിർബന്ധമായും കൈകൾ സോപ്പിട്ട് കഴുകേണ്ടതാണ്. കൈയുടെ മുകൾഭാഗവും വിരലുകളുടെ ഇടയും നന്നായി കഴുകണം. ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും തൂവാല കൊണ്ട് മുഖം മറയ്ക്കുക. വായ, മൂക്ക്, കണ്ണ് എന്നിവിടങ്ങളിൽ തൊടാതെ ഇരിക്കുക. നഖം വെട്ടി വൃത്തിയാക്കുന്നത് രോഗാണുക്കളെ തടയും. രാവിലെ ഉണർന്നാലുടൻ പല്ല് തേക്കണം രാത്രി ഉറങ്ങുന്നതിനു മുമ്പും പല്ല് തേക്കണം എല്ലാദിവസവും നിർബന്ധമായും കുളിക്കണം.

വൃത്തിയുള്ള വസ്ത്രം ധരിക്കുക. വസ്ത്രങ്ങൾ തുണികൾ എന്നിവ കഴുകി സൂര്യപ്രകാശത്തിൽ ഉണക്കുക. പാദരക്ഷ ധരിക്കുക: പാദരക്ഷ കൊക്കോ പുഴുവിനെ ഒഴിവാക്കും.

സമീകൃതാഹാരം നമ്മൾ ശീലമാക്കണം. അമിതാഹാരം ഒഴിവാക്കുക, ദിവസവും രണ്ട് ലിറ്റർ (10 ഗ്ലാസ്) വെള്ളം കുടിക്കണം. ദിവസം 7, 8 മണിക്കൂർ ഉറങ്ങണം.

ഇന്ന് പരിസ്ഥിതിമലിനീകരണം അതിലധികം ഭയാനകമായിരിക്കുന്നു. ഭൂമിയിലെ മണ്ണും വെള്ളവും വായുവും ഒരുപോലെ മലിനമായിരിക്കുന്നു. നഗരങ്ങൾ വളരുകയും വ്യവസായങ്ങൾ പെരുകുകയും ചെയ്യുന്നതിന് അനുസരിച്ച് സ്വാഭാവികമായി നഗരങ്ങളിൽ ജനപ്പെരുപ്പം ഉണ്ടാവും. അതോടൊപ്പം മാലിന്യങ്ങൾ അധികരിക്കും. എന്നാൽ ഈ മാലിന്യങ്ങൾ വേണ്ടപോലെ കൈകാര്യം ചെയ്യുകയാണ് വേണ്ടത്. അല്ലെങ്കിൽ പരിസ്ഥിതി ദുഷിക്കും. രോഗങ്ങൾ പടർന്നു പിടിക്കും.

വീടും പരിസരവും വൃത്തിയാക്കുമ്പോൾ മാലിന്യങ്ങൾ അശുദ്ധമായി വലിച്ചെറിയരുത്. മാലിന്യങ്ങൾ കഴിവതും പുനരുപയോഗിക്കാൻ നമ്മൾ പ്രത്യേകം ശ്രദ്ധിക്കണം. നാംമാലിന്യങ്ങളിൽ ജൈവമാലിന്യങ്ങൾ പ്ലാസ്റ്റിക് മറ്റു മാലിന്യങ്ങൾ എന്നിവ തരം തിരിച്ചു വെക്കണം. ജൈവ മാലിന്യങ്ങളിൽ നിന്നും ജൈവ വളം ഉണ്ടാക്കാം അത് കൃഷിക്ക് നല്ലതാണ്.

പണ്ടുകാലത്ത് പരിസ്ഥിതിസംരക്ഷണം പ്രത്യേകിച്ച് ആവശ്യമുണ്ടായിരുന്നില്ല. കാരണം, പ്രകൃതി സംരക്ഷണം സമൂഹ ജീവിതത്തിന്റെ ഭാഗമായിരുന്നു.

പ്രകൃതിയാകുന്ന അമ്മയുടെ ആരോഗ്യം സുരക്ഷിതമായിരുന്നു. നാം ശ്വസിക്കുന്ന വായുവും, കുടിക്കുന്ന വെള്ളവും ശുദ്ധമായിരിക്കണം. കഴിക്കുന്ന ഭക്ഷണം, പോഷകാംശമുള്ളതായിരിക്കണം. പ്രകൃതി മലിനമാകാതെ സംരക്ഷിക്കാൻ നമുക്ക് സാധിച്ചാൽ അതിന്റെ ഫലം ഭാവിതലമുറയ്ക്ക് ലഭിക്കും.

**ഫാത്തിമ ഹനീന. സി,**
7 എ ഓർഫനേജ് എ.യു.പി. സ്കൂൾ പൂപ്പലം - വലമ്പൂര്,
മങ്കട ഉപജില്ല, മലപ്പുറം

# മാറുന്ന പരിസ്ഥിതിയും പലതരം രോഗങ്ങളും

ഏതാണ്ട് അരനൂറ്റാണ്ട് മുമ്പുള്ള നമ്മുടെ പരിസ്ഥിതിയും ഇപ്പോഴുള്ള പരിസ്ഥിതിയും തമ്മിൽ താരതമ്യം ചെയ്താൽ അതൊരു വല്ലാത്ത മാറ്റം തന്നെ എന്നു വേണമെങ്കിൽ പറയാം. പണ്ട് പച്ചപ്പിൽ കുളിച്ച് എങ്ങും തെളിനീരരുവികൾ ഒഴുകികൊണ്ടിരുന്നു. എങ്ങും ശുദ്ധവായു തളം കെട്ടിയിരുന്ന ഒരു പരിസ്ഥിതിയായിരുന്നു നമുക്കുണ്ടായിരുന്നത്.

മലരണിക്കാടുകൾ തിങ്ങിവിങ്ങി

മരതകകാന്തിയിൽ മുങ്ങിമുങ്ങി

കരളും മിഴിയും കവർന്നു മിന്നി

കറയറ്റോരാലസ്സൽ ഗ്രാമഭംഗി...

എന്നാണ് പ്രശസ്തകവി ചങ്ങമ്പുഴ ഈ പ്രകൃതിഭംഗിയെക്കുറിച്ച് പാടിയത്. എന്നാൽ ഇന്നോ ഇതു വല്ലതുമാണോ സ്ഥിതി?. എങ്ങും പച്ചപ്പ് വറ്റിപ്പോകുവാൻ തുടങ്ങിയിരിക്കുന്നു. പണ്ട് ഇവിടെ ഒരു തെളിനീരരുവിയുണ്ടായിരുന്നു എന്ന് ഭൂതകാലത്തെ ഓർമിപ്പിക്കുവാൻ വേണ്ടി മാത്രം നിലനിൽക്കുന്ന പുഴയുടെ അസ്ഥികൂടം എന്തിന്?. ജീവന്റെ നിലനിൽപ്പിന് അവശ്യഘടകമായ ശുദ്ധമായ പ്രാണവായുപോലും ശോഷിച്ചുകൊണ്ടിരിക്കുന്നു. ആഹാരമില്ലാതെ ഏതാനും ദിവസങ്ങളും, ജലമില്ലാതെ ഏതാനും മണിക്കൂറുകളും ജീവിക്കാൻ സാധിക്കുമെങ്കിൽ പ്രാണവായുവില്ലാതെ അഞ്ചുനിമിഷംപോലും ജീവിക്കുക അസാധ്യമാണ്. അപ്പോൾ വരും തലമുറ എന്തു ചെയ്യും?. പരിസ്ഥിതിയെ ദുരുപയോഗം ചെയ്യുന്നവർ ഓർക്കുക, വരും തലമുറ എങ്ങനെ ഈ ഭൂമിയിൽ ജീവിക്കും. ചിന്തിക്കേണ്ട കാര്യമാണത്. ഇതുപോലെതന്നെ നാം നേരിടുന്ന മറ്റൊരു പ്രശ്നമാണ് ശുചിത്വമില്ലായ്മ.. ലക്ഷക്കണക്കിനു വാഹനങ്ങൾ നിത്യേന പുറം തള്ളുന്ന പുകയും, ഫാക്ടറികൾ പുറത്തുവിടുന്ന പുകയും ചേർന്നുണ്ടാകുന്ന അന്തരീക്ഷമലിനീകരണം, ഭൂമിയിൽ ജീവന്റെ നിലനിൽപ്പിനുതന്നെ ഭീഷണിയായി മാറുന്ന കാലമാണിത്. കീടനാശിനികൾ തുടങ്ങി ഫാക്ടറിമാലിന്യങ്ങൾ വരെ നിറഞ്ഞ് വൃത്തിഹീനമായി കിടക്കുന്ന പൊതു നിരത്തുകളുടെ ഒരു ദൃശ്യമാണ് നാമിവിടെ കാണുന്നത്.

എവിടെ തിരിഞ്ഞങ്ങു നോക്കിയാലും അവിടെല്ലാം പൂത്ത മരങ്ങൾ മാത്രം എന്നാണ് പണ്ട് പാടിയിരുന്നതെങ്കിൽ, ഇന്ന് ഇതിൽ നിന്നും തികച്ചും വ്യത്യസ്തമായി അവിടെല്ലാം മാലിന്യക്കൂമ്പാരങ്ങൾ മാത്രം എന്നു പാടേണ്ട സ്ഥിതിവരെ എത്തിയിരിക്കുന്നു. ഫലമോ? ചികിത്സ ലഭ്യമല്ലാത്ത പലതരം മാരകരോഗങ്ങൾക്കും, മരണങ്ങൾക്കും മനുഷ്യർ അടിമകളായി.

പരിസരശുചിത്വം വ്യാപകമായി നഷ്ടപ്പെട്ടതോടെ കൊതുകശല്യം അസഹനീയമായിരിക്കുന്നു. ഇതിന്റെ ഫലമായി ചിക്കുൻഗുനിയ, ഡെങ്കിപ്പനി, മലേറിയ എന്നീ രോഗങ്ങളും പടർന്നു തുടങ്ങി. കിണറുകളിലെയും കുളങ്ങളിലെയും, പുഴകളിലെയും, കായലുകളിലെയും ജലം മലിനമായതോടെ കോളറ, ടൈഫോയിഡ്. മഞ്ഞപ്പിത്തം തുടങ്ങിയ ജലജന്യരോഗങ്ങളും പടർന്നിരിക്കുന്നു.

ഇതിൽനിന്നും 'താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീഴും' എന്ന ചൊല്ലാണ് ഓർമ വരുക. അതുകൊണ്ട് ഇനിയെങ്കിലും പ്രകൃതിയെ സംരക്ഷിക്കുക. പരിസരശുചിത്വം പാലിക്കുക. വ്യക്തിശുചിത്വം പാലിക്കുക. അങ്ങനെ നല്ലൊരു നാളേയ്ക്കായി, ആരോഗ്യകരമായ സമൂഹത്തിനായി നമുക്ക് പ്രവർത്തിക്കാം.

**സാന്ദ്ര ബിജു,**
10 ആ ഒ.എൽ.എൽ എച്ച്.എസ്. എസ് ഉഴവൂർ,
രാമപുരം ഉപജില്ല, കോട്ടയം

# രോഗപ്രതിരോധശേഷി

പ്രതിരോധം! എന്താണ് പ്രതിരോധം എന്നതുകൊണ്ട് നിങ്ങൾ ഉദ്ദേശിക്കുന്നത്?

'ചെറുത്തുനിൽപ്പ്'എന്നതാണ് പ്രതിരോധം എന്നതുകൊണ്ട് നാം അർഥമാക്കുന്നത്. പ്രതിരോധം പലവിധത്തിലാണ്. ഇത്തരം പ്രതിരോധ ഇനങ്ങളിൽപ്പെട്ട, നമുക്ക് ആവശ്യമായ പ്രതിരോധമാണ് രോഗപ്രതിരോധം.

പണ്ടുകാലങ്ങളിൽ ആളുകൾ പ്രതിരോധശേഷി ഉണ്ടാക്കുന്നതിനുവേണ്ടി ഭക്ഷ്യധാന്യങ്ങൾ , പഴവർഗങ്ങൾ, മത്സ്യമാംസാദികൾ എന്നിവ ഉപയോഗിച്ചിരുന്നു. എന്നാൽ നാം ഇന്ന് ജീവിക്കുന്ന ഈ ആധുനിക കാലഘട്ടത്തിൽ രോഗപ്രതിരോധശേഷി വർധിപ്പിക്കുന്നതിനുവേണ്ടി ധാരാളം മരുന്നുകളും ഉപാധികളും ശാസ്ത്രലോകം വികസിപ്പിച്ചു കഴിഞ്ഞു. എന്തിനു വേറെ പറയണം, നാം നിത്യേന കഴിക്കുന്ന പച്ചക്കറികളിലും, പഴവർഗങ്ങളിലും ,ഇലക്കറികളിലും , മത്സ്യമാംസങ്ങളിലും വിവിധ വിറ്റാമിനുകളും പ്രതിരോധശേഷി നൽകാൻ കഴിവുള്ള ധാരാളം ഘടകങ്ങളും അടങ്ങിയിരിക്കുന്നു.

ഉദാഹരണമായി കാരറ്റിൽ വിറ്റാമിൻ ബി അടങ്ങിയിരിക്കുന്നു. പാലിൽ കാൽസ്യം ധാരാളമായി അടങ്ങിയിരിക്കുന്നു. ഈ കാൽസ്യം എല്ലുകളെ ദൃഢമാക്കുവാൻ സഹായിക്കുന്നു. ഒരു പരിധിവരെ നമ്മുടെ മനുഷ്യ ശരീരത്തിലെ അവയവങ്ങൾ തന്നെ നമുക്ക് രോഗപ്രതിരോധശേഷി പ്രദാനം ചെയ്യുന്നുണ്ട്. നമ്മുടെ ശരീരത്തിൽ നിന്നും പുറപ്പെടുന്ന വിയർപ്പ്, ശ്ലേഷ്മം എന്നീ സ്രവങ്ങൾക്ക് രോഗാണുക്കളെ

നശിപ്പിക്കാനുള്ള ശേഷിയുണ്ട്. അതുപോലെ രക്തത്തിൽ പ്രവേശിക്കുന്ന രോഗാണുക്കളെ പ്രതിരോധിക്കുന്നതിനായി രക്തത്തിൽ അടങ്ങിയിരിക്കുന്ന ശ്വേത രക്താണുക്കൾ സഹായിക്കുന്നു. ചില നേരങ്ങളിൽ നമ്മുടെ കൈ മുറിഞ്ഞ് ഉടനെ രക്തം കട്ടപിടിക്കാറുണ്ട്. അതെന്തുകൊണ്ടാണ്? എല്ലാവർക്കും സാധാരണയായി തോന്നാറുള്ള ഒരു സംശയമാണിത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ രക്തം കട്ട പിടിക്കുന്നതും ഒരു പ്രതിരോധ പ്രവർത്തനമാണ്.

ഇത്രയൊക്കെ പറഞ്ഞ ശേഷം ഒരു സംശയം. നമ്മുടെ ശരീരത്തിൽ രോഗപ്രതിരോധത്തിന് വേണ്ട എല്ലാ പ്രവർത്തനങ്ങളും തന്നെ നടക്കുന്നുണ്ട്. പിന്നെ എന്തിനാണ് നാം പ്രതിരോധത്തിനായി കുത്തിവയ്പ്പുകൾ നടത്തുന്നത്? ഉത്തരം വളരെ ലളിതമാണ്.നമ്മുടെ ശരീരം മാത്രം വിചാരിച്ചാൽ പ്രതിരോധം സാധ്യമാവുകയില്ല. അതിനുവേണ്ടി കൃത്രിമ പ്രതിരോധവും കൂടി ആവശ്യമാണ്. ഇത്തരം കൃത്രിമ പ്രതിരോധമാണ് കുത്തിവയ്പ്പുകൾ.

ഇപ്പോൾ നാം നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ് കൊറോണ വൈറസ് എന്ന മഹാമാരി. നാമെല്ലാവരും ഈ ദുരന്തത്തിന്റെ പ്രത്യാഘാതങ്ങൾക്കെതിരെ പല ജാഗ്രതകളും സ്വീകരിച്ചിരിക്കുകയാണ്. കൊറോണയെ പ്രതിരോധിക്കുന്നതിനു വേണ്ടി നാം വ്യക്തിശുചിത്വവും പരിസരശുചിത്വവും പാലിക്കുകയാണ് ആദ്യം വേണ്ടത്. രോഗപ്രതിരോധം ഇല്ലാത്തവരായി ആരും തന്നെ ഉണ്ടാകില്ല. നമ്മളിൽ ഓരോരുത്തരിലും പ്രതിരോധശേഷി നമ്മുടെ തന്നെ കൈകളിലാണ്. നാം സ്വയം ശ്രമിച്ചാൽ രോഗപ്രതിരോധശേഷിയും നമ്മെ തേടിയെത്തും. പലരും ഇന്ന് കൂടുതലായി ആശ്രയിക്കുന്നത് ഹോട്ടലുകളിലും മറ്റും ഉണ്ടാക്കുന്ന ഭക്ഷണങ്ങളാണ്. എണ്ണയും കൊഴുപ്പും നമ്മുടെ ശരീരത്തിന് ഹാനികരമായേക്കാവുന്ന പല വസ്തുക്കളും നാം കഴിക്കുന്നു. കാഴ്ചയ്ക്ക് കൗതുകവും കഴിക്കാൻ രുചിയുമുള്ള ഭക്ഷണവസ്തുക്കൾ കഴിക്കുമ്പോൾ ഒന്നോർക്കുക. ഈ ഭക്ഷ്യവസ്തുക്കൾ നമുക്ക് എത്രമാത്രം ദോഷം വരുത്തുമെന്ന്.

പച്ചക്കറികളിൽ ധാരാളം വിറ്റാമിനുകളും അടങ്ങിയിട്ടുണ്ട്. എന്നിരുന്നാലും ഇവയൊന്നും അമിതമാകരുത്. രോഗപ്രതിരോധശേഷി ഒന്നുകൂടെ വർദ്ധിച്ചോട്ടെ എന്നുകരുതി പച്ചക്കറികൾ ധാരാളമായി കഴിക്കുന്നതും വിഡ്ഢിത്തമാണ്. പച്ചക്കറി ആയാലും പഴ വർഗങ്ങൾ ആയാലും മത്സ്യമാംസാദികൾ ആയാലും കൃത്യമായ അളവിൽ ആവണം കഴിക്കേണ്ടത്. കേട്ടിട്ടില്ലേ അമിതമായാൽ അമൃതും വിഷം എന്ന്.

നമുക്ക് രോഗപ്രതിരോധശേഷി നൽകാൻ കഴിവുള്ള ധാരാളം ഔഷധ സസ്യങ്ങൾ നമ്മുടെ ചുറ്റിലുമുണ്ട്. എങ്കിലും പലപ്പോഴും നമ്മൾ അവയെ

അവഗണിക്കുകയാണ് ചെയ്യുന്നത്. തുളസി, പനിക്കൂർക്ക ,മുക്കൂറ്റി, കീഴാർനെല്ലി തുടങ്ങി ഒട്ടേറെ വിവിധങ്ങളായ ഔഷധച്ചെടികൾ നമ്മുടെ ചുറ്റുമുണ്ട്. നാമവയെ ശ്രദ്ധിക്കാറില്ല എന്നു മാത്രം. ചില വൈദ്യശാലകളിൽ രോഗപ്രതിരോധശേഷി വർധിപ്പിക്കുന്നതിനായി ചില പ്രത്യേകതരം ചികിത്സകൾ ഉപയോഗിക്കുന്നുണ്ട്. ഇത്തരം ചികിത്സകൾ പൂർണവും പ്രകൃതിദത്തവും ആയിരിക്കും. രോഗപ്രതിരോധശേഷിയും പ്രകൃതി നമുക്ക് എത്രത്തോളം നൽകുന്നുവെന്ന് ഔഷധച്ചെടികളിലൂടെ നമുക്ക് മനസ്സിലാക്കാം. അവ നാം ശരിയായ വിധത്തിൽ ഉപയോഗിച്ചാൽ മാത്രം മതി. രോഗം വന്നിട്ട് ചികിത്സിക്കുന്നതിനു ഒരു അർത്ഥവുമില്ല. രോഗം വരാതെ സൂക്ഷിക്കുകയാണ് നാം ചെയ്യേണ്ടത്.

**അലീന ട്രീസ,**
10 ജി ഔർ ലേഡീസ് കോൺവെന്റ് ഗേൾസ് എച്ച്.എസ്,.പള്ളുരുത്തി.
മട്ടാഞ്ചേരി ഉപജില്ല, എറണാകുളം

# പരിസ്ഥിതി

ഓരോ മനുഷ്യനും പരിസ്ഥിതിയുടെ ഭാഗമാണ് എന്നത് കൊണ്ടും ജീവിതാവശ്യങ്ങൾക്കായി പരിസ്ഥിതിയെ നല്ലവണ്ണം വിനിയോഗിക്കുന്നു എന്നതുകൊണ്ടും പരിസ്ഥിതിയെ സംരക്ഷിക്കുക എന്നത് ഓരോ മനുഷ്യന്റെയും കടമയാണ്. എന്നാൽ ഇന്ന് ലോകത്ത് സ്ഥിതി തീർത്തും വിപരീതമാണ്. പരിസ്ഥിതിയെ സംരക്ഷിക്കുന്നതിന് പകരം നശിപ്പിക്കുകയാണ് ചെയ്യുന്നത്. ഇനിയും മരിക്കാത്ത ഭൂമി നിന്നാസന്ന മൃതിയിൽ നിനക്കാത്മശാന്തി,- കവികൾ ദീർഘ ദർശികൾ ആണെന്ന് പറയാറുണ്ട്. ആ ദീർഘ ദർശനത്തിന്റെ പ്രതിഫലനമാണ് ഈ വരികളിൽ വ്യക്തമാക്കുന്നത്. ഭൂമി മരിച്ചുകൊണ്ടിരിക്കുകയാണ് എന്നാൽ അതിനു പതിന്മടങ്ങ് വേഗത്തിൽ മനുഷ്യനും. കോടാനുകോടി സസ്യജന്തുജാലങ്ങളുടെ കേന്ദ്രമായ പ്രകൃതി ഇന്ന് അതിന്റെ ഒരു സൃഷ്ടി കാരണം അൽപാൽപമായി നശിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യൻ ഭൂമിയുടെ ഉത്തമ സൃഷ്ടി ആണെന്നതിൽ സംശയമില്ല. എന്നാൽ ഇന്നത്തെ ആവാസവ്യവസ്ഥകളുടെ നിലനിൽപ്പിന് തന്നെ ഭീഷണിയാകുന്ന തരത്തിൽ അവൻ അവന്റെ പ്രവർത്തനങ്ങൾ തുടരുന്നു. ആധുനിക മനുഷ്യന്റെ ലോകം റോക്കറ്റ് വേഗത്തിൽ കുതിച്ചു കൊണ്ടിരിക്കുകയാണ്. ഇതിനിടയിൽ മനുഷ്യൻ അറിഞ്ഞോ അറിയാതെയോ പ്രകൃതിയിൽ നിന്നും ഒത്തിരി അകലേക്ക് മാറിയിരിക്കുന്നു. സുഖ സന്തോഷങ്ങൾ പണം കൊടുത്ത് വാങ്ങി കൂട്ടുന്നു.

സുഖസൗകര്യങ്ങൾ അംബരചുംബികളായ കെട്ടിടങ്ങളിൽ കണ്ടെത്താൻ ശ്രമിക്കുന്ന വെറുമൊരു മൃഗമായി അവൻ അധപതിച്ചു കൊണ്ടിരിക്കുന്നു. പരിസ്ഥിതിയെ മാലിന്യങ്ങൾ വലിച്ചെറിയാനുള്ള നിക്ഷേപ ശാലയും ഭൂമിയെ കല്ലും കരിയും എണ്ണയും കുഴിച്ചെടുക്കാൻ ഉള്ള ഖനനകേന്ദ്രമായും അവൻ കണക്കാക്കി കഴിഞ്ഞു.പ്രകൃതിയും മനുഷ്യനും ദൈവ ചൈതന്യവും ഒന്നായി ഭവിക്കുന്നിടത് ജീവിതം സുഖ പൂർണ്ണമാകുന്നു. ഇതാണ് ഭാരതീയദർശനം. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം കൃത്രിമവും അധർമ്മ പൂരിത വും ആകുമ്പോൾ പ്രകൃതിയുടെ സന്തുലിതാവസ്ഥ തകർന്നു മനുഷ്യജീവിതം ശിഥിലമാകുന്നു. ഭൂമിയും ജലവും വായുവും എല്ലാം ദുഷിച്ചു പോകുന്നു. പ്രകൃതിയും മനുഷ്യനും ഹിതകാരികളായി വർത്തിക്കുമ്പോഴേ ശ്രേയസ് ഉണ്ടാകൂ.ഇന്ന് പരിസ്ഥിതി നേരിടുന്ന മറ്റ് വെല്ലുവിളികളിൽ ഒന്നാണ് പ്ലാസ്റ്റിക് മലിനീകരണം. മരണമില്ലാത്ത മരണം വിതയ്ക്കുന്ന ഭീകരൻ. പ്ലാസ്റ്റിക്കിനെ ഈ വിശേഷണം നൽകുന്നതാണ് ഉത്തമം. കത്തിച്ചു കളഞ്ഞാൽ വായുമലിനീകരണം മണ്ണിൽ എറിഞ്ഞാൽ പരിസ്ഥിതിനാശം. ആധുനിക ലോകത്തിൽ ഏറ്റവുമധികം തലവേദന സൃഷ്ടിക്കുന്നതാണ് പ്ലാസ്റ്റിക് സംസ്കരണ വിഷയം. അമിതമായാൽ അമൃതും വിഷം എന്ന ചൊല്ലിനെ അനുസ്മരിപ്പിക്കും വിധം പ്ലാസ്റ്റിക് ഉപയോഗവും ഉല്പാദനവും ഭൂമിക്ക് തന്നെ നാശമായി കൊണ്ടിരിക്കുകയാണ്. ഒഴിവാക്കാൻ ആകുന്ന ഈ വില്ലനെ പക്ഷേ താരപരിവേഷം ചാർത്തി അകത്തളത്തിൽ ആനയിക്കാനാണ് ജനങ്ങൾ ഇഷ്ടപ്പെടുന്നത്. പരിസ്ഥിതി നാശത്തിന്റെ വികൃതമുഖം ആണ് ഈ ഭീകരനിൽ നിറഞ്ഞു കാണുന്നത്. ദൈവത്തിന്റെ സ്വന്തം നാട് എന്ന് അറിയപ്പെട്ട കേരളം പ്ലാസ്റ്റിക്കിന്റെ സ്വന്തം നാടായി മാറുന്ന ഒരു അവസ്ഥ സംജാതമായേക്കം. ഇന്നത്തെ ലോകത്ത് ഒരു സാധാരണക്കാരിന് ജീവിതത്തിൽ പോലും ഒഴിവാക്കാനാകാത്ത വസ്തുക്കളിൽ ഒന്നാണ് പ്ലാസ്റ്റിക്കുകൾ. 2020 ജനുവരി മാസം പ്ലാസ്റ്റിക് നിരോധിച്ചെങ്കിലും പെട്ടെന്നൊരു ഒഴിവാക്കൽ ആർക്കും സാധ്യമല്ല. നാം ഇന്നു ഉപയോഗിക്കുന്ന ചീർപ് തൊട്ട് ബ്രഷ് വരെ പ്ലാസ്റ്റിക്കുകൾ ആണ്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കുക. ഇതാണ് പ്ലാസ്റ്റിക് വിതക്കുന്ന വിപത്തുകൾ ക്കെതിരെ നമുക്ക് ചെയ്യാനാകുന്നത്.പ്ലാസ്റ്റിക് മണ്ണിനടിയിൽ നശിക്കാതെ കിടക്കുന്നത് നിമിത്തം വൃക്ഷങ്ങളുടെ വേരോടൽ തടസ്സപ്പെടുന്നു, മഴവെള്ളം ഭൂമിയിലേക്ക് ആഴ്ന്ന് ഇറങ്ങുന്നതിനെ പ്രതിരോധിക്കുന്നു, പ്രകൃതിയുടെ സന്തുലിതാവസ്ഥ തകിടം മറിക്കുന്നു. തീർച്ചയായും പ്ലാസ്റ്റിക്കിന് പകരം ഉപയോഗിക്കാവുന്ന ധാരാളം വസ്തുക്കൾ നമുക്ക് ചുറ്റിലുമുണ്ട്. അത്തരം വസ്തുക്കൾ ഉപയോഗിക്കുന്നതാണ് അഭികാമ്യം.,, പ്രകൃതിയുടെ സ്വതസിദ്ധമായ രക്ഷാകവചം,, വനത്തെ ഇങ്ങനെ നിർവചിക്കുന്നത് ആകും ഉത്തമം. മഴയും മഞ്ഞും ചൂടും കാറ്റും അതാത് ഋതുക്കളുടെ തേരിൽ യഥാക്രമം സഞ്ചരിക്കുവാനും ഈ ഹരിത സമ്പത്ത് കൂടിയേ

തീരൂ. മനുഷ്യന്റെ ആവശ്യങ്ങൾക്കായി മരങ്ങൾ മുറിച്ചു മാറ്റുമ്പോൾ നശിക്കുന്നത് ഓരോ വനങ്ങളാണ്, പല തരം ജീവികളുടെ ലോകമാണ്. വനനശീകരണത്തിനെതിരെ ഉത്തർപ്രദേശിൽ രൂപംകൊണ്ട ചിപ്കോ പ്രസ്ഥാനം, സുന്ദർലാൽ ബഹുഗുണ നായകനായ ഈ സംഘടന ശക്തമായി നിസ്സഹകരണ മുറകളിലൂടെ വൃക്ഷത്തെ നശിപ്പിക്കുന്നതിനെതിരെ പ്രതികരിച്ചു. പത്തു പുത്രന്മാർക്കു സമം ഒരു വൃക്ഷം. പ്രകൃതിയുടെ ജീവ നാഡികൾ ആണ് ഓരോ വൃക്ഷവും. വേനലിന്റെ കൊടും ചൂടിൽ ചുട്ടുപൊള്ളുന്ന ടാർ നിരത്തിലൂടെ വിയർത്തൊലിച്ചു നടക്കുമ്പോൾ തണൽ ആഗ്രഹിക്കാത്ത ആരെങ്കിലും ഉണ്ടാകുമോ?. അതെ എല്ലാ അർത്ഥത്തിലും മരം ഒരു വരം ആണ്. വികസനത്തിന്റെ പുത്തൻ മുഖങ്ങൾ തേടിക്കൊണ്ടിരിക്കുന്ന നാട്ടിലാണ് നാമിന്നു ജീവിക്കുന്നത്. പരിസ്ഥിതിക്കും ജീവജാലങ്ങൾക്കും ശുദ്ധവായു നൽകിക്കൊണ്ടിരിക്കുന്ന വൃക്ഷങ്ങളെ വേരോടെ പിഴുതെറിയുന്ന താണ് ഇന്നത്തെ വികസന മന്ത്രം. വെറുതെ ഒന്ന് നിരീക്ഷിച്ചു നോക്കൂ. ഓരോ മരവും ഓരോ ലോകമാണ്. പക്ഷികളും പുഴുക്കളും അണ്ണാനും തുടങ്ങി അസംഖ്യം ജീവികളുടെ ആശ്രയകേന്ദ്രം. ഓരോ ആവാസവ്യവസ്ഥയുടെയും അടിത്തറയായ സങ്കേതം. ഓരോ മരത്തെയും മുറിപ്പെടുത്തുമ്പോൾ, അതിന്റെ പ്രാണൻ എടുക്കുമ്പോൾ നാം നശിപ്പിക്കുന്നത് അതിനെ ആശ്രയിച്ചു നിൽക്കുന്ന ആവാസവ്യവസ്ഥയെ കൂടിയാണ്. വൃക്ഷം പല ജീവികൾക്കും അന്നദാതാവ് ആണ്. വൃക്ഷങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണ് നശിപ്പിക്കേണ്ടത് അല്ല. ഒരു സുനാമിയോ വെള്ളപ്പൊക്കമോ വരുമ്പോൾ പരിസ്ഥിതി ബോധത്താൽ അലമുറയിട്ടിട്ടു കാര്യമില്ല. വേണ്ടത് സ്ഥിരമായ പാരിസ്ഥിതിക ബോധം ആണ്. ഒരു മരം നശിപ്പിക്കുമ്പോൾ പത്തു പുതിയ തൈകൾ നടാൻ ഉള്ള ബോധം. ലോകശാസ്ത്ര സാങ്കേതികതയുടെ ഉന്നത പഥങ്ങൾ കീഴടക്കിയ മനുഷ്യ മസ്തിഷ്കത്തിന് തീർച്ചയായും പ്രകൃതിരക്ഷോപായങ്ങൾ കണ്ടെത്താനാകും. സ്വന്തം മാതാവിന്റെ നെഞ്ചു പിളർക്കുന്ന രക്തരക്ഷസുകൾ ആവരുത് നമ്മൾ. നമ്മെ പരിപാലിക്കുന്ന പ്രകൃതിയെന്ന അത്ഭുതത്തെ കിട്ടുന്നതിൽ ഇരട്ടി സ്നേഹം നൽകി പരിപാലിക്കേണ്ട ചുമതല ഉള്ളവരാണ് നമ്മൾ. ഈ ഭൂമി സമസ്ത ജീവജാലങ്ങൾക്കും വേണ്ടിയുള്ളതാണ്. ഉറുമ്പിനും ആനയ്ക്കും ഇവിടെ തുല്യ അവകാശമാണ്. ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും സൂചകമാണ് പച്ചപ്പ്. പ്രകൃതി ഹരിത വർണത്തിൽ ഒരുങ്ങിനിൽക്കുന്നതാണ് എന്നും ഭംഗിയും സുരക്ഷിതവും. അതിനാൽ അണിചേരാം, പ്രവർത്തിക്കാം ഒരു പുത്തൻ ഹരിത ഭൂമിക്കായി

**ഹന ഹബീബ,**
8 എൽ കടമ്പൂർ ഹയർ സെക്കണ്ടറി സ്കൂൾ,
കണ്ണൂർ സൗത്ത് ഉപജില്ല, കണ്ണൂർ

# പരിസ്ഥിതിയെ അറിയാം

പരിസ്ഥിതി അമ്മയാണ്. പ്രകൃതിയാകുന്ന അമ്മ. ആ അമ്മയെ ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ് നാം. മരം മുറിച്ചും, മണൽ വാരിയും, കുന്നിടിച്ചും, വയൽ നികത്തിയും അമിതമായി കാർബൺ ഡൈ ഓക്സൈഡ് അന്തരീക്ഷത്തിലേക്ക് പുറന്തള്ളിയും നമ്മൾ പരിസ്ഥിതിതിയെ കൊന്നുകൊണ്ടിരിക്കുകയാണ്.

ആഗോളതാപനം, ഓസോൺ ശോഷണം, ജലമലിനീകരണം, വായു മലിനീകരണം തുടങ്ങിയവയാണ് പരിസ്ഥിതി നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങൾ.

പെട്രോൾ, കൽക്കരി, തുടങ്ങിയ ഇന്ധനങ്ങൾ കത്തിക്കുമ്പോൾ കാർബൺ ഡൈ ഓക്സൈഡ്, മീഥൈൽ തുടങ്ങിയ വാതകങ്ങൾ അന്തരീഷത്തിലെത്തുന്നു. ഇവയെ ഹരിതഗൃഹവാതകങ്ങൾ എന്നുപറയുന്നു. ഈ ഹരിതഗൃഹവാതകങ്ങൾക്ക് ചൂടിനെ ആഗിരണം ചെയ്യാനുള്ള കഴിവുണ്ട്. ഇതാണ് ആഗോളതാപനം ഉണ്ടാകുന്നതിനുള്ള പ്രധാന കാരണം. മരങ്ങൾ വെച്ചുപിടിപ്പിക്കുക എന്നതാണ് ഇതിനുള്ള ഏക പ്രതിവിധി

എ. സി, റഫ്രിജറേറ്റർ തുടങ്ങിയവയിൽ നിന്നും വമിക്കുന്ന സി എഫ് സി (ക്ലോറോ ഫ്ളൂറോ കാർബൺ )അന്തരീക്ഷത്തിലേക്കുയർന്നു ഭൂമിയെ അൾട്രാവയലാറ്റ് രശ്മികളിൽ നിന്ന് സംരക്ഷിക്കുന്ന ഓസോൺ പാളിക്ക് വിള്ളലുണ്ടാക്കുന്നു. ഇതാണ് ഓസോൺ പാളി ശോഷണത്തിനുള്ള പ്രധാന കാരണം. സി എഫ് സി ഒഴിവാക്കി പകരം എച് എഫ് സി സംയുക്തങ്ങൾ ഉപയോഗിക്കുക എന്നതാണ് അഭികാമ്യം.

**പരിഹാരമാർഗം.**

വ്യവസായശാലകളിൽ നിന്നും പുറന്തള്ളുന്ന പുക വായുമലിനീകരണത്തിനും മലിനജലം ജലമലിനീകരണത്തിനും കാരണമാകുന്നു. കൂടാതെ മോട്ടോർ വാഹനങ്ങളുടെ പുകയും വായുമലിനീകരണത്തിനു കാരണമാകുന്നുണ്ട്.

മരങ്ങളെ സംരക്ഷിക്കുക,മോട്ടർ വാഹനങ്ങളുടെ ഉപയോഗം കുറയ്ക്കുക, സി എൻ ജി യുടെ ഉപയോഗം തുടങ്ങിയവയിൽ കൂടുതലായി ശ്രദ്ധിച്ച് സുസ്ഥിരവികസന തന്ത്ര മാതൃകാകാര്യങ്ങൾ ചെയ്യാൻ തുടങ്ങിയാൽ പരിസ്ഥിതിതിയെ നമുക്ക് സംരഷിക്കാൻ കഴിയും.

**നിഹാര ടി. പി**
6 എ കാടാങ്കുനി യു പി എസ്,
ചൊക്ലി ഉപജില്ല, കണ്ണൂർ

# കൊറോണയുടെ ആത്മകഥ

ഞാനാണ് കൊറോണ വൈറസ്. കുറച്ചു നാളായി എല്ലാവർക്കും ഞാനൊരു പേടി സ്വപ്നമാണ്. ഒരുപാട് വർഷമായി വൈദ്യശാസ്ത്ര മേഖല എന്നെ പഠിച്ചു വരികയാണ്. ആദ്യകാലത്ത് ആരും എന്നെ അത്ര ശ്രദ്ധിച്ചിരുന്നില്ല. എന്റെ കുടുംബത്തിൽ ആൽഫ, ബീറ്റ, ഗാമ എന്നിങ്ങനെ നാൽപതോളം തരമുണ്ട്. ബീറ്റ കൊറോണവൈറസ് എന്ന ഞാനാണ് മനുഷ്യരിലും വവ്വാലുകളിലുമൊക്കെ കാണുന്നത്. പണ്ട് ഞാൻ സൃഷ്ടിക്കുന്ന ജലദോഷമൊന്നും അത്ര മാരകമായിരുന്നില്ല. എന്നാൽ, വൈദ്യശാസ്ത്ര മേഖല എന്നെ ഗൗരവത്തോടെ പഠിക്കാൻ തുടങ്ങുന്നത് 2002 ലാണ്. ചൈനയിലും മറ്റും സാർസ് കോവ് കൊറോണയായി ഞാൻ പ്രത്യക്ഷപ്പെട്ടതിനു ശേഷം, 2012 ൽ മധ്യപൂർവേഷ്യയിലാണ് ഞാൻ പ്രത്യക്ഷപ്പെട്ടത്. അന്ന് ഞാൻ കാരണം നിരവധി പേർ മരിച്ചു. പിന്നീട് ഞാൻ പ്രത്യക്ഷപ്പെടുന്നത് ഇപ്പോഴാണ്. ഏതു മഹാമാരിയെയും അതിജീവിക്കാനുള്ള കരുത്ത് വൈദ്യശാസ്ത്രത്തിനുണ്ടെന്ന ധാരണയെ അട്ടിമറിച്ച് കൊണ്ട് 2019 ഡിസംബർ 1 ന് ചൈനയിലെ വുഹാനിൽ. ഏഷ്യയിലും യൂറോപ്പിലും അമേരിക്കയിലും സാധാരണ ജീവിതം നിശ്ചലമാക്കി കോവിഡ് 19 പരത്തുന്ന കൊറോണ എന്നു പേരുള്ള സൂക്ഷ്മ ജീവിയായി. ഇന്ന് ലോകം മുഴുവൻ കാത്തിരിക്കുന്നത് കൊറോണ എന്ന എന്നെ കീഴടക്കി എന്ന വാർത്ത കേൾക്കാനാണ്. 2019 ഡിസംബർ 1 ന് ചൈനയിലെ വുഹാനിലാണ് ഞാൻ പ്രത്യക്ഷപ്പെട്ടത്. അങ്ങനെ പിന്നീട് ഓരോ ദിവസം കഴിയുന്തോറും അവിടെയുള്ള ആയിരക്കണക്കിന് മനുഷ്യരെ ഞാൻ കൊന്നൊടുക്കി. അവിടെയുള്ളവരുടെ സുരക്ഷയ്ക്കു വേണ്ടി നിയമപാലകർ അവിടെ ലോക് ഡൗൺ വരെ പ്രഖ്യാപിച്ചു. എന്നാൽ അവിടെയുള്ള ആളുകൾ എന്നെ അധികം കാര്യമാക്കിയില്ല. എല്ലാവരും എന്ന് പറയാൻ പറ്റില്ല. ചുരുക്കം ചിലർ. അവർ മറ്റ് സ്ഥലങ്ങളിലേക്ക് മാറി താമസിച്ചു. അവരുടെ കൂടെ ഞാനും പോയി. എന്നിട്ട് അവിടെയുള്ളവരുടെ ഉള്ളിലും ഞാൻ കടന്നു കൂടി. അങ്ങനെ ഞാൻ പിന്നീട് പല സ്ഥലങ്ങളിലേക്ക് പോയി പല മനുഷ്യരുടെ ഉള്ളിലും ഞാൻ കടന്നു കൂടി. പലരുടെയും ഉള്ളിൽ കടന്നു കൂടാൻ ശ്രമിച്ചത് പരാജയപ്പെടുകയും ചെയ്തു. ഇന്ന് ഞാൻ ലോകം മുഴുവൻ വ്യാപിച്ചിരിക്കുകയാണ്. എന്നെ തുരത്താൻ വേണ്ടി ലോകം മുഴുവൻ ഇന്ന് ഒറ്റക്കെട്ടായി നിൽക്കുകയാണ്. എനിക്ക് വായുവിലൂടെ പകരാനാകില്ല. രോഗിയുടെ ശരീര സ്രവങ്ങളിലൂടെയാണ് ഞാൻ പുറത്തു കടക്കുന്നത്. വളരെ വേഗത്തിൽ വ്യാപിക്കുന്ന ഒരു വൈറസാണ് ഞാൻ. ഇനി വളരെ കുറച്ച് ദിവസം മാത്രമേ എനിക്ക് ജീവിക്കാൻ കഴിയുകയുള്ളൂ എന്ന കാര്യത്തിൽ എനിക്ക് ഒരു സംശയവും ഇല്ല. ഓരോ ദിവസവും ഉണ്ടാവുന്ന രോഗികളെക്കാൾ കൂടുതൽ രോഗമുക്തരാണ്. അത് ലോക ജനതയുടെ വലിയൊരു കഴിവ് തന്നെയാണെന്ന കാര്യം

ഞാനും സമ്മതിക്കുന്നു. തീർച്ചയായും അവർ എന്നെ തുരത്തുക തന്നെ ചെയ്യും. അതിന് ഇനി കുറച്ച് ദിവസങ്ങൾ മാത്രമേ ഉള്ളൂ എന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇപ്പോൾ താൽക്കാലികമായി ഞാൻ പോയാലും ഞാൻ തിരിച്ചു വരും. നിങ്ങൾ സുരക്ഷിതരായി ഇരിക്കുക..........

**ഗായത്രി പ്രദീപൻ**
7 ബി കൃഷ്ണവിലാസം യുപി സ്കൂൾ കാപ്പാട്,
കണ്ണൂർ നോർത്ത് ഉപജില്ല, കണ്ണൂർ

# കുഞ്ഞുകരങ്ങളിലെ അനന്തസാധ്യതകൾ.. .

നഗ്നനേത്രങ്ങൾ കൊണ്ട് കാണാൻ കഴിയാത്ത കൊറോണ വൈറസ് എന്ന സൂക്ഷ്മാണു ലോകത്തെ മുഴുവനും വിറപ്പിച്ചു നിർത്തിയിരിക്കയാണ്. ലോകോത്തര ശക്തിയായ അമേരിക്ക പോലും പകച്ചു നിൽക്കുമ്പോൾ , നമ്മുടെ കൊച്ചു കേരളം കോവിഡ് 19 നെ പ്രതിരോധിക്കുന്നതിൽ ലോകത്തിന് തന്നെ മാതൃകയാവുകയാണ്. നമ്മുടെ നാട് നമുക്കഭിമാനമായി മാറുന്ന നിമിഷങ്ങൾ  നിപ , പ്രളയം തുടങ്ങിയ പ്രതിസന്ധികളെ അതിജീവിച്ച കേരളത്തിന് ഈ പ്രതികൂലഘട്ടവും തരണം ചെയ്യാനാവും.

കാട് കയ്യേറിയും കൃഷി ഭൂമികൾ മറ്റാവശ്യങ്ങൾക്കായി ദുരുപയോഗം ചെയ്തും നമ്മൾ തകിടം മറിച്ച ആവാസവ്യവസ്ഥയെ പുനർനിർമിക്കാനുതകുന്ന ചില പദ്ധതികൾ കൊറോണാനന്തര കേരളത്തിൽ നടപ്പിലാക്കുന്നത് ഇനിയൊരു പ്രതിസന്ധിഘട്ടം തരണം ചെയ്യുന്നതിന് ഉപകാരപ്രദമാകും. ഞാനുൾപ്പെടുന്ന വിദ്യാർഥി സമൂഹത്തെയാണ് അതിന് സജ്ജരാക്കേണ്ടത്. അനന്തസാധ്യതകളുള്ള അത്തരം ചില പദ്ധതികൾ സാങ്കല്പികമായി പങ്കുവെക്കുകയാണ്.

പാഠപുസ്തകങ്ങളിൽ നാം പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് പഠിക്കുകയും പരീക്ഷയിൽ അതിനുള്ള ഒത്തിരി മാർഗ്ഗങ്ങൾ എഴുതി തയാറാക്കി മാർക്ക് വാങ്ങുകയും ചെയ്യുക എന്ന പതിവ് ശൈലിക്കും അപ്പുറം വിദ്യാർത്ഥിസമൂഹം പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങൾ പ്രയോഗവൽക്കരിക്കേണ്ടതുണ്ട്.അതിനായി ' *പ്ലാൻറ്* *ആൻഡ്* *സ്കോർ* 'എന്ന ഒരു പദ്ധതി നടപ്പിലാക്കിയാൽ ദൂരവ്യാപക ഫലം ലഭിക്കും.ഈ പദ്ധതി പ്രകാരം ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഓരോ കുട്ടിക്കും ഒരു കുറ്റിച്ചെടി നൽകുകയും വൃക്ഷത്തൈ ഓരോ കുട്ടിയും അനുയോജ്യമായ സ്ഥലങ്ങളിൽ നട്ടുപിടിപ്പിക്കുകയും ചെയ്യുന്നു. കുട്ടികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ തൈ നടാനുള്ള സ്ഥലം കണ്ടെത്തി നൽകണം.ഓരോ കുട്ടിയും അവരവരുടെ തൈച്ചെടി പരിചരിക്കുകയും,

ഓരോ മൂന്നുമാസം കൂടുമ്പോഴും വൃക്ഷത്തെ പരിചരിക്കുന്നതു മായി ബന്ധപ്പെട്ട ഒരു വീഡിയോ 30 സെക്കൻഡിൽ അധികം അല്ലാത്തത് സ്കൂൾ വിക്കിയിൽ അപ്‌ലോഡ് ചെയ്യുകയും വേണം.പത്താം തരം പരീക്ഷ പാസാക്കുമ്പോൾ ചെടിയെ വിലയിരുത്തി പ്രത്യേക മെറിറ്റ് സർട്ടിഫിക്കറ്റ് കുട്ടിക്ക് നൽകുക. മുന്നോട്ടുള്ള പഠനത്തിന് ഈ സർട്ടിഫിക്കറ്റ് മെറിറ്റ് ആയി തിരഞ്ഞെടുക്കാം. ഓരോ വർഷവും കുട്ടിക്കു നൽകുന്ന മാർക്ക് ഈ പ്രവർത്തനത്തെ വിലയിരുത്തിയും നൽകാം. ഇങ്ങനെ ചെയ്താൽ കുറച്ചു വർഷങ്ങൾ കഴിയുമ്പോഴേക്കും നമ്മുടെ കേരളം ഹരിതാഭമായി മാറും. സ്കോർ /മെറിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുമെന്നതിനാൽ എല്ലാ കുട്ടികളും ഈ പ്രവർത്തനം ഒരു ചലഞ്ചായി ഏറ്റെടുക്കും. മാത്രമല്ല, കുട്ടികൾ അറിയാതെ അവരിൽ പരിസ്ഥിതി സ്നേഹം വളർത്താനും ഈ പ്രവർത്തനം സഹായകമാകും.

കേരളത്തിന്റെ കാർഷിക സംസ്കൃതി അന്യമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാമിന്ന് ജീവിക്കുന്നത്. കോവിഡ് കാലത്ത് അതിർത്തികൾ മണ്ണിട്ട് അടച്ചപ്പോൾ നമുക്കാവശ്യമായ ഭക്ഷ്യവിഭവങ്ങൾ കൊണ്ടുവരുന്ന ചരക്കുലോറികൾ എത്താതായി. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വന്തം മണ്ണിൽ കൃഷി ചെയ്ത് നമുക്ക് ഭക്ഷ്യസുരക്ഷ ഉറപ്പാക്കാം. നല്ല മണ്ണ് ജലലഭ്യത ,നല്ല കാലാവസ്ഥ എന്നിവയെല്ലാം നമുക്കുണ്ട്. കൃഷിയിലേക്ക് ഇറങ്ങാനുള്ള താൽപര്യമാണ് ഇല്ലാത്തത്. 'ജീവനി'പദ്ധതിയിലൂടെ സർക്കാർ വിതരണം ചെയ്യാൻ ഉദ്ദേശിച്ച വിത്തുകളും നടീൽ വസ്തുക്കളും വിദ്യാർഥികളിലൂടെ ലഭ്യമാക്കിയാൽ ഓരോ കുട്ടിയും ഒരു കുട്ടിക്കർഷകൻ ആയി മാറും. പഞ്ചായത്തുകളിലെ ഓരോ വാർഡിലും ഓരോ സംഘം കുട്ടികൾ കൃഷി ഇറക്കുകയും വിളവെടുക്കുകയും ചെയ്യണം. (രക്ഷിതാക്കൾക്ക് സഹായിക്കാം). ഓരോ വർഷവും ഓരോ വാർഡിലെയും മികച്ച കുട്ടികർഷകരെ കണ്ടെത്തി ' *കുട്ടി* *കർഷകശ്രീ* ' അവാർഡ് നൽകണം. മികച്ച കുട്ടികർഷകരെ കണ്ടെത്തുന്നതിനു വേണ്ടി കുടുംബശ്രീ യൂണിറ്റുകൾ കൃഷിത്തോട്ടം ഇടവേളകളിൽ സന്ദർശിക്കുകയും കുട്ടിക്കർഷകരുമായി ഇൻറർവ്യൂ നടത്തുകയും,കൃഷിരീതികൾ വിലയിരുത്തുകയും വേണം. മത്സരബുദ്ധിയോടെ കുട്ടികൾ കാർഷികവൃത്തിയിൽ ഏർപ്പെടുമ്പോൾ അവരറിയാതെ കൃഷിയോടുള്ള ആഭിമുഖ്യം അവരിൽ വളർന്നു വരുന്നു.

ഇത്തരം പ്രവർത്തനങ്ങളിലൂടെ കുഞ്ഞുകരങ്ങളിലെ അനന്തസാധ്യതകളെ ഉപയോഗപ്പെടുത്താനാകും. അങ്ങനെയായാൽ പത്തുവർഷത്തിനുള്ളിൽ ലോകത്തിനുതന്നെ മാതൃകയായി കേരളം തിളങ്ങി നിൽക്കുന്നത് നമുക്ക് സങ്കൽപ്പിക്കാം.

**അബാൻ,**
8 എ കടവത്തൂർ.വി.എച്ച്. എസ്.എസ്.കടവത്തൂർ,
പാനൂർ ഉപജില്ല, കണ്ണൂർ

# നമ്മുടെ പരിസ്ഥിതി

നാം മനുഷ്യർ നമ്മുടെ സുഖ സൗകര്യത്തിനുവേണ്ടി ഈ ഭൂമിയിൽ പലതും നശിപ്പിക്കുന്നു. മണ്ണുമാന്തി യന്ത്രങ്ങൾ ഉപയോഗിച്ച് മലകൾ ഇടിച്ചു നിരത്തുമ്പോൾ, അതിലുള്ള മരങ്ങൾ, ജലസംഭരണികൾ, ജീവജാലങ്ങൾ എന്നിവ ഇല്ലാതാകുന്നു. ഇതുകാരണം ഉരുൾപൊട്ടൽ, പ്രളയം, വരൾച്ച എന്നിവയും ഉണ്ടാകുന്നു. പുഴകൾ, ജലസംഭരണികൾ, തണ്ണീർ തടങ്ങൾ, കൃഷിയിടങ്ങൾ, വയലുകൾ എന്നിവ ഇല്ലാതാകുന്നു. കാടുകൾ നശിപ്പിക്കുമ്പോൾ ആവാസം നഷ്ടപ്പെടുന്ന വന്യമൃഗങ്ങൾ നാട്ടിലിറങ്ങി നമുക്ക് തന്നെ ഭീഷണിയാകുന്നു. കൂടാതെ പക്ഷികളുടെ ആവാസ കേന്ദ്രവും ഇല്ലാതാകുന്നു. ജലാശയങ്ങൾ ഇല്ലാതാകുന്നതോടെ മത്സ്യസമ്പത്ത് നശിക്കുന്നു. നാം ഉപയോഗിച്ച് വലിച്ചെറിയുന്ന പ്ലാസ്റ്റിക് മണ്ണിനെയും വായുവിനെയും ഒരുപോലെ മലിനമാക്കുന്നു. അനുദിനം പെരുകിവരുന്ന വാഹനങ്ങളിൽ നിന്ന് വരുന്ന പുക കൂടാതെ ഫാക്ടറികളിൽ നിന്നും വരുന്ന പുകയും അന്തരീക്ഷ മലിനീകരണത്തിന് കാരണമാകുന്നു. എന്താണിതിനു പരിഹാരം? അരുത് മലയിടിക്കരുത്, മരം മുറിക്കരുത്, കാട് ഇല്ലാതാക്കരുത് ,പുഴയിൽ നിന്ന് മണൽ വാരരുത്, വയൽ നികത്തരുത്, ജലസംഭരണികളും തണ്ണീർതടങ്ങളും സംരക്ഷിക്കുക, കൃഷിയെ തിരിച്ചുകൊണ്ടുവരിക, പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക അങ്ങനെ നമുക്ക് നമ്മുടെ ഭൂമിയെ സംരക്ഷിക്കാം..

**കൃഷ്ണശ്രീ ടി**
4 എ കാടാങ്കുനി യു പി എസ്,
ചൊക്ലി ഉപജില്ല, കണ്ണൂർ

# പരിസ്ഥിതി എന്നാൽ

പരിസ്ഥിതി എന്നാൽ ജീവനുള്ളതും ജീവനില്ലാത്തതും ആയ ഘടകങ്ങൾ നിലനിൽക്കുന്ന ചുറ്റുപാടാണ്. പരിസ്ഥിതിയെ നന്നായി സംരക്ഷിച്ചാൽ മാത്രമേ മനുഷ്യരാശിയ്ക്കു നിലനിൽപ്പുള്ളൂ.. പരിസ്ഥിതി മലിനീകരണം ആണ് ഇന്ന് നാം അഭിമുഖീകരിയ്ക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു സാമൂഹിക പ്രശ്നം.

പരിസ്ഥിതി സംരക്ഷണത്തിൽ കുട്ടികളായ നമുക്കും ചിലത് ചെയ്യാനാവും. അത് നമ്മുടെ വീടുകളിൽ നിന്ന് തന്നെ തുടങ്ങാം.

വീടുകളിലെ ഖര ദ്രവ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിയ്ക്കുന്നതിലൂടെ ഒരു പരിധി വരെ നമ്മുടെ ചുറ്റുപാടിനെ സംരക്ഷിയ്ക്കാനാവും. ആഹാര അവശിഷ്ടങ്ങൾ വലിച്ചെറിയാതെ compost കുഴികളിൽ നിക്ഷേപിയ്ക്കുകയും

പ്ലാസ്റ്റിക് മാലിന്യങ്ങൾ പുനഃചംക്രമണത്തിനായി ശേഖരിച്ചു വെയ്ക്കുകയും ചെയ്യണം.

നമ്മുടെ കുളങ്ങളും മറ്റു ജലാശയങ്ങളും കൃത്യമായ ഇടവേളകളിൽ ശുചിയാക്കിയും ആഴം കൂട്ടിയും സംരക്ഷിയ്ക്കണം. മഴക്കാലത്ത് വെള്ളപ്പൊക്കം തടയുന്നതിനും ഇത് സഹായിയ്ക്കും.

അതുപോലെ തന്നെ പ്രധാനപ്പെട്ട ഒരു കാര്യമാണ് വനസംരക്ഷണം.മരങ്ങൾ മുറിയ്ക്കരുത്, ധാരാളം മരങ്ങൾ വെച്ചു പിടിപ്പിയ്ക്കുകയും വേണം. ആവശ്യത്തിന് മഴ ലഭിയ്ക്കുന്നതിനും പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും ഇത് ആവശ്യമാണ്. മരം ഒരു വരം തന്നെ എന്ന് നമ്മൾ എന്നും ഓർമയിൽ സൂക്ഷിയ്ക്കണം.

നമ്മൾ ഓരോരുത്തരും പരിസ്ഥിതിയെ സ്നേഹിയ്ക്കുകയും സംരക്ഷിയ്ക്കുകയും ചെയ്യുന്നതിനോടൊപ്പം മറ്റുള്ളവരെ അതിന് പ്രേരിപ്പിയ്ക്കുകയും വേണം. അങ്ങനെ നല്ല ഒരു നാളെ നമുക്ക് സ്വപ്നം കാണാം.

**ജിതിൻ എൻ.എസ്,**
3 F ഗവ.എൽ.പി.എസ്.തിരുവിഴ,
ചേർത്തല ഉപജില്ല, ആലപ്പുഴ

# പരിസ്ഥിതി ഒരു പുതിയ വെല്ലുവിളി

ആഗോളവത്ക്കരണം സൃഷ്ടിച്ച പ്രധാന വിപത്താണ് പരിസ്ഥിതി മലിനീകരണം. യന്ത്രവൽകൃതമായ പുത്തൻ ആഗോള സാഹചര്യത്തിൽ വനനശീകരണം ,കുന്നിടിക്കൽ, മണൽ കടത്ത് തുടങ്ങിയ പരിസ്ഥിതിക്ക് വിനാശകരമായ പ്രവർത്തനങ്ങളാണ് നടക്കുന്നത്. കാലാവസ്ഥാവ്യതിയാനം എന്ന പ്രതിഭാസം നമുക്ക് ഇപ്പോൾ പരിചിതമാണ്. മഴക്കാലത്ത് മഴ ലഭ്യമാകാതിരിക്കൽ, വേനൽകാലത്ത് കടുത്ത ചൂട് എന്നിവ പരിസ്ഥിതി നശീകരണത്തിന്റെ പ്രത്യാഘാതങ്ങളാണ്. അന്തരീക്ഷത്തിലെ കാർബൺഡൈ ഓക്സൈഡ് കൂടിയത് ആഗോളതാപനമെന്ന ദുരവസ്ഥയ്ക്ക് കാരണമായി. ആഗോളതാപനമാണ് ഇന്ന് നമ്മൾ നേരിടുന്ന എല്ലാ പരിസ്ഥിതി പ്രശ്നങ്ങളുടെയും പ്രഭവകേന്ദ്രം.ജലലഭ്യതയുടെ അഭാവം മനുഷ്യജീവിതം ദുസ്സഹമാക്കുന്നത് നമ്മൾ നേരിട്ട് അനുഭവിക്കാൻ തയാറെടുത്തിരിക്കുന്നു. 44നദികളുടെ ജലപാരമ്പര്യം അവകാശപ്പെട്ടിരുന്ന നമ്മൾക്ക് ഇപ്പോൾ

ആവശ്യത്തിന് ജലം ലഭിക്കാത്ത അവസ്ഥ വന്നിരിക്കുന്നു. കുഴൽക്കിണറുകൾ കുത്തുന്ന പുതിയ കാലം ഭൂഗർഭജലത്തിന്റെ അളവ് കുറയ്ക്കുകയും രൂക്ഷമായ കുടിവെള്ള പ്രശ്നത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. മലകൾ,പുഴകൾ,കാടുകൾ എന്നിവ കൈയേറി നമ്മൾ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും പരിസ്ഥിതി നാശത്തിന്റെ തീവ്രത കൂട്ടുന്നതാണ്.പരിസ്ഥിതി മന്ത്രാലയമോ സംസ്ഥാന സർക്കാരുകളോ പ്രകൃതിസംരക്ഷണ ബില്ലുകൾ അവതരിപ്പിക്കാൻ വിമുഖത കാണിക്കുന്നത് യഥാർത്ഥത്തിൽ വികസന വിരോധികളെന്ന ലേബലിനെ ഭയന്നാണ്. വരും കാല തലമുറയ്ക്ക് വേണ്ടി പ്രകൃതി സമ്പത്ത് കാത്തുസൂക്ഷിക്കേണ്ട ഉത്തരവാദിത്തം പുതിയ തലമുറ ഏറ്റെടുക്കാതിരിക്കുന്നത് തികച്ചും ആത്മഹത്യാപരമാണ്.

**ഫിദ സാദിഖ്,**
10 ജെ കടമ്പൂർ ഹയർ സെക്കണ്ടറി സ്കൂൾ,
കണ്ണൂർ സൗത്ത് ഉപജില്ല, കണ്ണൂർ

# പരിസ്ഥിതിസംരക്ഷണം

അന്ന് രാവിലെ റോബിൻ കുരുവികൾ പറന്നില്ല.വസന്തങ്ങൾ നിശബ്ദമായി.ഹോമോസാപ്പിയൻസ് എന്ന ഒറ്റജീവിവർഗം കാരണം നിശബ്ദമാകുന്ന വസന്തങ്ങളെ ഓർക്കുമ്പോൾ പരിസ്ഥിതിസംരക്ഷണം ഇന്നിൻെറ ആവശ്യമാണ്.

ഈലോകത്തിന് മനുഷ്യരുടെ മുഴുവൻ ആവശ്യങ്ങളും തൃപ്തിപ്പെടുത്താനുള്ള ശേഷിയുണ്ട്, പക്ഷേ ഒരാളുടെപോലുംആർത്തിയെ തൃപ്തിപ്പെടുത്താനുള്ള ശേഷിഇല്ല'.മഹാത്മാഗാന്ധിയുടെ ഈവാക്കുകളിൽ തന്നെ ആർത്തിയെ ആവശ്യമാക്കിമാറ്റുന്ന നാഗരികതയിലാണ്നാം ജീവിക്കുന്നതെന്ന സത്യം വെളിപ്പെട്ട് നിൽക്കുന്നു.മണ്ണും,മരവും,വായുവും,മനുഷ്യനും,മൃഗവും,വെള്ളവും എല്ലാം ചേർന്ന ചുറ്റുപാടാണ് പരിസ്ഥിതി.മനുഷ്യൻെറ അത്യാർത്തി മൂലംപ്രകൃതി ഇഞ്ചിഞ്ചായി നശിച്ചുകെണ്ടിരിക്കുമ്പോൾ പരിസ്ഥിതിസംരക്ഷണം ഇന്നിൻെറ ആവശ്യമാണെന്ന് മനസ്സിലാക്കാം. വനനശീകരണം,മലിനീകരണം,ജനപ്പെരുപ്പം,ടൂറിസം മേഖലയുടെ അതിപ്രസരം,സ്വാർഥത,അമിത മത്സരബുദ്ധി ഇവയൊക്കെ പരിസ്ഥിതിയെ കാർന്നുതിന്നുന്ന ക്യാൻസറായിമാറുന്നു. മൺസൂണും വസന്തവും വേനലും ഇന്ന് തലതിരിഞ്ഞുവരുന്നതും കാലാവസ്ഥ പ്രവചനാതീതമാകുന്നതും ആഗോളതാപനം വരുത്തിവയ്ക്കാൻ പോകുന്ന വിപത്തുകൾ ഏറ്റവും അടുത്തെത്തിയിരിക്കുന്നതും എന്തുകൊണ്ടാണെന്ന് ചിന്തിക്കേണ്ട സമയംപോലും അതിക്രമിച്ചുകഴിഞ്ഞു. കാരണം ഇപ്പോൾ തന്നെ അൻറാർട്ടിക്കയിലെ മഞ്ഞ് ഉരുകി കിരീബത്തീ

എന്ന ദ്വീപ് തന്നെ ഇല്ലാതെയായി.അരാൾ കടലും ഇല്ലാതെയായി. 2018 ൽ ചെന്നൈയിലുണ്ടായ ജലപ്രളയവും കേരളത്തിലുണ്ടായ ജലപ്രളയവും നമ്മെ വലിയ പാഠമാണ് പഠിപ്പിച്ചത്. ഗ്രാമങ്ങൾ നഗരങ്ങളായി മാറിയപ്പോൾ മഴവെള്ളം ഒലിച്ച്പോകാനുള്ള സംവിധാനം ഇല്ലാതായി. വെള്ളംശേഖരിച്ച് ഭൂമിയിൽ താഴ്ത്തുന്ന മരങ്ങൾ ഇല്ലാതെയായി.അതുകൊണ്ടാണ് ഭൂട്ടാൻ എന്ന ചെറിയ രാജ്യം തങ്ങളുടെ ഭൂപ്രകൃതിയുടെ 60% സംരക്ഷിച്ച് നിർത്തിയിരിക്കുന്നത്.എന്തുകൊണ്ട് ഇത് നമുക്ക് മാത്രകയാക്കിക്കൂടാ? ഒറീസയിലെ നിയാം ഗിരികുന്നുകളും ഉത്തരാഖണ്ഡിലെ ശിവനാഥ്പുഴയും വികസനത്തിൻെറ പേരിൽ വിറ്റുകളഞ്ഞ നാം ഓർത്തു വെക്കേണ്ടചില പേരുകളാണ്.പരിസ്ഥിതിയ്ക്കു വേണ്ടി രക്തസാക്ഷികളായ പെട്രാ കെല്ലിയും ശങ്കർ ഗുഹാനിയോഗിയും,കെൻസരോവിപയും ഒരുകോടി മരങ്ങൾ നട്ടുപിടിപ്പിച്ച വാൻഗാരിമാതായെപ്പോലുള്ളവരും നമ്മുടെ മുൻപിലുണ്ട്. ഐ പി സി സി 2008-നാലാമത്തെ റിപ്പോർട്ടിൻെറ അവസാനഅഭിപ്രായത്തിൽ കൗതുകമായ കാര്യം ,മൂന്നാം ലോകരാജ്യങ്ങൾ ഒന്നാംലോകസമൂഹത്തെപ്പോലെ വികസിക്കാത്തതുകൊണ്ടാണ് ഭൂമി ഇന്നും ബാക്കിയുള്ളത് എന്നാണ്. അമേരിക്കയിലെ ഒരു പൗരൻെറ പ്രതിശീർഷകാർബൺ പുറന്തള്ളിൽ ഇരുപത്തേഴ്ടൺ ആണ്. ലോകത്തെ നാനൂറ് മുതൽ അഞ്ഞൂറു വരെ വരുന്ന പരമ ദരിദ്രരുടെ പ്രതിശീർഷ കാർബൺ പുറംതള്ളൽ ഒന്നരടൺ ആണ്.ഈ ഒന്നര ടൺ ഇരുപത്തിഏഴ് ടൺ ആയാൽ ഭൂമി അവസാനിക്കും.അതുകൊണ്ട് ദാരിദ്ര്യം കൊണ്ടാണ് സമ്പത്ത് കൊണ്ടല്ല എന്നിടത്ത് നാം ലോകത്തെ എത്തിച്ചു കഴിഞ്ഞു. രണ്ട് ഡിഗ്രി അന്തരീക്ഷ താപം ഉയർന്നാൽ ഒരു മീറ്റർ മുതൽ നാല് മീറ്റർ വരെ സമുദ്രജലനിരപ്പ് ഉയരുകയും,ഒരു മീറ്റർ ജലനിരപ്പ് ഉയർന്നാൽ നൂറ് കോടിജനങ്ങളുടെ ആവാസസ്ഥാനം മുങ്ങിപ്പോകുകയും നാല് മീറ്റർ ജലനിരപ്പ് ഉയർന്നാൽ മുന്നൂറ്കോടി മനുഷ്യരുടെ ആവാസസ്ഥാനം മുങ്ങിപ്പോകുമെന്നതാണ് യാഥാർഥ്യം. ആവാസവ്യവസ്ഥയുടെ ആണിക്കല്ലുകളായ വൃക്ഷങ്ങളെ ഈശ്വരൻമാരായിക്കണ്ട് ആരാധിച്ചിരുന്ന ഭാരതത്തിൽ ഇന്ന് വനനശീകരണത്തിൻെറ തോത് വളരെ കൂടിക്കൊണ്ടിരിക്കുകയാണ്. ജലം ശേഖരിക്കുന്നതിലും,മഴ പെയ്യുന്നതിലും വൃക്ഷങ്ങൾക്കുള്ള പങ്ക് മനസ്സിലാക്കുമ്പോൾ മാത്രമേ വനനശീകരണം വരുത്തുന്ന പാരിസ്ഥിതികനാശം തിരിച്ചറിയാൻ കഴിയൂ. കുന്നുകൾ ഇല്ലാതാകുന്നതും,വയലുകളും തോടുകളും ഇല്ലാതാകുന്നതും സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ അതിനെച്ചുറ്റിപ്പറ്റി നിൽക്കുന്ന ഒരു ആവാസവ്യവസ്ഥയെ തന്നെ ഇല്ലാതാക്കുകയാണെന്ന് നാം മറന്ന് പോകുന്നു.കഠിനമായ മണൽക്കൊള്ളമൂലം ഭാരതപ്പുഴയും പമ്പയുമൊക്കെ ഇന്ന് ശുഷ്കിച്ച് കഴിഞ്ഞിരിക്കുന്നു. മലിനീകരണമാണ്പരിസ്ഥിതി നേരിടുന്ന മറ്റൊരു വെല്ലുവിളി. വികസനത്തിൻെറ പേരിൽ പണിതുയർത്തിയ വ്യവസായശാലകൾ പുറത്തുവിടുന്ന മലിനജലംമൂലം മത്സ്യങ്ങളുടെയും മറ്റ് ജീവജാലങ്ങളുടെയും

നിലനിൽപ് തന്നെ ഇല്ലാതാക്കിയ മാലിന്യത്തിൻെറ കഥയാണ് ചാലിയാർപ്പുഴയ്ക്ക് പറയാനുള്ളത്.കുന്നുകൂടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളും കീടനാശിനികളും പരിസ്ഥിതിയ്ക്ക് ദോഷംതന്നെയാണ്. വാഹനങ്ങൾ പുറന്തള്ളുന്ന കാർബൺഡൈ ഓക്സൈഡ് മൂലമാണ് ഓസോൺ പാളിയിൽ വിള്ളലുണ്ടാകുന്നത്. നർമ്മദയുടെ പോരാളി എന്നറിയപ്പെട്ട (അന്തരിച്ച) കേന്ദ്ര വനം-പരിസ്ഥിമന്ത്രി അനിൽ മാധവ് യാദവ് തൻെറ വിൽപത്രത്തിൽ, തൻെറ സ്മരണയ്ക്കായി മരം നട്ടാൽ മതി എന്ന് എഴുതി വച്ചതിൽ അത്ഭുതപ്പെടാനൊന്നുമില്ല. ഗംഗാനദിക്കുവേണ്ടി 112 ദിവസം ഉപവാസമെടുത്ത് രക്തസാക്ഷിയായ ജ്ഞാനസ്വരൂപയെ പോലുള്ളവരെ മാതൃകയാക്കണം. പ്രകൃതി നമുക്ക് അപരനല്ല. പ്രകൃതിയെ ആത്മമായി കാണുക. നാം തന്നെയാണ് പ്രകൃതിയെന്നും പ്രകൃതി തന്നെയാണ് നാം എന്നും മനസ്സിലാക്കുക. ആ ഒരുബോധം ഇല്ലാത്തതുകൊണ്ടാണല്ലോ, മനുഷ്യൻ മരണപ്പെട്ടെന്നും മൃഗങ്ങൾ ചത്തുതുലഞ്ഞെന്നും പറയുന്ന ഒരു അസമത്വബോധത്തിലേയ്ക്ക് നാം അധഃപതിച്ചു പോയത്.

“എല്ലാവരും ലോകത്തെ മാറ്റുന്നതിനെക്കുറിച്ച് ചിന്തിക്കുന്നു. എന്നാൽ സ്വയം മാറുന്നതിനെ കുറിച്ച് ആരുംചിന്തിക്കുന്നില്ല” എന്ന ടോൾസ്റ്റോയിയുടെ വാക്കുകൾ പ്രകാരം തുടങ്ങാം പ്രകൃതി സംരക്ഷണം. സ്വയം നന്നാവുക!

**സോജു സി ജോസ്**
9 A കെആർകെപിഎംബിഎച്ച്എസ് കൊട്ടാരക്കര ശാസ്താംകോട്ട,
ശാസ്താംകോട്ട ഉപജില്ല, കൊല്ലം

# കൊറോണ ഈ നൂറ്റാണ്ടിന്റെ മഹാമാരി

മനുഷ്യരും പക്ഷികളും ഉൾപ്പെടെയുള്ള സസ്തനികളിൽ രോഗമുണ്ടാക്കുന്ന ഒരു കൂട്ടം വൈറസുകളാണ് കൊറോണ വൈറസുകൾ. ഇവ സാധാരണ ജലദോഷപ്പനി മുതൽ സിവിയർ അക്യൂട്ട് റെസ്പിറേറ്ററി സിൻഡ്രോം, കോവിഡ് 19 എന്നിവ വരെ ഉണ്ടാക്കാൻ ഇടയുള്ള ഒരു വലിയ കൂട്ടം വൈറസുകളാണ്.ഈ വൈറസുകൾ മനുഷ്യൻ ഉൾപ്പെടെയുള്ള സസ്തനികളുടെ ശ്വാസനാളിയെ ബാധിയ്ക്കുന്നു. ബ്രോങ്കൈറ്റിസ് ബാധിച്ച പക്ഷികളിൽ നിന്ന് 1937 ലാണ് ആദ്യമായി കൊറോണ വൈറസിനെ തിരിച്ചറിഞ്ഞത്.സാധാരണ ജലദോഷത്തിന് 15 മുതൽ 30 ശതമാനം വരെ കാരണം ഈ വൈറസുകൾ ആണ്.കഴിഞ്ഞ 70 വർഷങ്ങളായി കൊറോണ വൈറസ് എലി, പട്ടി, പൂച്ച, ടർക്കി, കുതിര, പന്നി, കന്നുകാലികൾ ഇവയെ ബാധിക്കാമെന്ന് ശാസ്ത്രജ്ഞർ കണ്ടെത്തി.മൃഗങ്ങൾക്കിടയിൽ പൊതുവേ ഇത് കണ്ടു വരുന്നുണ്ട്. സൂണോട്ടിക് എന്നാണ് ഇവയെ ശാസ്ത്രജ്ഞർ വിശേഷിപ്പി

ക്കുന്നത്. അതായത് ഇത്തരം വൈറസുകൾ മൃഗങ്ങളിൽ നിന്ന് മൃഗങ്ങളിലേക്ക് പകരുന്നവയാണ്.
ഇവ ശ്വാസനാളിയെ ആണ് ബാധിക്കുന്നത്. ജലദോഷവും ന്യൂമോണിയയുമാണ് ലക്ഷണങ്ങൾ. രോഗം ഗുരുതരമായാൽ സാർസ്, ന്യൂ മോണിയാ, വൃക്ക സ്തംഭ നം എന്നിവ ഉണ്ടാകും. മരണവും സംഭവിക്കും. ചൈനയിൽ കണ്ടെത്തിയത് ഇവ യിൽ നിന്ന് അല്പം വ്യത്യസ്തമായ ജനിതകമാറ്റം വന്ന പുതിയ തരം വൈറസാ ണ്.പ്രതിരോധ വ്യവസ്ഥ ദുർബലരായവരിൽ ,അതായത് പ്രായമായവരിലും ചെ റിയ കുട്ടികളിലും വൈറസ് പിടിമുറുക്കും.

**വ്യാപനം**

ശരീര സ്രവങ്ങളിൽ നിന്നാണ് രോഗം പകരുന്നത്.തുമ്മുമ്പോഴും ചുമക്കുമ്പോ ഴും വായിൽ നിന്ന് പുറത്തേക്ക് തെറിയ്ക്കുന്ന സ്രവങ്ങളുടെ തുള്ളിയിൽ വൈറ സുകൾ ഉണ്ടാവും.ഇത് വായുവിലേക്ക് പടരുകയും അടുത്തുള്ളവരിലേക്ക് വൈറസുകൾ എത്തുകയും ചെയ്യും. വൈറസ് സാന്നിധ്യമുള്ളയാളെ സ്പർശി ക്കുമ്പോഴോ അയാൾക്ക് ഹസ്തദാനം നൽകുമ്പോഴോ രോഗം മറ്റൊരാളിലേക്ക് പടരാം.വൈറസ് ബാധിച്ച ഒരാൾ തൊട്ട വസ്തുക്കൾ മറ്റൊരാൾ സ്പർശിച്ച് ആ കൈകൾ കൊണ്ട് മൂക്കിലോ കണ്ണിലോ തൊട്ടാലോ രോഗം പകരും.
കൊറോണ വൈറസിന് കൃത്യമായ ചികിത്സയില്ല, പ്രതിരോധ വാക്സിനുമില്ല. പ കർച്ചപ്പനിയ്ക്കുള്ള ചികിത്സയാണ് ഇപ്പോൾ ഇതിനെതിരെ നടത്തുന്നത്. രോഗി യ്ക്ക് വിശ്രമം അത്യാവശ്യം..  രോഗി ധാരാളം വെള്ളം കുടിയ്ക്കണം. രോഗത്തി ന് എതിരെ മുൻ കരുതൽ
ഇടവേളകളിൽ കൈ കഴുകുകയാണ് കൊറോണ പ്രതിരോധത്തിലെ പ്രധാന പാഠം.സാനിറ്റൈസർ, സോപ്പ് എന്നിവ കൊണ്ട് കൈകഴുകാം. ഈ വൈറസിന് 90 നാനോമീറ്റർ വലുപ്പമേയുള്ളു. ഒരു ലിപ്പിഡ് പ്രോട്ടീൻ പുറംചട്ടയുണ്ടിതിന്. അ തിനുള്ളിൽ 29, 900 ബേസുകൾ ഉള്ള ആർ.എൻ.എയും.. ഈ ആർ എൻ എ ആ ണ് വൈറസിന്റെ ജനിതക ദ്രവ്യം. സോപ്പും വെള്ളവും ഏൽക്കുമ്പോൾ ഇതിന്റെ പുറംചട്ട നശിക്കും. അതിനോടൊപ്പം വൈറസും. അത് കൊണ്ടാണ് ഇതിനെതി രെയുള്ള ആയുധമായി കൈകഴുകൽ ശുപാർശ ചെയ്യുന്നത്. സാമൂഹിക അകലം പാലിക്കുക എന്നതാണ് മറ്റൊരു പോംവഴി. അതു കൊണ്ടാണ് ലോക്ഡൗൺപ്ര ഖ്യാപിച്ചിരിക്കുന്നത്. ലോകത്ത് 21 ലക്ഷത്തിലേറെ രോഗികൾ, മരണം ഒന്നര ല ക്ഷത്തിലേക്ക് എന്നതാണ് അവസാന വാർത്ത.. ഒരു രോഗത്തിന് മുൻപിൽ പക ച്ചു നിൽക്കുന്ന ലോകം... എത്ര നിസ്സാരൻമാരാണല്ലേ മനുഷ്യൻ?

**സന്ദീപ്.എസ്.ആർ.പിള്ള,**
9 G കെ ആർ കെ പി എം ബി എച്ച് എസ്, കടമ്പനാട്,
ശാസ്താംകോട്ട ഉപജില്ല, കൊട്ടാരക്കര

# വൈറസ് മുതൽ വൈറസ് വരെ

രോഗപ്രതിരോധ രംഗത്തും പ്രതിരോധവാക്സിനുകളുടെ ഗവേഷണ രംഗത്തും മാനവരാശി ഏറെ മുന്നോട്ടു പോയിക്കഴിഞ്ഞു. സാംക്രമികരോഗങ്ങളെ തുരത്താനും പകർച്ചവ്യാധികൾ നേരിടാനും കഴിഞ്ഞിട്ടുണ്ടെങ്കിലും പലതരത്തിലുള്ള വൈറസുകൾ മനുഷ്യനും മൃഗങ്ങൾക്കും ഭീഷണി ഉയർത്തുകയാണ്. ജനിതകമാറ്റം വന്ന വൈറസുകൾ കൂടുതൽ അപകടകാരികളാകുന്നതും സമീപകാലത്ത് കാണാനായി.

വൈറസ് എന്നാൽ ലാറ്റിൻ ഭാഷയിൽ വിഷം എന്നാണ് അർത്ഥം. ഒരു ജീവകോശത്തിന് ഉള്ളിലല്ലാതെ വളരാനോ പ്രത്യുൽപ്പാദനം നടത്താനോ കഴിവില്ലാത്ത ജീവകണങ്ങളാണ് വൈറസുകൾ. ഏകദേശം അയ്യായിരത്തിലധികം വൈറസുകളെ ഇതിനകം കണ്ടെത്തിയിട്ടുണ്ട്. രണ്ടോ മൂന്നോ ഭാഗങ്ങൾ കൂടിച്ചേർന്നതാണ് വൈറസിന്റെ ശരീരം.  ജനിതക വിവരങ്ങൾ വഹിക്കുന്ന തന്മാത്രകളായ ഡി എൻ എ ,ആർ എൻ എ എന്നിവയിൽ ഒന്നിൽ നിർമ്മിതമായ ജീനുകൾ എല്ലാ വൈറസുകളിലും കാണും.

വൈറസ് രോഗങ്ങൾ നേരിട്ടോ അല്ലാതെയോ പകരാം.  വായുവിലൂടെ പകരുന്നവ ഏറെ. രോഗം ബാധിച്ച വ്യക്തിയുടെ ശരീര സ്രവങ്ങൾ , മൃഗങ്ങളുടെ ശരീര സ്രവങ്ങൾ , വിസർജ്ജ്യം തുടങ്ങിയവയെല്ലാം പകർച്ചയ്ക്ക് കാരണമാകാം. പേവിഷബാധ മുതൽ കൊറോണ വരെയുള്ള ചില വൈറസ് ബാധകളെപ്പറ്റി പഠനങ്ങൾ നടന്നിട്ടുണ്ട്.

റാബീസ് എന്ന രോഗബാധ വളർത്തുമൃഗങ്ങളിൽ നിന്ന് ഉണ്ടാവാൻ ഏറെ സാധ്യതയുള്ളതാണ്. ഈ വൈറസ് ബാധിച്ച സസ്തനികൾ കടിക്കുകയോ മാന്തുകയോ ചെയ്താൽ പേവിഷബാധയുണ്ടാകുന്നു. പൊക്കൻ, മണ്ണൻ എന്നിങ്ങനെ നാട്ടുഭാഷയിൽ അറിയപ്പെടുന്നതാണ് മീസിൽസ് അഥവാ അഞ്ചാംപനി.  വയറിളക്കം , ന്യുമോണിയ, മസ്തിഷ്ക അണുബാധ എന്നിവയിലേക്ക് നയിച്ച് മരണം വരെ ഉണ്ടാകും. അഞ്ചാം പനി പകരുന്ന അതെ മാർഗങ്ങളിലൂടെയാണ് ചിക്കൻപോക്സും പകരുന്നത്. ഒരു കാലത്ത് ഇന്ത്യയടക്കമുള്ള നിരവധി രാജ്യങ്ങളിൽ വലിയ തോതിൽ ഭീതി പരത്തിയ മുൻനിര പകർച്ചവ്യാധി ആയിരുന്നു പിള്ളവാതം അഥവാ പോളിയോ മൈലൈറ്റിസ്. പ്രധാനമായും കുഞ്ഞുങ്ങളെ ബാധിക്കുന്ന ഈ രോഗം മരണത്തിലേക്കോ സ്ഥിരമായ അംഗവൈകല്യത്തിലേക്കോ നയിക്കാം. മനുഷ്യനിൽ എയ്ഡ്സ് ഉണ്ടാക്കുന്ന വൈറസ്സാണ് ഹ്യൂമൻ ഇമ്മ്യൂണോഡെഫിഷ്യൻസി വൈറസുകൾ. ആഫ്രിക്കയിലും തെക്കേഅമേരിക്കയിലും കൂടുതലായി കണ്ടു വരുന്ന വൈറസ് രോഗമാണ് യെല്ലോ ഫീവർ. കൊതുകുകളാണ് രോഗ വാഹകർ. കൊതുകുകൾ വഴി പകരുന്ന വൈറസ് രോഗങ്ങളാണ് ഡെങ്കിപ്പനിയും

ചിക്കുൻഗുനിയയും. കരളിനെ ബാധിക്കുന്ന വൈറസുകളാണ് ഹെപ്പറ്റൈറ്റിസ് എ,ബി,സി,ഇ എന്നിവ. ഫ്ളൂ വൈറസ് എന്ന് പൊതുവിൽ അറിയപ്പെടുന്നവ പരത്തുന്ന രോഗമാണ് 'ഇൻഫ്ളുവൻസ'. വായുവിലൂടെയോ രോഗി ഉപയോഗിക്കുന്ന വസ്തുക്കളിലൂടെയോ രോഗം പകരാം. ശരീര കോശങ്ങളെ നശിപ്പിക്കുന്ന വൈറസാണ് എബോള. രോഗബാധിതരിൽ പ്രതിരോധശേഷി നഷ്ടപ്പെടുന്നതിലൂടെ ഏതു രോഗവും പിടിപെടാമെന്ന അവസ്ഥ. 'കോംഗോ പനി ' നെയ്റോവിലും എന്ന ബുനിയ വൈരിടായ് വൈറസ് മൂലം മനുഷ്യനിൽ ഉണ്ടാകുന്ന ജന്തു ജന്യ രോഗമാണ്. കൊറോണ വൈറിനെ എന്ന ഉപകുടുംബത്തിൽ ഉൾപ്പെടുന്ന ആവരണമുള്ള വൈറസുകളാണ് കൊറോണ വൈറസ്.

വൈറസ് രോഗങ്ങൾക്ക് പലതിനും ഫലപ്രദമായ ചികിത്സ ലഭ്യമല്ലാത്തതിനാൽ ലക്ഷണങ്ങൾക്കനുസരിച്ചുള്ള ചികിത്സയിലൂടെയാണ് രോഗശമനം സാധ്യമാക്കുന്നത്. കൊതുകിലൂടെയും വായുവിലൂടെയും സ്രവങ്ങളിലൂടെയും രക്തത്തിലൂടെയും പകരുന്ന വ്യത്യസ്ത വൈറസുകളുണ്ട്. ജലത്തിലൂടെ പകരുന്ന രോഗങ്ങളുമുണ്ട്. ഓരോ വൈറസും പകരുന്നതെങ്ങനെ എന്നു മനസ്സിലാക്കി ആരോഗ്യപ്രവർത്തകർ നൽകുന്ന മുന്നറിയിപ്പുകൾ കർശനമായി പാലിക്കുകയാണ് പ്രതിരോധ മാർഗ്ഗം. വായുവിലൂടെയും രോഗിയുടെ സ്രവങ്ങളിലൂടെയും പകരുന്ന രോഗങ്ങളിൽ നിർദേശിക്കുന്ന അത്രയും ദിവസം വീടുകളിലോ ആശുപത്രികളിൽ ഐസൊലേഷൻ വാർഡിലോ രോഗി കഴിയണം. മലിന ജലവുമായുള്ള സമ്പർക്കം ഒഴിവാക്കുകയാണ് വൈറസ് രോഗബാധ തടയാൻ ആദ്യം ചെയ്യേണ്ടത്. കൊതുകുകടി ഏൽക്കാതിരിക്കാനുള്ള മുൻകരുതലുകൾ കൊതുകുപരത്തുന്ന വൈറസ് തടയാൻ ആവശ്യമാണ്. സ്രവങ്ങളിലൂടെയാണ് പകർച്ചയെങ്കിൽ രോഗിയും പരിചരിക്കുന്നവരും മാസ്കും കൈയുറയും ഉപയോഗിക്കുകയും കൈകൾ സോപ്പുപയോഗിച്ച് കഴുകുകയും വേണം. ഭക്ഷണം പാചകം ചെയ്യും മുമ്പും കഴിക്കുന്നതിനു മുൻപും സോപ്പുപയോഗിച്ച് കൈകൾ വൃത്തിയാക്കണം. മലമൂത്രവിസർജ്ജനത്തിനു ശേഷം കൈകൾ സോപ്പോ ഹാൻഡ് സാനിറ്റൈസറോ ഉപയോഗിച്ച് കഴുകണം. രോഗി ഉപയോഗിച്ച വസ്ത്രങ്ങളും മറ്റു വസ്തുക്കളും ബ്ലീച്ചിങ് ലായനിയിൽ കഴുകണം. ഏതു വൈറസ് രോഗമായാലും പൊതുവായ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും പാലിക്കുകയും വേണം. തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ കുടിക്കാവൂ. ഭക്ഷണപദാർത്ഥങ്ങൾ അടച്ചു വയ്ക്കണം. കേരളത്തിൽ മുൻവർഷങ്ങളിൽ നിപ പ്രതിരോധിച്ചതും ഇപ്പോൾ കൊറോണ വൈറസ് പ്രതിരോധിക്കുന്നതും മികച്ച ആരോഗ്യ സംവിധാനങ്ങൾക്കൊപ്പം വ്യാപകമായ ബോധവൽക്കരണവും നിതാന്ത ജാഗ്രതയും കൊണ്ടുകൂടിയാണ്.

**ആരാധ്യ സന്തോഷ്,**
8 എ കെ പി എം എച്ച് എസ് എസ് ചെറിയവെളിനല്ലൂർ,
വെളിയം ഉപജില്ല, കൊല്ലം

# ഓസോൺകുടയും ലോക്ഡൗണും

ഭൂമിയുടെ ചുറ്റും അന്തരീക്ഷത്തിന്റെ ഉപരിതലത്തിൽ പ്രകൃതി നിലനിർത്തിയിരിക്കുന്ന ഓസോണിന്റെ ഒരു മാന്ത്രിക കുടയാണ് ഓസോൺ കുട. ഈ ഓസോൺ പാളി സൂര്യരശ്മിയെ അരിച്ച്, ദോഷകരമായി ബാധിക്കുന്ന മാരകമായ അൾട്രാവൈലറ്റ് ലൈറ്റിനെ മാറ്റി സുരക്ഷിതമായ പ്രകാശത്തെ മാത്രം ഭൂമിയിലേക്ക് വിട്ടുകൊണ്ടിരിക്കുന്നു.ഈ ഓസോൺ പാളിയിൽ 'സുഷിരങ്ങളുണ്ടായാൽ ഭൂമിയിൽ അധികമായി എത്തുന്ന അൾട്രാവയലറ്റ് രശ്മികൾ രോഗ പ്രതിരോധശേഷി കുറവ്, സസ്യവളർച്ച-ആവാസവ്യവസ്ഥയുടെ തകർച്ച, ഭക്ഷ്യശൃംഖലകളുടെ നാശം എന്നിവ ഉണ്ടായി കാലാവസ്ഥയേയും താപനിലയേയും തകരാറിലാക്കും.

എന്നാൽ ഫാക്ടറികളും വ്യവസായ ശാലകളും വർധിച്ചതോടെ ഭൂമി പുറത്തുവിട്ട അന്തരീക്ഷ മലിനീകരണം ഓസോൺ പാളികളിൽ വിള്ളൽ ഉണ്ടാക്കിയെന്ന് 1980കളിൽ ജോയ് ഫോർമാൻ, ജോനാഥൻ ഷാംഗ്ലിൻ ,ബ്രയൻ ഗാർഡിനർ എന്നീ ശാസ്ത്രഞ്ജന്മാർ കണ്ടെത്തുകയുണ്ടായി. ഫാക്ടറികളും വാഹനങ്ങളും അടക്കം പുറം തള്ളുന്ന വിഷപ്പുക മൂലം ഉണ്ടാകുന്ന അന്തരീക്ഷ മലിനീകരണത്തെ തുടർന്ന് രൂപപ്പെടുന്ന ക്ലോറോ ഫ്ളൂറോ കാർബൺ (CFC) വാതകങ്ങളുമായി പ്രതി പ്രവർത്തിച്ചാണ് ഓസോൺ പാളിയിൽ വലിയ വിള്ളൽ രൂപപ്പെട്ടത്.1987 സെപ്റ്റംബർ 16-ന് ഓസോൺ നാശിനികളെ നിയന്ത്രിക്കാനുള്ള ഒരു അന്താരാഷ്ട്ര ഉടമ്പടി ഐക്യരാഷ് ട്രസഭയുടെ നേതൃത്വത്തിൽ നിലവിൽ വന്നു. എല്ലാ രാഷ്ട്രങ്ങളും ശക്തിയേറിയ ഓസോൺ നാശിനികളുടെ ഉത്പാദനം പടിപടിയായി കുറച്ചു കൊണ്ടു വരണമെന്ന് തീരുമാനമെടുത്തു.അങ്ങനെ ലോകമെങ്ങും സെപ്റ്റംബർ 16 ഓസോൺ സംരക്ഷണ ദിനമായി ആചരിക്കാൻ തുടങ്ങി.

എന്നാൽ ലോക്ഡൗൺ കാലത്ത് ഈ ഓസോണുമായി ബന്ധപ്പെട്ട് ആശ്വാസകരമായ വാർത്തകളാണ് ശാസ്ത്രലോകത്ത് നിന്നും വന്നത്.ഓസോൺ പാളിയിൽ നേരത്തെ രൂപപ്പെട്ട വിള്ളൽ കുറയുന്നതായി നേരത്തെ നാസ കണ്ടെത്തിയിരുന്നു. ഈ കാര്യങ്ങൾ യൂറോപ്പ്യൻ സാറ്റലൈറ്റ് സംവിധാനമായ കോപ്പർനിക്കസ് സ്ഥിരീകരിക്കുയുണ്ടായി. ലോകത്താകെ ലോക്ഡൗൺ വന്നതോടെ അന്തരീക്ഷ മലിനീകരണം കുറഞ്ഞതാണ് ഇതിന് കാരണം എന്നതിൽ തർക്കമില്ല. ഇന്ത്യയിൽ ലോക്ഡൗൺ കാലത്ത് ഫാക്ടറികളെല്ലാം അടച്ചു പൂട്ടിയതും വാഹനങ്ങൾ നിരത്തിലിറങ്ങാത്തതുമെല്ലാം അന്തിരീക്ഷ മലിനീകരണവും ജലമലിനീകരണവും വായു മലിനീകരണവും കുറയാൻ ഇടയാക്കി..

ഈ കോവിഡ് കാലത്ത് നമ്മുടെ വ്യക്തി ജീവിതത്തിലും മാറ്റം വരുത്തി. ഭുമിയുടെ രക്ഷകരാകാൻ പ്രതിജ്ഞ എടുക്കണം. ഭുമിയിലെ ഉത്പന്നങ്ങൾ കഴിയുന്നത്ര

കുറച്ച് ഉപയോഗിക്കുന്ന സംസ്കാരം വളർത്തണം. മലിനീകരണം കുറയ്ക്കണം. ആവശ്യമില്ലാത്ത സാധനങ്ങൾ വാങ്ങരുത്. വൈദ്യുതിയുടെ ഉപയോഗം കഴിയുന്നത്ര കുറയ്ക്കണം. ഓസോൺ നാശിനികൾ അടങ്ങുന്ന സ്പ്രേകളും വേണ്ട എന്നു വയ്ക്കണം. എല്ലാത്തരം പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾക്കും സഹകരിക്കാം. ലോകം സുരക്ഷിതമായി തീരട്ടെ.

**കാർത്തിക. ജെ.എം.**
9 D ക്രിസ്തുരാജ് എച്ച്.എസ്.എസ്,കൊല്ലം,
കൊല്ലം ഉപജില്ല, കൊല്ലം

# ലോകം കൊറോണയ്ക്ക് ശേഷം

നൂറ്റാണ്ടുകളിൽ ഒരിക്കലാണ് ലോകം മുഴുക്കെ വിപത്തുകൾ ഒരുമിച്ച് വരാറുള്ളത്. ഈ നൂറ്റാണ്ടിൽ ലോകത്തിലെ ഏറെ കുറെ രാജ്യങ്ങളിലും എത്തിചേർന്നിട്ടുള്ള ഒരു മാരക വിപത്താണ് കൊറോണ. അത്തരം ഒരു പ്രയാസം കടന്നുവരുന്നത് വരെ ലോകം മുഴുവൻ ആഘോഷങ്ങളിലും ജനങ്ങൾ തങ്ങളുടെ ജീവിത തിരക്കുകൾക്കിടെ സമ്പാദിക്കുന്നതിന്റെയും ആഘോഷിക്കുന്നതിന്റെയും കാലത്താണ് ചൈനയിൽ നിന്ന് ഇത്തരം വിപത്ത് വരികയും അത് ലോകത്താകമാനം പടരുകയും ചെയ്തിട്ടുള്ളത്. നമ്മുടെ നാട്ടിൽ പതിവായി ഉണ്ടാകാറുള്ള നിപ്പ,ഡെങ്കി,പോലുള്ള രോഗങ്ങളും, ഏതെങ്കിലും രാജ്യത്ത് മാത്രം ഒതുങ്ങിനിൽക്കുന്ന വിപത്തുകളായ സുനാമി,പ്രളയം, അഗ്നിപർവ്വതസ്ഫോടനം പോലെയുള്ള പ്രകൃതി ദുരന്തങ്ങളിൽ നിന്നും വിത്യസ്തമായി കൊറോണ ലോകം മൊത്തം വ്യാപിച്ച് കിടക്കുമ്പോൾ 'കൊറോണക്ക് ശേഷമുള്ള ലോകം' എന്ന് പറയുന്നത് ഇന്ന് വലിയ രീതിയിൽ ചിന്തയ്ക്കും പഠനത്തിനുമുള്ള സാഹചര്യമാണ്. വൈദ്യശാസ്ത്രത്തിന്റെ മികവ് കൊണ്ട് നമ്മൾ കൊറോണയെ അതിജീവിക്കുമ്പോൾ കൊറോണക്ക് ശേഷം ഏതൊക്കെ മേഖലകളായിരിക്കും ആഗോള വ്യാപകമായി പ്രതിസന്ധിയിലൂടെ കടന്ന് പോവുകയെന്നും ഏതൊക്കെ മേഖലക്ക് അതിജീവിക്കാൻ സാധിക്കുമെന്നും ഇപ്പോൾ പ്രവചിക്കാൻ പറ്റാത്ത കാലമാണ്. 1995 ൽ വെറും 281 ബില്യൻ ഡോളറിന്റെ മൊത്തവ്യാപാരം ആയിരുന്നു ചൈനയ്ക്കുണ്ടായിരുന്നത്. ഇത് ആഗോള വ്യാപാരത്തിന്റെ മൂന്ന് ശതമാനമായിരുന്നു. 2019 ആയപ്പോഴേക്കും അത് അഞ്ച് ട്രില്യൻ ഡോളറായും ലോകവ്യാപാരത്തിന്റെ പതിനാല് ശതമാനമായും വളർന്നു.ഇന്ത്യൻ സമ്പദ് വ്യവസ്ഥ മൊത്തത്തിൽ വെറും മൂന്ന് ട്രില്യൻ ഡോളറാണ് എന്ന് മനസ്സിലാക്കുമ്പോൾ ചൈനയുടെ വ്യാപാരം ഏത്ര വലുതാണെന്ന് മനസ്സിലാകും. ആഗോളവ്യാപാരത്തിന്റെ ഒൻപതര ശതമാനവുമായി രണ്ടാം

സ്ഥാനത്ത് അമേരിക്കയാണ്. വൈറസ് പടർന്നു പിടിച്ചത് കാരണം ചൈനയുടെ എകദേശം എല്ലാ ഉത്പാദന, വിതരണ പ്രക്രിയകളും നിർത്തിവെച്ചു. ഇത് ചൈന യിൽ നിന്നുള്ള ലോക വ്യാപാരത്തെ സാരമായി ബാധിച്ചു. ലോകത്തിലെ വ്യാവ സായിക ഉത്പാദനങ്ങളുടെ മൂന്നിലൊന്നും ചൈനയാണ് സംഭാവന ചെയ്തു കൊ ണ്ടിരുന്നത്. ഈ ഉത്പന്നങ്ങളാണ് മറ്റു രാജ്യങ്ങളിലെ വ്യാവസായിക, കാർഷിക ഉത്പാദനത്തെ ത്വരിതപ്പെടുത്തിയിരുന്നത്. ചൈന ഉത്പാദനം നിറുത്തിയതോടെ ഇന്ത്യ ഉൾപെടുന്ന മറ്റു രാജ്യങ്ങളിലെ കാർഷിക വ്യാവസായിക മേഖലകൾ കടു ത്ത പ്രതിസന്ധി നേരിടും. ലോകത്ത് അമേരിക്ക കഴിഞ്ഞാൽ രണ്ടാമത്തെ വലിയ ക്രൂഡ് ഓയിൽ ഉപഭോക്താവാണ് ചൈന'. കൊറോണ വൈറസ് വ്യാപിച്ചതിലൂ ടെ ചൈനയുടെ എണ്ണ ഉപഭോഗം ഗണ്യമായി കുറയുകയും അത് ക്രൂഡ് ഓയിൽ വ്യാപാരത്തെ കടുത്ത പ്രതിസന്ധിയിൽ എത്തിക്കുകയും ചെയ്തു. എണ്ണ ഉത്പാ ദന രാജ്യങ്ങളുടെ കൂട്ടായ്മയായ OPEC ക്രൂഡ് ഓയിൽ ഉത്പാദനം കുറയ്ക്കാൻ ശ്രമിച്ചെങ്കിലും ഇതിൽ അംഗമല്ലാത്ത റഷ്യ തങ്ങൾ ഉത്പാദനം കുറയ്ക്കില്ലെന്ന് അറിയിച്ചതോടെ ലോക കമ്പോളത്തിൽ എണ്ണ വില ഒരു ബാരലിന് 50 ഡോളറിൽ നിന്ന് 32 ഡോളറായി കുത്തനെ കുറഞ്ഞു.ഇത് എണ്ണ ഉത്പാദന രാജ്യങ്ങളെ കടു ത്ത പ്രതിസന്ധിയിലാക്കി. ഓഹരി വിപണി –ലോകത്തിലെ മുൻനിരയിലുള്ള എ ല്ലാ ഓഹരി വിപണികളും അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ഇടിവിനാണ് സാക്ഷ്യം വഹിച്ചത്.കൊറോണ വൈറസ് പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ ചൈന ഉൾപെടയുള്ള മുൻനിര രാജ്യങ്ങൾ ഉത്പാദനം നിറുത്തിയത് ഓഹരി വി പണിയിൽ കുത്തനെയുള്ള ഇടിവുകൾക്ക് കാരണമായി.ഇത് പല കമ്പനികളുടെ യും നിലനിൽപ്പിനെ തന്നെ വലിയ തോതിൽ ബാധിച്ചിട്ടുണ്ട്. ഇന്ത്യൻ ഓഹരി വി പണിയിലും സ്ഥിതി വ്യത്യസ്തമല്ല. തൊഴിലില്ലായ്മ കൊറോണ വൈറസ് പടർ ന്നതിന്റെ ഫലമായി ലോകത്തിലെ ഒട്ടുമിക്ക രാജ്യങ്ങളുടെയും ഉത്പാദന പ്രക്രിയ കൾ നിറുത്തി വെക്കുകയും ഇതുമൂലം തൊഴിലില്ലായ്മ രൂക്ഷമാകുന്ന സ്ഥിതിവി ശേഷവുമാണ് സംജാതമായിരിക്കുന്നത്. തൊഴിലില്ലായ്മ കൂടുതൽ മാസങ്ങൾ നി ലനിന്നാൽ ജനങ്ങയുടെ ക്രയശേഷി ഗണ്യമായി കുറയും. അത് സാമ്പത്തിക വ ളർച്ചാ മുരടിപ്പിനും ദാരിദ്ര്യത്തിനുമിടയാക്കുകയും ചെയ്യും. കഴിഞ്ഞ അഞ്ചു വർ ഷമായി പല കാരണത്താൽ സാമ്പത്തിക വളർച്ച മുരടിച്ചു കൊണ്ടിരുന്ന ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയ്ക്ക് കടുത്ത ആഘാതമാണ് കൊറോണ വൈറസിന്റെ ആഗമ നം. അന്താരാഷ്ട്ര നാണ്യനിധിയും (IMF) റിസർവ് ബാങ്കും ഇന്ത്യയുടെ വളർച്ച കൊറോണ വ്യാപനത്തിന്റെ ഫലമായി ഒരു ശതമാനം വരെ കുറവുവരുത്തുമെ ന്ന് പ്രവചിച്ചിരിക്കുന്നു. ഇന്ത്യയുടെ ഏറ്റവും വലിയ വ്യാപാരപങ്കാളികളിൽ ഒ ന്നായ ചൈനയുടെ സാമ്പത്തിക പ്രശ്നങ്ങൾ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ ഗണ്യ മായി ബാധിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ

വ്യാവസായിക ആവശ്യങ്ങൾക്കുള്ള മെഷീനുകൾ ,രാസവളങ്ങൾ, കാർഷിക ഉപകരണങ്ങൾ, കളിപ്പാട്ടങ്ങൾ, വിവിധതരം വസ്ത്രങ്ങൾ, മരുന്നുകൾ, മോട്ടോർ വാഹനങ്ങളുടെ ഘടകങ്ങൾ തുടങ്ങി മിക്കവാറും മേഖലകളെല്ലാം ചൈനീസ് വിപണി കൈയടക്കിയിട്ടുണ്ട്.ഇന്ത്യയിൽ പ്രവർത്തിക്കുന്ന ഒട്ടുമിക്ക മരുന്ന് കമ്പനികളും 95 ശതമാനം വരെ ഉത്പാദനഘടകങ്ങൾ ചൈനയിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്. അതിനാൽ മരുന്നുക്ഷാമം രൂക്ഷമാകാൻ വൈറസ് വ്യാപനം കാരണമാകും. ഇന്ത്യയിൽ ടൂറിസം മേഖലയിൽ ഉപജീവനം കണ്ടെത്തുന്നത് 4 കോടിയിലധികം ആളുകളാണ്. അടുത്ത ഒരു വർഷത്തിനിടയിൽ ഈ മേഖലയിൽ 12 ലക്ഷത്തോളം പേർക്ക് തൊഴിൽ നഷ്ട്ടപ്പെടുകയും 11000 കോടി രൂപയുടെ വരുമാന നഷ്ട്ടവുമുണ്ടാകുകയും ചെയ്യുമെന്ന് കണക്കാക്കുന്നു. മുന്നര ലക്ഷം പേർ ജോലി ചെയ്യുന്ന വ്യോമയാന രംഗത്ത് ഏപ്രിൽ മുതൽ ജൂൺ വരെ മാത്രം 4200 കോടി രൂപയുടെ നഷ്ട്ടമുണ്ടാകുമെന്നാണ് കണക്കുകൂട്ടുന്നത് ' പൊതു വ്യാപാര മേഖലയിലാകട്ടെ 4.6 കോടിയിലധികം ആളുകളാണ് ഉപജീവനം കണ്ടെത്തുന്നത്.അടുത്ത മൂന്ന് മാസങ്ങളിൽ മാത്രം ഇവിടെ 1 കോടി തൊഴിൽ നഷ്ട്ടമുണ്ടാകും. ഹോട്ടൽ വ്യവസായ മേഖലയിൽ 73 ലക്ഷം ആളുകളാണ് ജോലി ചെയ്യുന്നത്. ഇവിടെ 14 ലക്ഷം പേർക്ക് തൊഴിൽ നഷ്ടപ്പെടും. റിയൽ എസ്റ്റേറ്റ് മേഖലയിലും സ്ഥിതി സമാനമാണ്. പ്രവാസമാണ് മനുഷ്യവംശത്തെ അതിജീവിക്കാൻ പഠിപ്പിച്ചത്.നമ്മൾ ഇന്നോളം നേരിട്ടിട്ടില്ലാത്ത കൊറോണ വൈറസെന്ന മഹാവിപത്തിനുമുന്നിൽ ഏറ്റവും വലിയ പ്രതിസന്ധി നേരിടുന്നതും സ്വന്തം നാട്ടിലെത്താനാവതെപോയ പ്രവാസി സമൂഹമാണ്.  ലോക വ്യാപകമായ അടച്ചിടൽ നമ്മുടെ സ്നേഹസ്പർശത്തിനപ്പുറം പല നാടുകളിലായി അവരെ ഇരുട്ടിലാഴ്ത്തിയിരിക്കുകയാണ്. മനുഷ്യരാശിയെ ബാധിച്ച മഹാന്ധകാരമായ കൊറോണ വൈറസ് പ്രവാസികളുടെ തിരിച്ചു വരവിനു മുന്നിൽ വലിയ വെല്ലുവിളികളുയർത്തിയിരിക്കുന്നു. നാം കരുതിയിരുന്നേ തീരൂ. കൊറോണക്കാലത്ത് നാട്ടിലെത്താനുള്ള മനുഷ്യരുടെ ബദ്ധപ്പാട് നാം കണ്ടു കൊണ്ടിരിക്കുന്നുണ്ട്'. ഡൽഹിയിലും കോട്ടയത്തും പെരുമ്പാവൂരിലുമൊക്കെ നാട്ടിലെത്താനുള്ള മറുനാട്ടുകാരുടെ വേദന നാം തിരിച്ചറിഞ്ഞതാണ്. ലക്ഷക്കണക്കിന് മലയാളികൾ രാജ്യത്തിനകത്തും പുറത്തും നാനാഭാഗത്തായി ചിതറി കിടക്കുന്നുണ്ട്. അവരെ തിരിച്ചെത്തിക്കാനുള്ള തയാറെടുപ്പുകൾ നാം ഇപ്പോഴേ തുടങ്ങി വെക്കേണ്ടതുണ്ട്. ഗൾഫ് മേഖലയിലെ മലയാളികൾ പ്രത്യേക പരിഗണനന്ന അർഹിക്കുന്നു.  ലക്ഷകണക്കിനു മലയാളികളുടെ രണ്ടാം വീടാണ് ഗൾഫ് രാജ്യങ്ങൾ. നമ്മുടെ നാടിന്റെ സാമ്പത്തിക വളർച്ചയുടെയും നിലനിൽപ്പിന്റെയും നട്ടെല്ലാണ് അവരുടെ വരുമാനം. അവരുടെ തിരിച്ച് വരവിനായി കാത്തിരിക്കുകയും അതിനുവേണ്ട കാര്യങ്ങൾ മുന്നോട്ട് നീക്കുകയും ചെയ്യുകയെന്ന ധർമം പാലിക്കുന്ന അവരുടെ കുടുംബത്തെ പരിഗണിക്കണം.  അവരോട്

സർക്കാർ വിവേചനം കാട്ടരുത്. ജൻമനാട്ടിലേക്കു തിരിച്ച് വരാനുള്ള വഴികളിൽ ആസൂത്രണമികവ് അനിവാര്യമാണ്. കേരള സമ്പദ്‌വ്യവസ്ഥ നാണ്യവിളകളുടെ കയറ്റുമതിയെയും വിദേശ മലയാളികളുടെ നിക്ഷേപത്തെയും ആശ്രയിച്ചാണ് നിലനിൽക്കുന്നത്. വൈറസിന്റെ വ്യാപനം കേരളത്തിൽ നിന്നുള്ള നാണ്യവിളകളുടെ കയറ്റുമതിയെ ഗണ്യമായി ബാധിക്കും. അന്താരാഷ്ട്ര വിപണിയിലുള്ള മാന്ദ്യം കേരള ഉത്പന്നങ്ങളുടെ ആവശ്യകത കുറയ്ക്കുകയും അത് ആഭ്യന്തര സമ്പദ്‌വ്യവസ്ഥയെ സാരമായി ബാധിക്കുകയും ചെയ്യും. ഇൻഡ്യയിലെ സംസ്ഥാനങ്ങളിൽ മൽസ്യകയറ്റുമതിയിൽ നാലാം സ്ഥാനത്താണ് കേരളം. കേരളത്തിൽ വൈറസ് ബാധയുണ്ടായതോടെ അന്താരാഷ്ട്ര മൽസ്യവിപണിയിൽ ഇടിവു വന്നിരിക്കുന്നു. ഇത് തൊഴിലില്ലായ്മക്കും സാമ്പത്തിക പ്രശ്നങ്ങൾക്കും ഇടയാക്കും. ഗൾഫ് രാജ്യങ്ങളിൽ കൊറോണ പടർന്ന് പിടിച്ചതോടെ മറ്റു കിഴക്കൻ രാജ്യങ്ങളിൽ ഒട്ടുമിക്ക സ്ഥലങ്ങളിലും ഉത്പാദനം നിർത്തിവെക്കുകയും ഇത് കേരളത്തിലെ പ്രവാസികളുടെ തൊഴിലിനെ ബാധിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുണ്ടാകുന്ന തൊഴിലില്ലായ്മ കേരളത്തിലേക്കുള്ള വിദേശ പണത്തിന്റെ ഒഴുക്ക് കുറയ്ക്കും. കേരള സമ്പദ്‌വ്യവസ്ഥയുടെ മറ്റൊരു പ്രധാന ഘടകമാണ് വിനോദസഞ്ചാര മേഖല. വൈറസ് പടർന്നതോടെ ആഭ്യന്തര വിനോദ സഞ്ചാരികൾ കേരളം സന്ദർശിക്കുന്നത് നന്നേ കുറഞ്ഞു. എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളും അടയ്ക്കുകയുണ്ടായി. ഈ മേഖലയുമായി ബന്ധപെട്ട് പ്രവർത്തിക്കുന്ന ആൾക്കാർക്ക് തൊഴിൽ നഷ്ടവും വരുമാന നഷ്ടവും ഉണ്ടാകുകയും അത് ജനങ്ങളുടെ ജീവിതത്തെയും അത് വഴി മൊത്തം സമ്പത്‌വ്യവസ്ഥയെയും ബാധിക്കുകയും ചെയ്യും. സാധാരണ ജനജീവിതത്തിൽ ഒരു വൈറസ് നടത്തിയ അപ്രതീക്ഷിത ആക്രമണം ലോകത്താകമാനം വിതച്ചിരിക്കുന്ന ഭീതിയും അരക്ഷിതാവസ്ഥയും വളരെ വലുതാണ്. വ്യക്തമായ കണക്കുകൂട്ടലുകളോടെ മുന്നോട്ട് നീങ്ങിയാൽ ഈ പ്രശ്നം മറികടക്കാമെന്നാണ് സാമ്പത്തിക വിദ്ഗ്ധർ ചൂണ്ടിക്കാട്ടുന്നത്.  ജൻ ധൻ യോജനയിലൂടെ രാജ്യത്ത് 38 കോടിയോളം ആളുകൾ ബാങ്ക് അക്കൗണ്ട് ആരംഭിച്ചെന്ന് അവകാശപ്പെടുന്ന മോദി ഗവൺമെന്റിന് ആവിജയം പ്രയോജനപ്പെടുത്താനുള്ള ഒരവസരം കൂടിയാണിത്. മറ്റൊരു പായമാണ് ചെറുകിട സ്ഥാപനങ്ങൾക്ക് പലിശരഹിതമോ കുറഞ്ഞ പലിശയുള്ളതോ ആയ ബാക് വായ്പകൾ നൽകുന്നത്. ഇത് കൈവിട്ടു പോയ ജീവിതം തിരിച്ച് പിടിക്കാൻ ജനങ്ങളെ സഹായിക്കുമെന്ന് മാത്രമല്ല (Demand) സാധാരണ തലത്തിലേക്കെത്തിച്ച് സമ്പദ്‌വ്യവസ്ഥയ്ക്ക് കൂടുതൽ ഉണർവേകുകയും ചെയ്യും. സമാനമായി കേന്ദ്ര ബാങ്കും മറ്റ് മുൻ നിര ബാങ്കുകളും വായ്പകളിൽ ഇളവുകൾ വരുത്തുന്നത് കൂടുതൽ സഹായകരമാകും. ക്രൂഡ് ഓയിൽ വില ഏറ്റവും താഴ്ന്ന് നിൽക്കുന്ന ഈ അവസ്ഥയിലും പെട്രോൾ ഡീസൽ വിലയിൽ ഗണ്യമായ കുറവ് വരുത്താത്തതും വീഴ്ചയാണ്. ഇതിനിടയിൽ പെട്രാൾ ഡീസൽ

എക്സൈസ് തീരുവ കൂട്ടി കലക്കവെള്ളത്തിൽ മീൻ പിടിക്കുന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. ലിറ്ററിന് മൂന്ന് രൂപയാണ് അധിക തീരുവയായി ഈടാക്കിയത്. അപ്രതീക്ഷിതമായി സംജാതമായ ഈ സ്ഥിതിവിശേഷം മറ്റ് രാജ്യങ്ങൾ എങ്ങനെ തരണം ചെയ്യുന്നു എന്നതും സൂക്ഷ്മമായി നിരീക്ഷിക്കണം. ഇതിന് മറ്റ് രാജ്യങ്ങൾ കണ്ടെത്തുന്ന ഉപായങ്ങൾ ചിലപ്പോൾ ഇന്ത്യയിൽ നടപ്പാക്കിയാൽ കൂടുതൽ ഗുണകരമായി ഭവിച്ചേക്കാം. കോവിഡ് 19 ഏറ്റവും കൂടുതൽ വ്യാപിച്ച അമേരിക്ക ഇറ്റലി എന്നീ രാജ്യങ്ങൾ തകരുന്ന സമ്പദ് വ്യവസ്ഥയെ രക്ഷിക്കാൻ യഥാക്രമം ഒരു ലക്ഷം കോടി ഡോളറിന്റെയും 25 ബില്യൺ യൂറോയുടെയും പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. ഇത്രയധികം പണം സ്വരൂപിക്കാൻ ഇന്ത്യയിലെ ആനുകാലിക സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ ബുദ്ധിമുട്ടാണ്. ജി.എസ്.ടി. ശേഖരിക്കുന്നതിൽ 1.6 ലക്ഷം കോടി രൂപയാണ് ഇനിയും കേന്ദ്രത്തിലേക്ക് എത്താനുള്ളത്. ആദായ നികുതി യാകട്ടെ 5000 കോടിയും. ഇത് സമയബന്ധിതമായി ശേഖരിച്ചിരുന്നെങ്കിൽ ഒരു പരിധി വരെ സാമ്പത്തിക ബുദ്ധിമുട്ടുകൾക്ക് മുന്നിൽ പിടിച്ച് നിൽക്കാമായിരുന്നു. നിലവിലെ സാഹചര്യത്തിൽ ഇന്ത്യക്ക് പണം സ്വരൂപിക്കാനാവുന്ന ഏക വഴി ഇടിയുന്ന എണ്ണ വിലയാണ്. സ്പോർട്സ് മേഖലയിൽ കൊറോണ തുടരുന്നതിനാൽ ചാമ്പ്യൻസ് ലീഗ് യൂറോപ്യൻ ലീഗ്, യുറോ 2020 യോഗ്യതാ പ്ലേ ഓഫുകൾ അനിസ് ചിതമായി സസ്പെൻഡ് ചെയ്തു. യുറോ 2020. 2021 വരെ മാറ്റി വെച്ചു ഈ വേനൽക്കാലത്തെ കോപ്പ അമേരിക്കയും മാറ്റിവെച്ചു. ജൂൺ തുടക്കത്തിൽ ഇംഗ്ലീഷ് ഫുട്ബോൾ പുനരാരംഭിക്കാനാണ് ലക്ഷ്യമിടുന്നത്, മൽസര പ്രവർത്തനങ്ങളുടെ തിരിച്ചുവരവിനുള്ള തീയതിക്കായി ജൂൺ 6 വരെ EFL പ്രവർത്തിക്കുന്നുണ്ടെന്ന് ESPNനോട് പറഞ്ഞ ലാലിഗയെ അനിശ്ചിതമായി സസ്പെൻഡ് ചെയ്തു.അങ്ങനെ ചെയ്യുന്നത് സുരക്ഷിതമാണെന്ന് സ്പാനിഷ് സർക്കാർ പറയുന്നതുവരെ ഇത് പുനരാരംഭിക്കില്ല. യൂറോപ്പിലെ മറ്റ് പ്രധാന ലീഗുകളും സസ്പെൻഡ് ചെയ്തു – സെറി എ.ബുണ്ടസ്ലിക ,ലീഗ് 1 IPLലും നീട്ടിവെച്ചു. അങ്ങനെ പ്രധാനപെട്ട സ്പോർട്സ് മേഖലയും കൊറോണ ഭീഷണിയിലാകും നമുക്ക് ഇന്ന് നേരിടേണ്ടി വരുന്ന ഏറ്റവും വലിയ വിപത്താണ് കൊറോണ. ചൈനയിലേ വുഹാനിൽ നിന്ന് പടർന്ന് പിടിച്ച് ലോകം മൊത്തം വ്യാപിച്ച ഒരു ഭീകരനായ രോഗമാണ് ഇത്. അത് കൊണ്ട് തന്നെ മുൻകരുതലുകൾ എടുത്തും സാമൂഹിക അകലം പാലിച്ചും നമുക്ക് അതിനെ ഇല്ലാതാക്കാം. അതിന് ലോക ജനതയുടെ സഹായം വേണം അല്ലെങ്കിൽ ലോകത്തിന്റെ ഒരു വലിയ വിഭാഗം ജനങ്ങൾ ഈ രോഗം കൊണ്ട് മരിച്ചു പോയേക്കാം. അത് കൊണ്ട് സാമൂഹിക അകലം പാലിച്ച് നമുക്ക് മുന്നേറാം.

**അമാൻ റാഫിദ്. എം**
10 A കെ.എം ഹയർസെക്കന്ററി സ്കൂൾ,കരുളായി,
നിലമ്പൂർ ഉപജില്ല, മലപ്പുറം

# നല്ല നാളേക്കായ്..

ആധുനിക ലോകം ഇന്ന് ഏറ്റവും കൂടുതൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ ഒന്ന് ജീവിത ശൈലീരോഗങ്ങളാണ്. മനുഷ്യന്റെ ജീവിത ശൈലിയിൽ ഉണ്ടായ മാറ്റങ്ങൾ ആണ് ജീവനു തന്നെ ഭീഷണിയായി മാറിയ ഇത്തരം രോഗങ്ങൾക്കു കാരണം. അനാരോഗ്യകരമായ ജീവിത ചുറ്റുപാട് ക്ഷണിച്ചു വരുത്തിയ രോഗങ്ങളാണിവ. ഭക്ഷണ ശീലത്തിലുള്ള മാറ്റങ്ങൾ, വ്യായാമമില്ലായ്മ, മാനസിക സംഘർഷം, മദ്യപാനം, പുകവലി, മയക്കുമരുന്ന് ഉപയോഗം എന്നിവയെല്ലാം ജീവിത ശൈലി രോഗങ്ങൾക്ക് കാരണമാകുന്നു. മനുഷ്യന്റെ ആഡംബരങ്ങളോടൊപ്പം അവന്റെ ആർത്തിയും മനുഷ്യനും വരും തലമുറയ്ക്കും വെല്ലുവിളിയായി മാറും. തിരക്കുപിടിച്ച ജീവിതം നയിക്കുമ്പോൾ തങ്ങളുടെ ആയുസ് കുറയുകയാണെന്ന തിരിച്ചറിവ് ആരിലും ഉണ്ടാകാതെ പോകുന്നത് സങ്കടകരമാണ്. ഈ അവസ്ഥയെ നിയന്ത്രിക്കാനും മനുഷ്യന്റെ ജീവിതരീതി മാറ്റാനും ശ്രമിക്കേണ്ടതാണ്. ആധുനിക കാലഘട്ടത്തിൽ അടിക്കടി വർധിച്ചു വരുന്ന ജീവിത ശൈലി രോഗങ്ങൾ ആണ് പ്രമേഹം, ആസ്തമ, കൊളസ്ട്രോൾ, ക്യാൻസർ, അൾസർ, മാസസിക പിരിമുറുക്കം തുടങ്ങിയവ. മരണത്തിനു വരെ കാരണമാകുന്ന ഇത്തരം രോഗങ്ങൾ സമൂഹത്തിൽ വർധിച്ചു കൊണ്ടിരിക്കയാണ്. ഇന്ന് രോഗങ്ങളില്ലാത്ത ഒരാളെപ്പോലും കണ്ടെത്തുക പ്രയാസമേറിയ കാര്യമാണ് ആധുനിക ലോകത്ത് സാങ്കേതിക വിദ്യയുടെ വളർച്ചവർധിക്കുകയാണെങ്കിലും രോഗങ്ങളുടെ വളർച്ചക്ക് യാതൊരു കുറവും സംഭവിച്ചിട്ടില്ല. അതിന്റെ തെളിവാണ് ക്രമരഹിതമായ ജീവിത ശൈലി പിന്തുടരുന്ന ഒരാൾ വളരെ ചെറുപ്പത്തിലെ രോഗിയാകുന്നതും മരണത്തിലേക്ക് പോകേണ്ടി വരുന്നതും. ജീവിതത്തിലെ മാനസിക സംഘർഷങ്ങളും സമയക്കുറവും, ഫാസ്റ്റ്ഫുഡും എല്ലാം ഇതിനു കാരണമാകുന്നു. സമയക്കുറവ് ഫാസ്റ്റ്ഫുഡ് ഉപയോഗത്തിലേക്ക് നയിക്കുന്നു. ആ രുചിക്കൂട്ട് വേറെ ചില ശീലങ്ങളിലേക്ക് കൊണ്ടു പോകും. ആ ശീലങ്ങൾ നമ്മുടെ ആരോഗ്യത്തെ കവർന്നെടുക്കുന്ന രാസവസ്തുക്കൾ ശരീരത്തിൽ അടിഞ്ഞു കൂടുന്നതിലേക്ക് നയിക്കും. ഈ രാസവസ്തുക്കൾ ക്യാൻസർ പോലുള്ള മാരക രോഗം സൃഷ്ടിക്കാൻ ഇടയാക്കും. മനുഷ്യന്റെ സന്തോഷകരമായ ജീവിതം നശിക്കാൻ ഇത്തരം രോഗങ്ങൾ കാരണമാകും. രോഗം പിടിപെട്ടതിനു ശേഷമായിരിക്കും നാം അതിനെ കുറിച്ച് ചിന്തിക്കുക. കുടുംബാംഗങ്ങളിൽ ഒരാൾക്കുണ്ടാകുന്ന രോഗം കുടുബത്തെ മാനസികമായി തളർത്തും. ആധുനിക കാലത്താണ് ക്യാൻസർ വ്യാപകമായി കാണാൻ തുടങ്ങിയത്. അതിനു കാരണം മാറി മറിഞ്ഞ ജീവിത ശൈലികളാണ്. പുരാതന കാലത്ത് ജീവിത ശൈലി രോഗങ്ങൾ അപൂർവമായിരുന്നു.പ്രകൃതിദത്തമായ ഭക്ഷണവും പ്രകൃതിയുമായി ഇണങ്ങിയുള്ള ജീവിതവുമായിരുന്നു ആ കാലഘട്ടത്തിലെ ജനങ്ങൾ നയിച്ചിരുന്നത്. എല്ലാവരും അധ്വാനിക്കുകയും ഗാർഹിക കാർഷിക

ജീവിതം നയിക്കുകയും ചെയ്തിരുന്നു. പ്രകൃതിയിൽ നിന്ന് എന്ന് നാം അകലാൻ തുടങ്ങിയോ രോഗങ്ങൾ നമ്മളെ പിടികൂടാനും തുടങ്ങി. മിക്സി, വാഷിംഗ് മെഷീൻ, മോഡുലർ കിച്ചൺ ഇവ വന്നതോടു കുടി ജോലി എളുപ്പമായി തീർന്നു എങ്കിലും വ്യായാമക്കുറവിന് പരിഹാരം കണ്ടെത്തുന്നതിൽ മനുഷ്യൻ പരാജയപ്പെട്ടു. പാടത്തും പറമ്പിലും അധ്വാനിച്ചിരുന്ന മനുഷ്യൻ മണ്ണിന്റെ മക്കളായിരുന്നു. ആധുനിക കൃഷിരീതി അവനെ മണ്ണിൽ നിന്നും അകറ്റി. പ്രകൃതിയോട് ഇണങ്ങി ജീവിച്ചിരുന്ന മനുഷ്യർ എയർ കണ്ടീഷണറിന് ഉള്ളിലേക്ക് വലിഞ്ഞപ്പോൾ പ്രകൃതിദത്തമായ അവന്റെ പ്രതിരോധ ശക്തി നഷ്ടപ്പെട്ടു. ഇന്ന് ആശുപത്രികളുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരികയാണ് ഒപ്പം രോഗികളും. ആരോഗ്യകരമായ ഒരു ജനതയെ സൃഷ്ടിക്കണമെങ്കിൽ ജീവിത ശൈലി രോഗങ്ങളിൽ നിന്ന് സമൂഹം മുക്തി നേടിയേ പറ്റൂ. ചിട്ടയായ വ്യായാമം കൃത്യമായ ദിനചര്യാ പാലനം, ശരിയായ ഭക്ഷണ രീതി, യോഗ തുടങ്ങിയവ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റണം. ആരോഗ്യത്തിന് ദോഷം ചെയ്യുന്ന ലഹരിപാനീയങ്ങളും മരുന്നും ഉപേക്ഷിക്കണം.ക്രമരഹിതമായ ജീവിത ശൈലികൾ ഉപേക്ഷിക്കുക വഴി നമ്മുടെ ജീവിതം ആരോഗ്യകരമായി തീർക്കുവാൻ കഴിയും.ആരോഗ്യമുള്ള  ഒരു ജനതയെ വാർത്തെടുത്തെങ്കിൽ മാത്രമേ ഒരു ക്ഷേമരാഷ്ട്രം പടുത്തുയർത്താൻ നമുക്കു കഴിയൂ...

**അനാമിക എ എസ്**
7 A, ഗവ യു പി എസ്സ് വഞ്ചിയൂർ,
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# വൈറസ്

ചൈനയിൽ പുറപ്പെട്ട കോവിഡ്-19  വൈറസ് വ്യാപനത്തിന്റെ ഗുരുതരമായ ഘട്ടത്തിലൂടെയാണ് നമ്മൾ ഇപ്പോൾ കടന്ന് പോയിക്കൊണ്ടിരിക്കുന്നത്. പതിനായിരക്കണക്കിന് ആളുകൾ മരണത്തിന് കീഴടങ്ങുകയും ലക്ഷക്കണക്കിനാളുകൾ രോഗത്തിന് അടിമപ്പെട്ടിരിക്കുകയും ചെയ്യുന്ന ഈ സാഹചര്യത്തെ ലോക രാഷ്ട്രങ്ങൾ അതീവ ഭയത്തോടെയാണ്  ഉറ്റുനോക്കുന്നത്.  യാതൊരു പ്രതിരോധ മാർഗവും കണ്ടു പിടിച്ചിട്ടില്ലെന്ന യാഥാർഥ്യം ഈ ഒരു സാഹചര്യത്തെ ഒന്നുകൂടി ഭീകരമാക്കുന്നു. ചൈനയിൽ രോഗ വ്യാപനത്തിലും മരണത്തിലും കുറവ് രേഖപ്പെടുത്തുന്നുണ്ടെങ്കിലും യൂറോപ്പിലും പശ്ചിമ മധ്യേഷ്യാ രാജ്യങ്ങളിലും രോഗ ബാധ കൂടിയത് ആശങ്ക വർധിപ്പിക്കുന്നു.

വൈറസ് ബാധ സ്ഥിരീകരിച്ച രാജ്യങ്ങൾ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമായി നടത്തി കൊണ്ടിരിക്കുകയാണ്. നമുക്ക് എല്ലാവർക്കും അറിയുന്നതുപോലെ

നമ്മുടെ ഈ കൊച്ചു കേരളവും രോഗത്തിന് അടിമപ്പെട്ടിരിക്കുകയാണ്. പരിമിത സാഹചര്യങ്ങളിൽ പോലും കേരള ജനത ഒരുമിച്ചു നിന്ന് ഈ മഹാമാരിയെ തുടച്ചു നീക്കുമെന്ന ഉറച്ച വിശ്വാസവും അധികാരികളുടെ മികച്ച രീതിയിലുള്ള ഇടപെടലുകളും പൂർവാധികം ശക്തിയോടെ നമ്മൾ തിരിച്ചു വരുമെന്ന പ്രതീക്ഷയാണ് നൽകിക്കൊണ്ടിരിക്കുന്നത്. അതേ സമയം ഇറ്റലി പോലുള്ള വികസിത രാഷ്ട്രങ്ങളിലെ വർധിച്ച മരണ നിരക്ക് ഇന്ത്യ അടക്കമുള്ള രാജ്യങ്ങൾക്ക് വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത്.

നമ്മുടെ ജനതയെ ഇത്തരമൊരു ആപത്ഘട്ടത്തിൽ നിന്നും കരകയറ്റാൻ നാം ഓരോരുത്തർക്കുമുള്ള ചുമതല വിലമതിക്കാനാവാത്തതാണ്. വ്യക്തി ശുചിത്വവും സാമൂഹിക അകലവും പാലിച്ചുകൊണ്ടും, വിവിധ ആരോഗ്യ സംഘടനകളുടെ നിർദേശങ്ങൾ അനുസരിച്ച് കൊണ്ടും കോവിഡ് -19 നെതിരെ നമുക്കും പോരാടാം!

'കൈകൾ കോർത്തു പിടിച്ചുകൊണ്ടല്ലാതെ അകലം പാലിച്ചുകൊണ്ടാവട്ടെ നമ്മുടെ ഈ പോരാട്ടം '. എന്ത് വില കൊടുത്തും നമ്മൾ കരകയറുക തന്നെ ചെയ്യും.

*"BREAK THE CHAIN -! "*

**ഫാത്തിമത്തുൽ ഷിഫ. വി**
2 B കുറുമ്പക്കൽ മാപ്പിള എൽ. പി സ്കൂൾ,
കൂത്തുപറമ്പ് ഉപജില്ല, കണ്ണൂർ

# പെരുകുന്ന മാലിന്യങ്ങൾ

ജീവന്റെ നിലനിൽപ്പിന് ജലവും ആഹാരവും കൂടിയേ തീരു.അതുപോലെ ജീവന്റെ ആരോഗ്യകരമായ നിലനിൽപ്പിന് വ്യക്തിശുചിത്വവും പരിസരശുചിത്വവും അത്യന്താപേക്ഷിതമാണ്.എന്നാൽ മനുഷ്യൻ വികസനത്തിൽ നിന്നും വികസനത്തിലേക്ക് പോയിക്കൊണ്ടിരിക്കുമ്പോഴും മാലിന്യങ്ങൾ പെരുകുകയും പകർച്ച വ്യാധികൾ കൂടുകയും ചെയ്യും.
പരിസരമലിനീകരണത്തിന് കാരണമാകുന്ന പ്രധാന വസ്തുതകൾ ഇവയാണ്. മനുഷ്യ മൃഗാദികളുടെ വിസർജ്ജ്യങ്ങൾ, കുപ്പ, അഴുക്ക് ജലം, ആവശ്യാനുസരണം വായുസഞ്ചാരമില്ലാത്ത പാർപ്പിടങ്ങൾ, വ്യക്തിശുചിത്വമില്ലായ്മ, എലികൾ, ചെറുപ്രാണികൾ എന്നിവയുടെ പെരുപ്പം, അന്തരീക്ഷ മലിനീകരണം എന്നിവ പലരോഗങ്ങൾക്കും കാരണമാകുന്നു.
പൊതുസ്ഥലങ്ങളിൽ മലവിസർജനം ചെയ്യുക, നിരത്തിൽ തുപ്പുക, ചപ്പു ചവറുകൾ വീടിന്റെ പരിസരങ്ങളിലും പൊതു നിരത്തിലും ഇടുക , പ്ലാസ്റ്റിക്കിന്റെ അമിത

ഉപയോഗം, പ്ലാസ്റ്റിക് കത്തിക്കുക തുടങ്ങിയ ദുശ്ശീലങ്ങൾ ഇപ്പോഴും തുടർന്ന് കൊണ്ടിരിക്കുന്നു. ഇത് കാരണം വിരശല്യം, വയറുകടി, കോളറ, സന്നിപാതജ്വരം, ക്ഷയം, ഡെങ്കിപ്പനി, എച്ച് 1 എൻ 1 തുടങ്ങിയ നിരവധി തടയാവുന്ന രോഗങ്ങൾക്ക് ജനങ്ങൾ വിധേയരാകുന്നു. വായു, വെള്ളം, വെളിച്ചം, ശബ്ദം, എന്നിവ ദൈനം ദിന ജീവിതത്തിൽ നമ്മെ നിയന്ത്രിക്കുന്ന ഭൗതികഘടകങ്ങളാണ്.
വ്യവസായ ശാലകളിൽ നിന്നും പുറന്തള്ളുന്ന രാസവസ്തുക്കളടങ്ങിയ പുക, വീടുകളിൽ ഇന്ധനങ്ങളായി ഉപയോഗിക്കുന്ന വസ്തുക്കൾ പുറന്തള്ളുന്ന പുക എന്നിവ മൂലം ശ്വസനവ്യവസ്ഥയെ ബാധിക്കുന്ന അസുഖങ്ങൾ പലരെയും ബാധിക്കുന്നതായി കാണുന്നു. ഇന്ത്യയും വൻ നഗരങ്ങളിൽ സ്മോക്കി ന്യൂയിസൻസ് നടപ്പാക്കിയിട്ടുള്ളത് മലിനീകരണം നിയന്ത്രിക്കുന്നതിനെ ലക്ഷ്യമാക്കിക്കൊണ്ടാണ്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ മലിന ജലം, മലിന വായു, ശബ്ദ കോലാഹലങ്ങൾ, മുതലായവ ജന ജീവിതത്തിൽ രൂക്ഷമായ പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. ഒരുവർഷം 50 ദശലക്ഷം കോടിയോളം ജനങ്ങൾ ജലത്തിൽ കൂടി പകരുന്ന രോഗങ്ങൾക്ക് വിധേയരായിക്കൊണ്ടിരിക്കുന്നു.ഇന്ത്യയിൽ ആകെ രോഗികളിൽ 40 ശതമാനം പേരും ജലമലിനതയിൽ രോഗബാധിതരാകുന്നു എന്നാണ് കണക്ക്. മനുഷ്യന്റെ പ്രവർത്തനങ്ങളുടെ ഫലമായുണ്ടാകുന്ന ഈ മാലിന്യങ്ങളെ മനുഷ്യൻ തന്നെ നിർമ്മാർജനം ചെയ്താൽ മാത്രമേ പല മാരക രോഗങ്ങളെയും ഈ ഭൂമുഖത്തു നിന്നും തുടച്ചു മാറ്റാൻ നമുക്ക് കഴിയുകയുള്ളൂ.

**വിപിൻ നായർ വി**
8 B കെ പി എം എച്ച് എസ് എസ് ചെറിയവെളിനല്ലൂർ,
വെളിയം ഉപജില്ല, കൊല്ലം

# പൂമ്പാറ്റ

പൂമ്പാറ്റയെ കാണാൻ എന്തുരസം! വീട്ടിനടുത്തുള്ള പൂംതോട്ടത്തിൽ തേൻ കുടിക്കാൻ പൂമ്പാറ്റ എന്നും വരും. പൂമ്പാറ്റക്കു പലപല നിറങ്ങളുണ്ട്. പൂമ്പാറ്റ പറക്കുന്നത് കാണാൻ എന്ത് ചന്തം. പൂമ്പാറ്റയുടെ ചിറകുകൾക്ക് എന്ത് മിനുസമാണ്. മഞ്ഞ, ചുമപ്പ്, പച്ച, കറുപ്പ്, നീല, വെള്ള അങ്ങനെ എത്ര നിറങ്ങളാണ്. ചിറകടിച്ചു ചിറകടിച്ചു പറന്നു പറന്നു നടക്കും.. ഒരുനാൾ കാണാതെയാവും.

**മുഹമ്മദ് ഫാസിൽ എം എഫ്,**
1 എ ഗവണ്മെന്റ് എൽ പി എസ് ചായ,
പാലോട് ഉപജില്ല, തിരുവനന്തപുരം

# ആർഭാടങ്ങൾ ഇല്ലാത്ത ആഘോഷം.

വല്ലാത്ത ആൾക്കൂട്ടമായിരുന്നു ഓഡിറ്റോറിയത്തിന് മുമ്പിൽ. റോഡിൽ വാഹങ്ങൾ പാർക്ക് ചെയ്തത് കാരണം മറ്റു വാഹനങ്ങൾക്ക് പോലും പോകാൻ വയ്യാത്ത അത്ര തിരക്ക്. കല്യാണ ചെക്കൻ അതാ കുതിര പുറത്ത് വരുന്നു. അതിനെ താളം പിടിച്ചു കൊണ്ട് കുറെ ചെറുപ്പക്കാർ അവരാണെങ്കിലോ ഒരേ പോലെ ഷർട്ടും ലുങ്കിയും കൂളിംഗ് ഗ്ലാസും. എല്ലാവരും ഡാൻസ് ചെയ്ത് ആകെ സന്തോഷത്തിൽ. ഓഡിറ്റോറിയത്തിന് പിറകിൽ കല്യാണം കഴിഞ്ഞ ശേഷം ബാക്കി വന്ന ആഹാരം കുഴി കുത്തി മൂടുന്ന തിരക്കിലായിരുന്നു കുറെ കാറ്ററിങ് ചെറുപ്പക്കാർ. എല്ലാം ഇപ്പോൾ ഒരു ഓർമ പോലെ. എത്ര വേഗം ആണ് എല്ലാം മാറി മറിഞ്ഞത്. ഒരു വൈറസ് മൂലം ആർക്കും കല്യാണം കൂടേണ്ട ഉത്സവം കൂടേണ്ട പണിക്ക് പോകേണ്ട. പണത്തിന്റെ ഹുങ്ക് കാണിക്കാതെ എല്ലാം ചെറിയ രീതിയിൽ നടത്താം എന്ന് മനസ്സിലായി. നമുക്ക് ഒന്നിച്ചു പ്രാർഥിക്കാം. ഒന്നിച്ചു നേരിടാം. ഒട്ടകെട്ടായി.......

**മുനീർ.എസ്**
IV A കോമ്പൗണ്ട് സി എം എസ് എൽ പി എസ് ആലപ്പുഴ,
ആലപ്പുഴ ഉപജില്ല, ആലപ്പുഴ

# സ്കൂൾ അധികൃതർക്കുള്ള മാർഗനിർദേശം

ഇനിയും നാം ഉണരാതെ വയ്യ

മനുഷ്യൻ പ്രകൃതിയുമായി ഇഴുകി ചേർന്നിരിക്കുന്നു. ആയതിനാൽ അവന്റെ ഓരോ പ്രവൃത്തിയും പരിസ്ഥിതിയെ അനുകൂലമായും പ്രതികൂലമായും ബാധിച്ചേക്കാം. മനുഷ്യന് ആവശ്യമുള്ളതെല്ലാം പ്രകൃതിയിലുണ്ട്.എന്നാൽ മനുഷ്യന്റെ അത്യാർത്തിക്കായി ഒന്നും തന്നെ പ്രകൃതിയിലില്ല.(ഗാന്ധിജി).

ഗാന്ധിജിയുടെ ഓരോ വാക്കും ഈ വർത്തമാനയുഗത്തിൽ ചിന്താർഹമാണ്. മനുഷ്യൻ പലപ്പോഴും സ്വാർത്ഥനായി മാറുന്നു. മനുഷ്യനും പ്രകൃതിയും തമ്മിൽ ഉണ്ടായിരുന്ന ഊഷ്മളമായ ഒരു ബന്ധം തീർത്തും നഷ്ടപ്പെട്ടിരിക്കുന്നു. ആഗോളതാപനം, മലിനീകരണം, വരൾച്ച, വനനശീകരണം, പ്രകൃതിക്ഷോഭം.. .....പരിസ്ഥിതിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വാർത്തകൾ. പുതിയ കാലത്ത് ഇങ്ങനെയാണ് നാം ഓരോരുത്തരിലും എത്തിച്ചേരുന്നത്. പ്രാദേശിക ഗ്രാമസഭ ചർച്ചകൾ മുതൽ അന്താരാഷ്ട്ര ഉച്ചകോടികളിൽ വരെ നിരന്തരം ഒരു മുഖ്യ അജണ്ടയായി പരിസ്ഥിതി ഇന്ന് കടന്നു വരുന്നു. ഇത്തരം ചർച്ചകൾക്കെല്ലാം ഇടയാക്കുന്നതും മനുഷ്യൻ തന്നെ.

പച്ചപ്പ് ജീവന്റെ ഭാഗമായിരുന്നു ആദിമ ജനതയ്ക്ക്. നീതിപൂർവമായി അതിനെ വിനിയോഗിക്കുന്നതിലും വരും തലമുറക്കായി സംരക്ഷിച്ചു പോരുന്നതിലും അവർ കാണിച്ച പ്രകൃതി ബോധമാണ് ഹരിതാഭ നിറഞ്ഞ ഒരു ഭൂമിയിൽ ജീവിക്കാൻ നമുക്ക് ഭാഗ്യം നൽകിയത്. എന്നിരുന്നാൽ തന്നെയും ആധുനിക മനുഷ്യരിൽ അത്തരം ഒരു ചിന്ത വിരളമായിക്കൊണ്ടിരിക്കുന്നു. സ്വാർഥ താൽപര്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് പ്രകൃതിയെ ഇല്ലാതാക്കുകയും സ്വന്തം ജീവനെക്കുറിച്ച് യാതൊരു ചിന്തയുമില്ലാത്ത ഒരു കൂട്ടം മനുഷ്യർ നമുക്കിടയിൽ ഉള്ളതുതന്നെ പരിതാപകരമായ ഒരു കാര്യം തന്നെയാണ്.

ഒരു കണക്കിന് ചിന്തിച്ചാൽ മനുഷ്യൻ ബുദ്ധിഭ്രമം ബാധിച്ച ഒരു ജീവിയെപ്പോലെ അലയുകയാണ്. ആ ജീവി സ്വന്തം ജീവന് തന്നെ ആപത്തായി മാറുകയാണ്. ഇനിയും നാം ജാഗ്രത കാണിച്ചില്ലെങ്കിൽ കൃത്രിമമായി നിർമിച്ച ഓക്സിജനുമായി അധിക കാലം ഈ ഭൂമിയിൽ ജീവിക്കാനാകില്ല എന്നത് തീർച്ചയാണ്. അതിനാൽ മനുഷ്യനെ എന്ത് വില കൊടുത്തും ഇണക്കിച്ചേർക്കേണ്ട ഉത്തരവാദിത്വം മനുഷ്യരായ നമുക്ക് തന്നെയാണ്. പ്രകൃതിയെ അമ്മയായി കാണുക , ആ അമ്മയുടെ സുരക്ഷിതത്വം പൂർണമായും നമ്മുടെ ഉത്തരവാദിത്വമാണ്. ഇനിയും നാം ഉണർന്നില്ലെങ്കിൽ നമ്മുടെ ജീവൻ മാത്രമല്ല മറിച്ച് നല്ല ഒരു നാളെ നമ്മുടെ വരും തലമുറയ്ക്ക് ഉണ്ടാകുമോ എന്നത് സംശയാതീതമാണ്.

**മുബാറക്ക്. വൈ**
9 E കെ പി എം എച്ച് എസ് എസ് ചെറിയവെളിനല്ലൂർ,
വെളിയം ഉപജില്ല, കൊല്ലം

# എന്റെ പരിസരം.

പതിവായി ഉണരാറുള്ള സമയം ആറുമണിയാണ്. പക്ഷേ സ്കൂളിൽ പോകാനുള്ള ധൃതിയിൽ ചുറ്റുമുള്ള കാഴ്ചകൾ കണ്ണിൽ പെട്ടിരുന്നില്ല. എന്നാൽ ഈ ലോക്ഡൗൺ എന്റെ വീടിന് ചുറ്റും പുതിയൊരു ലോകം സമ്മാനിച്ചു. കാവ് പോലെ മരങ്ങൾ പന്തലിച്ചു നിൽക്കുന്നു. സൂര്യപ്രകാശം ഏൽക്കുമ്പോൾ ഇലകൾ വെള്ളി പോലെ തിളങ്ങുന്നു. കാറ്റിന് മുല്ലയുടെയും പാരിജാതത്തിന്റെയും സമ്മിശ്ര ഗന്ധം. മൾബറി പഴം കൊത്തിത്തിന്നാനെത്തിയ കുരുവികളും ഓലഞ്ഞാലിയും കരിയില കിളികളും കലപില കൂട്ടി പറക്കുന്നു. കിളികൾക്ക് കുടിക്കാനായി പാത്രത്തിൽ ഞാൻ വെള്ളം നിറച്ചു വയ്ക്കാറുണ്ട്. ഞങ്ങളുടെ കളി സ്ഥലം

പട്ടിക്കുട്ടികൾ കയ്യടക്കിയിരിക്കുന്നു. അയൽവീട്ടിലെ പശുവിനെയും കിടാവിനെയും നോക്കി നിൽക്കാൻ നല്ല രസമാണ്.

വെള്ളയും നീലയുമായി തെളിഞ്ഞു നിന്ന ആകാശം പതിയെ നിറം മാറി തുടങ്ങി. പക്ഷികൾ കൂടണയുന്ന ശബ്ദം. ചെറിയ ഇടിയും മിന്നലും പിന്നാലെ വന്നു. ഇത്ര മനോഹരമായി ഞാൻ പ്രകൃതിയെ കണ്ടിട്ടില്ല. അല്ല അങ്ങനെ നോക്കി കാണാൻ ഞാൻ സമയം കണ്ടെത്തിയില്ല എന്നു പറയുന്നതാവും ശരി. മഴ ശക്തമായി ഭൂമിയെ കുളിരണിയിക്കുന്നു, നാളെ ഉന്മേഷമുള്ള ഒരു പ്രഭാതം സമ്മാനിക്കുന്നതിനായി........

**നവദീപ് എ**
9 എ ക്രിസ്തുരാജ് എച്ച്.എസ്.എസ്,കൊല്ലം,
കൊല്ലം ഉപജില്ല, കൊല്ലം

# പരിസ്ഥിതിയും വ്യക്തിശുചിത്വവും

എത്രയോ മനോഹരമായ കാഴ്ചകൾ പ്രകൃതി നമുക്ക് നൽകിയിരിക്കുന്നു. കാട്, മല, വനം, നദി തുടങ്ങിയവയെല്ലാം പ്രകൃതിയുടെ മനോഹാരിത കൂട്ടുന്നു. പരിസ്ഥിതിയെയും പ്രകൃതിയെയും സംരക്ഷിക്കേണ്ടത് നമ്മുടെ ചുമതലയാണ്. അത് മനുഷ്യന് മാത്രമായിട്ടുള്ളത് അല്ല. പ്രകൃതിയിലെ മറ്റു ജീവജാലങ്ങൾക്കും ഉള്ളതാണ്. മനുഷ്യന്റെ അനാവശ്യപ്രവൃത്തി മൂലം പ്രകൃതിയിലെ പല സൃഷ്ടികളും നഷ്ടമായിക്കൊണ്ടിരിക്കുന്നു. പരിസ്ഥിതി നമ്മൾ സംരക്ഷിക്കണം. നമ്മളാൽ കഴിയുന്ന രീതിയിൽ പരിസ്ഥിതിയിൽ നല്ല രീതിയിൽ ഉള്ള മാറ്റങ്ങൾ വരുത്തണം. നമ്മുടെ പ്രവൃത്തിമൂലം പരിസ്ഥിതി മലിനീകരണം, വായുമലിനീകരണം, മണ്ണുമലിനീകരണം, ജലമലിനീകരണം തുടങ്ങിയവ ഉണ്ടാകുന്നു. അനാവശ്യമായുള്ള ഫാക്ടറി നിർമാണങ്ങൾ, വയൽ നികത്തി ഫ്ളാറ്റ് നിർമാണങ്ങൾ അനധികൃത മണൽ ഊറ്റൽ തുടങ്ങിയവ നമ്മൾ പരിസ്ഥിതിക്ക് മേൽ ചെയ്യുന്ന ഉപദ്രവങ്ങൾ ആണ്. ഇവയൊക്കെ കൊണ്ട് തന്നെയാവാം പ്രകൃതി മനുഷ്യന് തിരിച്ചടി നൽകുന്നത്. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, പ്രളയം എന്ന രീതിയിൽ എത്രയെത്ര പ്രകൃതി ദുരന്തങ്ങൾ മനുഷ്യൻ നേരിട്ടു. പ്രകൃതിക്ക് മേൽ നമ്മൾ ഏൽപ്പിക്കുന്ന മുറിവുകൾക്ക് പ്രതികാരമായി അവർ തിരിച്ചടി നല്കിയതാവാം. 2018-ൽ ഉണ്ടായ പ്രളയത്തെ തുടർന്ന് എത്രയെത്ര പേരുടെ ജീവൻ നഷ്ടപ്പെട്ടു. വീട് നഷ്ടപ്പെട്ടു. അതുപോലെ തന്നെ 2019-ൽ നടന്ന മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലും എത്രപേർക്കാണ് തന്റെ ഉറ്റവരെ നഷ്ടപെട്ടത്. എല്ലാം മനുഷ്യന്റെ പ്രവൃത്തിയുടെ ഫലം. ഇനിയെങ്കിലും

പ്രകൃതിയെ നോവിക്കാതെ അവരുമായി ഇണങ്ങി കഴിയാൻ മനുഷ്യന് കഴിയട്ടെ. ശുചിത്വം എന്നത് മനുഷ്യ ജീവിതത്തിലെ ഒരു ഘടകമാണ്. നമ്മളിൽ ശുചിത്വം ഉണ്ടായാലേ ആരോഗ്യകരമായ ജീവിതം നയിക്കാൻ പറ്റുകയുള്ളു.ശുചിത്വം എന്നത് ഓരോ വ്യക്തിയും ജന്മനാ വളർത്തിയെടുക്കേണ്ടതാണ്. ആദ്യം നമ്മൾ പരിസ്ഥിതിയെ ശുചികരിക്കണം. പരിസ്ഥിതിയെ നശിപ്പിക്കുന്ന ഏതൊരു വസ്തുവിനെയും മാറ്റിനിർത്തണം. നമ്മുടെ വീടിന് ചുറ്റും നോക്കിയാൽ തന്നെ അറിയാം നമ്മുടെ അശ്രദ്ധമൂലം എന്തെല്ലാം രോഗവാഹികളെ നമ്മൾ വളർത്തുന്നു. വീടിനു ചുറ്റും ഉപേക്ഷിക്കുന്ന പാത്രത്തിലോ ചിരട്ടയിലോ പ്ലാസ്റ്റിക് കവറിലോ വെള്ളം കെട്ടിക്കിടന്ന് അതിൽ കൊതുകും മറ്റു ജീവികളും വളരാൻ ഇടവരുന്നു. ഇവയൊക്കെ നമുക്ക് രോഗം പകർന്ന് നൽകുന്നു.അതോടൊപ്പം തന്നെ വ്യക്തി ശുചികരണവും പ്രധാനമാണ്. നമ്മൾ ദിവസവും രണ്ട് തവണ എങ്കിലും കുളിക്കണം , പല്ലുതേയ്ക്കണം ആഹാരം കഴിക്കുന്നതിന് മുന്പും ശേഷവും കൈകൾ കഴുകണം. നമ്മളാൽ നമ്മളിൽ തന്നെ രോഗങ്ങൾ വരാതെ ശ്രദ്ധിക്കണം. ഇപ്പോൾ നേരിടുന്ന വലിയ ഒരു പ്രശ്നമാണ് കോവിഡ്-19 എന്ന വൈറസ്. അത് എത്രപേരുടെ ജീവനെടുത്തു. നമുക്ക് എന്തിനെയും പ്രതിരോധിക്കാൻ ഉള്ള മനസ്സുണ്ടെങ്കിൽ നമ്മൾ ഈ വൈറസിൽ നിന്ന് മുക്തി നേടും. എങ്ങനെ പ്രളയത്തിൽ നിന്ന് കേരളം അതിജീവിച്ചോ അതുപോലെ. വ്യക്തി ശുചിത്വവും പ്രതിരോധവും കൈമുതലായി ഉണ്ടെങ്കിൽ നമുക്ക് ഒരു നല്ല ആരോഗ്യമുള്ള സമൂഹത്തെ തന്നെ വാർത്തെടുക്കാൻ കഴിയും.

**ശ്രീനന്ദൻ,**
3 ബി, ഗവ.എൽ.പി എസ് ഭരതന്നൂർ,
പാലോട് ഉപജില്ല, തിരുവനന്തപുരം

# ജീവൽസ്പന്ദനങ്ങൾ

ഭൂമിയിലെ സകല ജീവജാലങ്ങളും ജീവൻ നിലനിർത്തുന്നത് ശ്വസനപ്രക്രിയയിലൂടെ ആണ്. വായു എത്രത്തോളം ശുദ്ധമാണോഅത്രത്തോളം ആരോഗ്യകരമായിരിക്കും ജീവജാലങ്ങളും.എന്നാൽ ഇന്ന് അന്തരീക്ഷവായു ഏറെ മലിനമായിരിക്കുന്നു. അതിനുള്ള കാരണങ്ങൾ അഗ്നിപർവ്വത സ്ഫോടനങ്ങൾ ,കാട്ടുതീ, പൊടിക്കാറ്റ്, ഫോസിൽ ഇന്ധനങ്ങളുടെ ഉപഭോഗം ജന്തു സസ്യ വിഭാഗങ്ങളുടെ ജ്വലനം, താപോർജ്ജ നിലയങ്ങൾ ,രാസ വ്യവസായങ്ങൾ, ഇലക്ട്രോണിക്സ്, തുണി ഇരുമ്പു ഉരുക്ക് വ്യവസായം, മോട്ടോറുകളുടെ ജ്വലനം അങ്ങനെ പലതും വായു മലിനീകരണത്തിനു കാരണമാകും.   സൾഫർ ഡൈഓക്സൈഡ് നൈട്രജൻ

ഓക്സൈഡുകൾ ബെൻസീൻ സൂക്ഷ്മ കണങ്ങൾ എന്നിവ ശ്വാസകോശ സംബന്ധമായ രോഗങ്ങൾക്ക് കാരണമാകുന്നു. ചുമ നെഞ്ചുവേദന ശ്വാസതടസ്സം എന്നിവയ്ക്ക് ഓസോൺ കാരണമാകും. സൂക്ഷ്മ കണങ്ങളും മൂടൽമഞ്ഞും ചേർന്നുണ്ടാകുന്ന സ്മോഗ് ഇലകളുടെ പുറത്തുള്ള ആവരണത്തെ നശിപ്പിക്കുന്നു. അത് ജലനഷ്ടത്തിനു കാരണമാകുന്നു.പ്രകാശസംശ്ലേഷണത്തെ തടസ്സപ്പെടുത്തുന്നു.ഇലകൾ മഞ്ഞ നിറത്തിൽ വാടി വീഴും.പല വാതകങ്ങളും ചായപ്പണികളുടെയും നിറം കൊടുക്കും.ഇരുമ്പ്, ഉരുക്ക് എന്നിവ തുരുമ്പിക്കാനിടയാക്കും. ബെൻസോ പൈറിൻവാതകം ലുക്കീമിയക്ക് കാരണമാകും. ആസ്ബറ്റോസ് ക്യാൻസറിന് ഇടയാക്കും. ചില കീടനാശിനികൾ, കളതാശിനികൾ എന്നിവ ത്വക് രോഗങ്ങൾക്കും നാഡീ സംബന്ധമായ രോഗങ്ങൾക്കും അന്തസ്രാവ ഗ്രന്ഥികളുടെ പ്രവർത്തന വൈകല്യങ്ങൾക്ക് കാരണമാകുന്നു. ഇവയിൽ തന്നെ ഓർഗാനോ ക്ലോറൈഡ് വിഭാഗത്തിൽ പെട്ടതും മെർക്കുറിയും ചേർന്നുണ്ടാകുന്നവ അത്യന്തംമാരകമാണ്.അതു പോലെ തന്നെ അമ്ള മഴയ്ക്കും കാരണമാകുന്നു. വ്യവസായ ശാലകളിൽ നിന്നുള്ള പുകയിലെ സൾഫർ ഓക്സൈഡ് ,നൈട്രജൻ ഓക്സൈഡ് എന്നിവ അന്തരീക്ഷത്തിലെ ഈർപ്പവുമായി കലർന്ന് സൾഫ്യൂറിക് അമ്ളവും നൈട്രിക് അമ്ളവും ഉണ്ടാകും. മഴവെള്ളത്തോടൊപ്പം ഇത് ഭൂമിയിൽ എത്തും.പെട്രോളിയം ശുചീകരണശാലകൾ , സൾഫർ കൂടുതലുള്ള കൽക്കരി കത്തിക്കുന്ന വ്യവസായശാലകൾ എന്നിവയും അമ്ള മഴക്ക് കാരണമാകുന്നു. ഇതിനുള്ള പരിഹാരമാർഗം വ്യവസായശാലകൾ സ്ഥാപിക്കുമ്പോൾ തന്നെ മലിനീകരണം തടയാനുള്ള മാർഗങ്ങളും സ്വീകരിക്കണമെന്നതാണ്. അരിപ്പകൾ, സ്ക്രബുകൾ എന്നിവ ഉപയോഗിച്ച് സൂക്ഷ്മ കണികകളെ അരിച്ചു മാറ്റിയതിനു ശേഷം വായു പുറത്തുവിടണം.പുക കഴലിന്റെ നീളം കൂട്ടുക, സൗരോർജം ,ജൈവോർജം തുടങ്ങിയവ ഉപയോഗിക്കുക. യന്ത്രസംവിധാനങ്ങളുടെ കാര്യക്ഷമത വർധിപ്പിച്ച് പുറത്തു വിടുന്ന വാതകങ്ങളുടെ അളവ് കുറയ്ക്കുക, മോട്ടോർ വാഹനങ്ങളിൽ ആന്റി പൊലൂഷൻസംവിധാനം ഘടിപ്പികുക ,വാഹനങ്ങൾ ഇലക്ട്രിക്കൽ ആക്കുക, വീടുകളിൽ പുക നിയന്ത്രിത അടുപ്പുകൾ ഉപയോഗിക്കുക, സൗരോർജം പരമാവധി പ്രയോജനപ്പെടുത്തുക. ഇങ്ങനെ വായു മലിനീകരണത്തെ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ച് പ്രകൃതിയെയും ജീവജാലങ്ങളെയും നമുക്ക് സംരക്ഷിക്കാം.

**ചന്ദന എൽ**
7 B, ഗവ യു പി എസ്സ് വഞ്ചിയൂർ,
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# കൊറോണയും എന്റെ അവധിക്കാലവും

മാർച്ചിൽ പരീക്ഷ ഒന്നു തീർന്ന് കിട്ടിയിരുന്നെങ്കിൽ എന്നു സങ്കടപ്പെട്ടിരുന്നപ്പോൾ ദാ വരുന്നു കൊറോണ. പരീക്ഷ ഇല്ല എന്തൊരു സന്തോഷം! കൊറോണക്ക് കാരണമായ കാണാൻ പറ്റാത്ത ജീവി ഏതാണെന്ന് വിചാരിച്ചിരുന്നപ്പോൾ എല്ലാവരും വീട്ടിലിരിക്കണമെന്ന് അറിയിപ്പ് കിട്ടി. അപ്പോഴും പരീക്ഷ ഇല്ല, സ്കൂളിൽ പോകേണ്ട എന്നത് ആശ്വാസം ആയിരുന്നു. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ മഹാ ബോർ ആയിതുടങ്ങി. ഇതിനേക്കാൾ നല്ലത് സ്കൂളിൽ പോകുന്നതാണെന്ന് തോന്നി.

കൊറോണയെ ചെറുക്കാൻ വീട്ടിലിരുന്നാൽ മാത്രം പോര പരിസര ശുചിത്വവും വ്യക്തി ശുചിത്വവും വേണമെന്ന് ടിവി യിലൂടെയും പത്രത്തിലൂടെയും അറിഞ്ഞു. അങ്ങിനെ ഞാനും ചേട്ടനും കൂടി വീടിന് ചുറ്റും നടന്നു. അപ്പോഴാണ് വീട്ടിലെ അഴുക്ക് വെള്ളത്തിന്റെ പൈപ്പ് റോഡിന്റെ ഓടയിലേക്ക് വച്ചിരിക്കുന്നതായി കണ്ടത്. അത് ഞാൻ അമ്മയോട് പറയുകയും ചെയ്തു. അപ്പോഴാണ് വീടിനടുത്തുള്ള ഒരു സാർ ശുചിത്വം, രോഗം എന്നിവയെ പറ്റി ഉള്ള പടമുള്ള ഒരു നോട്ടിസ് മുന്പ് തന്നത് ഓർമ വന്നത്. ആ നോട്ടിസ് തപ്പിയെടുത്ത് അതിൽ പൈപ്പ് വെള്ളം എങ്ങിനെ എന്തു ചെയ്യണം എന്നും അസുഖങ്ങൾ ഉണ്ടാകുന്നതിനെ കുറിച്ചും അമ്മയെ വായിച്ചു കേൾപ്പിച്ചു അപ്പോഴാണ് അമ്മയ്ക്ക് മനസ്സിലായത്. പിന്നീട് അമ്മയും ഞാനും ചേട്ടനും ചേർന്ന് വീടും പരിസരവും വൃത്തിയാക്കി. പ്ലാസ്റ്റിക്ക് ചാക്കിലാക്കി കുടുംബശ്രീയുടെ ഹരിത കർമ സേനക്ക് കൊടുക്കാമെന്നു അമ്മ പറഞ്ഞു. മറ്റ് വേസ്റ്റ്കൾ കുഴിയെടുത്ത് അതിലിട്ടു. പൈപ്പ് വെള്ളം തൊഴിലുറപ്പ് പദ്ധതിയിലൂടെ സോക്ക്പിറ്റ് എടുക്കാമെന്ന് അമ്മ പറയുകയുണ്ടായി.

അങ്ങനെ ഈ കൊറോണ സമയത്ത് വീടും പരിസരവും വൃത്തിയാകുകയും ബാക്കി സമയം ബോറടിക്കാതിരിക്കുവാൻ പച്ചക്കറികൾ(ചീര, വെണ്ട, ഇഞ്ചി, മഞ്ഞൾ, വെള്ളരി, തക്കാളി, വാളരി, പയർ, കത്തിരി) എന്നിവ കൃഷി ചെയ്യാൻ അമ്മയ്ക്കും അഛനുമൊപ്പം ഞാനും ചേട്ടനും കൂടുകയും ചെയ്തു. നല്ല വിളവും കിട്ടി. ബാക്കി സമയം ഡാൻസിനും പാട്ടിനും പടം വരക്കുന്നതിനുമായി ചെലവഴിച്ചു. അത് കൂടാതെ ഈ കൊറോണ കാലം കഴിയുമ്പോൾ അടുത്തുള്ള വീടുകളിൽ പോയി പരിസര ശുചിത്വത്തെക്കുറിച്ചും രോഗത്തെക്കുറിച്ചും പറയുമെന്നു തീരുമാനം എടുക്കുകയും ചെയ്തു. ഇപ്പോൾ എനിക്കു കൊറോണക്കാലവും അവധിക്കാലവും ഒരു ബോറായി തോന്നുന്നില്ല. ഈ കൊറോണക്കാലം എന്നും ഞാൻ ഓർമിക്കും

**നക്ഷത്ര ബിജു**
3 A, ഗവഃഎൽ.പി.എസ്.കന്യാകുളങ്ങര,
കണിയാപുരം ഉപജില്ല, തിരുവനന്തപുരം

# ഹരിതവൃന്ദാവനം

ഭൂമി എത്ര സുന്ദരിയാണ്, കുന്നുകളും മലകളും കാടുകളും, പുഴകളും, തടാകങ്ങളും, ജീവജാലങ്ങളും, ജീവവായുവും ചേർന്ന ഒരു ഹരിത വൃന്ദാവനമാണ് ഭൂമി. പ്രകൃതിയുടെ ഓരോ പ്രതിഭാസവും ഒന്നിനോട് ഒന്നായി ആശ്രയിച്ചിരിക്കുന്നു. മണ്ണും മഴയും ആകാശവും എല്ലാം അതിന്റെ ഒരു ഭാഗമാണ്. നാം വസിക്കുന്ന ഈ ഭൂമിയിൽ മനോഹാരിത കൂട്ടുന്ന മറ്റെന്തെല്ലാമുണ്ട്! പല വർണ്ണത്താൽ ഭൂമിക്ക് ചായം പൂശുന്ന പൂക്കൾ, പൂക്കളിൽ തേൻ നുകരാൻ എത്തുന്ന പൂമ്പാറ്റകൾ, കളകളം ഒഴുകുന്ന അരുവികൾ, പക്ഷികളുടെ കൊഞ്ചലുകൾ, വെള്ളി അരഞ്ഞാണം പോലെ തുള്ളിക്കളിക്കുന്ന കടൽ ഇവയൊക്കെ ആസ്വദിക്കാൻ കഴിയുന്ന നമ്മൾ എത്ര ഭാഗ്യവാന്മാരാണ്. നമ്മുടെ പ്രകൃതി സൃഷ്ടിച്ചിരിക്കുന്ന ഓരോ പ്രതിഭാസവും നമുക്ക് വേണ്ടിയാണ് നാം ഒരു തൈ നടുമ്പോൾ അത് വളർന്നു ഒരു മരം ആകുന്നു. ആ മരത്തെ ആശ്രയിച്ചുകൊണ്ട് എത്ര ജീവജാലങ്ങൾക്ക് കഴിയാം നമ്മുടെ മണ്ണിനെയും ജലസ്രോതസ്സുകളെയും അന്തരീക്ഷത്തെയും എല്ലാം നാം ശ്രദ്ധാപൂർവ്വം നോക്കിക്കണ്ടാൽ അവ നമ്മുടെ ആരോഗ്യത്തിനു വേണ്ടി നിലകൊള്ളും. നാം എല്ലാവരും ഒത്തൊരുമയോടെ നമ്മുടെ പരിസ്ഥിതിയെ സംരക്ഷിച്ചാൽ വരുന്ന തലമുറകൾ പൂർണ ആരോഗ്യത്തോടെ വളരുംവാഹനങ്ങളുടെയും ഫാക്ടറി കളുടെയും അമിതമായ ഉപയോഗം മൂലം ഭൂമിയുടെ അന്തരീക്ഷം ദൈനംദിനം മലിനമായി കൊണ്ടിരിക്കുകയാണ്. കോവിഡ് 19 എന്ന മഹാമാരി ലോകത്താകമാനം മനുഷ്യരാശിക്ക് ഭീഷണിയായി തീർന്നിട്ടുണ്ട് എന്നാൽ കൊറോണ പ്രതിരോധത്തിന്റെ ഭാഗമായി ജനങ്ങൾ പുറത്തിറങ്ങാതെ യും വാഹനങ്ങൾ നിരത്തിൽ ഇറക്കാതെ യും ഇരുന്നപ്പോൾ ഭൂമിയുടെ സ്വാഭാവിക അന്തരീക്ഷം തിരികെ വരികയും പരിസ്ഥിതി മലിനീകരണം ഗണ്യമായി കുറഞ്ഞു വരികയും ചെയ്തു. കൊറോണ എന്ന മഹാമാരി ജീവജാലങ്ങൾക്ക് ഭീക്ഷണി ആണെങ്കിലും മറ്റൊരർഥത്തിൽ ഭൂമിക്ക് അനുഗ്രഹവുമാണ്. ഭൂമി നമ്മുടെ അമ്മയാണ്. സംരക്ഷണം നമ്മുടെ കടമയാണ്. ഭൂമിയുടെ സൗന്ദര്യത്തെ എന്നും നമുക്ക് കാത്തുസൂക്ഷിക്കാം

**ലക്ഷ്മിപ്രിയ എസ്,**
2 A, ഗവ.എൽ.പി. എസ് ഭരതന്നൂർ,
പാലോട് ഉപജില്ല, തിരുവനന്തപുരം

# കൊറോണക്കാല അനുഭവങ്ങൾ

മാർച്ച് മാസം പരീക്ഷകളുടെ മാസം.അധികം ടെൻഷൻ അടിക്കാതെ കുറച്ചു പരീക്ഷകൾ കഴിഞ്ഞു. ലോകത്തെ വിറപ്പിച്ചുകൊണ്ടിരിക്കുന്ന കൊറോണ എന്ന വൈറസ് നമ്മുടെ ഇന്ത്യയിലും എത്തി. പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥ. അധ്യാപകരുടെയും കൂട്ടുകാരുടെയും സാമീപ്യം നഷ്ടമായി. വീട്ടിലിരുന്നു ബോറടി മാറ്റാൻ അടുക്കളയിൽ അമ്മയെ സഹായിച്ചും ചിത്രം വരച്ചും ടി വി കണ്ടും പത്രം വായിച്ചും സമയം ചെലവഴിക്കാൻ തുടങ്ങി.
അങ്ങനെയിരിക്കെ ബാംഗ്ളൂരിൽ നിന്ന് ജോലിയിലായിരുന്ന ചേട്ടൻ വീട്ടിലെത്തി. അതോടെ കിട്ടി മുട്ടൻ പണി. ചേട്ടനെ പ്രത്യേക റൂമിൽ ആക്കി. പപ്പാ ,'അമ്മ ,ചേച്ചി ,ഞാൻ എല്ലാവരും നിരീക്ഷണത്തിലായി. ആരോഗ്യപ്രവർത്തകർ വരുന്നു ,നിർദ്ദേശങ്ങൾ തരുന്നു,..നിയമങ്ങളും നിർദേശങ്ങളും അനുസരിക്കാൻ ഞങ്ങളും തയ്യാറായി. ഞങ്ങളുടെയും നാടിന്റെയും നന്മയെ കരുതി ഞങ്ങൾ എല്ലാവരിൽ നിന്നും അകന്നു കഴിയുന്നു.
അതിനിടെ സ്കൂളിൽ നിന്നും എസ് പി സി യുടെ ചില ടാസ്കുകൾ എല്ലാ ദിവസവും ചെയ്യാൻ കഴിഞ്ഞു.  പച്ചക്കറി നട്ടു ,മരം നട്ടു ,പൂച്ചെടികൾ നട്ടു ,പാഴ്‌വസ്തുക്കൾ കൊണ്ട് ചില മനോഹരങ്ങളായ വർക്കുകൾ ചെയ്തു. കടലാസുകൾ കൊണ്ട് പുഷ്പങ്ങൾ നിർമ്മിച്ചു,ഉപയോഗരഹിതമായ തുണി കൊണ്ട് ചവിട്ടി നിർമ്മിച്ചു. ഈ കൊറോണക്കാലം സന്തോഷപ്രദമാക്കുവാൻ എന്നെപ്പോലെ പല കുട്ടികൾക്കും കഴിഞ്ഞു. ലോകം മുഴുവൻ അതിഗുരുതരമായ അവസ്ഥയിലൂടെ കടന്നുപൊയ്ക്കൊണ്ടിരുന്ന അവസ്ഥയിൽ ,കൊറോണ എന്ന ഭീകരൻ വലിയ ഒരു കൊടുംകാറ്റായി ഓരോ രാജ്യത്തെയും കീഴ്പെടുത്തിക്കൊണ്ടിരിക്കുന്ന ദയനീയ അവസ്ഥയിൽ മനുഷ്യന്റെ വംശനാശം സംഭവിക്കുമോ എന്ന് പോലും ഭയപ്പെട്ടു. മറ്റു രാജ്യങ്ങളെ തകർക്കാൻ അണുബോംബും,മാരകായുധങ്ങളും കണ്ടു പിടിച്ച ലോകത്തിൽ കൊറോണ എന്ന വൈറസിനെ കീഴ്പെടുത്തുവാൻ ഒരു സയൻസിനും സാധിച്ചിട്ടില്ല എന്നത് ഒരു നഗ്ന സത്യമാണ്.
കൊറോണയെ നേരിടാൻ നമ്മുടെ ഗവണ്മെന്റ് ചെയ്യുന്ന സേവനങ്ങൾ വളരെ അധികം പ്രശംസനീയമാണ്. ജനപ്രതിനിധികൾ ,ഡോക്ടർമാർ ,നഴ്സുമാർ ,കളക്ടർമാർ ,പോലീസുകാർ ഇവരുടെ പ്രവർത്തനങ്ങൾ വളരെ ഗുണം ചെയ്യുന്നുണ്ട്. ഈ കൂട്ടായ്മയുടെ ഫലം നമുക്ക് വരും ദിവസങ്ങളിൽ കാണുവാൻ സാധിക്കും. ഈ കൊറോണക്കാലവും നമ്മൾ അതിജീവിക്കും.

**ഗ്ലോറിയ ജോർജ്ജ്,**
9 C ജി എച്ച് എസ് എസ് തരുവണ,
മാനന്തവാടി ഉപജില്ല, വയനാട്

# CAN WE LIVE WITHOUT SCIENCE?

The answer is no , now all you people are confused right? , Let me clear your confusion , people before hundreds and thousands of years had lived healthily and peacefully without science and technology, because the population density per unit area was very low as compared to the current situation , they have enough and more resources they need, but the situation right now is not the same, population rate is tremendously increasing, scarcity of resources, increase in lifestyle diseases, natural calamities and more. The one who supports us from all this is nothing but?  "science and technology".? Science finds solution for all the above mentioned calamities, even in the case of overpopulation it plays an major role, using advanced birth control options everything can be brought under control. Even if it is a pandemic, science has the remedy for that, using biotechnology and advanced medical equipment we can even modify an microbe which we cannot touch and see with our naked eyes. we are effectively treating diseases caused by microbes like fungus and bacteria which are only several micrometers in size.  Science is creating wonders almost everyday what was once sheer fantasy is now almost a reality by virtue of the recent achievement of men of science. Almost everything that makes is our daily life are the wonders of modern science. science has conferred many gifts on modern life. Indeed they are for too many to be counted. o-Medical science Scientist have invented so many wonder drugs. the effects of these drugs are so miraculous. By means of this fatal diseases could be controlled. Many deadly diseases can be cured by the application of medicine in proper time. o-Nuclear energy. Nuclear energy is being harnessed by modern science to peaceful purposes to achieve many more wonders in life. Thus, atom energy is producing electrical power and the radioactive isotopes and tracers are doing marvels in the fields of agriculture and industry. o-Distant images Television photographs about the movement of astronauts on the moon were seen on earth. By the device of electromagnetic waves, photographs of Venus and Mars, millions of miles away, were transmitted by spacecrafts to the earth Composting If we want to grow healthy trees and plants in our garden, we often use fertilizers made from home-made compost heaps, as broken down vegetation and certain food items result in potent nutrients that plants and greenery in general absolutely thrive upon. When we

have some old vegetables that are past their best, if we have a compost heap, we throw them on and let them decompose. Decomposition is part of the wonderful world of science, as we now understand that by letting certain ingredients turn rotten and decompose, that the process can actually be beneficial for our gardens. Science also has the ability to comfort its adherents and promote good behavior. It was the modern understanding of genetics, for example, that revealed how closely related all humans really are. Science has lifted up the human spirit by teaching its students hidden truths and inspiring feats of technical genius.

**Kamalesh Kumar K**
+2 science ജി.എച്ച്.എസ്.എസ് മീനങ്ങാടി,
സുൽത്താൻ ബത്തേരി ഉപജില്ല, വയനാട്

# പ്രകൃതി മനോഹാരിത സൃഷ്ടിക്കുന്നു

പ്രകൃതിയുടെ സൗന്ദര്യത്തെക്കുറിച്ച് പല കാലഘട്ടങ്ങളിലായി പല പ്രമുഖ വ്യക്തികളും പറഞ്ഞിട്ടുണ്ടെങ്കിലുീ ഞാനെന്ന വിദ്യാർത്ഥി ഈ അവധിക്കാലത്ത് എന്റെ കണ്ണിലൂടെ പ്രകൃതിയുടെ സൗന്ദര്യത്തെ നോക്കിക്കാണുകയാണ്. ഒരു അദ്ധ്യയന വർഷം കഴിഞ്ഞ് വന്ന അവധിക്കാലം തന്ന സന്തോഷത്തിന്റെ കാര്യം പറയാൻ കഴിയില്ല ഒരു മഹാമാരി വന്ന് അവധിക്കാലം സന്തോഷമില്ലാതെ ആക്കിയിരിക്കുന്നു. പൊടിപടലങ്ങളോമലിനമായ പുകയോ ഒന്നും തന്നെയില്ലാതെ പ്രകൃതിയെ കാണുമ്പോൾ പ്രകൃതിക്ക് കുറച്ചു കൂടി ഭംഗി ഉള്ളതായി അനുഭവപ്പെടുന്നു. നാട്ടിൻ പുറങ്ങളിലെ പച്ചയും സൗന്ദര്യവുമെല്ലാം ഇന്ന് കാണാ കാഴ്ചകളാണെങ്കിലും മുൻപ് ഉണ്ടായിരുന്ന തിരക്കേറിയ ജീവിതരീതികൾ ഒന്നു ശാന്തമായിരിക്കുന്നു.

അതിനു കാരണം മുൻപ് ഞാൻ പറഞ്ഞ ഒരു മഹാമാരിയാണ്. ഒരു കോവിഡ് എന്ന് പേരുള്ള വൈറസ്. ഒരാളിൽ നിന്ന് മറ്റൊരാളിലെക്ക് അത് വളരെ വേഗത്തിൽ വ്യാപിക്കുന്നു. നാൾക്കുനാൾ അത് പടർന്നു പിടിച്ചു കൊണ്ടിരിക്കുന്നു അതു കാരണം ആർക്കും പുറത്തിറങ്ങാനോ സൗഹൃദ സംഭാഷണത്തിനു പോലും അവസരമില്ലാതിരുന്നു. അവധിക്കാലത്തുണ്ടായി രു ന്ന കളികളുടെ ആരവങ്ങളും സൗഹൃദങ്ങളും ബന്ധുജന സന്ദർശനവുമെല്ലാം ഇല്ലാതായിരിക്കുന്നു. പക്ഷേ റോഡിൽ വാഹന ങ്ങളുടെ പൊടിയും പുകയുമില്ല. അങ്ങനെ പ്രകൃതിയെ മലിനമാക്കുന്നവയൊക്കെത്തന്നെ നന്നേ കുറഞ്ഞിരിക്കുന്നു. ഇപ്പോൾ പുറത്തിറങ്ങാൻ

കഴിയില്ല. പക്ഷേ വീട്ടിലിരുന്നും പ്രകൃതി സൗന്ദര്യം ആസ്വാദിക്കാൻ കഴിയുമെന്ന് ഇപ്പോൾ മനസ്സിലാക്കുന്നു. എന്റെ മുറ്റത്തെ മരങ്ങൾ, ചെടികൾ, വള്ളികൾ എന്നിവയ്ക്കൊക്കെ ഇപ്പോൾ പണ്ടത്തെക്കാളും സൗന്ദര്യമുള്ളതുപോലെ എനിക്ക് അനുഭവപ്പെടുന്നു.

എന്റെ മുറ്റത്ത് പല തരം ചെടികൾ ഉണ്ട് അവയിൽ മണമുള്ള പൂക്കൾ തരുന്നവയും മണമില്ലാത്ത എന്നാൽ ഭംഗിയുള്ളതുമായ പൂക്കൾ തരുന്നവയുമുണ്ട്. മാത്രമല്ല പച്ചക്കറികൾ തരുന്നവയുമുണ്ട്.പല തരത്തിലുള്ള പച്ചക്കറികൾ. ഏതു സമയത്തെക്കാളും അവയ്ക്കിപ്പോൾ പ്രാധാന്യമേറെയാണ്. ചക്കയും മാങ്ങയും മുരിങ്ങയുമെല്ലാം തന്നെ എന്റെ വീട്ടുപറമ്പിൽ കായ്ച്ചു നിൽക്കുന്നു. എല്ലാത്തിനെക്കാളുമുപരി നാമെല്ലാം ശ്വസിക്കുന്ന വായുവുമിപ്പോൾ പ്രകൃതിയുടെ ശാന്തത കൊണ്ട് മലിനമല്ല. ഇപ്പോൾ നാമെല്ലാം പ്രകൃതിയെ കൂടുതൽ ആശ്രയിക്കാൻ തുടങ്ങിയിരിക്കുന്നു. പ്രകൃതിയെ നമ്മൾ സ്നേഹിച്ചാൽ അതു തിരിച്ചും നമ്മളെ സ്നേഹിക്കുമെന്ന് ആരോ പറഞ്ഞത് ഇപ്പോൾ യാഥാർത്ഥ്യമാകുന്നു.

എന്തായാലും ഈ അവധിക്കാലം അല്ല ലോക്ഡൗൺ കാലം എന്ന് തിരുത്തേണ്ടിയിരിക്കുന്നു. എങ്കിലും പ്രകൃതിയെ കൂടുതൽ അടുത്തറിയാൻ ഈ സമയം സാധിക്കുന്നു. ഈ ദിവസങ്ങൾ കടന്നു പോയി ശാന്തമായ ദിനങ്ങൾ ഉണ്ടാകും എന്ന് നമുക്ക് പ്രതീക്ഷിക്കാം. അതോടൊപ്പം ജനങ്ങൾ പ്രകൃതിയെ കൂടുതൽ സ്നേഹിക്കുമെന്നും നമുക്ക് പ്രത്യാശിക്കാം.

**അനന്യ.**
4 A ജി. എച്ച്.എസ്. എൽ.പി. എസ്. പേരൂർക്കട.,
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം

# ലോക്ഡൗൺ

ലോക ചരിത്രത്തിൽ ഈ അടുത്ത കാലങ്ങളിൽ ഒന്നും നാം കേൾക്കുക പോലും ചെയ്യാത്ത രീതിയിലുള്ള ഒരു മഹാമാരിയെയാണ് ഇന്ന് ലോകം അഭിമുഖീകരിക്കുന്നത്. എല്ലാവിധ ആധുനിക സാങ്കേതിക വിദ്യയുടെ കൊടുമുടിയിലെത്തുകയും ലോകത്തെ ഏതൊരു പ്രതിസന്ധി ഘട്ടത്തെയും പ്രതിരോധിക്കാൻ ഞങ്ങൾ പ്രാപ്തരാണ് എന്ന അഹങ്കാര ബുദ്ധിയെയുമാണ് മനുഷ്യന്റെ നഗ്നനേത്രം കൊണ്ട് പോലും കാണാൻ കഴിയാത്ത ഒരു വൈറസ് കീഴടക്കിക്കളഞ്ഞത്.
കൊറോണ (COVID 19) എന്ന ഒരു വൈറസിനു മുമ്പിൽ പുതിയ സാങ്കേതിക വിദ്യകൾ കണ്ടെത്തുന്നതിൽ മത്സരബുദ്ധി കാണിച്ചിരുന്ന ലോക ജനത ഇന്ന് വിറങ്ങലിച്ചു നിൽക്കുകയാണ്.ഈ വൈറസ് മൂലം നിലവിൽ ലോകത്ത് ഒന്നര

ലക്ഷത്തിൽ അധികം ആളുകൾ മരിക്കുകയും ലക്ഷക്കണക്കിനാളുകൾ രോഗബാധിരാവുകയും ചെയ്തിട്ടുണ്ട്.

മുൻ ചരിത്രത്തിൽ COVID 19 ക്കാൾ വലിയ മാരക രോഗങ്ങൾ ലോകത്തുണ്ടായിട്ടുണ്ട്. ലോക ചരിത്രത്തിൽ തന്നെ Black Death എന്നറിയപ്പെടുന്ന 1347-52 കാലഘട്ടത്തിൽ 40 കോടി ലോക ജനസംഖ്യയിൽ 10 കോടി ജനങ്ങൾ ഈ രോഗം കാരണം മരണത്തിനു കീഴടങ്ങിയിട്ടുണ്ട്. ലോകത്തെ മുഴുവനും നിശ്ചലാവസ്ഥയിലേക്ക് മൂക്ക് കുത്തിച്ച ഈ മഹാമാരിയുടേയും ഉറവിടം ചൈനയാണെന്ന് പറയപ്പെടുന്നു. ലോകത്ത് 5000 ൽ അധികം വൈറസും കണ്ടെത്തിയിട്ടുണ്ട് ഇതിൽ മിക്കതിന്റെയും ഉറവിടം ചൈനയാണത്രേ.ഇതിന് കാരണമായി നിരീക്ഷകർ പറയുന്നത് ചൈനക്കാരുടെ വഴിവിട്ട ഭക്ഷണ രീതിയെയാണ്.

ഓരോ നൂറ്റാണ്ടിലും ഇത്തരത്തിലുള്ള മഹാമാരികൾ ഉണ്ടായതായി ചരിത്രത്തിൽ നിന്നും നമുക്ക് വായിച്ചെടുക്കാൻ സാധിക്കും. ഈ കൊറോണക്കാലത്തെ നമ്മുടെ ആത്യന്തിക ലക്ഷ്യം ഈ മഹാമാരിയിൽ നിന്നും നമ്മുടെ ലോകം രക്ഷ നേടി പഴയ രീതിയിലുള്ള ജീവിതം സാധ്യമാവലാണ്. ഈ മഹാമാരിയിൽ നിന്നും രക്ഷ നേടാൻ ഇതിനെ കുറിച്ച് പഠനം നടത്തിയ ശാസ്ത്രജ്ഞന്മാർ മുഴുവനും പറയുന്ന ഒരേയൊരു മാർഗം നമ്മുടെ ഗവൺമെന്റ് നമ്മോട് നിർദേശിച്ചിട്ടുള്ള സാമൂഹിക അകലം പാലിച്ച് വീട്ടിൽ തന്നെയിരിക്കുക അത് നാം കൃത്യമായി പാലിക്കുക എന്നതാണ്. നിയമം അനുസരിക്കാനുള്ളതാണ്, നിരസിക്കാനുള്ളതല്ല.കൊറോണയും ലോക്ഡൗണും നമുക്ക് തന്ന പാഠങ്ങൾ വിസ്മരിക്കാൻ കഴിയാത്തതാണ്. വീണ്ടും ഒരു നിഷ്ക്കളങ്കമായ ജീവിതം നാം അനുഭവിച്ചറിഞ്ഞിരിക്കുകയാണ്. ഇനി നാം ഒറ്റക്കെട്ടായി ഇറങ്ങണം, നിയമത്തെ അനുസരിക്കണം.ഈ നിഷ്ക്കളങ്കതയുടെ ലോക്കഴിക്കാൻ..........

**മുഹമ്മദ് മിനാഹ്ജ്**
10 B ഗവ. എച്ച് എസ് തോൽപ്പെട്ടി,
മാനന്തവാടി ഉപജില്ല, വയനാട്

# പരിസ്ഥിതി പ്രശ്നങ്ങൾ

കേരളം എന്ന് പേര് കേൾക്കുമ്പോൾ തന്നെ ആദ്യം മനസ്സിൽ ഓടിയെത്തുന്നത് പച്ചപ്പ് നിറഞ്ഞ കാഴ്ചകളാണ്. വനങ്ങളും പുഴകളും നെൽപ്പാടങ്ങളും കായലുകളും കടലുമെല്ലാം പ്രകൃതി നമുക്ക് കനിഞ്ഞു നൽകിയ വരദാനങ്ങളാണ്. മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും ഭൂമിയിൽ നിലനിൽക്കണമെങ്കിൽ നമ്മൾ പരിസ്ഥിതിക്ക് യാതൊരുവിധ കോട്ടവും വരുത്തുവാൻ പാടില്ല ഇന്ന് മനുഷ്യൻ അനുഭവിക്കുന്ന പ്രശ്നങ്ങൾക്കെല്ലാം ഒരു പരിധിവരെ കാരണം പരിസ്ഥിതിയിലുള്ള

മനുഷ്യന്റെ കടന്നുകയറ്റമാണെന്നു പറയാം.പരിസ്ഥിതിയെ മനുഷ്യൻ ചൂഷണം ചെയ്യുമ്പോൾ അതിന്റെ താളം തെറ്റുകയും നമ്മുടെ ജീവിതം ദുരിതപൂർണമായി മാറുകയും ചെയ്യുന്നു. മനുഷ്യന് ചുറ്റും കാണുന്നതും പ്രകൃതിദത്തവുമായ അവസ്ഥയാണ് പരിസ്ഥിതി എന്ന് പറയുന്നത്. മനുഷ്യന് ഭൂമിയിൽ ജീവിക്കാൻ അവകാശമുള്ളതു പോലെ തന്നെ സസ്യങ്ങൾക്കും മറ്റു ജീവജാലങ്ങൾക്കും ജീവിക്കാൻ അവകാശമുണ്ട് എന്ന ബോധം പലപ്പോഴും നമ്മൾ മറന്നു പോകുന്നു. മനുഷ്യന് മാത്രമായി ഒരിക്കലും പ്രകൃതിയിൽ നിലനിൽക്കാൻ സാധിക്കുകയില്ല. പരസ്പരാശ്രയത്തിലൂടെ മാത്രമേ നിലനിൽക്കുവാൻ സാധിക്കുകയുള്ളു. ഈ പരസ്പരാശ്രയത്വം നഷ്ടപ്പെടുമ്പോഴാണ് പരിസ്ഥിതിയുടെ സന്തുലനാവസ്ഥ നഷ്ടമായി എന്ന് നാം പറയുന്നത്. വിശേഷബുദ്ധിയുള്ള ജീവിയാണ് മനുഷ്യനെന്ന് തിരിച്ചറിയുകയും ഒരുപാടു ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തു. ലോകം തന്നെ പിടിച്ചടക്കിയ ഒരു മനോഭാവമാണ് മനുഷ്യനുണ്ടായിരുന്നത്. എന്നാൽ ഇന്ന് മറിച്ചു ചിന്തിക്കാവുന്ന അവസരം പ്രകൃതി മനുഷ്യന് നൽകിയിരിക്കുകയാണ്. വനനശീകരണം എന്ന മഹാവിപത്തിലൂടെ മനുഷ്യനിന്നു അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചെറുതൊന്നുമല്ല. അനേകം ജീവജാലങ്ങൾക്ക് അവരുടെ ആഹാരവും വാസസ്ഥാനവുമെല്ലാം ഇതിലൂടെ നഷ്ടമായി. മനുഷ്യൻ വെട്ടിമുറിച്ചു കളയുന്ന സസ്യങ്ങളിൽ ഔഷധസസ്യങ്ങൾ എത്ര ഉണ്ടെന്നു പോലും അവൻ അറിയുന്നില്ല. ഇതിന്റെ എല്ലാം മറുപടിയായി പരിസ്ഥിതി നമുക്ക് നൽകുന്നതാണ് പ്രളയവും,വെള്ളപ്പൊക്കവും,മലയിടിച്ചിലും,വരൾച്ചയും,കൊടുംകാറ്റും,കടുത്ത പകർച്ചവ്യാധികളുമൊക്കെ.നമ്മൾ പരിസ്ഥിതിയെ ഏതെല്ലാം വിധത്തിലാണ് മലിനമാക്കികൊണ്ടിരിക്കുന്നത്? ശബ്ദമലിനീകരണം ,ജല,വായുമലിനീകരണങ്ങൾ,അന്തരീക്ഷമലിനീകരണം,മണ്ണുമലിനീകരണം എന്നിങ്ങനെ.പ്ലാസ്റ്റിക്കുകളുടെ അമിത ഉപയോഗവും മണ്ണിലേക്ക് വലിച്ചെറിയപ്പെടുന്നതും മണ്ണിന്റെ ജൈവഘടനയെ തന്നെ ഇല്ലാതാക്കുന്നു. മണ്ണിലടിയുന്ന പ്ലാസ്റ്റിക്കുകൾ സസ്യങ്ങളുടെ സ്വാഭാവിക വളർച്ചയെ തടസ്സപ്പെടുത്തുന്നു. കൃഷിയുടെ കാര്യത്തിൽ സ്വയം പര്യാപ്തത നേടണമെന്ന കാര്യം കാലം നമ്മെ പഠിപ്പിച്ചിരിക്കുന്നു. കൃഷിയിൽ നിന്നും പെട്ടെന്ന് വിളവ് ലഭിക്കുന്നതിന് വേണ്ടി ജൈവവളങ്ങൾക്കു പകരം മനുഷ്യൻ രാസവളങ്ങളും കീടനാശിനികളും പ്രയോഗിക്കുന്നതും മണ്ണിന്റെ ഗുണമേന്മ തന്നെ നഷ്ടപ്പെടുത്തുന്നു.എൻഡോസൾഫാൻ പോലുള്ള കീടനാശിനികളുടെ പ്രയോഗം മനുഷ്യ ജീവിതം തന്നെ ദുരിതത്തിലാക്കിയ കാഴ്ച കാസർഗോഡിന്റെ കണ്ണീരിലൂടെ നാമിന്നും കാണുന്നു. മനുഷ്യന്റെ സുഖസൗകര്യങ്ങൾക്കും ധനസമ്പാദനത്തിനും വേണ്ടി ഭൂമിയെ ചൂഷണം ചെയ്യുമ്പോൾ അത് നമുക്കും നമ്മുടെ വരും തലമുറയ്ക്കും നാശമാണ് വരുത്തുന്നത് എന്ന തിരിച്ചറിവ് ഇനിയെങ്കിലും ഉണ്ടായാൽ നല്ലത്.............

**ദേവലക്ഷ് മി. ബി.ആർ**
6 C ഗവ.എച്ച്.എസ്.എസ്.ചിതറ,കൊല്ലം,ചടയമംഗലം.,
ചടയമംഗലം ഉപജില്ല, കൊല്ലം

# നേഴ്സമ്മ

എന്റെ അമ്മയെക്കുറിച്ചുള്ള ഓർമകൾ ലാപ്ടോപ്പിലും ഫോണിലും മാത്രമാണ്. എന്നെ പ്രസവിച്ചിട്ട് അമ്മ പോയതാണ്. അച്ഛനും മുത്തച്ഛനും മാത്രമാണ് എന്റെ ലോകം. എല്ലാ ദിവസങ്ങളിലും വിളിക്കും. സംസാരിക്കും. ചിരിക്കുകയും കരയു കയും കളിപ്പിക്കുകയും ചെയ്യും. എന്നാൽ കുറച്ചു ദിവസങ്ങളായി അമ്മ ഒരു പ്ലാ സ്റ്റിക് കൂട്ടിലിരുന്നാണ് സംസാരിക്കാറുള്ളത്. അമ്മയുടെ മുഖം പോലും കാണു വാൻ കഴിയുന്നില്ല. സങ്കടമാണോ സന്തോഷമാണോ മുഖത്ത് എന്ന് അറിയുവാൻ കഴിയുമായിരുന്നില്ല. അച്ഛനോട് ചോദിച്ചപ്പോൾ അച്ഛൻ പറഞ്ഞു കൊറോണ എ ന്ന ഒരസുഖം വന്നിട്ടുണ്ട്. അത് ലോകമാകെ പടർന്നു പിടിക്കുകയാണ്. മരണം വ രെ സംഭവിക്കാം. കോറോണയോ!അത് എന്താണ്. അതിനെന്തിനാണ് അമ്മയെ പ്ലാസ്റ്റിക് കവറിൽ ഇട്ടിരിക്കുന്നത്. അമ്മ ജർമനിയിൽ പോയിട്ട് 6 വർഷമായി ഇ തുവരെ ഇങ്ങോട്ട് വരാൻ കഴിഞ്ഞില്ലേ. വിഷുവിനു വരാൻ ഇരിക്കുകയായിരുന്നു. അപ്പോഴാണ് കൊറോണ വന്നത്. അച്ഛൻ പറഞ്ഞു പേടിക്കാനൊന്നുമില്ല. പക്ഷേ അകലം പാലിക്കുയും മാസ്ക് ധരിക്കുകയും കൈ ഇടവിട്ട് സോപ്പിട്ടു കഴുകുക യും ചെയ്താൽ കൊറോണയെ നമുക്ക് തോല്പിക്കാം. എന്തായാലും അമ്മ ചെ യ്യുന്ന പ്രവൃത്തിയിൽ ഞാൻ അഭിമാനിക്കുന്നു. ഞാൻ വലുതാകുമ്പോൾ ഒരു നേ ഴ്സ് ആകും. അമ്മ വരുമ്പോൾ ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. ദൈവമേ കൊ റോണ എളുപ്പം മാറിയാൽ മതിയായിരുന്നു. എനിക്ക് എന്റെ അമ്മയെ പെട്ടെന്ന് കാണാൻ കഴിയണേ... .. -

**ആരാധ്യ ബിനീഷ്**
class2 B ഗവ.എൽ.പി.എസ്. വളയൻചിറങ്ങര,
പെരുമ്പാവൂർ ഉപജില്ല, എറണാകുളം

# അതിജീവനത്തിന്റെ നാൾവഴികളിലൂടെ

അതിവേഗം ഓടിക്കൊണ്ടിരിക്കുന്ന ലോകത്തെ ഒരു ചെറുവൈറസ് ഒറ്റയടിക്ക് നി ശ്ചലമാക്കി. എല്ലാം താൻ ആണെന്ന ഭാവത്തിൽ ലോകം ഭരിച്ചിരുന്ന മനുഷ്യന്റെ പദ്ധതികൾ എല്ലാം കണ്മുന്നിൽ തകർന്നു വീണു. അല്ലെങ്കിലും അറിവുള്ളവർ പ റഞ്ഞിട്ടുണ്ടല്ലോ ജീവിതം ഒരു മഹാത്ഭുതം ആണെന്ന്. ഒരിക്കലും പ്രതീക്ഷിക്കാ ത്ത ഒന്ന് അത് നമുക്കായി എപ്പോഴും കാത്തുവെക്കുന്നു. ഇപ്പോഴിതാ കൊറോ ണ, കോവിഡ് 19 എന്ന ചെറു വൈറസ് പൊട്ടി പുറപ്പെട്ടിരിക്കുന്നു. ചൈനയിൽ

പൊട്ടിപ്പുറപ്പെട്ട ഈ വൈറസ് ലോകത്തെ ആകമാനം വിഴുങ്ങിയിരിക്കുന്നു. നൂറ് ദിവസം പിന്നിട്ടിട്ടും ലക്ഷങ്ങളാണ് ലോകത്താകമാനം ഇപ്പോഴും മരിച്ചു വീഴുന്നത്. ജാതി-മത-ഭാഷ ഭേദമന്യേ ആളുകൾ ദിനം പ്രതി മണ്ണിൽ മരിച്ചു വീഴുന്നു. ഇതിനകം തന്നെ കൊവിഡിനെ മഹാമാരിയായി പ്രഖ്യാപിച്ചു കഴിഞ്ഞു. പറഞ്ഞു വന്നത് ഇതാണ് അടുത്ത നിമിഷം എന്ത് സംഭവിക്കുമെന്നറിയാത്ത ഒരവസ്ഥ നമ്മുടെയൊക്കെ ജീവിതത്തിൽ ഉടനീളം ഉണ്ട് അത് അറിയാത്തവരാണ് ചെറിയ നേട്ടങ്ങളിൽ അഹങ്കരിക്കുന്നതും മറ്റുള്ളവരെ വെല്ലുവിളിക്കുന്നതും. ദൈവത്തെ ചിരിപ്പിക്കാൻ നമുടെ ഭാവി പദ്ധതികൾ പറഞ്ഞാൽ മതിയെന്നൊരു പഴഞ്ചൊല്ലു തന്നെയുണ്ടല്ലോ.

ഉയരങ്ങളിലേക്ക് പോയവരെല്ലാം തല താഴ്ത്തി വീടുകളിൽ കയറി അടച്ചിരിക്കുന്നു. ഇത്രേ ഉള്ളു ലോകത്തിലെ തന്നെ സാമ്പത്തികമായി വികസിച്ച രാജ്യങ്ങൾ ഇതിനകം തന്നെ നിലംപൊത്തി. പ്രത്യാശയോടെ ലോകം മുഴുവൻ കാത്തിരിക്കുകയാണ് കൊറോണയ്ക്ക് ഒരു പ്രതിരോധ മരുന്നിനായി. ലോകം മുഴുവൻ അടച്ചിരുന്ന് കോറോണയുടെ സമൂഹവ്യാപനം തടയാനായി നാം പാലിക്കുന്നത് 'Break the chain' ആണെങ്കിൽ ഇതുമൂലം നമുടെ ഭൂമിയിലെ ജീവജാലങ്ങൾക്കും നമ്മുടെ പരിസ്ഥിതിക്കും അവർ അനുഭവിക്കുന്ന പിരിമുറുക്കത്തിന് ഈ സമയം 'Break the tention'ആണ്. നമ്മുടെ ചുറ്റുപാടിന്റെ പിരിമുറുക്കം ഈ lock down സമയത്ത് ഇല്ലാതാവുകയാണ് ചെയ്യുന്നത്. ചിലപ്പോൾ ഈ കൊറോണയൊക്കെ പ്രകൃതിയുടെ ചില പ്രതിഭാസങ്ങൾ ആകാം. കാരണം അവർക്കും വേണം ആശ്വാസം. ആഗോളവൽക്കരണത്താലും മറ്റു കാരണങ്ങളാലും നമ്മുടെ പരിസ്ഥിതി ഈ പിരിമുറുക്കത്തിൽ അകപ്പെട്ടിരിക്കുകയാണ്. മനുഷ്യന്റെ വിവേകരഹിതമായ പ്രവൃത്തികൾ ഇല്ലാത്ത കുറച്ചു ദിവസം. നമ്മുടെ പരിസ്ഥിതി ഈ പിരിമുറുക്കത്തിൽനിന്ന് ഒന്ന് കരകയറട്ടെ. പക്ഷെ കൊറോണയെ അതിജീവിക്കാൻ ഇനിയും പരിശ്രമിക്കണം. ശരിയായ മുൻകരുതലുകളെടുത്താൽ കൊറോണ പകരില്ല എന്ന് നിശ്ചയം. Lock down പ്രഖ്യാപിച്ചതോടെ, വാഹന പ്രവാഹവും ഇന്ധനപുകയും പൊടിയും ശബ്ദ ശല്യവും പെട്ടന്ന് കുറഞ്ഞതോടെ ശ്വാസം എടുക്കാൻ എന്തൊരു സുഖം! പക്ഷികളും പൂമ്പാറ്റകളും അണ്ണാറക്കണ്ണന്മാരും എങ്ങുനിന്നെന്നില്ലാതെ തിരിച്ചെത്തി. സൂര്യൻ ഉദിച്ചുയരുന്നത് പഴയ പ്രൗഢിയോടെ, കുയിൽ പാടുന്നതും ചീവീട് കരയുന്നതും ഒക്കെ അംഗഭംഗം വരാതെ കാതിൽ പതിയുന്നു. പക്ഷെ എന്നാലും ഈ കൊറോണയെ പ്രതിരോധിക്കാൻ കഴിഞ്ഞില്ലെങ്കിൽ ശാസ്ത്രം ജയിച്ചിട്ടും കൊറോണ തോറ്റില്ല എന്ന് വന്നു പോയാലോ. പ്രതിരോധിക്കണം അതിജീവിക്കണം. എങ്ങനെ പ്രതിരോധിക്കണം എന്ന ചോദ്യം പ്രസക്തം ആണ്. പ്രതിരോധിക്കാൻ മരുന്നോ വാക്സിനോ ഒന്നും ഇല്ല. ഇതിനായി നാം ശുചിത്വം ഉള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ്. മാസ്കോ മുഖാവരണമോ

ഉപയോഗിക്കുക. കൈകൾ വൃത്തിയായി കഴുകി ശുചിത്വം പാലിക്കുക. രോഗം ബാധിച്ച ആളുമായി സമ്പർക്കത്തിലേർപ്പെടരുത്. രോഗ പ്രതിരോധശേഷി കൂട്ടുക. അതിലുപരി നമുടെ സർക്കാർ തരുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുക. ഇതൊരു പോരാട്ടം ആണെന്ന് വേണമെങ്കിൽ പറയാം. നമുടെ ആരോഗ്യപ്രവർത്തകരും കൊറോണയുമായുള്ള പോരാട്ടം.

സത്യത്തിൽ ഇതൊരു തിരിച്ചറിവിന്റെ കാലം കൂടിയാണ്. നമുക്ക് നമ്മളല്ലാതെ മറ്റാരുമില്ല എന്ന തിരിച്ചറിവ്. ബംഗാളിൽനിന്നും ബീഹാറിൽനിന്നും വന്ന തൊഴിലാളികൾ ഭൂരിഭാഗം പേരും കണ്ണടച്ച് തുറക്കും മുൻപ് സ്ഥലം വിട്ടു. മഹാപ്രളയവും നിപ്പ വൈറസും നാം അതിജീവിച്ചതാണ്. അതുപോലെതന്നെ നാം ഒറ്റക്കെട്ടായി നിന്ന് ഈ കൊറോണയേയും അതിജീവിക്കണം. ജാതിമത കക്ഷിഭേദങ്ങൾ തത്കാലം മാറി. ലോകമാകെ ഒരു കൂട് എന്ന ബോധം ആദ്യമായി പരക്കുന്നു. ഭിന്നനിറമുള്ള ഭരണാധികാരികൾ സഹകരിക്കുന്നു. ഉച്ചനീചത്വങ്ങൾ ഉടച്ചു നിരത്താൻ ഒരേ ഒരു രോഗാണു കൊറോണ. പ്രത്യാശയോടെ നമുക്ക് പ്രാർഥിക്കാം. 'Break the chain' പ്രതിരോധിക്കാം അതിജീവിക്കാം.....

**നന്ദന എ**
9 എ ഗവ. എച്ച്.എസ്സ്. എസ്സ് ശൂരനാട്,
ശാസ്താംകോട്ട ഉപജില്ല, കൊല്ലം

# സംരക്ഷിക്കണം പ്രകൃതിയെ.. ....

ലോകത്തിലെ എല്ലാ ജീവനുകളെയും സംരക്ഷിക്കുന്ന, അവർക്ക് ആഹ്ളാദകരങ്ങളായ നിമിഷങ്ങളും അതോടോപ്പം തന്നെ ഭീതിപ്പെടുത്തുന്ന നിമിഷങ്ങളും പ്രദാനം ചെയ്യുന്ന ഒരത്ഭുത സൃഷ്ടിയാണ് പ്രകൃതി. എല്ലാ ജീവജാലങ്ങളെയും സമഭാവനയിൽ ദർശിക്കുന്ന ഉത്തമ ജീവിത മൂല്യങ്ങൾ പകർന്നുനല്കുന്ന ഗുരുനാഥ കൂടിയാണ് പ്രകൃതി. നമ്മുടെ പ്രകൃതിസംരക്ഷണവും വൃക്ഷപരിപാലനവും ഒക്കെ കേവലം പരിസ്ഥിതിദിനമായ ജൂൺ അഞ്ചിൽ മാത്രം ഒതുങ്ങിപ്പോയിട്ടുണ്ട്. അനിയന്ത്രിതമായ ചൂഷണത്തിന് പ്രകൃതി വിധേയയാകുന്ന ഈ കാലഘട്ടത്തിൽ 'മനുഷ്യന് ആവശ്യത്തിനുള്ളതേ ഭൂമിയിലുള്ളൂ അത്യാഗ്രഹത്തിനുള്ളത് ഇല്ല' എന്ന ഗാന്ധി വചനം നാമേവരും ഓർക്കേണ്ടതാണ്. തിമിർത്തു പെയ്യുന്ന മഴയിൽ ഒരു തുള്ളിയെ മറ്റൊരു തുള്ളി പിന്തുടരുന്ന വേഗതയിലാണ് കൊവിഡ് 19 എന്ന മഹാമാരി വ്യാപിക്കുന്നത്. പ്രളയവും, സുനാമിയും, കൊവിഡ് മഹാമാരിയും ഒക്കെ എങ്ങനെയുണ്ടാകുന്നുവെന്ന് ആരെങ്കിലും ചിന്തിക്കുന്നുണ്ടോ? മനു

ഷ്യന്റെ അനിയന്ത്രിതമായ കടന്നുകയറ്റത്തിന് പ്രകൃതി നല്കുന്ന തിരിച്ചടിയാണ് ഇവയൊക്കെ. മനുഷ്യനേല്പിച്ച മുറിവിന്റെ കഠിനവേദന സഹിക്കാനാകാതെ പ്രളയമായും കൊടുങ്കാറ്റായും പകർച്ചവ്യാധിയായുമൊക്കെ ആഞ്ഞടിക്കുകയാണ് പ്രകൃതി. കളകളാരവം മുഴക്കി അമൃതസദൃശമായ ജലം വഹിക്കുന്ന പുഴകളും, ഉന്നതശീർഷങ്ങളോട് കൂടിയ മലനിരകളും, ദൈവത്തിന്റെ കൈയൊപ്പ് പതിഞ്ഞിട്ടുള്ള ഘോരവനങ്ങളും, ഹരിതാഭ നിറഞ്ഞ നെല്പാടങ്ങളും, പുല്മേടുകളും, മനോഹരങ്ങളായ കുസുമങ്ങളാൽ അലംകൃതമായ പൂന്തോട്ടങ്ങളുമൊക്കെ കൊണ്ട് അനുഗൃഹീതമായ പ്രകൃതി പണ്ട് നമുക്കുണ്ടായിരുന്നു. എന്നാൽ ഇന്നതിന്റെ ശോഭയൊക്കെ സൂര്യൻ അസ്തമിക്കുന്നതു പോലെ തന്നെ അസ്തമിച്ചിരിക്കുന്നു. അംബരചുംബികളായ വമ്പൻ കെട്ടിടങ്ങളും, മാളുകളും, കറുത്ത വിഷമയമായ പുക വമിപ്പിക്കുന്ന വാഹനങ്ങളും, പ്രകൃതിയുടെ മുഖച്ഛായ തന്നെ മാറ്റിയിരിക്കുന്നു.സുന്ദരരൂപിണിയായ പ്രകൃതിയെ അവളുടെ പുത്രനായ മനുഷ്യൻ തന്നെ ഇന്നൊരു രോഗിണിയായി തീർത്തിരിക്കുന്നു. ഒരുപാടൊരുപാട് ജീവജാലങ്ങളുടെ കണ്ണികൾ ചേർന്നുണ്ടായിരിക്കുന്ന ഒരു ചങ്ങലയാണ് പ്രകൃതി. ഇതിൽ ഏതെങ്കിലും ഒരു കണ്ണി പൊട്ടിയാൽ പിന്നെ കൂട്ടിച്ചേർക്കുക അസാധ്യമായിരിക്കും. ഏച്ചു കെട്ടിയാൽ മുഴച്ചിർക്കും എന്ന ചൊല്ലു പോലെ തന്നെ അതിന്റെ അനന്തരഫലങ്ങൾ ഭീകരമായിരിക്കും. ഇന്ന് കൊവിഡ് 19 എന്ന മഹാമാരി ലോകം മുഴുവൻ കീഴടക്കിയിരിക്കുന്നു. നോവൽ കൊറോണ വൈറസ് എന്ന ഈ സൂക്ഷ്മാണുവിനു മുന്നിൽ ലോകത്തിലെ വമ്പൻ ശക്തികളായ ചൈനയും അമേരിക്കയും ഇറ്റലിയും ജപ്പാനും ഒക്കെ മുട്ടുകുത്തിയിരിക്കുന്നു. ജാതിമത വർഗ്ഗവർണ രാജ്യഭേദമെന്യേ എല്ലാ മനുഷ്യരെയും ബാധിക്കുന്ന ഈ രോഗം സാധാരണക്കാരെ മുതൽ സിനിമാകായികതാരങ്ങളെയും, ഭരണാധികാരികളെയും വരെ കിടുകിടെ വിറപ്പിക്കുന്നു. വെറും അഞ്ച് മാസത്തിനുള്ളിൽ ലോകത്തിലെ എല്ലാ രാജ്യങ്ങളിലേക്കും കാട്ടുതീ പോലെ പടർന്നു പിടിച്ച ഈ രോഗത്തിനു മുന്നിൽപകച്ചു നിൽക്കുകയാണ് നാമേവരും. എന്നാലീ സമയത്ത് ആശങ്കയല്ല വേണ്ടത് ജാഗ്രതയാണ്. മാസ്കും, സാനിറ്റൈസറും മറ്റും നിർബന്ധമായും ഉപയോഗിക്കാൻ ശ്രദ്ധിക്കുക. അനാവശ്യ കാര്യങ്ങൾക്ക് വീടിന് പുറത്തിറങ്ങാനോ, കൂട്ടം കൂടി നില്ക്കാനോ പാടില്ല. ഇടക്കിടക്ക് ഹാൻഡ് വാഷുപയോഗിച്ച് കൈകൾ ശുചീകരിക്കുക. കൊവിഡ് 19 നെതിരെ പൊരുതാൻ നാമോരോരുത്തരും ഇത്രയും ചെയ്യേണ്ടത് അനിവാര്യമാണ്. കേന്ദ്ര സർക്കാരും , കേരളസർക്കാരും, ആരോഗ്യവകുപ്പും, കേരളപ്പൊലീസും നല്കുന്ന നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പ്രകൃതി സംരക്ഷണത്തിന്റെ പാഠങ്ങളുൾക്കൊണ്ട് വേണം നാം മുന്നേറാൻ. പ്രകൃതി നമ്മുടെ അമ്മയാണ്. അതിനാൽ തന്നെ പ്രകൃതിയെ മുറിവേല്പിക്കുന്നത് സ്വന്തം ശരീരത്തെ മുറിവേല്പിക്കുന്നതിന് തുല്യമാണ്. പുഷ്പങ്ങളുടെ സുഗന്ധവും,

പക്ഷികളുടെ കളകളാരവവും, വൃക്ഷങ്ങളിലൂടെ ഒഴുകിവരുന്ന കാറ്റും, ആകാശത്തിന്റെ വെണ്മയും, കണ്ണാടി പോലെ തെളിഞ്ഞ ജലമൊഴുകുന്ന പുഴകളും, പച്ചസാരി ഞൊറിഞ്ഞുടുത്ത നെല്പാടങ്ങളും, നിബിഡമായ വനങ്ങളും മറ്റും അനുഭവിക്കാൻ ഇനിയും നമുക്ക് കഴിയണമെങ്കിൽ എല്ലാവരും അതിനു വേണ്ടി പരിശ്രമിക്കണം. ഒത്തു പിടിച്ചാൽ മലയും പോരും എന്നതൊരു പഴമൊഴിയാണെങ്കിലും ആധുനിക കാലഘട്ടത്തിലും അതിന് പ്രസക്തിയേറെയാണ്. ഈ പഴമൊഴി പോലെ തന്നെ നാമേവരും ഒരേ മനസ്സോടെ പ്രകൃതിസൗഹൃദപരമായി ഈ മഹാവ്യാധിക്കെതിരെ പൊരുതിയാൽ വിജയം സുനിശ്ചിതമായിരിക്കും.

**നിവേദിത എസ് നായർ,**
8 സി ഗവ. എച്ച്.എസ്സ്. എസ്സ് തേവന്നൂർ,
വെളിയം ഉപജില്ല, കൊല്ലം

# ഇരുപത്തിയൊന്ന് ദിനങ്ങൾ

ജീവിതത്തിന്റെ കുറവല്ലാത്ത തിരക്കിൽ നിന്നും ഒരു ഇടവേള. നേട്ടങ്ങൾക്കായുള്ള ഓട്ടപാച്ചിലുകൾക്കൊടുവിൽ ചെറിയൊരു വിശ്രമം. ഇവിടെ ഒട്ടും ഏറ്റക്കുറച്ചിലുകളില്ല. ജാതി മത അതിർവരമ്പുകളില്ല. താരപരിവേഷങ്ങൾക്കോ പ്രതാപവീരർക്കോ ഇവിടെ സ്ഥാനമില്ല. കിരീടം ചൂടി കടന്നുവന്ന മഹാമാരി നമ്മെ കൂട്ടിലടച്ചത് വെറും ഇരുപത്തൊന്നു ദിനങ്ങളല്ലാ മറിച്ച്, മനുഷ്യ ജീവിതത്തിന്റെ ഒരു പിടി സുവർണ്ണ നിമിഷങ്ങളാണ്.

കുടുംബവുമായി ഒത്തൊരുമിച്ച് വീട്ടിലിരിക്കാൻ വീണുകിട്ടിയ സൗഭാഗ്യമായി ഇതിനെ പലരും കണക്കാക്കുന്നുവെങ്കിലും ചിലരുടെ സ്വപ്നങ്ങൾക്കു തിരശ്ശീലയായി ഇത് മാറി. അവർക്ക് ഇത് കറുത്ത ദിനങ്ങളാണ്. ഇരുപത്തൊന്ന് കറുത്ത ദിനങ്ങൾ. പ്ലേഗ്, കോളറ, സ്പാനിഷ് ഫ്ളൂ ഇങ്ങനെ ചരിത്രത്താളിൽ ആവർത്തിക്കുന്ന മഹാമാരിയിൽ ഇനി ഇതിന്റെ പേരും 'കൊറോണ'. അപ്രതീക്ഷിതമായ ഈ ലോക്ഡൗൺ പ്രഖ്യാപനം പലരുടെയും ജീവിതത്തിനാണ് താഴിട്ടത്. നിത്യവൃത്തിക്ക് കഴിവില്ലാത്ത സാധാരണക്കാരായ ജനങ്ങൾക്ക് ഇത് വലിയ തിരിച്ചടിയായി. ചൈനയിലാർക്കോ എന്തോ പറ്റി, ഇതൊന്നും തന്നെ ബാധിക്കുന്ന കാര്യമേയല്ല എന്നു പറഞ്ഞവർക്കും ഇത് കാര്യമായിത്തന്നെ ബാധിച്ചു. ലോകത്തെ തളർത്തുന്ന ഈ കൊറോണക്കാലത്ത് ഒട്ടും ചെറുതല്ലാത്ത സേവനം ഭരണകർത്താക്കളും കാഴ്ച വച്ചു. ജീവൻ പണയം നൽകി സേവിക്കുന്ന ഡോക്ടർമാർക്കും ആരോഗ്യ പ്രവർത്തകർക്കും ഇന്ന് പൂജാമുറിയിലാണ് സ്ഥാനം. പണിതു വെച്ച വിഗ്രഹങ്ങൾ പലപ്പോഴും ഇവർക്കു മുന്നിൽ മറക്കപ്പെടുന്നു. എടുത്തു പറയേണ്ട മ

റ്റൊരു വിഭാഗം പോലീസ് തന്നെയാണ്. ഞങ്ങളും മനുഷ്യരാണ് ഞങ്ങൾക്കും കുടുംബമുണ്ട് എന്ന സത്യങ്ങളെ മനപൂർവം മറന്ന് പൊരി വെയിലത്ത് ജനത്തെ കാക്കാൻ നില്ക്കുന്ന അവർക്കും നൽകണം ബിഗ് സല്യൂട്ട്. കലർപ്പില്ലാത്ത വാർത്താ പ്രവർത്തകർക്കും നന്ദി. പരന്നു പിടിച്ച കൊറോണക്കാലത്തും നാട് കാണാനിറങ്ങിയവരോടും , കൂട്ടം കൂടി വട്ടമേശ സമ്മേളനം നടത്തിയവരോടും എന്ത് പറയാനാണ് വിവരക്കേടിന്റെ അതിർവരമ്പുകൾ അവർ ഭേദിച്ചു കഴിഞ്ഞു. ഈ കറുത്ത ദിനങ്ങളെ പൊടി തട്ടി വെളുപ്പിക്കാൻ ശ്രമിക്കുന്നവരും നമുക്കിടയിലുണ്ട്. വിട്ടു പോയ ബന്ധങ്ങളെ കൂട്ടിക്കെട്ടാനും ചെറിയ കാര്യങ്ങളിൽ സന്തോഷം കണ്ടെത്താനും അവർ ശ്രമിച്ചു കൊണ്ടേയിരിക്കുന്നു. ഈ ദിനങ്ങളെ മുതലെടുത്തവരും ചെറുതല്ല. അവശ്യ വസ്തുക്കളുടെ പൂഴ്ത്തിവെയ്പ്പും വിലക്കയറ്റവും സാധാരണക്കാരെ വെള്ളം കുടിപ്പിച്ചു. വ്യാജ സന്ദേശ പ്രചാരകരുടെയും മറ്റു സാമൂഹിക വിരുദ്ധരുടെയും പ്രഹസനങ്ങൾക്കും നാം കാഴ്ചക്കാരായ് മാറി. ഇനിയും ഒരു ചോദ്യം ബാക്കിയാണ്. ഈ ഇരുപത്തൊന്ന് ദിനങ്ങൾ നിങ്ങളെ എന്തു പഠിപ്പിച്ചു? നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ഒന്നും മറക്കാതിരിക്കട്ടെ. കവി പാടുന്നു 'കാലമിനിയുമുരുളും വിഷു വരും വർഷം വരും. തിരുവോണം വരും പിന്നെയോരോ തളിരിനും പൂവരും കായ് വരും അപ്പോഴാരെന്നും എന്തെന്നും ആർക്കറിയാം'.

**എയ്ജൽ സോണ**
7 A ഗവ. എച്ച്.എസ്.എസ്. പുത്തൻതോട്,
മട്ടാഞ്ചേരി ഉപജില്ല, എറണാകുളം

# സുരക്ഷ

പ്രിയ കൂട്ടുകാരേ,

കൊറോണ എന്ന മഹാമാരി വന്നതുകൊണ്ട് പരീക്ഷയൊന്നുമില്ലാതെ എല്ലാവരും നേരത്തേ അവധി ആഘോഷിച്ചു തുടങ്ങിയല്ലോ. പക്ഷേ നമ്മുടെ സുരക്ഷക്കു വേണ്ടി ഒരുപാടു ആളുകൾ കഷ്ടപ്പെടുന്ന കാര്യം ടി വി യിലൂടേയും പത്രത്തിലൂടേയും എല്ലാവരും അറിയുന്നില്ലേ. നമുക്കും അവരെ സഹായിക്കണ്ടേ. എന്നാൽ ചെറിയ കുട്ടികളായ നാം എങ്ങനെ സഹായിക്കും? ഇക്കാലത്ത് നമ്മൾ ചെയ്യേണ്ട ചില കാര്യങ്ങളുണ്ട്.നമ്മൾ ആവശ്യമില്ലാതെ പുറത്തിറങ്ങരുത്. പുറത്തേക്കിറങ്ങുമ്പോൾ മാസ്ക് തീർച്ചയായും ധരിക്കണം. വീട്ടിൽ നിന്ന് ഇറങ്ങുമ്പോഴും തിരികെ എത്തുമ്പോഴും കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് നന്നായി കഴുകണം. ശരീരം വൃത്തിയായി സൂക്ഷിക്കണം. പൊതുസ്ഥലങ്ങളിൽ തുപ്പരുത്. തുമ്മു

മ്പോൾ മൂക്കും വായും ടവ്വലോ ടിഷ്യു പേപ്പറോ ഉപയോഗിച്ച് അടച്ചു പിടിക്കണം. വ്യക്തി ശുചിത്വം പോലെ തന്നെയാണ് പരിസര ശുചിത്വവും.നമ്മുടെ വീടും പരിസരവും വൃത്തിയായി സൂക്ഷിക്കണം. പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയരുത്. ഇങ്ങനെ നമ്മൾ കുറച്ചു കാര്യങ്ങൾ ശ്രദ്ധിച്ചാൽ നമ്മുടെ നാട്ടിൽ അസുഖങ്ങൾ കുറയും. അപ്പോൾ കൂട്ടുകാരേ എല്ലാവരും ഇക്കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ അല്ലേ.

**ജെ.ശങ്കരകൃഷ്ണൻ**
3 B ഗവ.ബഎൽബപിബഎസ്ബവളയൻചിറങ്ങര,
പെരുമ്പാവൂർ ഉപജില്ല, എറണാകുളം

# എന്റെ പ്രിയപ്പെട്ട പോക്കിമോന്,

കോഴിക്കോട്,
19.4.2020

എന്റെ പ്രിയപ്പെട്ട പോക്കിമോന്, നീ സുഖമായി ഇരിക്കുന്നുവോ? നിന്നെ പിരിഞ്ഞിട്ട് ഒരു മാസം കഴിഞ്ഞു. നാട്ടിലേക്കുള്ള യാത്ര. ഒരുപാട് സന്തോഷം തോന്നി. മുത്തശ്ശിയും മുത്തച്ഛനും കൂട്ടുകാരും പിന്നെ പാടവും പുഴയും ഒക്കെ എന്നെ കാത്തിരിക്കുന്നുണ്ടല്ലോ, എന്നോർത്ത്. പക്ഷെ റെയിൽവേ സ്റ്റേഷനിലേക്കുള്ള യാത്ര എന്നത്തേയും പോലെ ആയിരുന്നില്ല. എല്ലാവരും മാസ്ക് ധരിച്ചിരിക്കുന്നു. അച്ഛനും ഞങ്ങൾക്കുള്ളത് കൈയ്യിൽ കരുതിയിരുന്നു. ഇത് എന്തിനാണെന്ന് ചോദിച്ചപ്പോൾ ഏതോ ഒരു രോഗം പടർന്നു പിടിക്കുന്നതായും നമ്മൾ മാസ്ക് ധരിച്ചേ പുറത്തിറങ്ങാവൂ എന്നും അച്ഛൻ പറഞ്ഞു. കൂടാതെ കയ്യിൽ എന്തോ ഇടക്കിടെ ഒഴിക്കുന്നതും കണ്ടു. സാനിറ്റൈസറാണത്രേ.. എന്റെ എല്ലാ സന്തോഷവും നഷ്ട്ടപെട്ടു. എല്ലാവരുടെയും മുഖത്തു ഭയം കാണാമായിരുന്നു. എന്നെ നാട്ടിൽ നിർത്തി അച്ഛനും അമ്മയും ഏട്ടനും തിരികെ പോന്നില്ലേ. പിറ്റേന്ന് കുറെ പേർ വന്നു പറഞ്ഞു അടുത്ത 14 ദിവസം ഞാനും മുത്തശിയും മുത്തച്ഛനും പുറത്തിറങ്ങരുതെന്ന്. കൊറോണ വൈറസ് ലോകം കീഴടക്കാൻ തുടങ്ങി. അതിനെ തോൽപ്പിക്കാൻ എല്ലാരും പരിശ്രമിക്കുന്നു. ഇതിനിടയിൽ പുത്തനുടുപ്പും സമ്മാനങ്ങളും ഇല്ലാതെ എന്റെ ജന്മദിനവും പൂത്തിരിയും പടക്കങ്ങളും ഇല്ലാതെ വിഷുവും കടന്നുപോയി. നിന്നെയും അച്ഛനെയും അമ്മയെയും ഏട്ടനേയും കാണാൻ കൊതിയായി. ഇനി എത്രനാൾ.. ഞാൻ കാത്തിരിക്കണം...നിന്നെ കാണുവാനായി.. സ്നേഹപൂർവം നിന്റെ പ്രിയ കൂട്ടുകാരി.

Mithra Manoj
3 A ഗവ. എൽ പി എസ് ശാസ്തമംഗലം,
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം

# വീട്ടിലെ കൊറോണക്കാലം

വീട്ടിലെ കൊറോണക്കാലം വല്ലാത്ത ബുദ്ധിമുട്ടുള്ള കാലമായിരുന്നു. എന്റെ കൂടെ കളിക്കാൻ കൂട്ടുകാർ ആരുമില്ലായിരുന്നു. സങ്കടത്തോടെ ഞാൻ ഒറ്റയ്ക്കിരുന്ന് കളിക്കുമായിരുന്നു. അപ്പോഴാണ് ഒരു ദിവസം കറുമ്പിപ്പൂച്ച വീട്ടിൽ വന്നത്. അവൾക്ക് വിശന്നിട്ടു കരഞ്ഞു. ഞാൻ കറുമ്പിക്ക് ആഹാരം കൊടുത്തു. അവൾ എന്റെ കൂട്ടുകാരിയായി മാറി. ഞങ്ങൾ ബോൾ തട്ടിക്കളിക്കും. കറുമ്പി ഇപ്പോൾ എന്റെ ഉറ്റ ചങ്ങാതിയാണ്. ഇപ്പോൾ ഞാൻ വീട്ടിൽ സന്തോഷത്തോടെ ഇരിക്കുന്നു. കൊറോണക്കാലം കഴിഞ്ഞ് സ്കൂൾ തുറക്കുന്നതും കാത്ത്. സ്കൂളിലെ എന്റെ കൂട്ടുകാരോടൊപ്പം പഠിക്കാനും കളിക്കാനും കഥകൾ പറയാനും പാടാനും വഴക്കിടാനും.കറുമ്പിയുടെ വിശേഷങ്ങൾ പറയാനും ഞാൻ കാത്തിരിക്കുന്നു.

**Anjana**
11 A ഗവ. എൽ പി എസ് ശാസ്തമംഗലം,
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം

# എന്റെ പരൽമീൻ കുഞ്ഞുങ്ങൾ

എന്റെ പേര് പ്രണവ്.  കൊറോണ അസുഖം വന്നത് കാരണം ഞാനും അമ്മാമയും അപ്പൂപ്പനും അമ്മയും അനിയനും എപ്പോഴും വീട്ടിൽ തന്നെയാണ്. സ്കൂളിലും ട്യൂഷനും ഏരുവേ അമ്പലത്തിലും ഒന്നും പോകണ്ട. ടി വി കണ്ടു മടുത്തപ്പോ ഞാനും എന്റെ അനിയനും കളിയ്ക്കാൻ പറമ്പിലേക്ക് ഇറങ്ങി കളിക്കുന്നതിനിടയിലാണ് അപ്പൂപ്പൻ കുളത്തിൽ ചൂണ്ട ഇടുന്നത് കണ്ടത്.  ഞങ്ങൾ ഓടി അടുത്തു ചെന്ന് മീൻ കൊത്തുന്നതും നോക്കി ഇരിപ്പായി. അപ്പോഴാണ് കുഞ്ഞു പൊടി മീനുകൾ അങ്ങോട്ടും ഇങ്ങോട്ടും ഓടി കളിക്കുന്നത് കണ്ടത്.. . ഞാൻ പതുക്കെ അപ്പൂപ്പൻ കാണാതെ തോർതെടുത്തു മീൻ കോരാൻ തുടങ്ങി.. . കുഞ്ഞു കുപ്പിയിൽ കുറെ മീൻ കുഞ്ഞുങ്ങൾ.. .അപ്പോഴാണ് കോറോണേയെക്കാളും വേഗത്തിൽ ഞങ്ങളെ കാണാതെ പേടിച്ചും ദേഷ്യപ്പെട്ടുമുള്ള അമ്മയുടെ വരവ്.. .. വന്നതും കുപ്പിക്കിട്ടു ഒറ്റ തട്ട്.. .... അടി കൊണ്ട് കരയുമ്പോഴും എന്റെ സങ്കടം ആ മീൻ കുഞ്ഞുങ്ങളെ ഓർത്തായിരുന്നു.

**Pranav**
2 G.L.P.S Eruvasouth,
കായംകുളം ഉപജില്ല, ആലപ്പുഴ

# തിരിച്ചുവരും നല്ല നാളുകൾ

എന്നും അച്ഛൻ പറയും മോനേ ദേ ഈ വെക്കേഷന് ഈ സ്ഥലത്ത് പോകാം എന്ന്. ഇത് മനസ്സിൽ സൂക്ഷിച്ച് എന്നും പ്രാർഥിക്കും വേഗം വെക്കേഷൻ വന്നാൽ മതി. പക്ഷേ എല്ലാ ആശകളെയും കെടുത്തി കൊണ്ട് ആ മഹാമാരി കൊറോണ എത്തിയല്ലോ? കഷ്ടം എനിക്കും സങ്കടമായി. അങ്ങനെ ഓരോ പ്രഭാതത്തിലും ടിവിയിൽ വാർത്തകൾ കാണുമ്പോൾ അമ്മയും അച്ഛനും പറയും, മോനേ ഈ ലോകത്ത് ഈ രോഗം മൂലം എത്ര പേരാണ് മരിക്കുന്നത്. അപ്പോഴാണ് എനിക്ക് തോന്നിയത് കുറേ സ്ഥലങ്ങളിൽ പിന്നെയും പോകാലോ. ആദ്യം ഈ അസുഖം വരാതിരിക്കാൻ വീട്ടിൽ തന്നെ കഴിയുന്നത് നല്ലത്. പിന്നീടുള്ള എന്റെ ഓരോ ദിവസത്തിലും എനിക്ക് കൂട്ടായത് എന്റെ പെൻസിലുകളും ക്രയോൻസുകളും വർണ്ണക്കടലാസുകളും കത്രികയും ഒക്കെയാണ് പടം വരച്ചും കടലാസ് പട്ടം ഉയർത്തിയും കളിച്ചു പോകുന്നു അതിനിടയിൽ ടീച്ചർ തരുന്ന അവധികാല പ്രവർത്തനങ്ങളുമായി കുറച്ചു നേരം പുസ്തകത്തിലേക്ക് മടങ്ങുന്നു. മനസ്സിൽ ഇപ്പോഴും ക്ലാസിന്റെ ഓർമ്മകൾ ആണ്. പെട്ടെന്ന് സ്കൂൾ തുറന്ന് കൂട്ടുകാരെ കാണാൻ കൊതിയാകുന്നു.

**ഓം കൃഷ്ണ സുധീർ,**
2 ഗവ.എൽ.പി.സ്കൂൾ കരുമാല്ലൂർ,
വടക്കൻ പറവൂർ ഉപജില്ല, എറണാകുളം

# അനുഭവക്കുറിപ്പ്

ഒരു കുഞ്ഞൻ വൈറസിന്റെ പേരിൽ വീണുകിട്ടിയ ഈ അവധിക്കാലം. അതെ, എല്ലാത്തിനും കാരണം അവനാണ്. ആ ഇത്തിരിപ്പോന്നവൻ. ‘കോവിഡ് –19 ‘ അവന്റെ വരവ് അപ്രതീക്ഷിതമായിരുന്നു. പതുങ്ങി പതുങ്ങി ഒരു കള്ളനെപ്പോലെ നമ്മുടെ രാജ്യത്തേക്ക് നുഴഞ്ഞു കയറിയാണവൻ ആദ്യമെത്തിയത് അതും ’ദൈവത്തിന്റെ സ്വന്തം നാടായ’ നമ്മുടെ കൊച്ചു കേരളത്തിൽ. നമ്മുടെ ആരോഗ്യ പ്രവർത്തകരും ഭരണകൂടവും കഠിനമായും ആത്മാർത്ഥമായും പ്രവർത്തിച്ചതിന്റെ ഫലമായി അവനെ ഉടനെ തന്നെ മടക്കി അയക്കാനുമായി. എങ്കിലും എപ്പോൾ വേണേലും അവൻ എത്തിയേക്കും എന്ന ഒരു ഭയം എല്ലാവരിലും നിലനിന്നു. ആൾക്കൂട്ടങ്ങൾ ഒഴിവാക്കിയും അപരിചിതരുമായുള്ള കൂടിച്ചേരലുകൾ ഒഴിവാക്കിയുമൊക്കെ എല്ലാവിധ മുൻകരുതലുകളുമെടുത്തു നമ്മൾ കരുതിയിരുന്നു. അതിന്റെ ഫലമായി കൂട്ടുകാരുമൊത്തു ആർത്തുല്ലസിച്ചു പോകാനിരുന്ന ഇക്കൊല്ലത്തെ വിനോദ പഠന യാത്രയും മുടങ്ങി. അടുത്ത വർഷം മറ്റൊരു സ്കൂളിലേക്ക് പോകേണ്ട

ഞങ്ങൾ 5 കൂട്ടുകാർക്കും അത് വളരെയേറെ വിഷമമുണ്ടാക്കി. സ്കൂളിലെ മറ്റു കുട്ടികളുടെയും അവസ്ഥ ഇതൊക്കെ തന്നെ. എന്തെന്നാൽ ഞങ്ങളുടെ പഠനയാത്ര.... വേറൊരു ലെവലാണ്. ഞങ്ങൾ ഏറ്റവും കൂടുതൽ സന്തോഷിക്കുന്ന ദിവസം. പാട്ടും ബഹളവുമൊക്കെയായി വണ്ടിയിലേക്ക് കയറുമ്പോൾ മുതൽ ഞങ്ങൾ വേറൊരു ലോകത്താണ്. ടീച്ചർമാരും രക്ഷിതാക്കളും എല്ലാവരുമുണ്ട് ഞങ്ങൾക്കൊപ്പം പാടാനും കളിക്കാനും. പഠന യാത്രയോ മുടങ്ങി, എന്നാ പിന്നെ വാർഷികത്തിനാകട്ടെ 'നമുക്ക് അടിച്ചു പൊളിക്കാം' എന്ന് കരുതി റിഹേഴ്സലും മറ്റുമായി വീണ്ടുമെത്തി സന്തോഷത്തിന്റെ ദിനങ്ങൾ. മാർച്ച് 12-നു വാർഷികവും തലേ ദിവസം (മാർച്ച് 11-നു) പഠനോത്സവുമൊക്കെയായി ഈ സ്കൂൾ വർഷം അടിച്ചുപൊളിച്ചു ആഘോഷമാക്കാനിരിക്കെ കേരളത്തിൽ ചില സ്ഥലങ്ങളിൽ കൊറോണ രോഗം സ്ഥിരീകരിച്ചപ്പോൾ മാർച്ച്- 10നു തന്നെ സ്കൂളുകൾ എല്ലാം അടയ്ക്കാൻ മുഖ്യമന്ത്രി നിർദ്ദേശിച്ചു. അങ്ങനെ വാർഷികവും ഇല്ലാതെയായി. ലോകം മുഴുവൻ കൊറോണ പടർന്നു പിടിച്ച സാഹചര്യത്തിൽ സ്കൂളുകളും അടച്ചു. അതുകൊണ്ടു ഈ കൊല്ലം പരീക്ഷ ഇല്ലത്രെ. ഈ കൊറോണ എന്ന മഹാമാരി എത്രയും വേഗം ഒന്ന് ഒഴിവായി കിട്ടണേ എന്ന പ്രാർത്ഥനയിലാണിപ്പോൾ എല്ലാവരും. നോക്കണേ, 'ഒരു കുഞ്ഞൻ വൈറസിന് എത്ര പെട്ടെന്ന് ഈ ലോകത്തെ കീഴടക്കുവാൻ കഴിഞ്ഞതെന്ന്'. എന്നാലും ഒന്ന് രണ്ടു മാസത്തിനുള്ളിൽ എല്ലായിടത്തു നിന്നും രോഗാണു ഇല്ലാതെയാകുമെന്നു നമുക്ക് പ്രത്യാശിക്കാം. അടുത്ത സ്കൂൾ വർഷം ഞങ്ങൾ പുതിയ സ്കൂളിലേക്ക്... പുത്തനുടുപ്പും പുതുമയുമായി പുതിയ സ്കൂളുകളിലേക്കുള്ള പോക്ക് ഇപ്പോൾ സ്വപ്നം കണ്ടു തുടങ്ങി.

**ശ്രീപാർവ്വതി നന്ദന**
5 എ, ഗവ എൽ പി എസ് കണ്ണനാകുഴി,
മാവേലിക്കര ഉപജില്ല, ആലപ്പുഴ

# അവധിക്കാലം

ഈ വേനലവധിക്കാലത്ത് എല്ലാ വർഷത്തെയും പോലെ കൂട്ടുകാരുമൊത്തു കളിച്ചു നടക്കാം എന്നാണ് ഞാൻ കരുതിയത്. പക്ഷേ കൊറോണ എന്റെ എല്ലാ പ്രതീക്ഷകളെയും തെറ്റിച്ചു, വീടിന് പുറത്തിറങ്ങാൻ പറ്റുന്നില്ല. കൊറോണ ആയതിനാൽ വീടിനു പുറത്തിറങ്ങാനോ കൂട്ടുകാരുമൊത്ത് കളിച്ചു നടക്കാനോ പറ്റിയില്ല. അപ്പോഴാണ് അമ്മ കൊണ്ട് വച്ചിരുന്ന പയർ, ചീര, കത്തിരി എന്നീ വിത്തുകൾ കണ്ടത്. അപ്പൂപ്പനെയും കൂട്ടുപിടിച്ച് ആ വിത്തുകളെല്ലാം പറമ്പിലും കവറിലുമായി നട്ടു. ഓരോ ദിവസവും അതിനു വെള്ളമൊഴിക്കുകയും അത് മുളച്ചുവരുന്നതും നോക്കി നിന്നു. ചാണക പൊടിയാണ് അതിന് ഏറ്റവും അനുയോജ്യമായ

വളമെന്ന് അപ്പൂപ്പൻ പറഞ്ഞു തന്നു. ഇപ്പോൾ എന്റെ പയർ കായ്ച്ചു തുടങ്ങി. ഇഞ്ചിയും ചേനയും ചേമ്പും ഒക്കെ വളർന്നു വരുവാൻ തുടങ്ങി. പിന്നെ എനിക്ക് രണ്ട് ആട്ടിൻകുട്ടിയും ഒരു പോത്തു കുട്ടിയുമുണ്ട്. അവരോടൊപ്പമാണ് എന്റെ കളി. അവരെ കുളിപ്പിക്കുകയും ആഹാരം കൊടുക്കുകയും ഒക്കെ ഞാൻ ചെയ്യും. എന്നെപ്പോലെ എല്ലാവരും ഈ അവധിക്കാലത്ത് വീട്ടിൽനിന്ന് ചെറിയ ചെറിയ കൃഷികൾ ചെയ്യണേ കൂട്ടുകാരേ.......

**അനന്ദു എസ്സ് എസ്സ്**
3 B ഗവ. എൽ. പി. എസ്. മുക്കുടിൽ,
ആറ്റിങ്ങൽ ഉപജില്ല, തിരുവനന്തപുരം

# കൊറോണ കാലം – എന്റെ അനുഭവത്തിൽ

'അഹല്യ'..... എന്നുള്ള അമ്മയുടെ വിളി കേട്ടാണ് ഞാൻ ഉണർന്നത്. ഇപ്പോൾ സ്കൂൾ അവധിയായതിനാൽ വീട്ടിൽ തന്നെയാണ്. അടുത്തുള്ള കൂട്ടുകാരുടെ വീട്ടിൽ പോകാനോ, കൂട്ടം കൂടി കളിക്കാനോ കഴിയുന്നില്ല. മുഴുവൻ സമയവും വീടിനകത്ത് തന്നെയാണ്. എല്ലാവരും വീട്ടിൽ ഉള്ളതിനാൽ സന്തോഷമാണ്. ഞാനും ചേട്ടനും പുസ്തകങ്ങൾ വായിക്കും, ചിത്രങ്ങൾ വരയ്ക്കും, കുറച്ചുസമയം അമ്മയെ സഹായിക്കും. അമ്മ ഞങ്ങൾക്കെല്ലാവർക്കുമായി മാസ്ക്കുകൾ തച്ചുതന്നു. സോപ്പും വെള്ളവും ഉപയോഗിച്ച് കൈകൾ കഴുകുന്നത് ഞാൻ ശീലമാക്കി. അച്ഛൻ പറയാറുണ്ട് സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് കുട്ടികളായ നിങ്ങൾ മറ്റുള്ളവർക്ക് മാതൃകയായി മാറുക. ഇനിയൊരിക്കലും ഇങ്ങനെ ഒരു അവധിക്കാലം വരാതിരിക്കാനായി പ്രാർത്ഥിക്കാം.

'കോവിഡ് 19'

നമുക്കു പകരാതെ നോക്കാം

നമ്മളാൽ പകരാതെ നോക്കാം

അതിനാൽ എല്ലാവരും

വീട്ടിൽ സുരക്ഷിതരായിരിക്കൂ.........

**അഹല്യ കൃഷ്ണ യു പി**
2 B ഗവ. എൽ. പി. എസ്. മുക്കുടിൽ,
ആറ്റിങ്ങൽ ഉപജില്ല, തിരുവനന്തപുരം

# മുഖ്യമന്ത്രിക്കൊരു കത്ത്

പുതിയ തടം

13 - 04-2020

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക്.

ഇപ്പോൾ ഒരു പാട് തിരക്കിലാണെന്ന് അറിയാം. കൊറോണ എന്ന മഹാവിപത്ത് ലോകം ഒന്നാകെ ബാധിച്ചിരിക്കുമ്പോൾ നമ്മുടെ കേരളത്തെ ഈ രോഗത്തിൽ നിന്ന് കൈപിടിച്ച് ഉയർത്തുന്നത് അങ്ങയുടെ മികച്ച തീരുമാനങ്ങളാണ്. രോഗം പടരാതിരിക്കാനും രോഗം വന്നവരെ ചികിത്സിച്ചു ഭേദമാക്കാനും എടുക്കുന്ന നടപടികൾ ലോകം തന്നെ ഉറ്റുനോക്കുന്നുണ്ട്. പ്രളയത്തെയും നിപയെയും അതിജീവിച്ചതു പോലെ ഈ രോഗത്തെയും നമുക്ക് അതിജീവിക്കുവാൻ കഴിയുമെന്ന വിശ്വാസമുണ്ട്.നിർദേശങ്ങൾ എല്ലാം ഞങ്ങളും പാലിക്കുന്നുണ്ട്. പിന്നെ ഒരു വിഷമം എന്റെ വാപ്പ വിദേശത്താണ്. ലോകം ഒന്നാകെ ഈ രോഗത്തിൽ നിന്നും രക്ഷ നേടാൻ കഴിയട്ടെ എന്നു പ്രാർത്ഥിക്കുന്നു. നല്ലൊരു ഭരണാധികാരി എന്ന നിലയിൽ അങ്ങയോടുള്ള സ്നേഹവും ബഹുമാനവും അറിയിച്ചു കൊണ്ട്.

**മുഫീദ,**
ക്ലാസ്സ് 3 ജി.എൽ.പി.എസ് മേവർക്കൽ,
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# നമുക്ക് വേണ്ടി

പുരാതനകാലം മുതൽ ജനങ്ങൾ കൃഷിയെ ആശ്രയിച്ചാണ് ജീവിച്ചിരുന്നത്. കലപ്പയും കാലികളും ഒക്കെയായിരുന്നു അന്നത്തെ കർഷകരുടെ ആയുധങ്ങൾ. കൃഷിക്ക് വേണ്ട ജലസമ്പത്ത് കൃഷിയിടങ്ങൾക്ക് സമീപത്തുതന്നെ ഉണ്ടായിരുന്നു. തങ്ങൾക്ക് വേണ്ട ആഹാരസാധനങ്ങൾ സ്വയം കൃഷി ചെയ്തുണ്ടാക്കിയ പാരമ്പര്യം നമ്മൾ മലയാളികൾക്ക് ഉണ്ടായിരുന്നു. പലകാലത്തിൽ നടന്ന മനുഷ്യ പുരോഗമനം കൃഷിയുടെ നാശത്തിന് തുടക്കം കുറിച്ചു.പ്രകൃതിയെ ഹനിച്ചു കൊണ്ടുള്ള പുരോഗമനം മണ്ണിന്റെ ജീവനെ കൊന്നൊടുക്കുവാൻ തുടങ്ങി. മണ്ണിലേക്ക് എത്തിച്ചേരുന്ന രാസവസ്തുക്കളും കീടനാശിനികളും മണ്ണിന്റെ ഫലപുഷ്ടി കുറയ്ക്കാൻ തുടങ്ങി. ജലസമ്പത്ത് മലിനമായി.രാസവളങ്ങളും രാസകീടനാശിനികളും ധാരാളമായി ഉപയോഗിച്ചതിന്റെ ഫലമായി സർവവും വിഷമയമായി.

മണ്ണിനെ ചതിച്ച മനുഷ്യൻകൃഷിയിലൂടെ വിഷമയമായ ഉൽപന്നങ്ങൾ ലഭിക്കുവാൻ തുടങ്ങിയതോടെ മാരക രോഗങ്ങൾ വീടുകളിലെ വിരുന്നുകാരായി. ജീവജാലങ്ങളുടെ ആവാസവ്യവസ്ഥ തകർന്നു. മണ്ണും ജലവും മനുഷ്യനും അന്തരീക്ഷവുമെല്ലാം മലിനമായി. കൃഷി എന്നത് സ്വത്ത് സമ്പാദന ത്തിനുള്ള മാർഗമായി മാറിയിരിക്കുന്നു. പ്രകൃതിയുടെ നാശം തിരിച്ചറിഞ്ഞ കുറച്ച് പ്രകൃതിസ്നേഹികൾ മണ്ണിനെ സംരക്ഷിക്കുവാനും മരങ്ങൾ നട്ടുപിടിപ്പിക്കാനും ബോധവൽക്കരണം നടത്തുവാനും മുന്നോട്ട് വന്നിട്ടുണ്ട് എന്നത് ആശ്വാസകരമാണ്. പ്രത്യേകിച്ച് കേരളീയർ സർക്കാരിന്റെ നേതൃത്വത്തിൽ ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി ധാരാളം പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. വിദ്യാലയങ്ങളിലും കൃഷി ചെയ്തു വരുന്നു. ഇതിലൂടെ വീണ്ടും വസന്തകാലം കൃഷി മേഖലയിൽ കൊണ്ടുവരിക തന്നെ ചെയ്യും

ഏത് യന്ത്രവൽകൃത ശാസ്ത്രലോകത്തിൽ ജീവിച്ചാലും പ്രകൃതിയെയും കൃഷിയെയും ഗ്രാമങ്ങളുടെ നനുത്ത ഗന്ധത്തെയും നമ്മുടെ സമ്പത്തായി നാം നിലനിർത്തണം. അതിന് നമുക്ക് കഴിയില്ലേ? കഴിയും, തീർച്ചയായും...

**അഹല്യ**
5 A ഗവ. എൽ. പി. എസ്. വിളപ്പിൽ,
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

# ശൈലജ ടീച്ചറിനൊരു കത്ത്

ജി.എൽ.പി.എസ്മേവർക്കൽ
ആലംകോട്

പ്രിയപ്പെട്ട ആരോഗ്യ മന്ത്രി ശൈലജ ടീച്ചറിന്.

പ്രിയപ്പെട്ട ശൈലജ ടീച്ചറിനു സുഖം തന്നെയല്ലേ. ടീച്ചർ പറഞ്ഞ കാര്യങ്ങൾ ഞങ്ങൾ ചെയ്യാറുണ്ട്. മാസ്ക് ധരിക്കുകയും, കൈകൾ സോപ്പിട്ട് കഴുകുകയും ചെയ്യാറുണ്ട്. ഞങ്ങളാരും വീട്ടിൽ നിന്ന് പുറത്തിറങ്ങാറില്ല. നമുക്കെല്ലാവർക്കും ഒരുമിച്ച് കൊറോണയെ കേരളത്തിൽ നിന്നും ഓടിക്കാം. ടീച്ചറിനു എല്ലാവിധ നന്ദിയും അറിയിക്കുന്നു.

എന്ന് സ്നേഹത്തോടെ

**നബ്ഹാൻ ET, ക്ലാസ്സ് 1**

**നബ്ഹാൻ ET**
ക്ലാസ്സ് 1 ജി.എൽ.പി.എസ് മേവർക്കൽ,
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# ലോക്കില്ലാത്ത വായന

പെട്ടെന്നാണ് നാളെ മുതൽ അവധിയാണെന്ന് ടീച്ചർ ക്ലാസിൽ വന്നു പറഞ്ഞത്. കൂട്ടുകാരെ കാണാതെ.. അധ്യാപകരെ കാണാതെ... വീട്ടിലിരിക്കുക.... ചിന്തിക്കാൻ കൂടി വയ്യ... അപ്പോൾ എനിക്കു കൂട്ടായി എത്തിയത് എന്റെ ഹോം ലൈബ്രറി ആണ്. അതിലെ പുസ്തകങ്ങൾ ആണ്. നാടാകെ ലോക്ക് ഡൌണിൽ വിറങ്ങലിച്ചപ്പോഴും വായനയെ ലോക്കിലാക്കാതെ ഞാൻ പുസ്തകങ്ങളെ ചേർത്തുപിടിച്ചു.. ഈ കൊറോണ കാലത്ത് ഞാൻ വീട്ടിലിരുന്നു നൂറ്റിയൻപത് കഥകൾ വായിച്ചു. വായന കുറിപ്പുകൾ എഴുതി. വായനയെ കൂട്ട് പിടിച്ചപ്പോൾ സമയം പോയത് അറിഞ്ഞതേയില്ല....'ഒരു കുടയും കുഞ്ഞു പെങ്ങളും' എനിക്കു മറക്കാനേ കഴിയുന്നില്ല. മുട്ടത്തുവർക്കിയുടെ മനോഹരമായ നോവൽ.. മാമിത്തള്ളയെ എനിക്കിഷ്ടമായില്ല. ലില്ലിയോടാണ് എ്നിക്കു സ്നേഹം... അങ്ങനെ ഓർമയിൽ വായനയിലൂടെ വസന്തം തന്ന കൊറോണ കാലം...

അമിൽ
3 A ഗവ.എൽ.പി.സ്കൂൾ തോട്ടയ്ക്കാട്,
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# ഒരു തൈ നടാം നല്ല നാളേക്ക് വേണ്ടി

കഴിഞ്ഞ ദിവസം ടെലിവിഷനിൽ വാർത്ത കണ്ടുകൊണ്ടിരിക്കുമ്പോൾ കണ്ട നയന മനോഹരമായ ഒരു കാഴ്ചയാണ് എന്നെ ഈ ലേഖനമെഴുതാൻ പ്രേരിപ്പിച്ചത്. ഇനി ഞാൻ എന്നെ വിസ്മയിപ്പിച്ച വാർത്തയിലേക്ക് വരാം. മലബാറിലെ ഒരു ജില്ലയിൽ ഒരു സാധാരണക്കാരനായ ഒരു ഓട്ടോ റിക്ഷ ഡ്രൈവർ ഓട്ടോ ഓടിച്ച് തന്റെ കുടുംബം പുലർത്തുന്നതിനോടൊപ്പം ആ പ്രദേശം ഒട്ടാകെ വൃക്ഷത്തൈകൾ നട്ട് വളർത്തുന്നു. ഒരു പരിസ്ഥിതി ദിനത്തിൽ വാർത്തകളിൽ ഇടം പിടിക്കുന്നതിന് കുറെ തൈകൾ വഴിയോരത്തു നട്ടുവച്ച് ആ വഴിക്ക് പിന്നെ തിരിഞ്ഞു നോക്കാത്ത ഒട്ടനവധി വ്യക്തികളെയും സംഘടനകളെയും പോലെ അല്ല ഇദ്ദേഹം. ആദ്യം കൃഷിഭവനിൽ നിന്ന് തൈകൾ വാങ്ങി അത് രണ്ടുമാസം വീട്ടിൽ സൂക്ഷിച്ച് പരിപാലിച്ച് കുറച്ച് വളർന്നതിനുശേഷം അവകൊണ്ടുവന്ന് പാതയോരങ്ങളിൽ നട്ട് അവക്ക് ചുറ്റും വേലികെട്ടി സംരക്ഷണ കവചം തീർത്ത് എല്ലാ ദിവസവും രാവിലെ വലിയ കുപ്പികളിൽ വെള്ളവും കൊണ്ടുവന്ന് നനച്ചു പരിപാലിക്കുന്ന, സ്വന്തമക്കളെക്കാൾ സ്നേഹവും പരിചരണവും കൊടുത്തു നാളേക്കു വേണ്ടി പരിസ്ഥിതിയെ കാക്കുന്ന, നമുക്ക് വേണ്ടി പ്രകൃതിയെ സംരക്ഷിക്കുവാൻ

പെടാപ്പാട് പെടുന്ന ഈ മനുഷ്യനല്ലേ യഥാർത്ഥ പ്രകൃതി സ്നേഹി. ഇദ്ദേഹത്തെ പോലുള്ളവർക്ക് എന്ത് നൽകിയാലാണ് മതിയാവുക. അല്ലയോ മനുഷ്യ ഞാൻ അടങ്ങുന്ന പുതു തലമുറക്കായി പ്രകൃതിയെ സംരക്ഷിക്കുന്ന അങ്ങേക്ക് എന്റെ ശത കോടി പ്രണാമം.

**സൂര്യ**
4ബി എൽപിബിഎസ് മലയിൻകീഴ്,
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

# കാവുകൾ പരിസ്ഥിതി സംരക്ഷകർ

കാവുകളും മനുഷ്യനും തമ്മിലുള്ള ബന്ധം അനാദികാലം മുതൽ വേരൂന്നിയിട്ടുള്ളതാണ്. ആധുനിക കാലത്തിന്റെ വർണ്ണക്കാഴ്ചകളിൽ മയങ്ങിയെങ്കിലും ആ ആത്മബന്ധം മറന്നു കൊണ്ട് മനുഷ്യന് ജീവിതം അസാദ്ധ്യമാണ്. ചിത്തിര പൂക്കളും ചിത്രശലഭങ്ങളുമെല്ലാം കാഴ്ചയിൽ കതിരൊളി വിതറുമ്പോൾ ഓണത്തുമ്പികളും ഓലേഞ്ഞാലിയും നാട്ടിൻ പുറക്കാഴ്ചയായി മാറുന്നതുമെല്ലാം കാവും പരിസരവുമെല്ലാം ജീവന്റെ പശ്ചാത്തലമായതുകൊണ്ടാണ്. ജീവജാലങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് കാവുകളുടെ സാന്നിദ്ധ്യം മൂലമുള്ള അനുഗ്രഹങ്ങൾ വർണ്ണനാതീതമാണ്. ഉരഗങ്ങൾ ,ഉഭയജീവികൾ, പറവകൾ, ചിത്രശലഭങ്ങൾ സസ്തനികൾ, വന്യമൃഗങ്ങൾ, ഇവയെല്ലാം കാവുകളുടെ ഉപഭോക്താക്കളാണ്. കാവ് ഗ്രാമീണതയുടെ പവിത്രതയേറുന്ന സങ്കേതങ്ങളാണ്.ദേവതാരാധനയുടെ കേന്ദ്രങ്ങളായി ഇവയൊക്കെ ആരാധിക്കുന്നതിനാൽ ഇവ നാശം കൂടാതെ തലമുറകളായി സംരക്ഷിക്കപ്പെടുകയാണ്. കാവുകളിലെ ആൽ,പന, ഇലഞ്ഞി, കൂവളം, എന്നിവയൊക്കെ പവിത്ര മരങ്ങളായി ആരാധിക്കുന്നു.

കാവുകളുടെ തണലിൽ ഉദയം ചെയ്ത അനുഷ്ഠാന കലകളാണ് തെയ്യം, തിറ, സർപ്പം പാട്ട്, പുള്ളുവൻപാട്ട്, തോറ്റംപാട്ട്, കളമെഴുത്തുപാട്ട് എന്നിവ. ഉരഗങ്ങളെയും പക്ഷികളെയും കാട്ടുമരങ്ങളെയും മറ്റ് ജീവികളെയുമൊക്കെ നശിപ്പിക്കാതെ സംരക്ഷിക്കുന്നത് കാവ് സങ്കല്പങ്ങളാണ്. കാവു നശിപ്പിക്കൽ ദുരിതങ്ങളെ ക്ഷണിച്ചു വരുത്തുമെന്നാണ് വിശ്വാസം. ബ്രസീൽ, മെക്സിക്കോ, ഘാന, നൈജീരിയ, എത്യോപ്യാ, മധ്യ ആഫ്രിക്ക എന്നിവിടങ്ങളിൽ കാവുകൾ സംരക്ഷിക്കപ്പെടുന്നു.ഇന്ത്യയിൽ ലക്ഷക്കണക്കിന് കാവുകളാണുള്ളത്. ഹിമാചലിൽ ദേവഭൂമിയെന്നും, കർണാടകത്തിൽ ദേവർ കാട് എന്നും കാവുകൾ അറിയപ്പെടുന്നു. ജൈവവൈവിധ്യങ്ങളുടെ കലവറയായ കാവുകൾ മനുഷ്യൻ യന്ത്രക്കൈകളു പയോഗിച്ച് ഉഴുതുമറിക്കുകയാണ്.ഹരിതാഭ നിറഞ്ഞ കാവുകൾ സംരക്ഷിക്കുന്നതിന് ചെട്ടികു

ളങ്ങര കേന്ദ്രമാക്കി പ്രവർത്തിക്കുന്ന 'ആഴ്ചമരം' എന്ന സംഘടന വിവിധ പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. ലേഖികയായ ഞാനും അതിൽ പ്രവർത്തിക്കുന്നു.

വിദ്യാഭ്യാസ ഘട്ടത്തിൽ തന്നെ മരത്തിന്റെ ചെറിയ യൂണിറ്റായ കാവുകൾക്ക് നാം നല്കുന്ന പ്രാധാന്യം വിദ്യാർത്ഥികൾക്ക് പറഞ്ഞു കൊടുക്കുകയും, പ്രകൃതി സ്നേഹം വളർത്തുകയും ചെയ്യേണ്ടതുമൊക്കെ അത്യാവശ്യമാണ്.. ഒന്നു ശ്രദ്ധിച്ചാൽ നമുക്ക് കാണാം പക്ഷികൾക്ക് നല്ല ആവാസവ്യവസ്ഥകളും, ആഹാരവുമൊക്കെ കാവു നല്കുമ്പോൾ അതിന് പ്രതിഫലമായി പരാഗണവും, വിത്തു വിതരണവും പക്ഷികൾ നിർവഹിക്കുന്നു. വിസർജ്യങ്ങളിലൂടെ ജൈവവളവും കാവിന് നല്കുന്നു. അങ്ങനെ പരസ്പരം ആശ്രയിച്ചു കഴിയുന്നു. മനുഷ്യന്റെ മനനശ്ശേഷി പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്കായി കൂടുതൽ പ്രയോഗിക്കുമ്പോൾ കാവുകൾ പവിത്രതയോടെ സംരക്ഷിക്കുവാനുള്ള തിരിച്ചറിവ് പ്രാപ്തമാകുന്നു.

**സ്നേഹ. എസ്**
7 A ഗവ. യു പി ജി സ്കൂൾ, കണ്ണമംഗലം,
മാവേലിക്കര ഉപജില്ല, ആലപ്പുഴ

# ആരോഗ്യമുള്ള നല്ല നാളേയ്ക്കായി......

ലോകം ഇപ്പോൾ അതിഭീകരമായ ഒരവസ്ഥയിലൂടെ കടന്നു പോയിക്കൊണ്ടിരിക്കുകയാണ്. കൊറോണ എന്ന മഹാമാരി ഈ ലോകത്തെ വിഴുങ്ങുകയാണ്. ഓരോ ദിവസവും ഈ വൈറസ് കൂടുതൽ പേരിലേക്ക് പടർന്നുകൊണ്ടിരിക്കുന്നു. മരണ നിരക്ക് വർധിച്ചുകൊണ്ടിരിക്കുന്നു. ഒട്ടുമിക്ക രാജ്യങ്ങളും ഇപ്പോൾ ലോക്ഡൗണിലാണ്. ഈ രോഗം കൂടുതൽ പേരിലേക്ക് പകരാതിരിക്കാനാണിത്. ജനങ്ങൾ അത്യാവശ്യത്തിനു മാത്രമേ പുറത്തിറങ്ങാവൂ. ജോലിക്കു പോകാൻ കഴിയാതെ ധാരാളം പേർ വീടുകളിൽ കഴിയുന്നത്. അവരെ സർക്കാർ നന്നായി സഹായിക്കുന്നുമുണ്ട്. പ്രകൃതി ഇപ്പോൾ ഒരു സ്വയം ശുചീകരണ പ്രക്രിയയിലൂടെ കടന്നു പോവുകയാണ്. ജനങ്ങൾ ലോക്ഡൗണിലായത് കാരണം പ്രകൃതിയിലുള്ള മനുഷ്യന്റെ കൈകടത്തൽ ഒരു പരിധി വരെ കുറഞ്ഞിരിക്കുന്നു. വ്യവസായശാലകളും മറ്റും പ്രവർത്തിക്കാത്തതിനാൽ ജല, വായു മലിനീകരണതോത് വളരെ ഏറെ കുറഞ്ഞിരിക്കുന്നു എന്ന് പഠനങ്ങൾ തെളിയിക്കുന്നു. ഇത് മനുഷ്യൻ തന്റെ പ്രവൃത്തികളെ പുനർ വിചിന്തനം ചെയ്യേണ്ട സമയവും കൂടിയാണ്. ഈ കോവിഡ്കാലത്തു അനാവശ്യമായി പുരറത്തിറങ്ങാതിരിക്കുക, അത്യാവശ്യത്തിനു പുറത്തിറങ്ങുമ്പോൾ മുഖാവരണം ധരിക്കാം, ഇടയ്ക്കിടക്ക് സോപ്പ് ഉപയോഗിച്ച് കൈകൾ കഴുകാം... ഇങ്ങനെ ഒക്കെ നമുക്ക് രോഗം പടരുന്ന ചങ്ങല

പൊട്ടിക്കാം, പ്രകൃതിയെ നശിപ്പിക്കാതിരിക്കാം, നമുക്കാവശ്യമുള്ള പച്ചക്കറികൾ സ്വയം നട്ടുവളർത്താം അത് രോഗ പ്രതിരോധശേഷിയെ വർധിപ്പിക്കാൻ സഹായിക്കും. ആരോഗ്യമുള്ള നല്ല നാളേക്കായി നമുക്ക് കൈകോർക്കാം. നമുക്കായി നമ്മുടെ നാടിനായി പൊരുതുന്ന സർക്കാരിനെയും ഡോക്ടർമാരെയും നഴ്സുമാരെയും എല്ലാ ആരോഗ്യപ്രവർത്തകരെയും പോലീസുകാരെയും നമുക്ക് അനുസരിക്കാൻ നാടിന്റെ ജീവനെ കയ്യിൽ പൊതിഞ്ഞു സംരക്ഷിക്കുന്ന പോരാളികളാകാം നല്ലൊരു നാളേക്കായി കാക്കാം. നമ്മൾ അതിജീവിക്കുക തന്നെ ചെയ്യും. തീർച്ച.

**ഗൗരി സി ബിനു**
7 C ഗവ. യു. പി. എസ്. പൂവച്ചൽ,
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

# പഴമയുടെ ഓർമ്മപ്പെടുത്തൽ

ഞാൻ ആൽ മുത്തശ്ശി.

ഇപ്പോൾ കൊറോണ കാലമായതുകൊണ്ട് എല്ലാവരും വീട്ടിൽ വെറുതെ ഇരിക്കുകയാണല്ലോ? ഈ സമയത്ത് ഞാൻ നിങ്ങളോട് കുറച്ചു കാര്യങ്ങൾ പങ്കു വയ്ക്കാം. കുറേ കാലങ്ങൾക്കു മുമ്പ് ഇങ്ങനെ ഒരു അവസ്ഥ ഉണ്ടായിരുന്നു. അന്ന് കൊറോണ ആയിരുന്നില്ല. വസൂരി... തെരുവിൽ ആകെ. ദയനീയ കാഴ്ചകൾ ആയിരുന്നു. ശാസ്ത്രം ഇത്ര പുരോഗതിയിൽ എത്തിയിട്ടുണ്ടായിരുന്നില്ല. വളരെ പെട്ടെന്നുതന്നെ അത് എല്ലാവരിലും പടർന്നു പിടിച്ചു. മൃഗങ്ങളുടെ അവസ്ഥയും വളരെ ദയനീയമായിരുന്നു. മരുന്ന് കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. അന്ന് സംഭവിച്ചത് പോലെ ഇന്ന് സംഭവിക്കരുതേ എന്നാണ് എന്റെ പ്രാർത്ഥന. കൊറോണ മഹാമാരി ആണെങ്കിൽ വസൂരി പേമാരി ആയിരുന്നു ഒരുപാട് ജീവനുകൾ വസൂരി കവർന്നെടുത്തു എന്തെങ്കിലും ചെയ്യണമെന്ന് എനിക്ക് ആഗ്രഹമുണ്ടായിരുന്നു. പക്ഷേ ഇവിടെ നിന്ന് ഇളകാൻ പോലും പറ്റാത്ത എനിക്ക് എന്ത് ചെയ്യാൻ കഴിയും? ഒരു നോക്കുകുത്തി യെ പോലെ നോക്കിനിൽക്കാൻ മാത്രമേ എനിക്ക് കഴിഞ്ഞുള്ളൂ. ഇന്ന് ആധുനിക സൗകര്യമുള്ള ആശുപത്രികൾ ഉള്ളതുകൊണ്ട് ഈ വൈറസിനെ ഒരു പരിധിവരെ തടയാൻ കഴിയും. നൂറ്റാണ്ടുകളായി ഞാനിവിടെ നിൽക്കുകയല്ലേ എത്ര തലമുറകൾ ഞാൻ കണ്ടു! ഓരോ തലമുറയിലെയും കണ്ടുപിടിത്തങ്ങൾ അത്ഭുതാവഹം തന്നെ. ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ പോലീസുകാർ വെയിലത്ത് നിൽക്കുമ്പോൾ അവർക്ക് ഇത്തിരി തണൽ നൽകാൻ കഴിയുന്നതിൽ എനിക്ക് ചാരിതാർഥ്യമുണ്ട്. ഇന്നലെ ഒരു കൊച്ചുകുട്ടി എന്റെ മേൽ ഒരു വലിയ മാസ്കിന്റെ ചിത്രം വച്ചിട്ട് പോയി. ഞാനൊരു മാസ്ക്

വെച്ചത് പോലെ എനിക്ക് തോന്നി. എനിക്ക് ചിരി വന്നു. ഇങ്ങനെയുള്ള കുഞ്ഞു തലമുറകളാണ് നമ്മുടെ നാടിന്റെ അഭിമാനം. ഞാൻ ചിരിച്ചത് അവർ കണ്ടുവോ ആവോ? കഴിഞ്ഞ ഇടയിൽ പൊട്ടിപ്പുറപ്പെട്ട നിപ്പ കുറച്ചു പേരുടെ മരണത്തിന് കാരണമായി. ഇനിയും ഇങ്ങനെയുള്ള പകർച്ചവ്യാധികൾ വരാതിരിക്കുവാൻ നമ്മുടെ പരിസരം വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. വ്യക്തി ശുചിത്വം പാലിക്കേണ്ടതും പരിസരം സംരക്ഷിക്കേണ്ടതും അനിവാര്യമായ കാര്യങ്ങളാണ്. ഇനി വരുന്ന തലമുറകൾ ആരോഗ്യത്തോടെ ജീവിക്കുവാൻ ഉള്ള അവസരം നാം അവർക്ക് ഒരുക്കി കൊടുക്കേണ്ടതാണ്. ഇനി എത്ര കാലം ഞാൻ ഇവിടെ ഉണ്ട് എന്ന് എനിക്കറിയില്ല. മാലിന്യമുക്ത മായ ഒരു പരിസ്ഥിതിയുടെ സംരക്ഷകരാകാൻ നമുക്ക് കൈകോർക്കാം.. എല്ലാവർക്കും നല്ലതു ഭവിക്കട്ടെ

**ആര്യ കെ എൻ**
7 A ഗവ.ബിയു.പി.എസ്ബപുതിയങ്കം,
ആലത്തൂർ ഉപജില്ല, പാലക്കാട്

# കത്ത്

ചവറ തെക്കുംഭാഗം (കൊല്ലം ) 07.04.2020

ലോക്ക്ഡൌൺ കാലം, ആശങ്കയുടെ കാലഘട്ടം ബഹു. മുഖ്യമന്ത്രി, ആരോഗ്യമന്ത്രി, പോലീസ് ഡിപ്പാർട്ട്മെന്റ് എന്നിവർക്ക് എട്ടാം ക്ലാസ്സുകാരിയുടെ ഒരു തുറന്ന കത്ത്. കോവിഡ് 19 എന്ന മഹാമാരിക്ക് എതിരെ ഉള്ള പോരാട്ടം മുന്നിൽ നിന്ന് നയിക്കുന്നതിന് എന്റെയും, കുടുംബത്തിന്റെയും എന്റെ സുഹൃത്തുക്കളുടെയും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

ബഹുമാന്യരേ നിങ്ങൾ പറഞ്ഞത് എത്രയോ ശരിയാണെന്ന് ബോധ്യപ്പെട്ടു. സാമൂഹിക അകലം പാലിച്ചുകൊണ്ട് മാനസിക അടുപ്പം നിലനിർത്തിക്കൊണ്ട് നമുക്ക് കൊറോണ ക്കെതിരെ പോരാടാം. ലോക്ഡൗൺകാലത്തെ അനുഭവം ഞാൻ ഇവിടെ കുറിക്കുന്നു.

കൊല്ലം ജില്ലയിലെ ചവറ തെക്കുംഭാഗം എന്ന പ്രകൃതി രമണീയമായ സ്ഥലം. എന്റെ വീടിന് സമീപത്ത് കൂടി ലോക്ഡൗണിന് മുമ്പ് ഒട്ടനവധി വാഹനങ്ങൾ ചീറിപ്പായു മായിരുന്നു.അതിരാവിലെ അമ്പലത്തിലെ സുപ്രഭാതവും, പള്ളി മണിയും കേട്ടുകൊണ്ടാണ് ഞാൻ നിത്യവും ഉണർന്നി രുന്നത്. ഇപ്പോൾ കുറച്ചു ദിവസമായി ഇതൊന്നും കേൾക്കാറില്ല. രാവിലെ കിളികളുടെ കളകളാരവം മാത്രം കേട്ടുകൊണ്ടാണ് ഇപ്പോൾ ഞാൻ ഉറക്കം ഉണരുന്നത്. ഇടയ്ക്ക് സുരക്ഷ ഉറപ്പുവരുത്തുന്ന പൊലീസ് ജീപ്പുകൾ മാത്രം. അങ്ങനെയിരിക്കെ ഞാൻ വീടിന്റെ ഉമ്മറത്തു

നിന്നു റോഡിലേക്കു നോക്കി ആരെങ്കിലും പോകുന്നുണ്ടോ എന്ന്. അതാ ഒരു മണിയടി ശബ്ദം. നോക്കിയപ്പോൾ പത്രക്കാരൻ ചേട്ടൻ പത്രം ഇട്ടു, പത്രം എടുത്തു ഞാനൊന്നു നോക്കി. അനുദിനം കോവിഡ് ബാധിച്ചു മരിച്ചവരുടെ എണ്ണവും രോഗികളുടെ എണ്ണവും പെരുകിക്കൊണ്ടേയിരിക്കുന്നു. മനുഷ്യരാശിയെ തന്നെ തകർക്കാൻ പോന്ന മഹാമാരി ഇത്രയും ഭീകരം ആകുമെന്ന് ഞാൻ കരുതിയില്ല. ഇതിനുമുമ്പ് നേരിട്ടുള്ള സുനാമിയും, നിപ്പയും, മുൻവർഷം ഒട്ടനവധി ജീവനെടുത്ത പ്രളയത്തേക്കാൾ ഭീകരം, ഭയാനകം ഓരോ ദിവസം കഴിയുന്തോറും മനുഷ്യരെ പേടിപ്പെടുത്തുന്ന വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. 2019 ഡിസംബറിന്റ അവസാനം ചൈനയിലെ വുഹാനിൽ ഉടലെടുത്ത കൊറോണ എന്ന അതി വിപത്തിനെ നമ്മൾ ഗൗരവത്തിൽ എടുത്തില്ല. അതു ചൈനയിൽ ആണെന്ന് ലാഘവത്തോടുകൂടി നമ്മൾ കേട്ടു. നമ്മൾ ഇങ്ങ് കേരളത്തിൽ അല്ലേ എന്ന് ലാഘവത്തോടുകൂടി ആ വാർത്ത നിസ്സാരമായി തള്ളിക്കളഞ്ഞു. എന്നാൽ 2020 പിറന്നത് ഒരു പ്രത്യാശയുടെ പ്രതീകം ആയിട്ട് ആണെങ്കിലും ജനുവരിയിൽ തന്നെ ആ ദുരന്തം നമ്മുടെ ഈ കേരളത്തിലും എത്തി. കൊറോണ എത്തുന്നതിനുമുമ്പ് എല്ലാം വെട്ടിപ്പിടിക്കാൻ മനുഷ്യൻ നെട്ടോട്ടമോടുന്ന കാഴ്ചയാണ് ഞാൻ കണ്ടത്. ആർക്കും ഒന്നിനും സമയം ഇല്ലായിരുന്നു. ആഡംബരജീവിതം നയിക്കാനുള്ള നെട്ടോട്ടം ആയിരുന്നു കഴിഞ്ഞ നാളുകളിൽ ഞാൻ കണ്ടത്. എന്നാൽ ഇന്ന് എല്ലാവരും ഭീതിയിലാണ്. എന്തിന് ഞാൻ കഴിക്കുന്ന ആഹാരത്തിൽ പോലും മാറ്റം വന്നു. ചക്കയും, മാങ്ങയും, കപ്പയും, ഒക്കെ ആഹാരത്തിൽ ഉൾപ്പെടുത്താൻ തുടങ്ങി. അപ്പോഴാണ് എന്റെ അമ്മൂമ്മ പറഞ്ഞത് പണ്ടൊക്കെ ഞങ്ങളുടെ ആഹാരരീതി ഇതായിരുന്നു. ഈ ആഹാരത്തിന് ഫാസ്റ്റ് ഫുഡ് നേക്കാൾ രുചി തോന്നി തുടങ്ങിയിരിക്കുന്നു. അങ്ങനെ ഇരിക്കവെ ആണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ആഹ്വാനം വന്നത് മാർച്ച് 22 ന് ജനതാകർഫ്യൂ പ്രഖ്യാപിച്ചു. ഒരു മഹാവിപത്തിനെതിരെയുള്ള പോരാട്ടത്തിൽ എല്ലാവരും അണിചേർന്നു. ഞാനും അതിനോട് യോജിച്ചു. വീട്ടിൽനിന്ന് പുറത്തിറങ്ങിയില്ല. വീണ്ടും പ്രധാനമന്ത്രിയുടെ ആഹ്വാനം വന്നു ഐക്യ ദീപം തെളിയിക്കാൻ ഞായറാഴ്ച രാത്രി 9 മണിമുതൽ 9 മിനിറ്റ് നേരം വൈദ്യുത ദീപം അണച്ച് ദീപം തെളിയിക്കാൻ. അപ്പോൾ ഞാൻ സംശയിച്ചു ദീപം തെളിയിച്ചാൽ കൊറോണാ പോകുമോ? ഇല്ല. പോകില്ല ഞാൻ കൂടുതൽ അറിയാൻ ശ്രമിച്ചു. അങ്ങനെ ഞാൻ അച്ഛനോട് ചോദിച്ചു അപ്പോൾ അച്ഛൻ പറഞ്ഞു മോളെ ഫ്ളോറൻസ് നൈറ്റിംഗേൾ എന്ന വനിതയെ കുറിച്ച്. ആധുനിക വൈദ്യശാസ്ത്രത്തിന് പിന്തുണയായി ആധുനിക നഴ്സിങ് സംവിധാനം നടപ്പാക്കിയ ചരിത്ര വനിത. ലോകത്തെ ഭയാശങ്കകളുടെ തടവറയിലേക്ക് തള്ളിവിട്ട കൊറോണാ വൈറസിനെ തിരെ നിശബ്ദം പോരാടുന്ന വരാണ് ഭൂമിയിലെ മാലാഖ മാരായ നേഴ്സ്മാർ. രോഗം ബാധിച്ച വരെയും രോഗം ഉണ്ടോ എന്നു സം

ശയിക്കുന്നവരെയും സ്വന്തം കുടുംബത്തിലെ അംഗം എന്ന നിലയിൽ പരിച രിക്കുകയാണ് അവർ. ഈ കാലഘട്ടം നമുക്ക് അവർക്കായി സമർപ്പിക്കാം. നൈറ്റിംഗേലിന്റെ പിൻഗാമികൾക്ക് എന്റെ ഒരു ബിഗ് സല്യൂട്ട് നേർന്നുകൊണ്ട്. പുതിയ വൈറസുകൾക്കും രോഗങ്ങൾക്കും എതിരെ ജാഗ്രത പാലിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട്, സ്നേഹപൂർവ്വം

**ദേവു. എസ്. നാരായണൻ**
8.C ഗവ.എച്ച്. എസ്.എസ്. വള്ളിക്കീഴ്,
കൊല്ലം ഉപജില്ല, കൊല്ലം

# ആരോഗ്യ ദേശം

പലവിധ രോഗങ്ങളാൽ ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ അതിനെ എങ്ങനെ പ്രതിരോധിക്കാം എന്നുള്ള ചെറുലേഖനം ആണ് ഞാൻ ഇവിടെ രചിക്കാൻ പോകുന്നത്. പലതരത്തിലുള്ള രോഗപ്രതിരോധങ്ങൾ നാം കണ്ടിട്ടുണ്ട്. പലവിധ രോഗപ്രതിരോധങ്ങളിലൂടെ നമുക്ക് നമ്മുടെ നാടിനെ സംരക്ഷിക്കാം. വെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങളിൽ വെള്ളം പോകാനുള്ള സാഹചര്യം നമ്മൾ ഒരുക്കി കൊടുത്താൽ കൊതുകുകളുടെ ശല്യം നമുക്ക് ഒഴിവാക്കാം. പക്ഷേ വെള്ളം കെട്ടി നിൽക്കുന്ന അവസ്ഥ ഉണ്ടായാൽ കൊതുകുകൾ പെരുകി ഡെങ്കിപ്പനി പോലുള്ള മാരക രോഗങ്ങൾ നമുക്ക് പിടിപെടാം. ഭക്ഷ്യവസ്തുക്കളുടെ അവശിഷ്ടങ്ങളും മറ്റു മാലിന്യങ്ങളും നമ്മുടെ വീട്ടു പരിസരത്തോ പൊതുസ്ഥലങ്ങളിലോ അലക്ഷ്യമായി വലിച്ചെറിയരുത്. വലിച്ചെറിയുന്നത് ഫലമായി എലികൾ പെരുകുകയും എലിപ്പനി പോലുള്ള രോഗങ്ങൾ ഉണ്ടാവുകയും ചെയ്യും. അതിനാൽ നമ്മൾ വീടുകളിൽ ഒരു കുഴി കുഴിച്ച് അതിനുള്ളിൽ ഭക്ഷ്യ അവശിഷ്ടങ്ങളും മറ്റു മാലിന്യങ്ങളും നിക്ഷേപിക്കുക. അതിന്റെ ഫലമായി മണ്ണിന്റെ വളക്കൂറ് വർധിക്കുന്നതാണ്. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ബാഗുകളും, കുപ്പികളും മറ്റു പ്ലാസ്റ്റിക് ഉപകരണങ്ങളും അലക്ഷ്യമായി വലിച്ചെറിയാൻ പാടുള്ളതല്ല. വലിച്ചെറിയുന്നത് ഫലമായി പ്ലാസ്റ്റിക്കുകളിൽ വെള്ളം കെട്ടി നിൽക്കുകയും കൊതുകുകൾ പെരുകുകയും ജലസ്രോതസ്സുകളിൽ വലിച്ചെറിയുമ്പോൾ ജല ജീവികൾക്കു നാശം ഉണ്ടാക്കുകയും ചെയ്യും. അതുപോലെ പ്ലാസ്റ്റിക് കത്തിക്കുകയും ചെയ്യരുത്. അത് കത്തിക്കുമ്പോൾ ഉണ്ടാകുന്ന വിഷവാതകം ശ്വസിച്ച് മനുഷ്യർക്ക് കാൻസർ പോലുള്ള മാരക രോഗങ്ങൾ പിടിപെടാം. അതുപോലെ നമ്മുടെ പ്രകൃതിയും ജലസ്രോതസ്സുകളെയും നമ്മൾ സംരക്ഷിക്കണം.

ഒരു കുട്ടിയുടെ ജനനം മുതലുള്ള വാക്സിനേഷനുകൾ കൃത്യസമയത്ത്

നൽകുകയും അവരുടെ ആരോഗ്യം സംരക്ഷിക്കുകയും ചെയ്യണം. അതിനായി പ്രതിരോധ കുത്തിവെപ്പുകളും പോളിയോ മരുന്ന് വിതരണവും കൃത്യസമയം എല്ലാ കുട്ടികൾക്കും നൽകണം. അതുപോലെതന്നെ അംഗൻവാടികളിൽ നിന്നും കുട്ടികൾക്ക് ആവശ്യമായ പോഷകാഹാരങ്ങൾ ലഭിക്കുന്നുമുണ്ട്. നല്ല പോഷകാഹാരങ്ങൾ കൊടുത്ത് കുട്ടികളുടെ പ്രതിരോധ ശേഷി വർധിപ്പിക്കണം. അംഗൻവാടികൾ വഴി നമ്മുടെ സർക്കാർ ധാരാളം പോഷകാഹാരങ്ങൾ വിതരണം ചെയ്യുന്നുണ്ട്. അത് നമ്മൾ ഉപയോഗപ്രദം ആക്കണം. അങ്ങനെ കുട്ടികളുടെ പ്രതിരോധ ശേഷി കൂട്ടണം.

ലോകമെമ്പാടും ഇപ്പോൾ ഒരു മഹാമാരി പിടി പെട്ടിരിക്കുകയാണ് കോവിഡ്-19 അഥവാ കൊറോണാ വൈറസ്. അമേരിക്ക, ഇറ്റലി, ഫ്രാൻസ്, സ്പെയിൻ, ഇറാക്ക് എന്നീ വികസിത രാജ്യങ്ങളെ പോലും പിടിച്ചുകുലുക്കിയ ഒരു മഹാമാരി ആണിത്. ഓരോ ദിവസം കഴിയുമ്പോഴും മരണ സംഖ്യയും രോഗികളുടെ എണ്ണവും കുത്തനെ ഉയരുകയാണ്. ഈ മഹാവിപത്തിനെ അതിജീവിക്കുന്ന അതിനായി നമ്മുടെ രാജ്യം ഒരു മാസത്തോളമായി ലോക്ഡൗണിൽ ആണ്. ഇതിന്റെ ഫലമായി നമ്മുടെ രാജ്യത്ത് മരണസംഖ്യയും രോഗികളുടെ എണ്ണവും കുറയുന്നുണ്ട്. ഇതിനെ പ്രതിരോധിക്കാനുള്ള മാർഗം എന്ന് പറഞ്ഞാൽ മറ്റുള്ളവരുമായി സമ്പർക്കത്തിൽ ഏർപ്പെടാതിരിക്കുക. അനാവശ്യമായി പുറത്തിറങ്ങാതെ ഇരിക്കുക. അത്യാവശ്യ ഘട്ടങ്ങളിൽ പുറത്തിറങ്ങിയാൽ മാസ്ക് ഉപയോഗിക്കുക. ആളുകളിൽ നിന്നും കുറഞ്ഞത് ഒരു മീറ്റർ അകലം പാലിക്കുക. സോപ്പ്, ഹാന്റ്വാഷ് എന്നിവ ഉപയോഗിച്ച് കൈകൾ നന്നായി കഴുകുക. നാമെല്ലാവരും ഒത്തൊരുമിച്ചു ശ്രമിച്ചാൽ ഈ മഹാമാരിയെ നമുക്ക് അതിജീവിക്കാം.

നാമെല്ലാവരും രോഗപ്രതിരോധ ത്തിൽ ഏതെങ്കിലും തരത്തിൽ ഏർപ്പെട്ടിട്ടുണ്ടാവണം. ഇപ്പോൾതന്നെ നാമെല്ലാവരും രോഗപ്രതിരോധത്തിന്റെ ഭാഗമായി ഒരു മാസത്തോളമായി ലോക്ഡൗണിൽ കഴിയുകയാണ്. നമ്മൾ പ്രധാനമായും വ്യക്തി ശുചിത്വം പരിസരശുചിത്വം എന്നിവയാണ് രോഗപ്രതിരോധത്തിനായി ശ്രദ്ധിക്കേണ്ട പ്രധാന ഘടകങ്ങൾ.ഗവൺമെന്റ് നൽകുന്ന ഉത്തരവുകൾ ഒരു ഇന്ത്യൻ പൗരൻ എന്ന നിലയിൽ കൃത്യമായി പാലിക്കേണ്ടത് നമ്മുടെ ചുമതലയാണ്. നമ്മുടെ ആരോഗ്യത്തിനു വേണ്ടി രാപ്പകലില്ലാതെ കഷ്ടപ്പെടുന്ന ആരോഗ്യ പ്രവർത്തകരെ നമ്മൾ മറന്നു പോകരുത്. എല്ലാവരുടെയും ആരോഗ്യത്തിനുവേണ്ടി നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം. നമുക്ക് എല്ലാവർക്കും ഒരുമിച്ച് ഈ രോഗ പ്രതിരോധ പ്രവർത്തനത്തിൽ ഏർപ്പെടാം. LET'S BREAK THE CHAIN.

**അനസ് മുഹമ്മദ് എൻ**
8 G ജി വി എച്ച് എസ്സ് എസ്സ് കടയ്ക്കൽ,
ചടയമംഗലം ഉപജില്ല, കൊല്ലം

# കൊറോണക്കാലത്തെവായന

വായനാശീലമുള്ള ഒരു കുട്ടിയേ അല്ല ഞാൻ. സിനിമയോടാണെങ്കിൽ വലിയ ഇഷ്ടവും.കൊറോണക്കാലമായതിനാൽ എല്ലാരും വീട്ടിലുണ്ട്. പത്രവായനക്കിടയിൽ അച്ഛൻ പറഞ്ഞാണ് അറിഞ്ഞത് ആടുജീവിതം എന്ന സിനിമയുടെ ഷൂട്ടിങ്ങിനായി പോയ പൃഥ്വിരാജും സംഘവും ഇസ്രായേലിൽ കുടുങ്ങികിടപ്പാണെന്ന്. ഈ വാർത്ത എനിക്ക് കൗതുകമായി. അച്ഛനോട് കൂടുതൽ ചോദിച്ചപ്പോൾ ആടുജീവിതം ഒരു നോവലാണെന്നും അതെഴുതിയത് ബെന്യാമിൻ എന്നഎഴുത്തുകാരനാണെന്നും പറഞ്ഞു.

ഭാര്യയുടെസ്വർണവും കടം വാങ്ങിയ പണവുമായി ഗൾഫിലേക്ക് പോയ നജീബ് എന്ന മനുഷ്യന്റെ ജീവിത കഥയാണിത്. കൂടെ ഹക്കീമും. സ്വപ്നം കണ്ടതൊന്നുമായിരുന്നില്ല അയാളെ കാത്തിരുന്നത്. എങ്ങനെയെങ്കിലും ജയിലിലാകാൻ മോഹിച്ചു 'ബത്ത 'പോലിസ് സ്റ്റേഷന് മുന്നിൽ നിൽക്കുന്ന നജീബിനെയും ഹമീദിനെയും ആണ് നാം ആദ്യം കാണുന്നത്. 'ജീവിതം തുടരാനുള്ള കൊതിയിൽ ആണ് ജയിലിനുള്ളിൽ ഞാൻ സ്വയം എത്തിപ്പെട്ടത്' എന്നാണ് നജീബ് പറയുന്നത്. അതിൽ നിന്ന് തന്നെ അതിന് മുൻപ് അവർ അനുഭവിച്ച ജീവിതം എത്രമാത്രം കഷ്ടപ്പാട് നിറഞ്ഞതായിരുന്നുവെന്ന് നമുക്ക് ഊഹിക്കാം.മരുഭൂമിക്കുള്ളിലെവിടെയോ ആടുകളെ നോക്കാനുള്ള ജോലി ആയിരുന്നു അയാൾക്ക്. കുടിവെള്ളമോ, കിടക്കയോ, വസ്ത്രമോ ഒന്നുമില്ലാത്ത ജീവിതം. അയാളുടെ കഷ്ടപ്പാടിനെക്കുറിച്ചോർക്കുമ്പോൾ നമുക്ക് കരച്ചിൽ വരും.

അവസാനം ഹക്കീമും നജീബും ഒളിച്ചോടാൻ തീരുമാനിച്ചു. കൂടെ ഹക്കീമിന്റെ കൂടെയുള്ള ഇബ്രാഹിം ഖാദിരിയും. മരുഭൂമി എന്ന് കേട്ടറിവ് മാത്രമുള്ള നമുക്ക് അതിന്റെ പേടിപ്പെടുത്തുന്ന മറ്റൊരു രൂപം ഈ നോവലിൽ കാണാം. കുടിക്കാനിത്തിരി വെള്ളമില്ലാതെ, ദിക്കറിയാതെ, രാത്രിയോ പകലോ എന്നില്ലാതെ അവർ നടന്നു. വഴിയിൽ തളർന്നു വീണുമരിച്ചഹക്കീമിനെ ഉപേക്ഷിക്കുകയല്ലാതെ മറ്റു വഴി ഇല്ലായിരുന്നു.

വേദനയോടെ അവർ വീണ്ടും നടന്നു. ഇത്തിരി വെള്ളം കിട്ടുന്ന ഒരിടം തേടി. ദാഹിച്ചു മരിച്ചു പോകുമെന്ന അവസ്ഥ. ഒടുവിൽ ഇത്തിരി വെള്ളമുള്ളൊരിടം എത്തി. ഇബ്രാഹിം ഖാദിരി തോർത്ത് വെള്ളത്തിൽ മുക്കി നാവിലിറ്റിച്ചു. നജീബിന് മതിയായശേഷമാണയാൾ നാവ് നനച്ചത്.മൂന്നാം നാൾ ആരോടും പറയാതെ അയാൾ അപ്രത്യക്ഷനായി. ഈ നോവലിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട കഥാപാത്രമാണ് ഇബ്രാഹിം ഖാദിരി. നജീബിന്റെ ജീവിതത്തിൽ പ്രത്യക്ഷപ്പെട്ട ദൈവം. മരണത്തിൽ നിന്ന് അയാളെ രക്ഷിച്ചിട്ട് ഒരു നന്ദി വാക്കുപോലും പ്രതീക്ഷിക്കാതെ

പോയവൻ. യഥാർത്ഥത്തിൽ ഇങ്ങനെയുള്ള മനുഷ്യരല്ലേ ദൈവങ്ങൾ. തിരികെ ഒന്നും പ്രതീക്ഷിക്കാതെ ഒരാളെ സഹായിക്കുമ്പോഴാണ് നമ്മൾ നല്ല മനുഷ്യരാകുന്നത്. അത്തരം കുറേ നല്ല മനുഷ്യർ ഈ നോവലിൽ ഉണ്ട്. ഒരു പരിചയവുമില്ലാത്ത മുഷിഞ്ഞു നാറിയ അപരിചിതനായ നജീബിനെ തന്റെ വില കൂടിയ കാറിൽ കയറ്റി കൊണ്ടു പോകുന്ന പയ്യൻ, നജീബിന് താമസവും ആഹാരവും നൽകുന്ന കുഞ്ഞിക്കഎന്നിവരൊക്കെ. കുഞ്ഞിക്കയുടെ ഫോണിൽ നിന്ന് തന്റെ ഭാര്യ സൈനുവിനോട് നജീബ് സംസാരിക്കുന്നത് കരഞ്ഞു കൊണ്ടല്ലാതെ വായിക്കാനാകില്ല. ഒടുവിൽ നാട്ടിലേക്ക് പോകാനായി അനുവാദം കിട്ടുന്നു നജീബിന്. ശരിക്കും ആടായി മാറിയിരുന്നോ നജീബ്.

'അനുഭവങ്ങളുടെ നജീബ് അധികം ഓർമ്മകളുടെ ബെന്യാമിൻ സമം ആടുജീവിതം' എന്നാണ് ബെന്യാമിൻ ഈ നോവലിനെ ക്കുറിച്ച് പറയുന്നത്.

നജീബിന്റെ ജീവിതത്തെകുറിച്ചോർക്കുമ്പോൾ എനിക്കിപ്പോഴും സങ്കടം വരുന്നു. സിനിമയിൽ നജീബിനെ കാണാൻ ഞാൻ കാത്തിരിക്കുന്നു.

**സിദ്ധാർഥ് എസ്**
6 A ഗവ.എച്ച്.എസ്സ്. പയ്യനല്ലൂർ ,ആലപ്പുഴ,മാവേലിക്കര,
മാവേലിക്കര ഉപജില്ല, ആലപ്പുഴ,

# ലോക്ഡൗൺ ദിനങ്ങൾ

എന്റെ ലോക്ഡൗൺ ദിവസങ്ങൾ വളരെ വിരസമായിരുന്നു എന്നാൽ വൈകുന്നേരം ഞാൻ അപ്പായിയോടും അമ്മയോടും ഒപ്പം ബാഡ്മിൻറൻ കളിക്കാൻ തുടങ്ങിയ എനിക്ക് വളരെ സന്തോഷം തോന്നി.പിന്നെയാണ് എനിക്ക് വരയ്ക്കാൻ മോഹം തോന്നിയത്. വരച്ചപ്പോൾ മനസ്സിൽ മാറ്റൊരു ആശയം തോന്നിയത്. വരച്ച ചിത്രങ്ങൾ ചുമരിൽ ഒട്ടിക്കുക' അങ്ങനെ ഞാൻ ഒട്ടിക്കാൻ തുടങ്ങി. ഒരു ചുവരിൽ നിറയെ ചിത്രങ്ങളായി. പിന്നെ കുറച്ച് നേരം കമ്പ്യൂട്ടറിൽ ഗെയിം കളിക്കും. പിന്നെ ഡൈജസ്റ്റ് വായിച്ചപ്പോഴാണ് ഉറുമ്പു നിരീക്ഷണം എന്ന ഹോബിയെപ്പറ്റി കേട്ടത്. എനിക്ക് ഒന്ന് പരിക്ഷിച്ചാലോ ഞാൻ ആദ്യം മതിലിൽ ദ്വാരം ഉണ്ടാക്കി അതിൽ താമസിക്കുന്ന ഉറുമ്പുകളെ നിരീക്ഷിച്ചു.ആ ഉമ്പുകൾക്ക് പുട്ടിന്റെ ഒരു ചെറിയ കഷ്ണം കൊടുത്തു അവർ അത് കഴിച്ചില്ല. എനിക്ക് സങ്കടം വന്നു പിന്നെ ഞാൻ നിരിക്ഷിച്ചത് ഇലകളിൽ കൂടുണ്ടാക്കുന്ന ഉറുമ്പുകളെയാണ് എന്തു രസമാണ് അവരുടെ കൂട്കാണാൻ. അപ്പോഴാണ് എന്റെ കാലിൽ ഉറുമ്പുകടിച്ചത് ഞാൻ നോക്കി മണ്ണിലും ഉറുമ്പിൻ കൂടുണ്ട് കുറെ നേരം അവയെ നിരീക്ഷിച്ചു.

എത്ര ചിട്ടയോടെയാണ് അവർ നിരനിരയായി പോകുന്നത് സ്കൂളിലെ അസംബ്ലി ഓർമ വന്നു. ഉറുമ്പിൻ കൂട്ടിൽ റാണിയും ജോലിക്കാരും പടയാളികളും ഉണ്ടെന്ന് പുതിയ അറിവായിരുന്നു.പിന്നെ ഞാൻ നാല് തരി പഞ്ചസാര കൊടുത്തു ഉറുമ്പുകൾ അത് കഴിക്കുന്നതിന് പകരം അവർ കൂട്ടിൽ കൊണ്ടുപോയി ഞങ്ങളുടെ വീട്ടിൽ മീൻ വളർത്തുന്നുണ്ട് അതിൽ ധാരാളം ചെറിയ ഒച്ചുകളുണ്ട് ഒരു ദിവസം ഞാൻ നോക്കമ്പോൾ ഒച്ചിന്റെ തോടു മാത്രമായി കൂട്ടിൽ കൊണ്ടു പോകുന്നു ഈ കാര്യം അപ്പായിയോട് പറഞ്ഞ പ്പോൾ കൂട്ടിൽ എന്തെങ്കിലും ക്രമീകരണത്തിനാകും എന്ന്. അടുത്ത ദിവസം ഞാൻ ചപ്പാത്തി കഷ്ണങ്ങൾ കൊടുത്തു നോക്കി അത് അവർ കഴിച്ചു എനിക്ക് അദ്ഭുതം തോന്നി. അപ്പോ ഞാൻ മനുഷ്യനും ഉറുമ്പുകളെയും തമ്മിൽ താരതമ്യപ്പെടുത്തി നോക്കി. 'ഞാൻ എല്ലാ ദിവസവും തിറ്റ കൊടുത്തിട്ടു ഒരു ദിവസം കൊടുക്കാതിരുന്നാൽ അവർ അടിയുണ്ടാക്കില്ല. എന്നാൽ മനുഷ്യൻ അടിയുണ്ടാക്കും. സർബത്തിലെ പഞ്ചസാര 'നന്നായി കലങ്ങിയില്ല ആ പഞ്ചസാര ഉറുമ്പുകൾക്കു കൊടുത്തു.ഉച്ചയ്ക്ക് കൊടുത്ത പഞ്ചസാര വൈകുന്നേരമാണ് തീർന്നത്.

ഈ ലോക്ഡൗൺ കാലത്ത് ഉറുമ്പു നിരിക്ഷണത്തിലൂടെ എന്റെ മനസിൽ തങ്ങിയ കാര്യങ്ങൾ.. .................അച്ചടക്കം, കഠിനാധ്വാനം, സഹകരണം. അച്ചടക്കത്തോടെ വീടുകളിലിരുന്ന്. കോറോണയെന്ന മഹാമാരിയെ പ്രതിരോധിക്കുക....... കൃഷി പരിസര ശുചികരണം വ്യക്തി ശുചിത്വം പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് അധ്വാനത്തിന്റെ മഹത്വം മനസിലാക്കി......... സഹായം ആവശ്യമുള്ള സഹജീവികളെ സഹായിച്ച്...... അടച്ചുപൂട്ടൽ കാലം അർഥപൂർണമാക്കുക

**തെരേസ ടെജോ**
4A ജി വി എച്ച് എസ് എസ് കൈതാരം,
വടക്കൻ പറവൂർ ഉപജില്ല, എറണാകുളം

# ലോക്ഡൗൺ

ലോക്ഡൗൺ ചൈനയിലെ വുഹാനിൽ നിന്ന് പടർന്നു പിടിച്ച് ലോകം മുഴുവൻ ഭീതിയോടെ ഇന്നും നേരിടുന്ന മഹാമാരിയായ കൊറോണ വൈറസ് നമ്മുടെ ഇന്ത്യയിൽ ലോക്ഡൗണിനു കാരണമായി. ഞാൻ ആദ്യമായിട്ടാണ് ലോക്ഡൗൺ എന്ന് കേൾക്കുന്നത്. അത് എന്താണ് എന്ന് വിശദമായി ഉമ്മി എനിക്ക് പറഞ്ഞു തന്നു. സ്കൂളുകൾ എല്ലാം അടച്ചു, പരീക്ഷകളും മാറ്റിവെച്ചു. പരീക്ഷ എഴുതാതെ എങ്ങനെ പാസ്സാകാമെന്നു ലോക്ഡൗൺ പഠിപ്പിച്ചു. ഓഫീസുകൾ അടച്ചു, ബസ്സുകൾ ഓടുന്നില്ല. ഇപ്പോൾ പുറത്തിറങ്ങാനും പറ്റുന്നില്ല. വൈറസിനെ

തുരത്തുന്നതിനുവേണ്ടി എത്രത്തോളം ശുചിത്വമോടെ നാം നടക്കണം എന്ന് നമ്മൾ അറിഞ്ഞു. മാസ്ക് ധരിച്ച് മാത്രം പുറത്ത് പോകണം. സോപ്പും വെള്ളവും ഉപയോഗിച്ച് നിരന്തരം കൈകഴുകണം. സർക്കാരിന്റെ 'ബ്രേക്ക് ദി ചെയിൻ' എല്ലാ കുട്ടികളെയും മുതിർന്നവരെയും ബോധവാന്മാരാക്കി. പുറത്തു പോകാതെ വീട്ടിലിരുന്ന് എങ്ങനെ സമയം ചെലവഴിക്കാം, മാളുകളും സിനിമ തീയേറ്ററും പാർക്കുകളും ഇല്ലെങ്കിലും ഞായറാഴ്ച കടന്നുപോകുമെന്ന് പഠിച്ചു. നമ്മൾ എല്ലാവരും മറന്നുപോയ വായനയും ഒളിച്ചുകളിയും ക്യാരം ബോർഡും, കഞ്ഞിയും കറിയും ഒക്കെ തിരികെ വന്നു. ഹോട്ടലിൽ നിന്ന് ആഹാരം കഴിച്ചിരുന്നവർ മൂന്ന് നേരവും വീടുകളിൽ നിന്ന് കഴിച്ചു തുടങ്ങി. എല്ലാവരും ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുന്നതിന്റ സുഖം അറിഞ്ഞു. വിനോദയാത്രകൾ ഇല്ലെങ്കിലും അവധിക്കാലം കടന്നു പോകുമെന്ന് അറിഞ്ഞു. കല്യാണം, ഉത്സവം, ആഘോഷങ്ങൾ എല്ലാം 5 പേര് വെച്ച് നടത്താനാകും എന്ന് പഠിച്ചു. പ്രളയവും വൈറസും ഇതുപോലുള്ള മഹാമാരികൾ വരുമ്പോൾ കേരളത്തിലെ ജനങ്ങൾ ഒരുമയോടെ പ്രവർത്തിക്കുന്നു. മുന്നിൽ നിന്ന് സർക്കാരും വേണ്ടത് ചെയ്യുന്നു. ഭീതി നിറഞ്ഞ ഈ കാലവും നമ്മൾ അതിജീവിക്കും....

**സൈനബ് ലത്തീഫ്**
3 A ഗവ. യു പി എസ് രാമപുരം,
നെടുമങ്ങാട് ഉപജില്ല, തിരുവനന്തപുരം

# കോവിഡ് 19 വിവരങ്ങൾ

രണ്ടാം ലോക മഹായുദ്ധാനന്തരം ലോകം നേരിടുന്ന വലിയ പ്രതിസന്ധിയാണ് കോവിഡ് -19 അല്ലെങ്കിൽ കൊറോണ വൈറസ് എന്നു നാം ഓമന പേരിട്ടു വിളിക്കുന്ന സാർസ് കൊറോണ വൈറസ് -2. കൊറോണ വൈറസ് പൊട്ടിപുറപ്പെട്ടു എന്നു കരുതുന്ന ചൈനയിലെ ഹുബൈ പ്രവിശ്യയിലെ വെറ്റ് മാർക്കറ്റിന്റെ കാഴ്ച ഏറെ വേദനാജനകമാണ്. അമേരിക്കയുടെയും അവസ്ഥ ഏറെ ദുഷ്കരമാണ്. കൊറോണ വൈറസ് മോഷ്ടിച്ചു കടത്തിയോ? അതോ ഭക്ഷണങ്ങളിൽ നിന്ന് പടർന്നതോ? ലോക രാജ്യങ്ങളെ നിസ്സഹായരാക്കി പടർന്നു പിടിക്കുന്ന കൊറോണ വൈറസ് ജൈവായുധമാക്കി ഉപയോഗിക്കുവാൻ കനേഡിയൻ ലാബിൽ നിന്ന് ചൈന മോഷ്ടിച്ചുകൊണ്ട് പോവുകയായിരുന്നു എന്ന ഞെട്ടിക്കുന്ന വെളിപ്പെടുത്തുലാണ് നാം ഈയിടയായി അറിഞ്ഞത്. അത് വെളിപ്പെടുത്തിയത് യു എസ്സ് ജൈവായുധ നിയമ നിർമ്മാതാവ് ഡോ. ഫ്രാൻ സിസ് ബോയ്ലെയാണ്. ഇപ്പോഴത്തെ കൊറോണ വൈറസ് 2012- ൽ സൗദി ഡോക്ടർമാർ കണ്ടെത്തിയ

നോവൽ കൊറോണ വൈറസിന്റെ ജൈവായുധരൂപമാണെന്നാണ് നിഗമനം. ലോക പ്രശസ്ത ജീവശാസ്ത്രജ്ഞർ വിവിധ രാജ്യങ്ങളുടെ പഠന റിപ്പോർട്ടുകൾ കൂടി നിരീക്ഷിച്ചിട്ടു പറയുന്നതിങ്ങനെ. കോവിഡ് -19 ചൈനയിൽ പൊട്ടിപ്പുറപ്പെട്ടതും അതുമായി ഉയർന്ന വിവാദങ്ങളും റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. വൈറസ് ചൈന ജൈവായുധമായി നിർമിച്ചതോ വിതരണം ചെയ്തതോ അല്ല. ചൈനയിലെ വുഹാനിൽ നിന്ന് എട്ടാഴ്ച്ച കൊണ്ട് മനുഷ്യവംശമാകെ പടർന്നുകയറിയതാണ്. വിദേശത്തുനിന്ന് കൊണ്ട് വന്ന ഭക്ഷ്യവസ്തുക്കളുടെ വിതരണ മേഖലയിൽ നിന്നാണ് വന്യജന്തുക്കളിൽ നിന്നുള്ള പുതിയ കോവിഡ് പടർന്നത്. 2002-ൽ സാർസ് കൊറോണ വൈറസ് പടർന്നത് പൊലെ. കേരളത്തെപ്പോലുള്ള ഒരു സംസ്ഥാനത്തിന് ഒന്നര ലക്ഷത്തിൽ താഴെ കർമസേന രൂപികരിക്കാനും സ്വകാര്യ ആശുപത്രികളടക്കം ചികിത്സക്കായി കണ്ടെത്താനും അടച്ചുപൂട്ടലിനു വിധേയരായവർക്ക് സൗജന്യ ഭക്ഷണം നൽകാനുള്ള ഒട്ടേറെ മാതൃകാപദ്ധതികൾ ആവിഷ്ക്കരിക്കാനും കഴിഞ്ഞു. എന്നാൽ അടച്ചുപൂട്ടലിനെ പരാജയപ്പെടുത്തുന്ന മഹാമാരിയെ സഹായിക്കും വിധം കുടിയേറ്റ തൊഴിലാളികൾ ആശയും പ്രതീക്ഷയുമറ്റ് ഡൽഹിയിൽ നിന്നും യു. പി.യുമടക്കമുള്ള സംസ്ഥാനങ്ങളിലേക്ക് കൂട്ട പലായനം നടത്തുന്ന സ്ഥിതിയുണ്ടായി. പ്രധാനമന്ത്രിക്കും സർക്കാരിനും തെറ്റുപറ്റിയെന്ന കാര്യത്തിൽ ജനങ്ങൾ തന്നെ സാക്ഷി. 1 മീറ്റർ അകലം പോലും പോരെന്ന് പഠനം തെളിയിക്കുന്നു. കാരണം ഇതാകുന്നു. ചുമയിൽ നിന്നോ തുമ്മലിൽ നിന്നോ വൈറസ് കണങ്ങൾക്ക് 8 മീറ്റർ വരെ സഞ്ചരിക്കാൻ കഴിവുണ്ട് എന്നതാണ്. മാത്രമല്ല രോഗാണുവിന്റെ വലുപ്പമനുസരിച്ച് രോഗസാന്നിധ്യം കുറയും. പക്ഷേ കോവിഡ് രോഗാണുവിന് വലുപ്പം കൂടുതലാണ്. ഇത് പ്രതലത്തിൽ കൂടെ പടരുന്നതിനു സഹായിക്കും. എന്ത്തന്നെയായാലും കൊറോണ കാലത്തെ സാമ്പത്തിക ഞെരുക്കത്തിൽ മലയാളി ജീവിക്കാൻ പഠിച്ചുതുടങ്ങിയിരിക്കുന്നു. അതും പരമാവധി ചെലവ് ചുരുക്കി. എന്തിനും ഏതിനും കണക്കുവെയ്ക്കുന്നു. വാങ്ങുന്ന സാധനങ്ങളെല്ലാം സൂക്ഷിച്ചുപയോഗിക്കുന്നു. പണം ആവശ്യത്തിന് മാത്രം ചെലവാക്കുന്നു. എങ്ങനെ പണം അമിതമായി ചെലവാക്കുന്നത് നിയന്ത്രിക്കാമെന്നു പഠിക്കുന്നു. കറിവേപ്പിലയും പച്ചക്കറിയുമെല്ലാം എങ്ങനെ വീട്ടിലുണ്ടാക്കാമെന്നത് ആലോചിക്കുന്നു. ആകപ്പാടെ കൊറോണ കാലം പോസിറ്റീവ് ചിന്തകളുമായി വീട്ടിലിരിപ്പു കാലമായി കഴിഞ്ഞു.

**ഹിബത്തുള്ള,**
9 ബി ടെക്നിക്കൽ സ്ക്കൂൾ കൃഷ്ണപുരം,
കായംകുളം ഉപജില്ല, ആലപ്പുഴ

# പ്രകൃതിയും മനുഷ്യനും

അനേകം മഹാമാരികൾക്കു ശേഷം ലോകം ഇന്ന് പുതിയൊരു ഭീഷണിയുടെ വക്കിലാണ്.കോവിഡ് 19 എന്ന ഈ മഹാമാരി കൊന്നൊടുക്കിയവരുടെ എണ്ണം രണ്ട് ലക്ഷത്തിനടുത്തെത്തി നിൽക്കുകയാണ്. അസുഖ ബാധിതരുമായി നേരിട്ടുള്ള സമ്പർക്കംമൂലം അവരുടെ സ്രവങ്ങളിൽ നിന്ന് മാത്രമേ രോഗം പകരൂ എന്നുള്ള തിരിച്ചറിവാണ് ഇന്ന് ലോകത്തെ മിക്ക രാഷ്ട്രങ്ങളെയും ലോക്ഡൗണിൽ എത്തിച്ചിരിക്കുന്നത്.ആരോഗ്യപരമായും സാമ്പത്തികമായും ലോകം മുഴുവൻ വൻ ഭീഷണി നേരിടുന്ന ഈ ഘട്ടത്തിൽ ഈ രോഗം മൂലം പ്രകൃതിക്കുണ്ടായ അനുകൂല മാറ്റങ്ങളെപ്പറ്റിയാണ് ഈ ലേഖനം.

കടകളടച്ചു,ഫാക്ടറികളടച്ചു,വാഹന നിയന്ത്രണം നിലവിൽ വന്നു.പുറത്തിറങ്ങാനാവാതെ കുടുംബത്തോടൊപ്പമായി മിക്കവരുടെയും ജീവിതം.നൂഡിൽസും പിസ്തയുമൊക്കെ ഇടം പിടിച്ച മലയാളിയുടെ തീൻമേശയിലേക്ക് വീണ്ടും കപ്പയും ചക്കയുമെല്ലാം തിരിച്ചു വന്നു.കുടുംബത്തെ പോലും മറന്ന് ജോലിത്തിരക്കിലേക്കു പാഞ്ഞിരുന്നവർക്ക് ഒരു ബ്രേക്ക് ഡൗൺ കാലമായിഈ ലോക്ഡൗൺകാലം. സമൂഹമാധ്യമങ്ങളിൽ ഇന്നത്തെ പ്രധാന കാഴ്ചയും,ചർച്ചയും കൃഷിയെപ്പറ്റിയും പാചകത്തെപ്പറ്റിയുമാണ്.കൊച്ചു കുട്ടികൾ വരെ ആവേശത്തോടുകൂടി കൃഷിയിലേക്കിറങ്ങുന്ന കാഴ്ച നമ്മുടെ മനം കുളിർപ്പിക്കുന്നതാണ്.അന്യം നിന്നുപോകാനിടയുണ്ടായിരുന്ന നമ്മുടെ കൃഷിരീതികൾ അടുത്ത തലമുറയിലേക്കു കുടി പകർത്തി വയ്ക്കുകയാണ് നാം.കീടനാശിനികളുടെ വമ്പിച്ച ഉപയോഗം മൂലം വിഷമയമായിപ്പോയ നമ്മുടെ കലവറകൾ ഇനി വീണ്ടും പരിശുദ്ധമാകും. വിരുന്നുകാർ എത്തിയാൽ തൊടിയിലേക്കിറങ്ങി ആ വിഭവങ്ങളുപയോഗിച്ച് ഭക്ഷണം തയ്യാറാക്കി നൽകുന്ന പഴയ മലയാളി പുനർജനിക്കും. പ്രകൃതിയുടെ അവസ്ഥയും മറ്റൊന്നല്ല.പല തരത്തിലുള്ള മലിനീകരണം ഭൂമിയെ അസ്വസ്ഥമാക്കിക്കൊണ്ടിരുന്ന നാളുകൾ ആയിരുന്നു ഇതുവരെ.ഈ ലോക്ഡൗൺ ഭൂമിയുടെ അതിജീവനത്തിന്റെ നാളുകളാണ്. കടകളുടെയും ഫാക്ടറികളുടെയും അടച്ചിടലും വാഹനങ്ങൾ നിരത്തിൽ ഇറങ്ങാതെ ആയതും പ്രകൃതിയുടെ മലിനീകരണം വൻതോതിൽ കുറച്ചു.

ഈ ലോക്ഡൗണിൽ നിന്നുള്ള തിരിച്ചു വരവ് മനുഷ്യനു തിരിച്ചറിവുകളുടേത് ആകട്ടെ. വീണ്ടും പ്രകൃതി ഓർമിപ്പിക്കുന്നു.

**ഹൃഷികേശ്**
9 C ഗവ.എച്ച്.എസ്.എസ് കോന്നി,
കോന്നി ഉപജില്ല, പത്തനംതിട്ട

# പ്രകൃതിയിലെ വ്യതിയാനങ്ങൾ

പ്രകൃതി ഒരു കാര്യത്തിലും ധൃതി കൂട്ടുന്നില്ല, എങ്കിലും എല്ലാം ഭംഗിയായി നിറവേറ്റും. ചൈനയിലെ ഗൗതമ ബുദ്ധൻ എന്നറിയപ്പെടുന്ന, താവോയിസത്തിന്റെ പ്രമുഖ വക്താവായ ലാവോസിയുടെ വാക്കുകളാണിത്. ഒരുപക്ഷെ ഈ കൊറോണക്കാലത്ത് അക്ഷരാർത്ഥത്തിൽ യാഥാർഥ്യമായ ഈ വാക്കുകൾ പിറന്നുവീണ മണ്ണിൽ നിന്നു തന്നെയാണ് പ്രകൃതി തന്റെ കർമങ്ങൾ നിറവേറ്റാൻ ആരംഭിച്ചതെന്നത് തികച്ചും യാദൃച്ഛികമാകാം.ലോകത്തിന്റെ പകുതിയിലധികം ഭാഗവും നിശ്ചലമായപ്പോൾ, പ്രകൃതി തന്റെ കർമ്മനിർവ്വഹണത്തിലാണ്. മനുഷ്യർ തീർത്ത മാലിന്യങ്ങളുടെ കൂമ്പാരങ്ങൾ ഒന്നൊന്നായി ഇല്ലാതെയാക്കുകയാണ് പ്രകൃതി ഈ ലോക്ഡൗൺ കാലത്ത് എന്നാണ് വിവിധ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

പാമ്പും പെരുച്ചാഴിയും മൂങ്ങയും കീരിയും എല്ലാം തങ്ങൾക്ക് കൂടി അവകാശപ്പെട്ട ഭൂമി ഇപ്പോഴാണ് ഭയം കൂടാതെ ആസ്വദിക്കുന്നതെന്നാണ് ബ്രിട്ടനിലെ ഗ്രാമങ്ങളിൽ നിന്നുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. നമ്മുടെ കൊച്ചു കേരളത്തിലെ വയനാട്ടിലും, കൂർഗിലുമൊക്കെ റോഡുകളിലൂടെ സ്വൈര വിഹാരം നടത്തുന്ന കാട്ടാനകളുടെ വീഡിയോകളും ഇപ്പോൾ വൈറലാണല്ലോ.കോഴിക്കോട്ടിറങ്ങിയ ഈനാപേച്ചിയും നോയ്ഡയിലെ റോഡുകളിലൂടെ നിർഭയം നടന്നു നീങ്ങുന്ന നീൽ ഗായുമൊക്കെ സൂചിപ്പിക്കുന്നത്, മനുഷ്യർ തീർത്ത തടവറകളിൽ നിന്നും പ്രകൃതി തന്റെ മറ്റ് മക്കളെ മോചിപ്പിക്കാൻ തുടങ്ങി എന്നതാണ്.വെനീസിലെ കനാലുകളിലെ തെളിനീരിന്റെ ചിത്രങ്ങൾ കുറച്ചു ദിവസങ്ങൾക്ക് മുൻപ് മറുനാടൻ കാണിച്ചു തന്നിരുന്നു. വിനോദസഞ്ചാരികൾ എത്താതായതോടെ കരയ്ക്കടിഞ്ഞ ബോട്ടുകൾ ഏറെ മനുഷ്യരെ കഷ്ടപ്പെടുത്തിയെങ്കിലും ഈ കനാലുകളിലെ നിരവധി വ്യത്യസ്ത സ്പീഷീസിൽ പെട്ട മത്സ്യങ്ങൾക്കത് ഉർവ്വശീ ശാപം ഉപകാരമായതായിരുന്നു. ബോട്ടുകളുടെ യാത്രയൽ കലങ്ങിയ വെള്ളവും, വെള്ളത്തിൽ കലരുന്ന ഇന്ധനത്തിന്റെ അംശവുമെല്ലാമായി ശ്വാസംമുട്ടിക്കഴിഞ്ഞിരുന്ന നിരവധി ജലജീവികൾ ഇപ്പോഴാണ് അവരുടെ ജീവിതം ശരിക്കും ആഘോഷിക്കുന്നതെന്ന് അവരുടെ തിമിർപ്പ് പറയുന്നു. വിനോദ സഞ്ചാരികൾ തിരക്കു കൂട്ടാറുള്ള, റോമിലെ ഫൗണ്ടനരികിൽ ഇളംവെയിൽ കായാനെത്തിയ താറാക്കൂട്ടങ്ങളും ചിലിയുടെ തലസ്ഥാനമായ സാന്റിയാഗോയിൽ സായാഹ്ന സവാരിക്കിറങ്ങിയ പ്യൂമയുമെല്ലാം പ്രകൃതി കനിഞ്ഞനുഗ്രഹിച്ച് നൽകിയ സ്വാതന്ത്ര്യം ആഘോഷിക്കുകയായിരുന്നു.

കൊറോണയെന്ന ഭീകരനിലൂടെ പ്രകൃതി തന്റെ കടമ ഭംഗിയായി നിർവഹിക്കുകയാണോ എന്നുപോലും തോന്നിപ്പോകും മറ്റുചില റിപ്പോർട്ടുകൾ കൂടി കണ്ടാൽ.

ചൈനയുടെ അന്തരീക്ഷത്തിൽ എന്നും കനത്തുനിന്നിരുന്ന വിഷലിപ്തമായ വായുവിന് കനം കുറഞ്ഞു തുടങ്ങിയിരിക്കുന്നു. അന്തരീക്ഷ മലിനീകരണം കാര്യമായി കുറഞ്ഞു എന്നാണ് ഉപഗ്രഹ ചിത്രങ്ങൾ വ്യക്തമാക്കുന്നത്. പല നഗരങ്ങളിലും രോഗങ്ങൾ വിതച്ചുകൊണ്ടിരുന്ന പുകമഞ്ഞും ഒരു ഭൂതകാല ചിത്രമായി മാറിയിരിക്കുന്നു. തെളിഞ്ഞ നീലാകാശം പലരും ഇതാദ്യമായി കാണുവാൻ തുടങ്ങിയിരിക്കുന്നു. ലോകം മുഴുവൻ മരണം വിതച്ച് കൊറോണയുടെ തേരോട്ടം തുടരുമ്പോഴും അതുമൂലം ഒഴിവായ മലിനീകരണം 5 വയസ്സിൽ താഴെയുള്ള ചുരുങ്ങിയത് 4000 കുട്ടികളുടെയും 70 വയസ്സിനു മുകളിൽ പ്രായമുള്ള 73,000 പേരുടെയും ജീവൻ രക്ഷിച്ചുകാണുമെന്നാണ് സ്റ്റാൻസ്ഫോർഡ് യൂണിവേഴ്സിറ്റിയുടെ കണക്ക് കൂട്ടൽ.യൂറോപ്പിലും അമേരിക്കയിലും വായുമലിനീകരണം മൂന്നിൽ ഒന്നായി കുറഞ്ഞിരിക്കുന്നു. ലണ്ടൻ, ബ്രിസ്റ്റോൾ, ബ്രിമ്മിങ്ഹാം, കാർഡിഫ് തുടങ്ങിയ നഗരങ്ങളിൽ ഇത് പകുതി വരെ കുറഞ്ഞിട്ടുണ്ടെന്നും റിപ്പോർട്ടുകൾ പറയുന്നു. ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറഞ്ഞത് അന്തരീക്ഷത്തിലെ കാർബണിന്റെ അളവ് കാര്യമായി കുറയ്ക്കും. ഇത് മലിനീകരണത്തെയും കുറയ്ക്കുന്നു.ഫെബ്രുവരിയിൽ മാത്രം ചൈനയുടെ ആഗോള താപന വാതക വികിരണത്തിന്റെ തോത് 25% കുറഞ്ഞതായി കാണപ്പെട്ടു. വ്യോമഗതാഗതം കാര്യമായി കുറഞ്ഞതും, ഉപരിതല ഗതാഗതം ഏതാണ്ട് നിശ്ചലാവസ്ഥയിൽ ആയതും മലിനീകരണം കുറയ്ക്കുന്നതിൽ കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്.

വേഡ്സ്വർത്ത് കവിതകളിലെ മേഘങ്ങൾ പ്രതിബിംബിക്കുന്ന തടാകങ്ങൾ വീണ്ടും പുനർജനിക്കുകയാണ് യൂറോപ്പിൽ പലയിടത്തും ടൂറിസ്റ്റുകളുടെ വരവ് നിലച്ചതോടെ. വസന്തത്തിന്റെ ആദ്യനാളുകളിൽ, ഇളംവെയിലേറ്റ് ഡഫോഡിൽ പൂക്കളെപരിലാളിക്കാൻ എത്തുന്ന പൂമ്പാറ്റകൾക്കും തുമ്പികൾക്കും ഇത് ഓണക്കാലം തന്നെ. ആയിരങ്ങൾ ഈ ഭീകരവൈറസിന് കീഴടങ്ങി ലോകത്തോട് യാത്രപറഞ്ഞ വേളയിൽ, അകാലത്ത് പിരിഞ്ഞ ഉറ്റവർക്കായി ഉതിർന്ന കണ്ണുനീർപ്പുഴകൾ ഇനിയും വറ്റാതിരിക്കുമ്പോൾ, പട്ടിണിയും പരിവട്ടവും മാത്രമുള്ള ഭാവിയിലേക്ക് നോക്കി ലക്ഷങ്ങൾ നെടുവീർപ്പിടുമ്പോൾ, തകർന്നടിയുന്ന സാമ്പത്തിക സ്ഥിതിയിൽ രാഷ്ട്രങ്ങൾ പലതും ആശങ്കപ്പെടുമ്പോൾ, ഇത്തരം ദൃശ്യങ്ങൾ ആസ്വദിക്കാൻ മനുഷ്യർക്ക് ആർക്കും കഴിയില്ല. പക്ഷെ, ഒന്നു ചിന്തിക്കാൻ അവസരം നൽകും, ഇതിനാരാണ് ഉത്തരവാദിയെന്ന്.വനങ്ങൾ മരിക്കുവാൻ തുടങ്ങിയതോടെ പല വന്യജീവികളും മനുഷ്യനുമായുള്ള അകലം കുറഞ്ഞുവരികയായിരുന്നു. നിരവധി വൈറസുകളെ ഉള്ളിൽ വഹിക്കുന്ന ജീവികളിൽ നിന്നും അവ മനുഷ്യരിലേക്ക് പ്രവേശിക്കാൻ ഏറെ താമസമുണ്ടായില്ല. എബോള, സിക്ക, വെസ്റ്റ് നൈൽ... അങ്ങനെ അങ്ങനെ പലപലപേരിൽ എത്തി മനുഷ്യരെ കൊന്നൊടുക്കിയവരൊക്കെ

മനുഷ്യരിലെത്താൻ ഒരു കാരണം വനനശീകരണം തന്നെയായിരുന്നു. എച്ച്.ഐ.വി.യും നിപ്പയുമൊക്കെ ഇങ്ങനെ തന്നെ വന്നവരായിരുന്നു.കാലാവസ്ഥാ വ്യതിയാനവും പുതിയതരം വൈറസുകളുടെ ആവിർഭാവത്തിന് കാരണമായേക്കാം. ശീതീകരിച്ച്, മഞ്ഞുപാളികളിൽ അടയിരിക്കുന്ന വൈറസുകൾ, ആഗോളതാപനം ഉയരുന്നതിനാൽ ഉരുകിയൊലിക്കുന്ന മഞ്ഞിൽ നിന്നും വിമുക്തി നേടാൻ സാധ്യതയുണ്ട്. മാത്രമല്ല, ഉയരുന്ന താപനില നമ്മുടെ ഭക്ഷ്യോദ്പാദനത്തെയും വിപരീതമായി ബാധിക്കും. ഗ്രേറ്റ തുമ്പർഗിനെപ്പോലുള്ളവരുടെ നിതാന്ത പരിശ്രമഫലമായി 2050 ഓടെ സീറോ കാർബൺ എമിഷൻ എന്ന നിലയിലേക്കെത്താൻ പല രാജ്യങ്ങളും സമ്മതിച്ചിട്ടുണ്ട്.പക്ഷെ സൂര്യതാപത്തെ തിരിച്ചയയ്ക്കുന്ന ആർക്ടിക് സമുദ്രത്തിലെ വെളുത്ത മഞ്ഞുപാളികൾ ഉരുകാൻ തുടങ്ങിയതും അതിനു പകരമായി ആ താപത്തെ ആഗിരണം ചെയ്യുന്ന ഇരുണ്ട ജലം നിറയുന്നതും 2050 വരെ കാത്തുനിൽക്കാൻ പ്രകൃതി തയാറല്ലെന്നുള്ളതിന്റെ സൂചന തന്നെയാണ്.

**അഖില റെന്നി**
9 D ജി.ജി.എച്ച്.എസ്.എസ് ഹരിപ്പാട്,
ഹരിപ്പാട് ഉപജില്ല, ആലപ്പുഴ

# പരിസ്ഥിതിയും ആധുനിക മനുഷ്യനും

വികസനത്തിന്റെ ഉയർന്ന ശിഖരങ്ങളിലൂടെ സഞ്ചരിക്കുകയാണ് നാം.നാഗരികതയുടെ പാതയിലൂടെ സഞ്ചരിക്കുന്നതിനിടയിൽ പ്രകൃതിയെക്കുറിച്ച് ചിന്തിക്കാൻ നാം മെനക്കെടാറില്ല.വികസനങ്ങൾ സുഖവും സൗഭാഗ്യവും നൽകുമെങ്കിലും, അത് അമിതമാകുമ്പോൾ പ്രത്യാഘാതങ്ങൾ ഏറെയാകും....

അമ്മയും ശിശുവും തമ്മിലുള്ള ബന്ധം പോലെയാണ് പരിസ്ഥിതിയും മനുഷ്യനും തമ്മിലുള്ള ബന്ധം. ജൂലൈ 5 നാം പരിസ്ഥിതി ദിനം ആഘോഷിക്കുന്നുണ്ടെങ്കിലും അതിന്റെ അന്ത:സത്ത ഉൾക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നാം നടത്തുന്നില്ല. പരിസ്ഥിതി എന്നത് മനുഷ്യന്റെ ജീവിതത്തിലെ ഒരു സുപ്രധാന ഘടകമാണ്.എന്നാൽ ഇപ്പോൾ മനുഷ്യർ പരിസ്ഥിതിയെ ഇല്ലതാക്കികൊണ്ടിരിക്കുകയാണ്. പരിസ്ഥിതിയിലെ എല്ലാ ഘടകങ്ങളെയും.....

പരിസ്ഥിതിയിലെ പ്രധാനപ്പെട്ട ഘടകമായ പുഴയെ നാം പലവിധത്തിൽ നശിപ്പിക്കുന്നു. പ്ലാസ്റ്റിക്കുകൾ വലിച്ചെറിഞ്ഞും മണൽ വാരിയും മത്സ്യ-മാംസ മാർക്കറ്റുകളിലെയും ഫാക്ടറികളിലെയും മാലിന്യങ്ങൾ തള്ളിയുമെല്ലാം പുഴയെ നാം ദ്രോഹിക്കുന്നു.കഴിഞ്ഞ മഹാപ്രളയത്തിൽ പുഴകൾ കരകവിഞ്ഞൊഴുകിയപ്പോൾ

അതിലെ മാലിന്യങ്ങൾ നമ്മുടെ വീട്ടുപടിക്കലും പറമ്പിലും വയലിലും എന്തിന്, പലരുടെയും വീടിനുള്ളിൽ വരെ എത്തിയിരുന്നു.തന്നെ ദ്രോഹിച്ചതിന് പ്രകൃതി യുടെ പ്രതികാരമായിരുന്നില്ലേ ഇതെല്ലാം.....!

അമ്മയായ പ്രകൃതിയെ സംരക്ഷിക്കേണ്ട കൈകൾ തന്നെ ,നശിപ്പിക്കാനുള്ള മുൻ കൈയെടുക്കുന്നത് ക്രൂരതയല്ലേ...?വയലുകൾ നികത്തി മാളിക പണിതിട്ടെന്തുകാര്യം......? വായുവും ജലവുമില്ലാതെ മാനവരുണ്ടോ....? മനുഷ്യന്റെ ഈ ചൂഷണ സ്വഭാവം, ജൈവവൈവിധ്യത്തെ തകിടം മറിക്കുകയും ജീവജാലങ്ങളുടെ ആവാസവ്യവസ്ഥയെ ഇല്ലാതാക്കുകയും ചെയ്യുന്നു. മണ്ണിരകളുടെ കൂട്ടനാശം ഇതിനുദാഹരണമാണ്.ആഗോളതാപനവും അന്തരീക്ഷമലിനീകരണവും ദിനംപ്രതി വർധിച്ചുവരികയാണ്.ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ..?എന്ന ചോദ്യത്തിന് ഇന്ന് പ്രസക്തിയേറുന്നു.അവനിരിക്കുന്ന കൊമ്പ് മുറിക്കുന്ന വിഡ്ഢിയായി മാറുകയാണോ മനുഷ്യൻ എന്ന് ചിന്തിച്ചുപോകുന്നു.

പുഴകളെ സംരക്ഷിച്ചും , മണൽ വാരാതെയും, മാലിന്യങ്ങൾ വലിച്ചെറിയാതെയും, കുന്നുകളിടിക്കാതെയും,വയലുകൾ നികത്താതെയും, മരങ്ങൾ നശിപ്പിക്കാതെയും,വനങ്ങൾ സംരക്ഷിച്ചും, പാറകൾ പൊട്ടിക്കാതെയും,വായു മലിനീകരണം കുറച്ചും പരിസ്ഥിതി മലിനീകരണം തടഞ്ഞ്, പരിസ്ഥിതിയെ സംരക്ഷിക്കാം.അതിനായ് നമ്മുടെ പിഞ്ചുകരങ്ങൾ ആദ്യമുയർത്താം. അങ്ങനെ ഒരുപുതിയ പരിസ്ഥിതിയെ നട്ടുപിടിപ്പിക്കാം. എന്തുകൊണ്ടിത് മുൻപേ ചെയ്തില്ല എന്ന ചോദ്യം നമുക്ക് നേരെ തന്നെ ഉതിർക്കാം.നല്ല നാളേക്കായ് നമുക്കൊരുമിക്കാം....

**ഡെനിൽ തങ്കച്ചൻ**
6A ജി എച്എസ് എസ് നീർവാരം ,മാനന്തവാടി,
മാനന്തവാടി ഉപജില്ല, വയനാട്

# ജനതാകർഫ്യു

ലോകജനതയെ ഭയത്തിന്റെ മുനയിൽ നിർത്തുന്ന കോവിഡ് 19 വൈറസ് പശ്ചാത്തലത്തിൽ ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ജനതാർകഫ്യൂ പ്രഖ്യാപിച്ചു. കോവിഡ് വ്യാപനത്തെ ജനതാകർഫ്യുവിലൂടെയും ജാഗ്രതയിലൂടെയും ഇന്ത്യ നേരിട്ടുകൊണ്ടിരിക്കുകയാണ്. കോവിഡ് 19 നെ നേരിടാൻ മാർച്ച് 22 ന് ഞായറാഴ്ച്ച രാവിലെ 7 മണിക്കും രാത്രി 9 മണിക്കും ഇടയിൽ എല്ലാ പൗരന്മാരും സ്വയം ജനതാർഫ്യൂ പാലിക്കണം എന്നായിരുന്നു പ്രധാന നിർദേശം. രാവിലെ ഏഴ് മണിമുതൽ രാത്രി ഒൻപതുമണിവരെ പുറത്തിറങ്ങരുത് എന്നായിരുന്നു നിർദേശം. കേരളം പൂർണ പിൻതുണയുമായി ജനതാകർഫ്യൂവിനൊപ്പം ഉണ്ടായിരുന്നു.

ട്രെയിനുകൾ റദ്ദാക്കുന്നതടക്കം നിയന്ത്രണങ്ങൾ അർധരാത്രിമുതൽ നിലവിൽ വന്നു. ഇന്ത്യയിലേക്കുള്ള മുഴുവൻ രാജ്യാന്തര വിമാന സർവ്വീസും ഒരാഴ്ച്ചത്തേക്ക് നിർത്തിവച്ചു. അതുപോലെ പൊതുഗതാഗതം പൂർണമായും നിശ്ചലമായി. പമ്പുകളും മെഡിക്കൽ സ്റ്റോറുകളും തുറക്കുകയും മറ്റുള്ള വ്യാപാരസ്ഥാപനങ്ങൾ അടക്കുകയും ചെയ്തു. ഇന്ത്യതികച്ചും വിറങ്ങലിച്ചുനിന്നുപോയി.

കൊറോണയിൽ നിന്ന് രക്ഷപ്പെടാൻ നിങ്ങളുടെ കുറച്ചുദിവസം രാജ്യത്തിനുവേണ്ടി നൽകണം എന്ന് ആവശ്യപ്പെട്ടാണ് പ്രധാനമന്ത്രി നിയന്ത്രണങ്ങൾ പ്രഖ്യാപിച്ചത്. കോവിഡ് 19 രാജ്യത്ത് എല്ലാഭാഗങ്ങളെയും ഒരു പോലെ ബാധിച്ചു. അതുകൊണ്ട് തന്നെ രാജ്യം പൂർണജാഗ്രതയിലാണ്. അത്യാവശ്യഘട്ടങ്ങളിലല്ലാതെ ആരും പുറത്തിറങ്ങരുത്, ആൾക്കൂട്ടത്തിൽ നിന്ന് അകലം പാലിക്കുകയും റോഡിലേക്ക് ഇറങ്ങുകയും ചെയ്യരുത്, പ്രായമായവരെയും കുട്ടിക്കളയും വീടിന് പുറത്തിറങ്ങാൻ അനുവദിക്കുകയും ചെയ്യരുത് എന്നിവയായിരുന്നു പ്രധാന നിർദേശങ്ങൾ. വർക്ക്അറ്റ് ഹോം നടപ്പിലാക്കുക, അനാവശ്യ ആശുപത്രിസന്ദർശനങ്ങൾ ഒഴിവാക്കുക ഇവയും നിർദേശങ്ങളിൽ പെടുന്നു.

രാജ്യം ഒന്നടങ്കം കോവിഡ് ഭീതിയിൽ കഴിയുന്ന ഈ സാഹചര്യത്തിൽ ഈ മഹാമാരിയെ ഒറ്റക്കെട്ടായി നേരിടാം. ആശങ്ക വേണ്ട, ജാഗ്രത മതി.

**ആദിത്യൻ.എ**
7 A ഗവ.എസ്.വി.യു.പി.എസ്.പുരവൂർ,
ആറ്റിങ്ങൽ ഉപജില്ല, തിരുവനന്തപുരം

# നല്ലൊരു നാളേക്കായി

നല്ലൊരു നാളെക്കായി  അവധിക്കാലം കാത്തിരുന്ന ഞങ്ങൾക്ക് നേരത്തെ അവധി കിട്ടി. പരീക്ഷ എഴുതാതെ പുതിയ ക്ലാസുകളിലേക്കുള്ള പ്രവേശനം. കൂട്ടുകാരുമായി കളിക്കാനോ പുറത്തു പോകാനോ സാധിക്കാത്ത ഒരു അവധിക്കാലം. ഇന്നു നമ്മൾ നേരിടുന്ന ഒരു വൻ ദുരന്തമാണ് covid 19. 2019 ഡിസംബറിൽ ചൈനയിലെ വുഹാനിൽ രൂപംകൊണ്ട ഒരു കുഞ്ഞു വൈറസാണ്. ആ കുഞ്ഞു വൈറസ് ഇന്ന് ലോകം മുഴുവൻ ഒരു മഹാമാരി വിതിച്ചിരിക്കുകയാണ്. ആളുകളെ ഈ വൈറസ് കൊന്നൊടുക്കി. വൈറസ് കാരണം ലോകം മുഴുവൻ ലോക് ഡൗൺ ആയിരിക്കുകയാണ്. ആരും പുറത്തിറങ്ങാതെ കുടുംബത്തോടൊപ്പം ചെലവഴിക്കുന്നു. മരങ്ങൾ വെട്ടി നിരത്തി പ്രകൃതിയെ നശിപ്പിക്കുന്നു. പ്ലാസ്റ്റിക് കത്തിക്കുന്നത് മൂലവും ശുദ്ധവായു മലിനമാകുന്നു. വാഹനങ്ങളുടെ പുക മൂലം അന്തരീക്ഷം

മലിനമാകുന്നു. പ്രകൃതിയെയും കാലാവസ്ഥയെയും നശിപ്പിച്ച മനുഷ്യന്റെ പ്രവൃത്തി മൂലമാണ് നമുക്ക് വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ഉണ്ടാകുന്നത്. മരങ്ങൾ നട്ടുപിടിപ്പിച്ച നമുക്ക് പ്രകൃതിയെ സംരക്ഷിക്കാം. നമ്മൾ വീടും പരിസരവും വൃത്തിയായി സൂക്ഷിക്കണം. വ്യക്തിശുചിത്വം പാലിക്കണം. ഈ കാലത്ത് ഇടയ്ക്കിടയ്ക്ക് സോപ്പുപയോഗിച്ച് നന്നായി കൈകൾ കഴുകണം. യാത്രകൾ ഒഴിവാക്കുക. തുമ്മുമ്പോഴും ചുമക്കുമ്പോഴും തൂവാല ഉപയോഗിച്ച് മൂക്കും വായും പൊത്തിപിടിക്കുക. മറ്റുള്ളവരിൽ നിന്ന് ഒരു മീറ്റർ അകലം പാലിക്കുക. ഇപ്പോൾ നമ്മൾ വീട്ടിലുണ്ടാക്കുന്ന ആരോഗ്യപ്രദമായ ഭക്ഷണങ്ങൾ കഴിച്ച് ആരോഗ്യവാൻ മാർ ആകണം. കുട്ടികൾ വീട്ടിൽ ഇരുന്ന് അവരുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കുക. നമുക്ക് വേണ്ടി പോരാടുന്ന ആരോഗ്യ പ്രവർത്തകർക്ക് വേണ്ടി നമുക്ക് പ്രാർഥിക്കാം നമ്മുടെ കുടുംബത്തിനുവേണ്ടി സമൂഹത്തിനുവേണ്ടി രാജ്യത്തിനു വേണ്ടി ലോകത്തിനു വേണ്ടി നമുക്ക് ഒരുമിച്ച് നേരിടാം പ്രാർഥനയോടെ

**അഭിരാജ് വി ജെ**
4 ഗവൺമെൻറ് എൽപിഎസ് പാറക്കടവ്,
അങ്കമാലി ഉപജില്ല, എറണാകുളം

# ശുചിത്വം

ജലം, ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവ പോലെ മനുഷ്യ ജീവിതത്തിൽ അനിവാര്യമായതാണ് ശുചിത്വം. മറ്റു ജീവസ്രോതസ്സിനോടൊപ്പം തന്നെയാണ് ശുചിത്വത്തിന്റെയും സ്ഥാനം. നമ്മുടെ പൂർവികരുടെ സംസ്കാരത്തിൽ ശുചിത്വം നിലനിന്നിരുന്നു. ആരോഗ്യമുള്ള ജീവിതത്തിനായി നാം ശുചിത്വം എന്നും ഒപ്പം കൂട്ടേണ്ടതാണ്. മഹാത്മഗാന്ധിയുടെ 'ശുചിത്വ ഭാരതം' എന്ന സ്വപ്നം സാക്ഷാത്കരിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ആരംഭിച്ച സ്വച്ഛതാ ഹി സേവ ' അഥവാ ' ശുചിത്വമാണ് സേവനം' എന്ന പരിപാടി ശുചിത്വത്തിന്റെ പ്രാധാന്യം നമ്മെ ബോധ്യപ്പെടുത്തുന്നു.

ലോകത്തെ മുഴുവൻ വിറപ്പിച്ച, അല്ല ഇപ്പോഴും വിറപ്പിച്ചുകൊണ്ടിരിക്കുന്ന കോവിഡ് – 19 എന്ന മഹാമാരി തന്നെ ശുചിത്വമില്ലായ്മ കൊണ്ട് ഉണ്ടായ വ്യാധിയുടെ ഒരു മഹത്തായ ഉദാഹരണം തന്നെയാണ്. ഈ അസുഖത്തിനുള്ള ഏക മുൻകരുതലായി ലോകം കണക്കാക്കുന്നത് ശുചിത്വം തന്നെയാണ്. ഒരുവിധം അസുഖങ്ങളെയെല്ലാം തുരത്താനായി നാം ശുചിത്വമന്ത്രം തന്നെ പ്രയോഗിക്കണം. അതിൽ പ്രധാനം വ്യക്തി ശുചിത്വവും, പരിസര ശുചിത്വവുമാണ്. ഒരു ഉദാഹരണം

പറഞ്ഞാൽ നാം കുട്ടികളായിരിക്കുമ്പോൾ തന്നെ നമ്മുടെ മാതാപിതാക്കൾ നമ്മെ പഠിപ്പിച്ചിട്ടുള്ള ഒരു ശുചിത്വമാണ് കൈകഴുകലും നഖം വെട്ടലും. ഇതൊക്കെ ശുചിത്വത്തിന്റെ ബാലപാഠങ്ങളാണ്. നമുക്കറിയാം ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാകൂ. നമ്മുടെ ചിന്താമണ്ഡലത്തിനും സ്വഭാവശുദ്ധിക്കും നേരിട്ടല്ലെങ്കിലും ഒരു ചെറു ബന്ധം തന്നെ ശുചിത്വം പുലർത്തുന്നുണ്ടെന്നു നമുക്ക് മനസ്സിലാക്കാം.

പണ്ടു കാലത്ത് നമുക്ക് ഒരിക്കലും വിസ്മരിക്കാനാകാത്ത ഒട്ടേറെ വ്യാധികൾ ഈ ഭൂമുഖത്തുണ്ടായിട്ടുണ്ട്. കോളറ, സ്പാനിഷ് ഫ്ളൂ, പ്ലേഗ് തുടങ്ങിയവ. അവയുടെ കറുത്ത കരങ്ങൾ കൊണ്ട് ഒട്ടേറെ ജനങ്ങളെ ദിനംപ്രതി കൊന്നൊടുക്കിയിട്ടുണ്ട്. മനുഷ്യരാശിക്ക് ഒരിക്കലും മറക്കാനാകാത്ത ആ ഇരുളടഞ്ഞ നാളുകൾക്ക് അന്ത്യം കുറിച്ചപ്പോൾ തന്നെ ഇതാ മനുഷ്യന്റെ വൃത്തിഹീനമായ പ്രവൃത്തികൾ കൊണ്ട് അടുത്ത മഹാമാരിയായ കോവിഡ് – 19 എല്ലാഭീകരതയോടുകൂടി ആഗതമായിരിക്കുന്നു. ഒരു ചെറു പനി പോലെ വന്ന ഇത് ഇപ്പോൾ ലോകത്തെ മുഴുവൻ മുൾമുനയിൽ നിർത്തിയിരിക്കുകയാണ്. മനുഷ്യനെ മാത്രമല്ല മൃഗങ്ങളെയും അതു തന്റെ അടിമകളാക്കിയിരിക്കുന്നു. ഈ മഹാമാരിമൂലം ലോകത്ത് മരണപ്പെടുന്നവരുടെ എണ്ണം ഭീതിജനകമാണ്. ഒരു ചെറു വൈറസിനെ പേടിച്ച് ലോകം മുഴുവൻ വീടുകളിൽ ജാഗ്രതയോടെയിരിക്കുമ്പോൾ തന്നെ അതിന്റെ വീര്യം നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ. കേവലം ഒരു വ്യക്തിയുടെ ശുചിത്വമില്ലായ്മയുടെ അനന്തരഫലമാണിത്. പൊതു ഇടങ്ങളിൽ തുപ്പരുതെന്ന് പറയുന്നതിന്റെ പ്രാധാന്യം തന്നെ രോഗവ്യാപനം തടയുക എന്ന ലക്ഷ്യത്തോടെയാണ്. നമ്മുടെ ഉമിനീരിൽ ആയിരകണക്കിന്നു ബാക്ടീരിയകളുണ്ട് അത് മറ്റുള്ളവരുടെ ശരീരത്തിൽ കയറുകയും അവരെ അസുഖ ബാധിതർ ആക്കുകയും ചെയ്യുന്നു. നാം മൂലം മറ്റൊരു വ്യക്തി രോഗിയാകുകയും മരണമടയുകയും ചെയ്യരുത് അതിനാൽ നാം ശുചിത്വം പാലിക്കേണ്ടതാണ്.

മഹാരാഷ്ട്ര – യിലെ ഒരു ചേരി പ്രദേശമായ ധാരാവിയിലെ കാര്യം തന്നെ ശുചിത്വം ഇല്ലായ്മയുടെ ഒരു ഉത്തമോദാഹരണമാണ്. അവിടുത്തെ ചേരി നിവാസികളുടെ രോഗവ്യാപനം കുറയാത്തതു തന്നെ വ്യക്തി ശുചിത്വവും, പരിസര ശുചിത്വവും കാര്യമായ അകലവും പാലിക്കാത്തതിനാലാണ്. മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ആരോഗ്യ കാര്യങ്ങളിൽ മുൻപന്തിയിലാണ് നമ്മുടെ കൊച്ചു കേരളം എന്നതിൽ നമുക്ക് അഭിമാനിക്കാം. ഇടയ്ക്കിടെ സോപ്പ് ഉപയോഗിച്ച് കൈകഴുകുകയും മറ്റു സ്ഥലങ്ങളിൽ പോകുമ്പോൾ മാസ്ക് ഉപയോഗിക്കുകയും പൊതു ഇടങ്ങളിൽ തുപ്പാതിരിക്കുകയും മറ്റുള്ളവരുമായി രണ്ട് മീറ്റർ അകലം പാലിക്കുകയും ചെയ്താൽ ഇപ്പോൾ ലോകത്തെ വിറപ്പിക്കുന്ന കോവിഡ് – 19 എന്ന മഹാമാരിയെ നമുക്ക് തുരത്താം.

ആരോഗ്യമുള്ള മനസ്സിന് ശുചിത്വം ഏറെ അനിവാര്യമായ ഘടകമാണ്. നാം ശുചിത്വം പാലിക്കുകയും സർക്കാർ നിർദേശങ്ങൾ അനുസരിക്കുന്നതുമൂലവും കോവിഡ് – 19 തുടങ്ങിയ മഹാമാരികളെ തുടച്ചു നീക്കി ആരോഗ്യമുള്ള ഒരു ജനതയെ നമുക്ക് വാർത്തെടുക്കാം. ഇനി ഒരു വ്യാധി ഉണ്ടാകാതിരിക്കാൻ വേണ്ടി നമുക്ക് ഓരോരുത്തർക്കും ശുചിത്വപാഠങ്ങൾ ശീലിച്ച് മുന്നേറാം.

**ഭദ്ര. എ.ആർ**
9 C ഗവ.എൽ.വി.എച്ച് എസ്സ് കടപ്പാ, മൈനാഗപ്പള്ളി,
ചവറ ഉപജില്ല, കൊല്ലം

# പ്രകൃതി

ഭൗതിക പ്രപഞ്ച ത്തെ മൊത്തത്തിൽ സൂചിപ്പിക്കുന്ന പദം ആണ് പ്രകൃതി. വൈവിധ്യമാർന്ന ജീവ ഘടകങ്ങൾ അധിവസിക്കുന്നതാണ് നമ്മുടെ പ്രകൃതി. പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും ഉപഭോഗവും കൂടാതെ ജീവികൾക്ക് നില നിൽക്കാൻ ആകില്ല. പ്രകൃതി എന്ന് പറയുമ്പോൾ അതിന്റെ കേന്ദ്രത്തിൽ മനുഷ്യൻ ഇല്ല എന്നാൽ പരിസ്ഥിതി എന്നുപറഞ്ഞാൽ അതിന്റെ കേന്ദ്രത്തിൽ മനുഷ്യൻ ഉണ്ട്. പ്രകൃതി എന്ന് പറയുമ്പോൾ നമുക്ക് അന്യമായത് അല്ലെങ്കിൽ അനാവശ്യമായ എന്തോ ഒന്ന് എന്നാണ് ഇന്നത്തെ സമൂഹം കാണുന്നത്. നാം പ്രകൃതിക്കുള്ളിൽ ആണ് ജീവിക്കുന്നത് എന്നത് ബോധപൂർവമോ അല്ലാതെയോ മറന്നുപോകുന്നു.

നമുക്ക് ചുറ്റുമായി വീശിഅടിക്കുന്ന ഈ കാറ്റുണ്ടല്ലോ അതാണ് എന്റെ ജീവവായു. നമ്മുടെ ചുറ്റുപാടിൽ ഉള്ള പുഴയിലുടെ, അരുവിയിലൂടെ ഒഴുകുന്ന ജലമാണ് എന്റെ ഈ ശരീരത്തിലൂടെ ജലമായിപ്രവഹിക്കുന്നത്. ഈ ഭൂമി ആണ് എന്റെ മജ്ജയും മാംസവും അടങ്ങുന്ന ശരീരവും. ഈ ഭൂഗുരുത്വാകർഷണത്തിൽ ആണ് ഞാനും നിങ്ങളും അടങ്ങുന്ന ഈ സമൂഹം ജീവിക്കുന്നത്. പ്രകൃതിനമുക്കുള്ളിൽ തന്നെഉള്ള ഒരു നിത്യസത്യമാണ് ആ സത്യത്തെ നാം നെഞ്ചോട് ചേർത്ത് മുറുകെ പിടിക്കുക. അല്ലാതെ ശുദ്ധ സംഗീതത്തോടെ ഒഴുകുന്ന നദികളിൽ വിഷവസ്തുക്കൾ, മാലിന്യങ്ങൾ, പ്ലാസ്റ്റിക്കുകൾ ഒക്കെ വലിച്ചെറിഞ്ഞു അശുദ്ധമാകുന്നു. പ്രതി ദിനം പെരുകി വരുന്ന വാഹനങ്ങൾ അന്തരീക്ഷമലിനീകരണവും ശബ്ദമലിനീകരണവുംവായു മലിനീകരണവും ഉണ്ടാക്കുന്നു

വയലുകൾ, കുളങ്ങൾ ഒക്കെയും നിരത്തി വൻ കെട്ടിട സമുച്ചയങ്ങൾ ആ വേശത്തിനു കെട്ടി ഉയർത്തിയിട്ടു അതു പ്രകൃതിക്കോ ഭൂമിക്കോ, മറ്റെന്തിനൊക്കയോ

വിരുദ്ധമെന്നു കണ്ടിട്ട് നിമിഷങ്ങൾ ക്കുള്ളിൽ ഭൂമിയുടെ മടിയിലേക്ക് ചായിക്കുമ്പോൾ മനുഷ്യാ നിങ്ങൾഓർക്കുക പ്രകൃതിയുടെ നെഞ്ചിലേക്ക് നിങ്ങൾ അയക്കുന്നമറ്റൊരു കൂരമ്പ് ആണ് ഇതൊക്കെ എന്ന്. ഒരു കച്ചവടകാരന്റെ ലാഭകണ്ണുമായ് വൃക്ഷ ങ്ങൾ വെട്ടി നശിപ്പിക്കുമ്പോൾ മനുഷ്യാ നിങ്ങൾ അറിയുന്നില്ലല്ലോ നമ്മുടെ തായ് വേര് ആണ് അറുത്തു മാറ്റുന്നത് എന്ന്.

പ്രകൃതിയെ ഞങ്ങൾ കീഴടക്കി എന്ന അഹങ്കാരഭാവത്തോടെ തല ഉയർത്തി നെഞ്ചു വിരിച്ചു നിൽക്കുന്ന മനുഷ്യന്റെ മുന്നിലേക്ക് കൊറോണ അഥവാ കോവിഡ് 19എന്ന വൈറസ് ലോകം കണ്ട മഹാമാരിയായ് പെയ്തിറങ്ങിയപ്പോൾ ലോകമേ നിന്നെ നിശ്ചലമാക്കേണ്ടതായി വന്നു. അന്തിരീക്ഷത്തിൽ പുകഇല്ല, പൊടി ഇല്ല, വിഷമയമല്ല എങ്ങും ശുദ്ധവായു മാത്രം. ഓസോൺ പാളികൾ പോലും വിള്ളൽ മാറാൻ 1%കാരണം ഇതുമാകാം. ഉത്തര ധ്രുവത്തിൽ ഉള്ള അന്തരീക്ഷതാപ നില താഴ്ന്നതാണ് പ്രധാന കാരണവും.. എന്തായാലും കാലമേ നീ പഴമയിലേക്ക്.....

മനുഷ്യൻ കൃഷി ഇടങ്ങളിലേക്ക് നെൽ പാടങ്ങൾ കിളച്ചും ഉഴുതും പ്രകൃതി എത്ര സന്തോഷവതി.

പ്രകൃതിയെ പ്രകൃതി തന്ന തിരിച്ചടി ആയി കണ്ടോളു ഈ സുനാമിയും, പ്രളയവും, ഇപ്പോൾ ഈ കോവിഡും. ഇതിനെ ഒക്കെ ഒരു പരിധി വരെയും നമുക്ക് ചെറുക്കാം. പ്രകൃതി സംരക്ഷണഭാഗമായി മാസത്തിൽ ഒരു അവധിദിനം നമുക്ക് ലോക് ഡൌൺലോഡ് ആക്കിയാൽ നമുക്ക് ശുദ്ധ വായു ശ്വസിക്കാം.

**ഗൗരി മാധവ്. എസ്. ആർ**
6 B ഗവ എൽ വി എച്ച് എസ് കടപ്പ മൈനാഗപ്പള്ളി,
ചവറ ഉപജില്ല, കൊല്ലം

# എന്റെ മാലഖമാർക്കായി

എന്റെ എത്രയും പ്രീയപ്പെട്ട സിസ്റ്റർ (നേഴ്സ് ) അറിയുന്നതിന് ഞാൻ ആദം റിഹാൻ ഗവ: എൽ.വി.എൽ.പി.എസ്. മുതുപിലാക്കാടിൽ നാലാം ക്ലാസിൽ പഠിക്കുന്നു. ഞാൻ സിസ്റ്ററിനെ വളരെ സ്നേഹത്തോടെ ആന്റീ എന്ന് വിളിച്ചോട്ടേ? എനിക്ക് ആന്റിയെ ജീവനാണ്. ആന്റിയെ മാത്രമല്ല ആന്റിയെ പോലെ ജോലി ചെയ്യുന്ന ഒരു പാട് നേഴ്സുമാരെയും ഞാൻ സ്നേഹിക്കുന്നു. കാരണം ലോകമെമ്പാടും covid 19 എന്ന രോഗംപിടി പെട്ടിരിക്കുകയാണല്ലോ. ഈ രോഗം മൂലം അനേകം മനുഷ്യർ മരണപ്പെട്ടു പോയി. അനേകർ ഇപ്പോഴും ചികിത്സയിലിരിക്കുന്നു. ഈ യവസരത്തിൽ നിങ്ങളുടെ ജീവനെ പോലും മറന്ന് ധൈര്യപൂർവം

അവരോടൊപ്പം നിന്നു അവർക്കു സ്വാന്തനമായി,ആശ്വാസമായി, അവരുടെ നിർബന്ധങ്ങൾക്കും, വാശികൾക്കുമെല്ലാം കൂടെ നിന്ന് ശുശ്രൂഷിക്കാനും കാണിക്കുന്ന ആ മനസ്സ് അതൊരു ത്യാഗം തന്നെയാണ്. നിങ്ങളുടെ കർത്തവ്യത്തിൽ നിന്ന് നിങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ... ഒന്നു ദാഹിച്ചാൽ അൽപ്പം വെള്ളം കൂടി കുടിക്കുവാനോ ടോയ്‌ലറ്റിൽ പോകുവാനോ കഴിയാതെ PROTECTION വസ്ത്രത്തിനുള്ളിൽ നിങ്ങൾ നിൽക്കുന്ന അവസ്ഥ ഓർക്കുവാനേ കഴിയുന്നില്ല. ഈ വസ്ത്രം ഊരി മാറ്റുന്നതിനും വേണമല്ലോ പ്രത്യേകം ശ്രദ്ധ അല്ലേ ? ശ്രദ്ധയൊന്നു പിഴച്ചാൽ ഈ വൈറസ് നിങ്ങളേയും ബാധിക്കുമല്ലോ. അങ്ങനെ രോഗികളായ നഴ്സുമാരുമുണ്ടല്ലോ. അപ്പോഴും അവർ പറയുന്നത് ഞങ്ങൾ സുഖംപ്രാപിച്ചു വന്ന് വീണ്ടും ഈ അസുഖമുള്ളവരെ ശുശ്രൂഷിക്കാമെന്നാണ്. എനിക്ക് നിങ്ങളെ ഓർക്കുംമ്പോൾ വളരെ വിഷമം തോന്നാറുണ്ട് എന്തെന്നോ ? സ്വന്തം മക്കളെയും പ്രിയപെട്ടവരെയും സ്നേഹത്തോടെയൊന്ന് ചേർത്തു നിർത്തുവാനോ ഒന്ന് ആശ്ലേഷിക്കുവാനോ കഴിയുന്നില്ലല്ലോ. നിങ്ങൾ മൂലം നിങ്ങളുടെ പ്രിയപ്പെട്ടവർക്ക് രോഗം വരരുതെന്നല്ലേ അപ്പോഴും നിങ്ങൾ ആഗ്രഹിക്കുന്നത്. ആന്റീ. ... നിങ്ങൾ എല്ലാവരും തന്നെയാണ് ഭൂമിയിലെ മാലഖമാർ. .... ഒരമ്മയേപ്പോലെ സഹോദരിയേപ്പോലെ സ്നേഹവും പകർന്ന് രോഗികളെ ശുശ്രൂഷിക്കുന്ന ആന്റിമാർക്കും സഹപ്രവർത്തകർക്കും ഒരാപത്തും വരാതെ ആയുസ്സും ആരോഗ്യവും നൽകണേയെന്ന് പ്രാർഥിച്ചു കൊണ്ട് നിർത്തുന്നു.

സ്നേഹപൂർവം

**ആദം റിഹാൻ**

**ആദം റിഹാൻ**
4 B ജീ.എൽ.വി.എൽ.പി.എസ്. മുതുപിലാക്കാട്,
ശാസ്താംകോട്ട ഉപജില്ല, കൊല്ലം

# ഒരു കോവിഡ് അവലോകനം

മാനവരാശി അത്യന്തം ഭയാനകമായ ഒരു ആഗോളമാരിക്കുമുന്നിൽ പകച്ചുനിൽക്കുന്ന ഈ അന്തരീക്ഷത്തിൽ എല്ലാരീതിയിലും 'മനുഷ്യജീവിതം' വഴിമുട്ടിനിൽക്കുകയാണല്ലോ! ആ മഹാമാരിസൃഷ്ടിച്ച പ്രതിസന്ധി വളരെ വലുതാണ്.അതിനെ മറികടക്കാൻ സമയവും ആവശ്യമാണ്. ഏകാന്തതയുടെ കൂടുകളിൽ സ്വയം പൂട്ടിയിടപ്പെട്ട മനുഷ്യർ നിസ്സഹായരായി കഴിയുകയാണ്.എന്തും നേടിയെടുക്കാനുള്ള പരക്കം പാച്ചിലിൽ അവൻ മറന്ന പലതുമുണ്ട്. ഭൂമിയുടെ അവകാശിയായി അവൻ സ്വയം അവരോധിക്കുകയും സഹജീവികളെയും പ്രാപഞ്ചികമൂല്യങ്ങളെയും കാറ്റിൽ പറത്തി അധികാര ദുർവിനിയോഗത്തിനും സ്വാർഥലാഭത്തിനും വേണ്ടി

രക്ഷാകവചമായികണ്ട എല്ലാഭൗതികനേട്ടങ്ങളും ഈ സൂക്ഷ്മജീവിക്കുമുന്നിൽ നിഷ്ഫലമായി.
ഒരു ലോകത്തുറങ്ങി ഒരു ലോകത്തുണർന്ന മനുഷ്യൻ ഇപ്പോൾ പകച്ചുനിൽക്കുകയാണ്.അതിനുദാഹരണങ്ങൾനിരവധിയാണ്.
ന്യൂയോർക്കിനു പിടിച്ചുനിൽക്കാൻ വയ്യാതായി...,ചൈനയുടെ വൻമതിൽ കോട്ടയല്ലാതായി,ആശ്ലേഷങ്ങളും ചുംബനങ്ങളും പെട്ടന്നായുധങ്ങളായിമാറി. അധികാരത്തിനും സമ്പത്തിനും സൗന്ദര്യത്തിനും വിലയില്ലാതായി അവയ്കൊന്നും നമുക്കാവശ്യമായ പ്രാണവായു നൽകാൻ കഴിയില്ല എന്നു നാംതിരിച്ചറിഞ്ഞു.പക്ഷേ ,ലോകം അപ്പോഴും ജീവിക്കുന്നു കൂടുതൽ സുന്ദരമായി, നദികൾ നിർമ്മലമായി, അന്തരീക്ഷത്തിൽ ചൂടുകുറയുന്നു, വായുശുദ്ധമായി, പക്ഷിമൃഗാദികൾ സ്വൈരസഞ്ചാരം നടത്തുന്നു. അങ്ങനെ ലോകം സ്വച്ഛസുന്ദരമായി മനുഷ്യരെ അതു കൂടുകളിലാക്കി എന്നുമാത്രം.നമ്മൾ ഈ ലോകത്ത്അനിവാര്യരല്ല എന്നർഥം.നമ്മളില്ലാതെയും ഭൂമിയും വായുവും ആകാശവും ജലവും നിലനിൽക്കും. നമ്മൾ ഈ പ്രപഞ്ചത്തിന്റെ അതിഥികൾ മാത്രമാണ് യജമാനരല്ല.
ഈ ഏകാന്തകാലം പുനർചിന്തനത്തിനുള്ള സമയമാണ് രോഗാനന്തരം നാം ഈ ലോകത്ത്തിരിച്ചുപിടിക്കേണ്ട മൂല്യങ്ങൾ എന്തെല്ലാമെന്ന് കൊറോണ നമ്മെ ഓർമ്മിപ്പിക്കുന്നു.
ലാളിത്യമാണു നമ്മുടെ ആയുധം. ശാരീരികാകലത്തിലൂടെ നമുക്ക് സമൂഹത്തിന്റെ ഒരുമ നിലനിർത്താം.ഇതാണ് നാം ഇപ്പോൾ തുടരുന്ന പാഠം. നൂറ്റാണ്ടുകളിലൂടെ നാം നേടിയ,നമ്മുടെ പൂർവികർപകർന്നു നൽകിയ ആർഷഭാരത സംസ്കാരം നമുക്ക് മുറുകെ പിടിക്കാം.വ്യക്തിശുചിത്വവും സാമൂഹികശുചിത്വവും ഇപ്പോൾ മാത്രമല്ല;എപ്പോഴും പ്രാവർത്തികമാക്കാം.
രോഗം അതിർത്തികളെ അർഥമില്ലാതാക്കുമ്പോൾ സമ്പന്നരാജ്യങ്ങൾപോലും രോഗം ബാധിച്ചവൃദ്ധരെ മരിക്കാൻ വിടുമ്പോൾ നമുക്ക് അഭിമാനിക്കാം നമ്മുടെ ഭാരതത്തിന്റെ,കേരളത്തിന്റെ ശാസ്ത്രീയ-ആരോഗ്യ-സാമൂഹിക-രാഷ്ട്രീയനന്മകളെ ഓർത്ത് സോപ്പുപോലും വാങ്ങി കൈകഴുകാൻ ഗതിയില്ലാത്ത ദരിദ്രരെ,ചേരിനിവാസികളെ, തെരുവിലലയുന്നവരെപ്പോലും ചേർത്തുപിടിച്ചു സംരക്ഷിക്കുന്ന ആതുരസേവനത്തെ;സന്നദ്ധപ്രവർത്തനത്തെ,പോലിസ് സേനയെ ഒക്കെ ഓർത്ത് നമുക്കഭിമാനിക്കാം. ഭാരതത്തിൽ ജനിച്ചതിൽ, കേരളത്തിൽ ജനിച്ചതിൽ ഈ നന്മ ലോകത്തിനു മാതൃകയാകട്ടെ...
നവോത്ഥാനകാലം മുതൽ നാം ഉണ്ടാക്കിയ ഈ സാംസ്കാരിക പൈതൃകം,ഒരുമയുടെ തിരിനാളം വരും തലമുറയിലും അണയാതിരിക്കട്ടെ.....

**കൃഷ്ണ.എസ്.കുമാർ**
12 H2 ഗവ.എച്ച്.എസ്.എസ്,കരുനാഗപ്പള്ളി,
കരുനാഗപ്പള്ളി ഉപജില്ല, കൊല്ലം

# ഞാൻ വന്ന വഴിയും നൽകുന്ന പാഠങ്ങളും

ഹായ്, ഞാൻ കൊറോണ, എൻെറ ജനനം 2003ൽ ചൈനയിലാണ്. എൻെറ പേര് Severe Acute Respiratory Syndrome എന്നാണ്. എന്നാൽ എന്നെ ഇഷ്ടമുള്ളവർ SARS എന്നും വിളിക്കും. പിന്നീട് ഞാൻ MERS എന്ന പേരിൽ 2012 ൽ സൗദി അറേബ്യയിൽ ജനിച്ചു. ഇവരിൽ നിന്നും എല്ലാം ഉപരിവർത്തനം (mutation) വന്നാണ് ഞാൻ വുഹാൻ എന്ന മാംസ പട്ടണത്തിൽ രൂപം കൊണ്ടത്. ഏതോ ഒരു കാട്ടു ജീവിയുടെ ആമാശയത്തിൽ സമാധിയായിരുന്ന എന്നെ വലിച്ചു പുറത്തേക്കിട്ട മനുഷ്യൻ ഇപ്പോൾ മരണഭയത്താൽ വീടുകളിൽ കയറിയിരിക്കുകയാണ്. അവർ എന്നെ നിസ്സാരനായി കണക്കാക്കി മുൻകരുതലുകൾ എടുക്കാത്തതിൻെറ പേരിൽ ഞാനും എൻെറ മക്കളും കൂടി മനുഷ്യശരീരങ്ങളിൽ ഇടം തേടി. ഞങ്ങളുടെ വരവ് ഇഷ്ടപ്പെടാതെ ശരീരം പ്രതികരിക്കാൻ തുടങ്ങി. അതിൻെറ ലക്ഷണങ്ങൾ ശ്വാസ തടസ്സം, പനി, ശ്വാസകോശങ്ങളിൽ പഴുപ്പും ഉണ്ടാക്കി. ന്യുമോണിയ ആണെന്ന് തെറ്റിദ്ധരിച്ച ഡോക്ടർ അതിനുള്ള ചികിത്സകൾ ചെയ്തു. പക്ഷേ ഫലം കണ്ടില്ല. അവസാനം അവർ എന്നെ കണ്ടെത്തി എനിക്ക് COVID-19 എന്ന പേര് വെയ്ക്കപ്പെട്ടു. ഞാനും എൻെറ അനുയായികളും കൂടി ലോകരാജ്യങ്ങളായ അമേരിക്ക, ഇറ്റലി, ജർമ്മനി, ബ്രിട്ടൻ, സ്പെയിൻ, സ്വിറ്റ്സർലൻറ്, അറേബ്യ,പേർഷ്യ തുടങ്ങിയ രാജ്യങ്ങളിലൂടെ അവസാനം ദൈവത്തിൻെറ സ്വന്തം നാടായ കേരളത്തിലും എത്തി. മറ്റ് രാജ്യങ്ങളെ എനിക്ക് നിഷ്പ്രയാസം നേരിടാൻ സാധിച്ചു. എന്നാൽ കേരളീയർ കീഴടങ്ങാൻ തയാറായില്ല. എനിക്ക് ഇപ്പോൾ ഇവിടെ നിൽക്കാൻ പറ്റാത്ത അവസ്ഥയാണ്. എന്നെ ശരീരത്തിൽ കടത്താതിരിക്കാൻ വേണ്ടി ഇവിടത്തെ സർക്കാരും ഒരു ടീച്ചറമ്മയും കാവൽ നിൽക്കുകയാണ്. അവരെ സഹായിക്കാൻ രാപകലില്ലാതെ പോരാടുകയാണ് പോലീസും ആരോഗ്യ പ്രവർത്തകരും. സ്വന്തം കുടുംബത്തെപോലുംമറന്നുകൊണ്ട് അവർ അവരുടെ കർത്തവ്യം നിറവേറ്റുകയാണ്. ഇവരുടെ ഈ പ്രയത്നത്തെ ഞാൻ അഭിമാനപൂർവം സ്മരിക്കുകയാണ്.

ഇങ്ങനയൊക്കെയാണെങ്കിലും എനിക്ക് സന്തോഷമായി. വീടുകളിൽ നാലു ചുമരിൽ കഴിയാൻ വിധിക്കപ്പെട്ട അമ്മമാർക്ക് ഒരു കൂട്ടായി അവരുടെ മക്കളെയും കൊച്ചു മക്കളെയും ഭർത്താക്കന്മാരെയും ഒരു മാസമെങ്കിലും വീട്ടിലിരുത്താൻ എന്നെപ്പോലുള്ള ഒരു ചെറുകീടത്തിന് സാധിച്ചതിൽ ഞാൻ അഭിമാനം കൊള്ളുന്നു. ഇവരുടെ കൊച്ചു സന്തോഷത്തിൽ പങ്കാളിയാകുന്നതിൽ ഞാൻ സംതൃപ്തനാകുന്നു. ഇവർ എന്നെയാണോ അതോ ഭരണകൂടത്തെയാണോ ഭയക്കുന്നതെന്ന് മനസ്സിലാകുന്നില്ല. എന്നും അമ്മമാരുടെ ഭക്ഷണത്തെ കുറ്റം പറഞ്ഞ് ഫാസ്റ്റ് ഫുഡ് തേടിപ്പോകുന്ന മക്കൾക്ക് വേണ്ടിയും ഭർത്താക്കന്മാർക്ക് വേണ്ടിയും എത്ര

നേരം അവർ കാത്തിരിക്കുന്നു. ഇതൊക്കെ എത്ര പെട്ടന്നാണ് സമീകൃത ആഹാരത്തിൻെറ പട്ടികയിൽ എങ്ങനെ വന്നത് എന്ന് എനിക്ക് അറിയില്ല.സമയമില്ലാത്ത മനുഷ്യന് സമയം കാട്ടിക്കൊടുക്കാൻ സാധിച്ചതിൽ ഞാൻ സംതൃപ്തനാണ്.

എനിക്ക് കുടികെള്ളാൻ ഒരു ശരീരം വേണം. അവിടെ ഞാൻ ആരെയും ഉപദ്രവിക്കാതെ ജീവിച്ചോളാം ആ മൃഗങ്ങളെ നിങ്ങൾ കൊന്നു തിന്നരുത് അത് വഴി അവരുടെ സന്തുലനാവസ്ഥ നഷ്ടമാവുകയും ഞങ്ങളെപ്പോലെയുള്ള മറ്റ് രോഗാണുകൾ പുറത്തുവരുകയും ചെയ്യും. നിങ്ങൾ കാരണം ഞാൻ പുറത്തിറങ്ങി. ഇനി വേറെ ഒരെണ്ണത്തെയും പുറത്തിറക്കരുത്.അതിന് 'കാട്ടു മൃഗങ്ങളെ വേട്ടയാടരുത്' എന്ന് താഴ്മയായി പറഞ്ഞ് കൊണ്ട്

സ്നേഹപൂർവം കൊറോണ എന്ന ഞാൻ.

**സുൽത്താന എം**
10 H ഗവ.എച്ച്.എസ്.എസ്,കരുനാഗപ്പള്ളി,
കരുനാഗപ്പള്ളി ഉപജില്ല, കൊല്ലം

# അതിജീവിക്കാൻ ലോകം പൊരുതുന്നു

ലോകചരിത്രത്തിൽ സമാനതകളില്ലാത്തതാണ് ഈ കൊറോണക്കാലം. മാനവരാശിയെ പിടിച്ചുകുലുക്കിയിരിക്കുകയാണ് ഈ മാരക വൈറസ് ബാധ. അതിജീവിക്കാനുള്ള മനുഷ്യൻെറ തളരാത്ത ഇച്ഛാശക്തിയാണ് കോവിഡ്-19എതിരെയുള്ള പ്രതിരോധപ്രവർത്തനങ്ങൾ. ലോകത്തിലെ പകുതിയിലേറെ രാജ്യങ്ങൾ കോവിഡ് -19ന് ഇരയായി. ലോകം അതിൻെറ കരുത്തും വേഗതയും വീണ്ടെടുക്കുക തന്നെ ചെയ്യും എന്നാണ് വിശ്വാസം. നിശ്ചലതയിലേക്ക് ലോകം വീണു പോയിരിക്കുന്നു. ശാസ്ത്രത്തിലാണ് ലോകത്തിൻെറ പ്രതീക്ഷ. മരണത്തോടുള്ള യുദ്ധമാണ്, എല്ലാം വിധിക്ക് വിട്ടുകൊടുത്ത ചരിത്രമല്ല വേണ്ടത്.

2019- ഡിസംബർ ഒന്നിനാണ്, ചൈനയിലെ വുഹാനിൽ നിന്ന് കൊറോണ എന്ന വൈറസ് യാത്ര തുടരുന്നത്. ഏഷ്യയിലും, യൂറോപ്പിലും, അമേരിക്കയിലും സാധാരണ ജീവിതം നിശ്ചലമാക്കി വൈറസ് യാത്ര തുടരുകയാണ്. ജീവൻെറ തുടിപ്പുകൾ നിമിഷങ്ങൾ കൊണ്ട് ഇല്ലാതെയാകുന്നു. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ലോകം കണ്ട ഏറ്റവും വലിയ മഹാമാരി.

സാമൂഹിക അകലം പാലിക്കുക, സമ്പർക്ക വിലക്ക്, സാനിറ്റൈസർ ഉപയോഗിക്കുക എന്നിവയ്ക്ക് ഒപ്പം അസുഖം സംശയിക്കുന്നവരെ കണ്ടെത്തി ടെസ്റ്റ് നടത്തുക, ആവശ്യമെങ്കിൽ ഏകാന്തവാസത്തിലാക്കുക, സ്വന്തം പരിസരം വൃത്തിയായി

സൂക്ഷിക്കുക എന്നിവയാണ് കൊറോണ വ്യാപനം തടയാൻ നാം സ്വീകരിക്കേണ്ട മുൻകരുതലുകൾ.

ലോകം കേവിഡിന് മുൻപിൽ പകച്ചു നിൽകുമ്പോഴും കേരളം രണ്ടാംഘട്ടവും വിജയകരമായി തരണം ചെയ്തു. കേരളത്തിൻെറ ഇപ്പോഴത്തെ അവസ്ഥ തികച്ചും ആശ്വാസകരമാണ്. കോവിഡ്-19 ന് മുന്നിൽ നിസ്സഹായരായി നിൽക്കുകയാണ് വികസിത രാജ്യങ്ങൾ. ഭരണകൂടത്തിൻെറയും, ആരോഗ്യ പ്രവർത്തകരുടെയും നിയമപാലകരുടെയും കഠിനാധ്വാനം കൊണ്ട് മാത്രമാണ് നമുക്ക് ഈ സ്ഥിതിയിലേക്ക് എത്തിചേരാൻ കഴിഞ്ഞത്. കേരളത്തിലെ പതിനാലു ജില്ലകളിലും രോഗബാധ ഉണ്ടായിട്ടും തളരാതെ പിടിച്ചുനിന്നു. നിപ പ്രതിരോധ അനുഭവവും മുന്നൊരുക്കങ്ങളും മുതൽക്കൂട്ടായി. പൊതുജനങ്ങളുടെ ആത്മാർഥ സഹകരണം കൊണ്ട് മാത്രമാണ് നമ്മൾ ഇന്ന് അഭിമാനത്തോടെ തല ഉയർത്തി നിൽക്കുന്നത്. നമുക്ക് കാലം സമ്മാനിച്ചത് കണ്ണീരിൻെറ കഥകൾ മാത്രം. ഓഖി, പ്രളയം, നിപ്പ ഒക്കെയും ഒറ്റക്കെട്ടായി അതി ജീവിച്ച നമുക്ക് ഇതിനെയും അതിജീവിക്കാൻ കഴിയും.. ഒരാൾ മതി എല്ലാ സംവിധാനങ്ങളും തകിടം മറിക്കാൻ. മരണത്തോടാണ് യുദ്ധം. പേടി വേണ്ട, ജാഗ്രത മതി, വിജയം അത് അനിവാര്യമാണ്. “ദൈവങ്ങൾ മാറി നിന്നപ്പോഴും നിഴലായി കൂടെ നിന്നവരെ മറക്കരുത്. അവർക്കുവേണ്ടി പ്രാർഥിക്കാം”.

**അമേയ സുനിൽ**
8 H ഗവ.എച്ച്.എസ്.എസ്,കരുനാഗപ്പള്ളി,
കരുനാഗപ്പള്ളി ഉപജില്ല, കൊല്ലം

# ഞാൻ നമ്മളിലൂടെ

ലോകം ഇപ്പോൾ ഒരു അടിമയായിക്കഴിഞ്ഞു. ഇന്ന് ഈ ലോകം ഭരിക്കുന്നത് വേറെ ആരുമല്ല. ആ ഭരണാധികാരിയുടെ പേരാണ് കോവിഡ് -19 അഥവാ കൊറോണ. ചൈന എന്ന മഹാരാജ്യത്തിൽ നിന്നും ഉൽഭവിച്ചതാണ് ഈ രോഗം. ചിലർ പ്രകൃതിയോടു കാണിക്കുന്ന ക്രൂരത അവസാനിപ്പിക്കാൻ വേണ്ടിയാവും പ്രകൃതി ഇങ്ങനൊരു വികൃതി കാട്ടിയത്. പണമാണ് ലോകത്തിലെ ഏറ്റവും വലിയ സമ്പത്ത്എന്നുപറഞ്ഞവർക്കതു വലിയൊരു തിരിച്ചടിയായിരിക്കും.വ്യവസായങ്ങളുടെയും ജനസംഖ്യാവർധനവിന്റെയും രാജ്യമായിരുന്നു അമേരിക്ക. ഇന്നു ഈ രോഗം പിടിപെട്ടതിനാൽ പതിനായിരങ്ങളാണ് മരിക്കുന്നത്. ലോക്കാട്ജിള്ളു എപ്പോൾ ഇരുപതു ലക്ഷത്തിനു മുകളിൽ രോഗികളുണ്ട്. ചൈനയിൽ നിന്നും ഈ രോഗം ബാധിച്ചവർ ഇന്ത്യ, ഫ്രാൻസ് ഇറ്റലി അമേരിക്ക ഇതുപോലെ നുറിലധികം

രാജ്യങ്ങളിൽ ചെന്നതോടു കൂടി അവിടെയും ഈ രോഗബാധിതർ ഉണ്ടാവുകയും നൂറിലധികം ജനങ്ങൾ മരണമടയുകയുമുണ്ടായി. ഇന്ത്യയിലും ഇതേ അവസ്ഥയാണുള്ളത്. എന്നാൽ രോഗമുക്തി നേടിയവരുടെ എണ്ണത്തിലും ചികിൽസിക്കുന്ന രീതികളിലും ഈ ലോകത്തിൽ വെച്ചും മികച്ചത് രാജ്യമാണ് ഇന്ത്യ. ഇന്ത്യയിലെ ഏറ്റവും മികച്ച ചികിത്സ നൽകുന്ന സംസ്ഥാനം കേരളമാണെന്ന വിവരവും രാജ്യത്തെ ഓരോ വീടുകളിലും ഇന്നു ഒരു വർത്തമാനമായിമാറി കൊണ്ടിരിക്കുന്നു. ഇ മഹാമാരിയെ വെറും ലാഘവത്തോടെ കാണാതെ അതീവജാഗ്രതയിലൂടെ ഒടുക്കികളഞ്ഞു കേരളം. മറ്റു രാജ്യങ്ങളെ സഹായിച്ചുകൊണ്ടും സ്വന്തം രാജ്യത്തിലെ രോഗബാധിതരുടെ എണ്ണം കുറയ്ക്കുന്നതിനും മുന്നിലാണ് ഇന്ത്യ രാജ്യം ഇന്ന് ലോക്ഡൗണിലാണ്. കേരളത്തിൽ താമസിക്കുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ സുരക്ഷയും സംസ്ഥാന സർക്കാർ ഉറപ്പാക്കുന്നു. കേരളത്തിലെ ബഹുമാനപെട്ട മുഖ്യ മന്ത്രിയും ആരോഗ്യ മന്ത്രിയും ധനമന്ത്രിയും ഒപ്പം ആരോഗ്യ പ്രവർത്തകരും ഈ വിപത്തിനെ ചെറുത്തുനിൽക്കാൻ സഹായിക്കുന്നു. സാധാരണക്കാരായ ജനങ്ങളെ സംരക്ഷിക്കാൻ ആരുണ്ട് എന്ന ചോദ്യത്തിന് ഫുൾസ്റ്റോപ്പിട്ടുകൊണ്ടായിരുന്നു ഇവരുടെ കടന്നു വരവ്. പോലീസുദ്യോഗസ്ഥർ ലോക്ഡൗൺ ലംഘിച്ചു പുറത്തിങ്ങുന്നവരെ ഉപദേശിച്ച് അവരെ തിരികെ വീട്ടിൽ എത്തിക്കുന്നു. കൊറോണ എന്ന വിപത്തിന്റെ എണ്ണം രാജ്യത്തു കുറഞ്ഞു വരുന്നു. അതിന്റെ കാരണം ഇവരെല്ലാം തന്നെയാണ്. ലോകത്തെവിടെയും സന്തോഷത്തിന്റെ സുഗന്ധം പരക്കുന്നതിനു പകരം മരണത്തിന്റെ ദുർഗന്ധമാണ്. ഈ ലോകം മുഴുവൻ ഒന്നിച്ചു നിന്നു ഈ മഹാമാരിയെ ചെറുത്തുനിൽക്കും. പ്രകൃതിരമണീയമായ ഭൂമിയെ നമുക്ക് വീണ്ടും തിരിച്ചു പിടിക്കാം.

**ദേവിക അനിൽ**
9 B ഗവ.മോഡൽ ഹയർസെക്കണ്ടറി സ്ക്കൂൾ അമ്പലപ്പുഴ,
അമ്പലപ്പുഴ ഉപജില്ല, ആലപ്പുഴ

# എന്റെ കൊറോണക്കാലം

അന്ന് മാർച്ച് 9 ന് ഞാൻ സ്കൂളിൽ നേരത്തെ എത്തി.നാളത്തെ പഠനോത്സവവുമായി ബന്ധപ്പെട്ട് തയാറെടുപ്പുകൾ നടത്തുകയായിരുന്നു ഞാനും എന്റെ കൂട്ടുകാരും. രണ്ടുമൂന്ന് നാടകങ്ങൾ പഠിച്ചിട്ടുണ്ടായിരുന്നു. മുറ്റത്തെ മാവിൻ ചുവട്ടിൽ കളിച്ചു കൊണ്ടിരിക്കുമ്പോഴാണ് എന്റെ കൂട്ടുകാരൻ ആകാശ് ഒരു രഹസ്യം പറയാനുണ്ടെന്ന് പറഞ്ഞത്. പരീക്ഷയൊക്കെ ഒഴിവാക്കിയെന്നും സ്കൂൾ ഇന്ന് പൂട്ടുകയാണെന്നും മാഷ് പറയുന്നുണ്ടെന്നതായിരുന്നു രഹസ്യം..... ആദ്യം ഞാനത്

വിശ്വസിച്ചിരുന്നില്ല. പക്ഷെ പെട്ടെന്ന് അസംബ്ലി വിളിച്ചു. കൊറോണ പകർച്ച വ്യാധി മൂലം സ്കൂൾ പൂട്ടുകയാണെന്ന് ഹെഡ്മാസ്റ്റർ പറഞ്ഞപ്പോൾ ഞാൻ അന്തം വിട്ടു.ഇത് കേട്ടപ്പോൾ ഇനി കളിച്ചു നടക്കാലോ എന്ന സന്തോഷം മനസ്സിലുണ്ടായെങ്കിലും വീട്ടിലെത്തിയപ്പോൾ അതൊക്കെ ഇല്ലാതായി. കൊറോണ എന്ന മഹാരോഗം നമ്മുടെ കേരളത്തിലും എത്തിയിരിക്കുന്നുവെന്നും സൂക്ഷിച്ചില്ലെങ്കിൽ നമുക്കും അത് വരുമെന്നതിനാൽ ഇനി പുറത്തു പോകാനോ കൂട്ടുകാരോടൊപ്പം കളിക്കാനോ പറ്റില്ലെന്ന് അമ്മ പറഞ്ഞപ്പോൾ എനിക്ക് സങ്കടമായി. വയലിൽ പോയി ഫുട്ബോൾ കളിക്കാതെയും സാറ്റ് കളിക്കാതെയും എങ്ങനെ കഴിയും. ആദ്യത്തെ കുറച്ചു ദിവസം ഭയങ്കര മടുപ്പായിരുന്നു. ഇടയ്ക്കിടെ കൈ കഴുകിയും ടി വി കണ്ടും എനിക്ക് മതിയായി. ഇന്ന് മാർച്ച് 22 നമ്മുടെ രാജ്യത്ത് ജനത കർഫ്യു ആണ്. അതെന്താണെന്ന് കാര്യമായി മനസ്സിലായില്ലെങ്കിലും ഇന്ന് ആരും വീട്ടിനകത്തുനിന്ന് പുറത്തിറങ്ങാൻ പാടില്ലെന്ന് മനസ്സിലായി. വീട്ടിൽ പുസ്തകവായനക്ക്അവസരം കിട്ടി. പാത്തുമ്മയുടെ ആട്, ഭൂമിയുടെ അവകാശികൾ, മാക്ബത്ത് എന്നിവ വായിച്ചു. കൊറോണ ബോധവൽക്കരണ വീഡിയോ ചെയ്തു. എന്റെ പ്രധാന വിനോദമായ ചിത്രരചനയിൽ മുഴുകാൻ കഴിഞ്ഞു. രാത്രി കാലത്തെ പ്രധാന പരിപാടി ചെസ്സ് കളിക്കുകയായിരുന്നു.അമ്മയെയും ചേച്ചിയെയും എളുപ്പത്തിൽ തോൽപിച്ചെങ്കിലും അച്ഛനെ തോൽപ്പിക്കാൻ കഴിഞ്ഞില്ല. അമ്മയൊടൊപ്പം കൃഷിപണി ചെയ്തു. പച്ചക്കറികൾ വളരുന്നത് കാണാൻ നല്ല രസമാണ്. എങ്കിലും ആഘോഷങ്ങൾ ഒന്നുമില്ലാത്തത് എനിക്കു വിഷമമുണ്ടാക്കി. ഓൺലൈൻ ക്വിസ്സ് മത്സരങ്ങൾ സന്തോഷമുണ്ടാക്കി. പക്ഷികൾക്കു വെള്ളം കൊടുക്കലും കൂട്ടുകൂടലും എനിക്ക് രസകരമായിരുന്നു. ലക്ഷക്കണക്കിന് ആളുകളെ കൊന്നൊടുക്കുന്ന കൊറോണക്കാലം എന്ന് തീരുമെന്ന് ഞാൻ കാത്തിരിക്കുന്നു......

**ഓജസ്.ജ.എസ്**
ആറ് എ ഗവൺമെന്റ് യു.പി.സ്കൂൾ വയക്കര,
ഇരിക്കൂർ ഉപജില്ല, കണ്ണൂർ

# അതിജീവനത്തിൻെറ നാളുകൾ

കൊറോണ വൈറസ്. ഈ പേര് നമുക്ക് പരിചിതമാണല്ലോ, അല്ലേ. ഈ വൈറസ് കാരണം മനുഷ്യൻ തൻെറ എല്ലാ തിരക്കുകളും മാറ്റി വച്ച് വീടിനുള്ളിൽ കഴിയുന്നു. റോഡുകൾ നിശ്ചലം, കടകളും ബീച്ചുകളും സിനിമാ തിയേറ്ററുകളും മറ്റ് തിരക്കേറിയ സ്ഥലങ്ങളും നിശ്ചലമായി, മനുഷ്യരുടെ യാത്രകളും നിശ്ചലമായി. എന്നാൽ ഇതിനെല്ലാം കാരണം മനുഷ്യരായ നമ്മൾ തന്നെയാണ്. പ്രകൃതിയിലെ

ജീവജാലങ്ങളെ നമ്മൾ ചൂഷണം ചെയ്യുന്നതാണ് പ്രധാന കാരണം. അവയെ കൊന്ന് പുതിയ പുതിയ വിഭവങ്ങളായി തീൻ മേശയിലേക്ക് എത്തിയപ്പോൾ നാം ഓർത്തില്ല, അവസാനം ഇതു തന്നെ മരണകാരണമാകുമെന്ന്.

കാട്ടിലെ ഏതോ പാതയിലൂടെ അലഞ്ഞു നടന്നിരുന്ന പന്നി, വവ്വാൽ പോലെയു ള്ളവയുടെ ആമാശയത്തിൽ വളർന്നു വരുകയായിരുന്നു കൊറോണ വൈറസ്. മ നുഷ്യൻ ഈ ജീവജാലങ്ങളെ വേട്ടയാടി ചൈനയിലെ വുഹാനിൽ എത്തിച്ചു. അവർ അതിനെ കശാപ്പ് ചെയ്തു. പുതിയ പുതിയ വിഭവങ്ങളായി തീൻ മേശയി ലേക്ക് എത്തിയപ്പോൾ അതിനു രുചിയായി. എന്നാൽ അത് അകത്തു ചെന്നതോ ടെ വൈറസ് തൻെറ സ്വഭാവം പുറത്തിറക്കി. പെറ്റു പെരുകി പുതിയ തലമുറയെ സൃഷ്ടിച്ചു. അപ്പോഴേക്കും ശരീരം പ്രതികരിച്ചു തുടങ്ങി. ശ്വാസം മുട്ടൽ, പനി, ജ ലദോഷം എന്നിവയുമായി വൈറസ് ബാധിതർ ആശുപത്രിയിൽ എത്തി. എന്നാൽ വൈകാതെ അയാൾ മരിച്ചു. ഈ സ്ഥിതി തുടരാൻ തുടങ്ങി. ശാസ്ത്രലോകം ഇ തിനെക്കുറിച്ച് പഠിക്കാൻ തുടങ്ങി. ഒടുവിൽ അവർ കണ്ടുപിടിച്ചു. കോവിഡ് 19 എന്ന വൈറൽ രോഗം.

എന്നാൽ ഇതിനകം ചൈനയിൽ നിന്നും രോഗം മറ്റ് രാജ്യങ്ങളലേക്കും പടർന്നു. അങ്ങനെ ഈ രോഗം നമ്മുടെ കൊച്ചു കേരളത്തിലും എത്തി. മലകളുടെയും പു ഴകളുടേയും നാട്, നിപ്പയെയും പ്രളയത്തെയും നേരിട്ട നാട്. ആദ്യമായി ഇറ്റലി യിൽ നിന്നും വന്നവർക്ക് രോഗം സ്ഥിരീകരിച്ചതോടെ ജനങ്ങൾ പരിഭ്രാന്തരായി, പക്ഷേ ആരോഗ്യവകുപ്പും ഭരണകൂടവും  അവർക്ക് നിർദേശങ്ങൾ നൽകി. "ഭയ മല്ല, മറിച്ച് ജാഗ്രതയാണ് ' വേണ്ടതെന്ന് നിർദേശിച്ചു.

രോഗ ബാധിതർ സഞ്ചരിച്ച റൂട്ട് മാപ്പ് തയാറാക്കി. വിദേശത്തു നിന്നും വരുന്നവ രെ കണ്ടാൽ ഓടുന്ന സാഹചര്യങ്ങൾ വരെയായി. എന്നാൽ അവർക്കായി പ്രത്യേ ക ജാഗ്രതാ മാർഗങ്ങൾ നിർദേശിച്ചു. റാപ്പിഡ് ടെസ്റ്റുകൾ നിലവിൽ വന്നു. കൊ റോണയെ പുതിയതും വ്യത്യസ്തവുമായ രീതിയിലാണ് കേരളം നേരിടുന്നത്. നിപ്പയും പ്രളയവും വന്നിട്ടും തളരാത്ത നാടാണ്. നാം ഒറ്റക്കെട്ടായി ഈ സാഹ ചര്യത്തെ നേരിടും. എതു സാഹചര്യവും ഒറ്റക്കെട്ടായി നേരിടുന്നവരാണ് കേരളീ യർ.

" കേരളം അതിജീവിക്കും ഈ സാഹചര്യവും."

**നസ്രീൻ നാസർ**
10 H ഗവ.എച്ച്.എസ്.എസ്,കരുനാഗപ്പള്ളി,
കരുനാഗപ്പള്ളി ഉപജില്ല, കൊല്ലം

# കൊറോണക്കാലത്തെ എന്റെ വേനൽക്കാല അനുഭവങ്ങൾ

ലോകത്താകമാനമുള്ള ജനസമൂഹത്തെയാകെ ഭീതിയിലാക്കി അനേകായിരങ്ങൾ മരണപ്പെട്ട കൊറോണ എന്ന മഹാമാരിയിലൂടെ അപ്രതീക്ഷിതമായ കടന്നുവരവ് ഞാനും എൻെറ കൂട്ടുകാരും ഉൾപ്പെടെയുള്ളവരുടെ വേനൽക്കാല അവധിക്ക് ഒരു പുതിയ കാഴ്ചപ്പാടിന് രൂപം നൽകുകയായിരുന്നു. പരീക്ഷകൾപോലു മാറ്റി വെയ്ക്കേണ്ടിവന്നു എന്ന് കേട്ട വാർത്ത ഞങ്ങൾ വിദ്യാർത്ഥികൾക്ക് വളരെ വേദനാജനകമായിത്തീർന്നു. നിശ്ചലമായി ഒരു മാസത്തിൽകൂടുതൽ കഴിഞ്ഞത് വലിയ അത്ഭുതമാണ്. മറ്റെന്തെങ്കിലും കാരണം പറഞ്ഞോ ആജ്ഞാപിച്ചോ ഇത്രവലിയ ജനസമൂഹത്തെ ഒരു മാസത്തിൽ കൂടുതൽ വീട്ടിലിരുത്തുക അസാദ്ധ്യമാണ്.

ജീവനോടുള്ള കൊതി ജിവിച്ചാൽമാത്രം തീർക്കാവുന്ന ബാദ്ധ്യതകൾ ഇതെല്ലാം സാമാന്യ ബുദ്ധിയിൽ മനസ്സിലായപ്പോൾ ഈ പാരതന്ത്ര്യത്തോടുള്ള പ്രതിഷേധം ഇല്ലാതായി. ഈ ലോക്ഡൗൺകാലത്ത് ശീലങ്ങളൊക്കെയും മാറി. വീട്ടുകാരുമായി കൂടുതൽ സമയം ചെലവഴിക്കുകയും അവരെ സഹായിക്കുകയും പുതിയ കൂടുതൽ കാര്യങ്ങൾ പരിശീലിക്കാൻ വലിയ ഒരു അവസരമായി. സ്റ്റേജ് ഷോകളും പരിപാടികളുമൊക്കെയായി കഴിഞ്ഞ ഞാൻ ഈ വേനൽക്കാലത്ത് ഒരുപാട് ഓൺലൈൻ പാട്ട് മത്സരങ്ങളിലാണ് പങ്കെടുത്തത്. വീട്ടുകാരോടൊപ്പം വീട്ടിൽ കൃഷി ചെയ്യാൻ ആരംഭിച്ചു. അതിലൂടെ മണ്ണിന്റെ മണവും പ്രകൃതിയുടെ പച്ചപ്പും ആസ്വദിക്കാൻ എനിക്ക് കഴിഞ്ഞു. നമ്മുടെ ആരോഗ്യ പ്രവർത്തകർ മരുന്ന് എൻെറ വീട്ടിലെത്തിച്ചത് എനിക്ക് ഒരു അനുഭവമായിരുന്നു.

ഒരുതരി ഭക്ഷണം പോലും വെറുതെകളയരുതെന്ന വിലപിടിച്ച സത്യം ഞാൻ തിരിച്ചറിഞ്ഞു. ആർഭാടങ്ങളോടുകൂടിയ വലിയ ജനക്കൂട്ടം പങ്കെടുത്ത് നടത്തിയിരുന്ന ചടങ്ങുകൾ ഇന്ന് വെറും നാലോ അഞ്ചോ പേരുടെ സാന്നിധ്യമായിത്തീർന്നു. നമ്മളോരോരുത്തരും എത്ര നിസ്സഹായനാണെന്ന യാഥാർഥ്യം തിരിച്ചറിഞ്ഞു. സാങ്കേതിക നേട്ടങ്ങളുടെ ഉയരങ്ങളിൽ നിൽക്കുമ്പോഴും എന്തിനും പോന്ന ആയുധങ്ങളുള്ളപ്പോഴും പണംകൊണ്ട് നേടാനാവാത്തതൊന്നും ഇല്ലയെന്നു വിചാരിക്കുമ്പോഴും ഒരു വൈറസ് സൃഷ്ടക്കുന്ന മരണ സാന്നിധ്യം മനുഷ്യനെ നിരാലംബനാക്കുന്നു എന്ന ചിന്തകൾ കുറെ ഉത്തരമില്ലാത്ത ചോദ്യങ്ങളാകുന്നു. ഇവിടെ എന്റെ ഗ്രാമവും സ്കൂളും കുടുംബവും പ്രവാസിയായ എന്റെ അച്ഛനും അങ്ങനെ ഒരു വലിയ സമൂഹം അതിജീവനത്തിൻെറ, കരുതലിൻെറ, സ്വാന്തനത്തിൻെറ ഒരിടത്ത് ശ്രദ്ധാപൂർവ്വം ഇവയെ തിരിച്ചറിയുന്നു. ഈ മഹാമാരിയോടുള്ള ഭയത്തെ

കൈകഴുകി അകലം പാലിച്ച് സുരക്ഷിതമാകാനൊരു ആശ്വാസമെന്നപോലെയാണ് എന്റെ സ്കൂളിലെ അധ്യാപകരുടെ കൂട്ടം വാട്സാപ് കൂട്ടായ്മയായ 'സർഗ്ഗവസന്തം 'ഞങ്ങൾ കുട്ടികളിലൂടെ ലക്ഷ്യമിടുന്നത്. ഈ വേനൽക്കാല അവധി ഒരു അനുഭവമാക്കി കൊറോണ എന്ന മഹാവിപത്തിനെ ചെറുത്തു തോൽപ്പിക്കാനുള്ള ഒരു കരുത്തായി നാളെയുടെ പൊൻപുലരികൾകാതിനും മനസ്സിനും കുളിർമയേകുന്ന നല്ല വാർത്തകൾസമ്മാനിക്കട്ടെ എന്ന പ്രത്യാശയോടെ. ....

**ദൃശ്യ സന്തോഷ്**
ജി.വി.എച്ച്.എസ്.എസ്., മുട്ടറ,
വെളിയം ഉപജില്ല, കൊല്ലം

# മനുഷ്യനും കൊറോണയും

പേടിച്ചരണ്ട ജനതയെ നിസ്സഹായാവസ്ഥയോടെ നോക്കി നിൽക്കുന്നു പ്രകൃതി. അവർക്ക് മനുഷ്യനെ സഹായിക്കുന്നതിന്റെ അതിർവരമ്പ് മുറിഞ്ഞിരിക്കുന്നു. നാടോടുമ്പോൾ നടുവേ ഓടണം. നടുവേ ഓടിയവരുടെ കൂട്ടത്തിൽ മരണമെന്ന പടുകുഴിയിലേക്ക് വീണത് ലക്ഷക്കണക്കിന് മനുഷ്യർ. അവരെ അതിൽ നിന്ന് കരകയറ്റാൻ ഇനി ദൈവത്തിനു പോലും ആവില്ല.

ആധുനിക ജീവിതത്തിൽ ആർഭാടജീവിതം നയിക്കുന്ന മനുഷ്യർക്ക് മറ്റൊന്നിനെപ്പറ്റിയും ചിന്ത ഇല്ലാതെ പോയിരിക്കുന്നു. ചുറ്റും നടക്കുന്നതെന്തെന്ന് വിരൽ തുമ്പിലൂടെ അറിയാവുന്നത്ര ലോകം മാറിയിരിക്കുന്നു. ജാതി, മതം, വർഗം ചൊല്ലി തമ്മിൽ കലഹിക്കുന്ന മനുഷ്യർ പ്രതീക്ഷിച്ചിരുന്നില്ല നാളെ വരുന്ന വിപത്തുകളെ. ഇഷ്ട ഭക്ഷണം, വസ്ത്രം എല്ലാം വിരൽ തുമ്പിലൂടെ കൈകളിലെത്തിയ ലോകം വന്നു. സ്വതന്ത്രമായി സഞ്ചരിക്കാൻ വാഹനങ്ങൾ വാങ്ങിക്കൂട്ടുമ്പോൾ ഓർത്തില്ല വായുമലിനീകരണം കൂടുമെന്നത്. മലകളും കുന്നുകളും മരങ്ങളും നശിപ്പിച്ചു. പുഴകളിൽ മണൽ വാരിയും മാലിന്യങ്ങൾ നിറച്ചും ജലം നശിപ്പിച്ചു. ഇൻറർലോക്കും, കോൺക്രീറ്റും ചെയ്ത് മുറ്റവും പറമ്പും അലങ്കരിച്ചു. അപ്പോൾ അവർ ഓർത്തില്ല നാളെ മഴ വെള്ളം വീടിനകത്ത് കയറുമെന്ന്. സുഖമായി താമസിക്കാൻ ഫ്ളാറ്റുകൾ പടുത്തുയർത്തി.

ലോകം എത്രത്തോളം വികസിച്ചിട്ടും ഇന്ന് വരുന്ന വിപത്തുകളെ മറികടക്കാൻ മനുഷ്യർ ഒരുപാട് കഷ്ടപ്പെടുന്നു. വിരൽ തുമ്പിൽ ഓടുന്ന ജീവിതങ്ങൾക്ക് ശ്വസിക്കാൻ ശുദ്ധവായുവും കുടിക്കാൻ ശുദ്ധജലവും കഴിക്കാൻ മായമില്ലാത്ത ഭക്ഷണവും കിട്ടാത്ത അവസ്ഥ വന്നെത്തി. നല്ല കമ്പനിയുടെ കുപ്പി വെള്ളവും ഏറ്റവും

നല്ല റസ്റ്റോറന്റിലെ പാർസൽ ഭക്ഷണവും അമൃത് പോലെ കഴിച്ചിരുന്ന മനുഷ്യർക്ക് ശുചിത്വമെന്തെന്ന് അറിയാതെയായി. ചെറിയൊരു ജലദോഷത്തിനുപോലും മരുന്ന് കഴിച്ച് അവരുടെ പ്രതിരോധശേഷി നഷ്ടപ്പെട്ടു പോയിരിക്കുന്നു.

നമ്മുടെ മുത്തശ്ശിമാരുടെ കാലത്തേക്കാൾ എത്രയോ മാറിയ ലോകം. പക്ഷേ കാലം നമുക്ക് മാറ്റി വച്ചത് വലിയൊരു വിപത്താണ്. ഓഖിയും നിപ്പയും പ്രളയവും കടന്നിതാ കൊറോണ അഥവാ കൊവിഡ് – 19 വന്നിരിക്കുന്നു. കണ്ണിൽ കാണാൻ പറ്റാത്ത ജീവികളെപ്പോലും ഭയന്ന് നിമിഷങ്ങളും ദിവസങ്ങളും എണ്ണിത്തീർക്കേണ്ട അവസ്ഥ സംജാതമായിരിക്കുന്നു. മാസ്കും കൈയ്യുറകളും ധരിച്ച് ജീവിക്കേണ്ടി വന്നിരിക്കുന്നു. ജനതാ കർഫ്യൂവും ലോക് ഡൗണുകളും മനുഷ്യനെ വീടുകളിൽ പൂട്ടിയിട്ടിരിക്കുന്നു.

മനുഷ്യന്റെ ആധുനിക ജീവിതത്തിന്റെ നെട്ടോട്ടം ഇന്ന് നിന്നിരിക്കുന്നു. ഇപ്പോഴാണ് എല്ലാവരും ഒന്ന് ചിന്തിക്കുന്നത് ആർഭാട ജീവിതമില്ലാത്ത ഒരു ലോകമായിരുന്നു നല്ലതെന്ന്. കൊറോണയെന്ന മഹാമാരി ലോകമെമ്പാടും പടർന്നു പിടിച്ച് ഓരോ ജീവനുകൾ പൊലിയുമ്പോഴും നമ്മൾ വരുത്തി വച്ച വിനയാണെന്നത് നാം ഓർക്കണം. ഈ വിപത്തിനെ വേരോടെ പിഴുതെറിഞ്ഞേ മതിയാകൂ. അത് ഓരോരുത്തരുടെയും ആവശ്യമാണ്. ഒരുപാടു പേർ അതിനായി കഷ്ടപ്പെടുന്നു. ആരോഗ്യ വകുപ്പും പോലീസുകാരും സർക്കാരുമെല്ലാം. നാളെയുടെ നന്മയ്ക്കായ് ഇന്ന് നമുക്ക് പൊരുതാം. ഈ വിപത്തിനെ ഇല്ലാതാക്കാം.

**നന്ദന എസ്**
10 D ഗവ. ഹയർ സെക്കന്ററി സ്കൂൾ കാട്ടിക്കുളം,
മാനന്തവാടി ഉപജില്ല, വയനാട്

# എന്റെ ലോക്ഡൗൺ

കൊറോണ എന്ന മഹാമാരി നമ്മുടെ ലോകത്തെ നിശ്ചലമാക്കിയ ദിവസങ്ങളാണ് കടന്ന് പോകുന്നത്.ഈ ദിനങ്ങളിൽ രാജ്യം ലോക്ഡൗൺ പ്രഖ്യാപിച്ച അന്നുമുതൽ രാജ്യത്തിന്റെ നിർദേശങ്ങൾ അനുസരിച്ചാണ് ഞാൻ മുന്നോട്ട് പോകുന്നത്. ആദ്യമൊക്കെ ചെറിയ ബുദ്ധിമുട്ട് അനുഭവപ്പെട്ടെങ്കിലും പിന്നീട് അതിനോട് പൊരുത്തപ്പെടാൻ എനിക്ക് കഴിഞ്ഞു. ലോകം മുഴുവൻ നിശ്ചലമായ ഒരു അവസ്ഥയാണ് ഇപ്പോൾ. കോവിഡ് 19 കാലം വീടിന് പുറത്തേക്ക് പോകാൻ പറ്റാത്ത അവസ്ഥയിൽ ഞാൻ ഒരുപാട് ബുദ്ധിമുട്ടി. ഈ മഹാമാരി പടർന്നുപിടിക്കുന്ന അവസരത്തിൽ നമ്മുടെ രാജ്യം നല്ലൊരു തീരുമാനത്തിലാണ് എത്തിയത് എന്ന് പിന്നീട്

തോന്നി. ഓരോ ദിവസം കൂടും തോറും ലോകത്ത് മരണ സംഖ്യ വർധിുന്നതറിഞ്ഞ എനിക്ക് വളരെ വിഷമം തോന്നി. പ്രളയകാലത്ത് സർക്കാർ നമ്മളോട് ആവശ്യപ്പെട്ടത് വീട്ടിൽ നിന്ന് പുറത്തേക്ക് ഇറങ്ങുവാൻ ആണ്.എന്നാൽ കോവിഡ്-19ന്റെ കാലത്ത് ഈ സർക്കാർ നമ്മളോട് ആവശ്യപ്പെടുന്നത് മാനവ രാശിയുടെ നിലനിൽപ്പിന് വേണ്ടി വീടിന്റെ അകത്തിരുന്ന് ചരിത്രത്തിന്റെ നിർമിതിയിൽ ഭാഗം ആകാൻ വേണ്ടി ആണ്. വിദ്യാഭ്യാസം ആത്യന്തികമായി നമുക്ക് നല്കുന്നത് അറിവ് മാത്രമല്ല,വിവേകം കൂടിയാണ്. വിവേകം ഏറ്റവും കൂടുതൽ പ്രസരിപ്പിക്കേണ്ട ഒരു വലിയ സമയത്താണ് നമ്മൾ ഈ ചലഞ്ചു ആയി മുന്നോട്ട് പോകുന്നത്.

വീട്ടിൽ ഇരിക്കുന്ന ഈ ദിവസങ്ങളിൽ ഞാൻ വീടും പരിസരവും വൃത്തിയാക്കി. പച്ചക്കറി വിത്തുകൾ നട്ടു.പുസ്തകങ്ങൾ വായിച്ചു.കാർഡ്ബോർഡ് ഉപയോഗിച്ച് പല പല സാധനങ്ങൾ ഉണ്ടാക്കി.ലോകം മുഴുവൻ പ്രതിസന്ധിയിൽ ആയിരിക്കുന്ന ഈ സമയത്ത് നമുക്ക് വേണ്ടിയും നമ്മുടെ രാജ്യത്തിന് വേണ്ടിയും വീട്ടിലിരുന്ന് ഞാൻ ലോക്ഡൗൺ നിയമങ്ങൾ പാലിക്കും.

**ശ്രീദേവ്. എസ്.**
7 എ ഗവ.യു.പി.സ്കൂൾ ചെങ്ങന്നൂർ,
ചെങ്ങന്നൂർ ഉപജില്ല, ആലപ്പുഴ

# ഞാനും അമ്മയും

ഒരു ദിവസം രാവിലെ ഞാൻ എഴുന്നേറ്റ് വീടിന്റെ ഉമ്മറത്ത് വന്നിരുന്നു. നല്ല തണുപ്പുള്ള ഒരു വെളുപ്പാൻകാലം, ചുറ്റും ഞാൻ കണ്ണോടിച്ചു എന്തോരു ഭംഗിയാ... പ്രകൃതി നിറയെ മരങ്ങളും, ചെടികളും, കുഞ്ഞി പക്ഷികളും. ഞാൻ അങ്ങനെ ആസ്വദിച്ചിരുന്ന സമയത്ത് അതാ വരുന്നു ഞങ്ങളുടെ മണിക്കുട്ടി, ഞങ്ങളുടെ മണിക്കുട്ടി ആരാണെന്നോ. .. അത് ഞങ്ങളുടെ കുഞ്ഞു പശുക്കുട്ടിയാണ്. അപ്പുപ്പൻ അവളെ പറമ്പിൽ പുല്ലു തീറ്റിക്കാൻ കൊണ്ടു പോകുകയാണ്. ഈ സമയം ഇളം വെയിൽ എന്റെ മുഖത്ത് സ്പർശിച്ചു കൊണ്ടിരുന്നു. എനിക്ക് ചുറ്റുമുള്ള കാഴ്ചകൾ ഒരു കൗതുകത്തോടെ ഞാൻ നോക്കി നിന്നു. സാധാരണ ഇങ്ങനെ ഒന്നിരിക്കാൻ പോലും സാധിക്കില്ലായിരുന്നു. ഇരുന്നാൽ തന്നെ ആസ്വദിക്കാൻ സാധിക്കില്ല.കാരണം സ്കൂളിൽ പോകണം. എളുപ്പം റെഡിയാവണം എന്നു പറഞ്ഞു അമ്മ ധൃതി കൂട്ടമായിരുന്നു. ഇപ്പോൾ സ്ക്കൂളില്ല. അതുകൊണ്ടു തന്നെ ഇതൊക്കെ ആസ്വദിക്കാൻ പറ്റുന്നു. കൂട്ടുകാരെയും ടീച്ചറെയും എന്നും ഓർക്കും ഇനി എന്നാ സ്ക്കൂളിൽ പോകാൻ പറ്റുക, കൂട്ടുകാരെ കാണാൻ സാധിക്കുക എന്ന് ആലോചിച്ചിരിക്കുന്ന സമയത്ത് അമ്മ കാപ്പിയുമായി വന്നു എന്റെ അടുത്തിരിന്നു '

എന്താ ജിത്തു മോനേ ഒരാലോചന ‘അമ്മ എന്നോട് ചോദിച്ചു അപ്പോൾ ഞാൻ പറഞ്ഞു അമ്മേ ദേ. .. നോക്കൂ ആകാശത്ത് എന്ത് രസമാണല്ലേ. .. വെള്ള പഞ്ഞി ക്കെട്ടുപോലുള്ള മേഘങ്ങൾ. ഞാൻ ഇന്നുവരെ ഇങ്ങനെ കണ്ടിട്ടേയില്ല. ..എന്തു ഭംഗി കാണാൻ അല്ലേ... അപ്പോൾ അമ്മ പറഞ്ഞു മോനേ. .. ശരിയാ ഇപ്പോൾ കൊ റോണ കാരണം ആളുകൾ വാഹനം ഉപയോഗിക്കുന്നില്ലല്ലോ കൂടാതെ അന്തരീ ക്ഷത്തിലേക്ക് പുക തുപ്പുകയും, ജലാശയങ്ങളിലേക്ക് മലിന ജലം ഒഴുക്കിവിടുക യും ചെയ്യുന്ന ഫാക്ടറികളും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. അതുകൊണ്ടാണ് ന മ്മുടെ പ്രകൃതിക്ക് ഇത്ര ഭംഗിയുണ്ടായത് എന്ന് അമ്മ പറഞ്ഞിട്ടു പോയി. ഞാൻ ചിന്തിച്ചു ശരിയാ എന്നുമില്ലാത്ത ഒരു ഭംഗിയാ ആകാശത്ത്. മേഘങ്ങൾ വെള്ള പഞ്ഞിക്കെട്ടു പോലെ. ..

ശരിക്കും കൊറോണ വൈറസ് കാരണമല്ലേ മനുഷ്യർ പ്രകൃതിയെ ഇപ്പോൾ നശി പ്പിക്കാതിരിക്കുന്നത്. അതുകൊണ്ട് സത്യത്തിൽ കൊറോണയേക്കാൾ പ്രശ്നക്കാർ പ്രകൃതിയെ നശിപ്പിക്കുന്ന നമ്മൾ മനുഷ്യർ തന്നെയല്ലേ എന്ന് ഞാൻ ചിന്തിച്ചു. ..

**അശ്വജിത്ത്. ജെ. നാഥ്**
2nd Std. ഗവൺമെന്റ് എസ്.ഡി.വി.ജെ.ബി.എസ്.ആലപ്പുഴ,
ആലപ്പുഴ ഉപജില്ല, ആലപ്പുഴ

# അങ്ങനെ ഒരു ലോക്ഡൗൺ കാലം

സ്കൂളിൽ കൂട്ടുകാർക്കൊപ്പം കളിച്ചു രസിച്ചു നടന്നിരുന്ന ദിവസങ്ങൾ. വെള്ളി യാഴ്ച്ച വീട്ടിൽ എത്തുമ്പോൾ തിങ്കളാഴ്ച്ച കൂട്ടുകാരെ കാണാം എന്ന പ്രതീക്ഷയാ ണ് മനസ്സിൽ, എന്നാൽ ആ പ്രതീക്ഷക്ക് അധികം ആയുസ്സ് ഉണ്ടായിരുന്നില്ല. ഞാ യറാഴ്ച്ച വൈകിട്ട് വാർത്താ ചാനൽ കണ്ടുകൊണ്ടിരുന്ന അച്ഛൻ വിളിച്ചു പറ ഞ്ഞു ‘നാളെ അവധിയാണെന്ന് ‘. കാരണം എന്തെന്ന് തിരക്കിയ എനിക്ക് ആദ്യ മൊന്നും വക്തമായി മനസ്സിലായില്ല. പിന്നീടാണ് മനസ്സിലായത് നമ്മുടെ നാടിനെ യും രാജ്യത്തെയും ലോകത്തെയും വിഴുങ്ങാനായി ഒരു മഹാവ്യാധി എത്തിയിരി ക്കുവെന്ന്. കൊറോണ എന്ന പഴയ പേരിൽ പരിഷ്കാരം വരുത്തി കോവിഡ് – 19 എന്ന് ആയിരിക്കുന്നു. വ്യക്തി ശുചിത്വവും സാമൂഹിക അകലവും മാസ്കിന്റെ ഉ പയോഗവും കൈകൾ സോപ്പ് ഉപയോഗിച്ച് കഴുകുകയുമല്ലാതെ ഇതിനെ പ്രതി രോധിക്കാൻ മറ്റ് വഴികൾ ഇല്ലായെന്ന് അച്ഛൻ പറഞ്ഞ് തന്നു. എല്ലാവരും വീടിനു ള്ളിൽ കഴിയുന്നതിനായാണ് ഈ അവധിയത്രേ. ഈ അവസ്ഥകൾ പെട്ടന്ന് മാറി സ്കൂളിലേക്ക് പോകാൻ സാധിക്കും എന്ന പ്രതീക്ഷയിലായിരുന്നു ഞാൻ. അങ്ങനെ

ഏകദേശം 2 ആഴ്ച്ചയോളം കാത്തിരുന്നു, അപ്പോളതാ മറ്റൊരു വാർത്ത 21 ദിവസ ത്തേക്ക് രാജ്യം പൂട്ടിയത്രേ. അതിനെ ലോക് ഡൗൺ എന്നാണ് പറയുന്നതെന്ന്. അങ്ങനെ കൂട്ടുകാരെ കാണാമെന്നും കളിക്കാമെന്നുമുള്ള പ്രതീക്ഷ നഷ്ടമായി. വീട്ടിൽ അനിയനും അമ്മയും അച്ഛനും മുത്തശ്ശിക്കുമൊപ്പം കളികളിൽ ഏർപ്പെടു കയല്ലാതെ വേറെ വഴിയില്ലാന്നു മനസ്സിലായി. ദിവസങ്ങൾ കടന്നു പോയി.... അ ച്ഛൻ കൃഷിയിലേക്ക് ചുവടു വെച്ചു, ആദ്യമായാണ്... എങ്കിലും ഞങ്ങളും ഒപ്പം കൂ ടി. ചക്ക, മാങ്ങാ, കപ്പളങ്ങ, ചീര, കോവക്ക, ചേന, ചേമ്പ്, മുരിങ്ങയില, ചക്കക്കു രു എന്നിവർ അടുക്കളയിലെ നിത്യ സന്ദർശകരായി മാറി. അമ്മയുടെ വക സ്പെ ഷ്യൽ ചക്കക്കുരു ഷേക്ക് അടിപൊളിയായിരുന്നു... എന്തൊരു സ്വാദ്. പല പല ലോക്ഡൗൺ വിഭവങ്ങൾ അമ്മ തയാറാക്കികൊണ്ടിരുന്നു. അമ്മയുടെ കൈപ്പു ണ്യം തിരിച്ചറിഞ്ഞ ദിവസങ്ങൾ ആയിരുന്നു ഇത്. അങ്ങനെ 21 ദിവസങ്ങൾ പി ന്നിടാറായപ്പോൾ പിന്നെയും ഒരു വാർത്ത... വീണ്ടും 19 ദിവസത്തേക്ക് ലോക്ഡൗൺ... എന്തുചെയ്യാൻ...? ഈ മഹാവ്യാധിയെ തുരത്താനായി നമുക്കും ഒപ്പം കൂടാമെന്നു ചിന്തിച്ച്, മനസ്സിനെ അതിനായി പാകപ്പെടുത്തി. സ്കൂൾ തുറ ക്കുമ്പോൾ കൂട്ടുകാരെ കാണാമല്ലോ.... ഈ ഭീകരനെ തുരത്തിയാലല്ലേ കളിക്കാൻ പറ്റൂ... അതുകൊണ്ട് തന്നെ വീട്ടിലിരുന്ന് നമ്മുടെ പിണറായി മാമനും ഷൈലജ ടീച്ചറും പറയുന്നതൊക്കെ അനുസരിക്കാൻ ഞാനും തീരുമാനിച്ചു....

**അഭിനവ് ഗിരീഷ്**
4 B ഗവ.യു.പി സ്കൂൾ വെള്ളൂത്തുരുത്തി,
കോട്ടയം ഈസ്റ്റ് ഉപജില്ല, കോട്ടയം

# എന്റെ അമ്മു

എന്റെ അനിയത്തിയാണ് അമ്മു. ഇപ്പോൾ എനിക്ക് അവളുടെ കൂടെ കളിക്കാനും കഥകൾ പറയാനും ഒക്കെ ഒരുപാടു സമയം കിട്ടുന്നുണ്ട്. ഞങ്ങൾ രണ്ടുപേരും വീട്ടിൽ തന്നെയാണ്. പുറത്തേക്കു പോകാനും പാർക്കിലും ബീച്ചിലും ഒക്കെ പോയി കളിക്കണമെന്ന് എല്ലാ കൂട്ടുകാരെയും പോലെ എനിക്കും അമ്മുവിനും ആഗ്രഹം ഉണ്ട്. പക്ഷെ അതിനുള്ള സമയം അല്ലല്ലോ ഇപ്പോൾ. ലോകത്ത് ഒരുപാ ട് ജനങ്ങൾ കണ്ണുകൊണ്ട് കാണാൻ പറ്റാത്ത കൊറോണ എന്ന വൈറസ്സിനെതി രെ പോരാടുകയാണല്ലോ. കൂട്ടുകാരെ നിങ്ങൾ ആലോചിച്ചു നോക്കിയിട്ടുണ്ടോ ,നമ്മുടെ കണ്ണുകൊണ്ടു പോലും കാണാൻ സാധിക്കുന്നില്ല. എങ്കിലും അവന്റെ ശ ക്തി എത്ര ഭയങ്കരം ആണ്. ചെറിയ കുട്ടികൾ മുതൽ പ്രായം ആയ വലിയ ആളു കൾ വരെ കൊലയാളി വൈറസിനെ ഭയക്കുകയാണ്. ഞാൻ എനിക്ക് അറിയാവുന്ന

രീതിയിൽ എന്താണ് കൊറോണ വൈറസ് എന്ന് പറയാം.ആ കൊലയാളി വൈറസിന്റെ പേര് കൊറോണ എന്നാണ്. കൊവിഡ് 19 എന്ന മറ്റൊരു പേരും അവനുണ്ട്. ചൈനയിൽ നിന്നാണ് അവന്റെ ഉത്ഭവം. ഇപ്പോൾ ലോകം മുഴുവൻ അവൻ പടർന്നു പിടിക്കുകയാണ്. ഒരുപാട് പേരുടെ ജീവിതവും ജീവനും നശിപ്പിക്കാൻ അവനു കഴിഞ്ഞു. നമ്മുടെ കൊച്ചു കേരളത്തിലും അവൻ അവന്റെ യാത്ര തുടരുകയാണ്. നമ്മുടെ അടുത്തും അവനുണ്ട്. എന്നാൽ നമ്മളെ ഒന്നടങ്കം നശിപ്പിക്കാൻ അവനു സാധിച്ചിട്ടില്ല. എന്നെപോലെയുള്ള കൊച്ചു കുട്ടികൾക്ക് ചെയ്യാൻ സാധിക്കുന്ന കാര്യം ഒന്നേ ഉള്ളൂ. പുറത്തുപോകണമെന്ന ചിന്തയൊക്കെ മാറ്റിവച്ച്, അച്ഛനെയും അമ്മയെയും സഹായിച്ചു വീട്ടിൽ തന്നെ കഴിയും എന്ന് ചിന്തിക്കണം, കൈയും കാലും കൂടെ കൂടെ കഴുകണം. നിങ്ങളും അങ്ങനെ തന്നെ ചെയ്യണേ കൂട്ടുകാരെ.കുറച്ചു നാൾ സർക്കാർ പറയുന്നത് പോലെ അനുസരിച്ചാൽ നമ്മുടെ നാട് വീണ്ടും പഴയത് പോലെ ആകും.എന്താ കൂട്ടുകാരെ നമ്മുടെ നാടിനെ പഴയതു പോലെ ആക്കണ്ടേ. .............

ഞാൻ എന്റെ അമ്മുവുമായി കളിക്കാൻ പോകുകയാണ് എല്ലാവരും വീട്ടിൽ തന്നെ ഇരിക്കണേ. ..

**ജോഷ്വാ**
2 ബി ഗവൺമെന്റ് യു പി സ്കൂൾ കുരീപ്പുഴ
കൊല്ലം ഉപജില്ല, കൊല്ലം

# Diary

30 April 2020
Thursday .
Oh, God! One more month is going to end. All humans are locked down. All other creatures in this world are enjoying freedom. Perhaps it may be nature's sweet revenge towards human beings. Our mother earth and all other creatures are breathing fresh air. But many of the humans are suffocating affected by Covid-19. All others are under the threat of it. As usual, when I opened today's morning daily, I could see the no. of affected people in the world as 32,18,183. no. of deaths 2,28,106. India reports 70 deaths, highest in a single day! Oh, Almighty! Who can save us from this threat? I don't know . The uncontrollable spread of covid-19 and death due to it prove that all the inventions of humans till this moment are meaningless. Oh, God! Help our scientists to invent a vaccine to

eradicate corona from earth. There is no other way before us. Yes, that song now echoes in my heart.

"We shall overcome,
We shall overcome.
We shall overcome some day
Oh, deep in my heart,
I do believe that
We shall overcome some day.
LET'S BE OPTIMISTIC,
PRAY FOR THE BEST.

**അഭിരാമി എസ് ബി**
8 ഗവ. എച്ച്.എസ്.എസ് ഇളമ്പ,
ആറ്റിങ്ങൽ ഉപജില്ല, തിരുവനന്തപുരം

## COVID 19,WHAT DID IT TEACH? WHAT DID WE LEARN?

The most contagious and dreadful disease COVID-19 usually called CORONA had shook the world into fear. About 1,00,000 people were dying all around the world due to corona virus outbreak. In India about 500 people had died till now. However studies had proved that corona virus is not so severe in person following healthy life style in their day to day life. Its interesting to say that each and every epidemic had taught mankind something useful. And here corona virus, in fact had taught the society about the importance of being hygiene and healthy.

Self hygiene and environmental cleanliness is an effective defence mechanism to overcome 90% of diseases. Through these, one can develop a sound immunity which can overcome the cases, which can cause diseases. This practice includes bathing, washing your hands, brushing your teeth and more. In day to day life people gets contact with millions of outside germs and viruses. They can linger in the body and sometimes causes diseases. Personal hygiene and environmental cleanliness can prevent them effectively. Also through these measures one can feel good about his appearance. Most of the diseases threating mankind are occurred by destroying the immunity system of the body. If a body have enough immunity to act against the pathogen, the body is said to be healthy.

Every organisms have their on system to act against disease causing agents. Even bacteria, so small that more than a million could fit on the head of a pin, have their own immune systems to defend against infections of viruses. However, human immune system is essential for our survival in a world full of potentially dangerous microbes and serious impairment of even one arm of this system can predispose to severe, even life threatening, infections. And it is our duty to maintain the immunity through a good diet. Immune boosting food should be included in our daily life to overcome immune deficiency. Looking to COVID-19 viral disease, major part of diseased were children below 11 and adults above 60 and other immune deficient people. Studies have proved that for people having efficient immunity, CORONA is just like a normal viral fever like INFLUENZA. This is a best evidence that clears the role of immune system in ones body.

Environmental cleanliness is a major part of being self hygienic. Nature is not nosocomial in nature. The unscientific human deeds had made it polluted. Natural cleanliness and hygiene should be practiced to maintain a sound immunity. Senior citizens says that nature gives back what he gets from us. From these frequent outbreak of calamities and epidemics we couldn't reject the thought that the inferior deeds of humans are the root cause of these disasters.

India have about 138 crore people living about 3.287million square kilometers and have a density of 420 people per square kilometers. Coming to Kerala, have about 3.48 crore people living about 38,863square kilometers and have a density of 860 people per square kilometers. If an epidemic like COVID-19 outbreak in our nation and starts to spread like happened on other countries, the frequency of the disaster will be severe and prevention will be a herculean task. But likely, our central and state government along with the complete support of society had done a rapid action against its spreading which is definitely appreciable. Along this, it is necessary to keep each individual himself healthy and should maintain a good immune system. Thus, we can conclude that a sound immunity power occurs only from a hygiene environment and can bring a better healthy life.

**AJAB MUHAMMED S**
+1 BIOLOGY SCIENCE ഗവൺമെൻറ്, എച്ച്.എസ്. തട്ടത്തുമല,
ആറ്റിങ്ങൽ ഉപജില്ല, തിരുവനന്തപുരം

# എന്റെ അനുഭവക്കുറിപ്പ്

ഈ ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്ന കൊറോണ വൈറസ് ജനങ്ങളെ ആകെ ദുഖത്തിലാഴ്ത്തിയിരിക്കുകയാണ്. ചൈനയിലെ വുഹാനിൽ നിന്നും പടർന്നു പിടിച്ച ഈ വൈറസ് ഇന്ന് നമ്മുടെ കൊച്ചു കേരളം വരെ എത്തിയിരിക്കുന്നു. ദിവസവും വാർത്താമാധ്യമങ്ങളിലൂടെ എന്തെല്ലാം വാർത്തകളാണ് നാം ഈ വൈറസിനെ പറ്റി അറിയുന്നത്. ഇതിന്റെ വ്യാപനത്തിലൂടെ ജനജീവിതമാകെ താറുമാറായി. പുറത്തിറങ്ങാൻ പോലും പറ്റാത്ത അവസ്ഥയാണ്. അവധിക്കാലം ആയിട്ടും കുട്ടികളായ ഞങ്ങൾക്ക് പുറത്തിറങ്ങി കളിക്കാൻ പോലും പറ്റുന്നില്ല. ഞാൻ അധികം സമയം ടീവി കാണും പിന്നെ പടം വരയ്ക്കും. ഇതൊക്കെയാണ് കൊറോണക്കാലത്തെ എന്റെ അനുഭവങ്ങൾ.

**ആദിത്യ കെ എസ്സ്**
3 ബി ഗവണ്മെന്റ് ഹൈസ്കൂൾ,കാച്ചാണി,
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം

# പരിസ്ഥിതി ശുചിത്വം നല്ലൊരുനാൾക്കായി

ഇന്ന് നമ്മുടെ ലോകം ഏറ്റവും വലിയ പ്രതിസന്ധിഘട്ടത്തിലേക്ക് പോവുകയാണ്..

ലോകം മുഴുവൻ ഭീതിയുടെ നിഴൽ പടർന്ന് കഴിഞ്ഞു....വമ്പൻ രാജ്യങ്ങളെയും,വലിയൊരു സമൂഹത്തെയും കണ്ണിൽ പോലും പെടാത്ത ഇത്തിരി കുഞ്ഞനായ ഒരു വൈറസ് കീഴടക്കിയിരിക്കുന്നു....പണത്തിനും പദവിക്കും വേണ്ടി നെട്ടോട്ടം ഓടിയ ഒരു സമൂഹത്തെ....സ്വന്തം നിലനിൽപ്പിനായി അയൽ രാജ്യത്തെ ആക്രമിച്ച രാഷ്ട്രങ്ങളെ എല്ലാം അവൻ കീഴടക്കി...ലോകത്തിലെ ഏറ്റവും ശക്തമായ രാഷ്ട്രസമൂഹം എന്ന് സ്വയം പറഞ്ഞിരുന്ന അമേരിക്ക പോലും അവന്റെ മുൻപിൽ മുട്ട്കുത്തി...ഇറ്റലിയുടെ രാഷ്ട്രത്തലവന് ഇനി ഒന്നും ചെയ്യാനില്ലാതെ വെറും കാഴ്ചക്കാരൻ ആകേണ്ടി വന്നു.... ഇത്രയും വലിയൊരു ദുരവസ്ഥ ഒരിക്കൽ പോലും ഉണ്ടായിട്ടില്ല....

നമ്മുടെ പ്രകൃതിക്ക് ഒരു സന്തുലിതാവസ്ഥയുണ്ട്....അതിൽ എന്ന് മനുഷ്യൻ കൈകടത്തിയോ അന്ന് മുതൽ പല രീതിയിൽ പ്രകൃതി തിരിച്ചടി കൊടുത്തിട്ടുണ്ട്.. മനുഷ്യരുടെ സുഖ സൗകര്യത്തിനായി നമ്മൾ ആക്രമിച്ചത് നമ്മുടെ പ്രകൃതിയെ തന്നെയാണ്....ഓരോ തിരിച്ചടി കിട്ടിയപ്പോഴും പഠിച്ചില്ല...വീണ്ടും വീണ്ടും ചെയ്തു....

സുനാമി വന്നു,പ്രളയം വന്നു,പലതവണ കൊടുംകാറ്റും,പ്രകൃതിക്ഷോഭങ്ങളും വന്നു,ആമസോൺ കാട് കത്തി നശിച്ചു....ഒന്നിൽ നിന്നും പഠിച്ചില്ല....ഇപ്പോൾ പ്രകൃതി പ്രതികരിക്കുന്നത് ഒരു രോഗത്തിന്റെ അവസ്ഥയിൽ....

നേരത്തെ പരാമർശിച്ചത് പോലെ പ്രകൃതിയുടെ സന്തുലിതാവസ്ഥ പ്രകൃതി വീണ്ടെടുക്കും....പല ദുരന്തങ്ങളിലും മനുഷ്യർ ഒഴികയുള്ള ഒരുപാട് ജീവജാലങ്ങൾ നശിച്ചു....അപ്പോൾ പ്രകൃതിക്ക് സന്തുലിതാവസ്ഥക്കായി മനുഷ്യരും നശിച്ചേ മതിയാകൂ...നിർഭാഗ്യവശാൽ അത് സംഭവിക്കുകയാണ്.....ഈ രോഗം പൊട്ടി പുറപ്പെട്ടത് ഒരു സ്ഥലത്തു വെച്ചാണ് എന്ന് നമുക്ക് പറയാം...പക്ഷെ അതിന്റെ കാരണം കൂടെ നമ്മൾ ചിന്തിക്കണം....അത് ഒരു സ്ഥലത്ത് എന്ന് പറഞ്ഞാൽ ശരിയാകില്ല..

നമ്മൾ ഇന്ന് ഏറ്റവും അധികം ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ് പരിസ്ഥിതി ശുചിത്വം. മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങളുടെയും നിലനിൽപ്പിന് പരിസ്ഥിതി ശുചിത്വം അത്യാവശ്യമായ ഒരു കാര്യമാണ്. വായു ജലം മണ്ണ് ഇവയെല്ലാം ഇപ്പോൾ വൻതോതിൽ മലിനീകരിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമായി അതിഭീകരമായ നാശത്തിലേക്കാണ് നാം പൊയ്ക്കൊണ്ടിരിക്കുന്നത്. പ്രകൃതിദുരന്തങ്ങളും മഹാ വ്യാധികളും എല്ലാം ഇതിന്റെ അനന്തരഫലങ്ങൾ ആണ്. ഉപയോഗിച്ചശേഷം നാം വലിച്ചെറിയുന്ന പ്ലാസ്റ്റിക് പലവിധത്തിലുള്ള പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. അതുകൂടാതെ പലരും പ്ലാസ്റ്റിക്കുകൾ കൂട്ടിയിട്ട് കത്തിക്കുന്നതും കാണാം. ഇത് കത്തിക്കുന്നത് മൂലം ക്യാൻസർ പോലുള്ള രോഗങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. ഇപ്പോൾ നമ്മൾ നേരിടുന്നപ്രധാന പ്രശ്നങ്ങളിൽ ഒന്ന്, പച്ചക്കറികൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളിലെ രാസകീടനാശിനി പ്രയോഗങ്ങളാണ്. ഇതിൽ നിന്നും രക്ഷ നേടുന്നതിന് വേണ്ടിനമുക്ക് ആവശ്യമുള്ള പച്ചക്കറികളും മറ്റും നമ്മൾ തന്നെ കൃഷിചെയ്തുണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്. അതിനുവേണ്ടി ഈരാസകീടനാശിനി പ്രയോഗം അല്ലാതെഅടുക്കളയിൽ നിന്നും ഉപയോഗശേഷം വരുന്ന അവശിഷ്ടങ്ങൾ ഉപയോഗിച്ച് ജൈവവളങ്ങൾ ഉണ്ടാക്കി അത് ഉപയോഗിക്കാവുന്നതാണ്. അതൊരിക്കലും നമ്മുടെ പരിസ്ഥിതിയെമലിനമാക്കുക ഇല്ല. കൂടാതെ നാം ശ്രദ്ധിക്കേണ്ട ഒരു കാര്യം നമ്മുടെ പരിസരങ്ങളിൽ മലിനജലം കെട്ടിക്കിടന്ന് കൊതുകുകൾ പെരുകുകയും ഇതു കാരണം കൊതുക് കടിയേറ്റു പലരോഗങ്ങളും ഉണ്ടാകുന്നുണ്ട്. നമ്മൾ കുട്ടികൾ തന്നെ മുൻകൈയെടുത്ത് ഇതൊക്കെ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ പരിസരത്തും മറ്റും കിടക്കുന്ന ചിരട്ടകളിലും,പ്ലാസ്റ്റിക് കളിലും കെട്ടിക്കിടക്കുന്ന വെള്ളം ഒഴിവാക്കാം. പിന്നെ നാം ശ്രദ്ധിക്കേണ്ട ഒരു കാര്യം, പൊതുസ്ഥലങ്ങളിൽ

തുപ്പുന്നത് പോലെയുള്ള പ്രവൃത്തികൾ ഒഴിവാക്കാം.ഇത്തരം സമ്പർക്കത്തിലൂടെ പല പകർച്ചവ്യാധികളും ഉണ്ടാകും.

ലോകവ്യാപകമായി കണക്കെടുത്താൽ ആഗോള താപനം ആണ് പ്രധാന വില്ലൻ,എങ്കിലും നമ്മുടെ കേരളത്തിന്റെ നിലവിലെ അവസ്ഥയിൽ വിവിധ ഇനം ഖനനങ്ങൾ ആണ് പ്രധാന പ്രശ്നം ആയി നില നിൽക്കുന്നത്. പക്ഷെ അതിൽ നമുക്കു പ്രത്യക്ഷം ആയി ഒന്നും ചെയ്യാൻ ഇല്ല... എന്തെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ അത് നമ്മുടെ സർക്കാർ നേതൃത്വം കൊടുത്തു ചെയ്യേണ്ടവയാണ്... അതും ദീർഘകാല അടിസ്ഥാനത്തിൽ മാത്രം കഴിയുന്നവ ആണ് മിക്കതും...അതുകൊണ്ട് നമ്മൾ ദൈനം ദിന പ്രവൃത്തികളിൽ കൂടുതൽ ശ്രദ്ധിക്കാവുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു;

കരയിൽ കിടന്നാൽ മണ്ണിനെ, കടലിൽ കിടന്നാൽ വെള്ളത്തെ, കത്തിച്ചു കളഞ്ഞാൽ വായുവിനെ ഇങ്ങനെ സർവ പരിസ്ഥിതിക്കും ഒരുപോലെ വെല്ലുവിളിയായ ഭൂമിയുടെ പ്രധാന ശത്രു ആയ പ്ലാസ്റ്റിക് വർജനം തന്നെയാണ് വളരെ അത്യാവശ്യം ആയ കാര്യം. എന്നാൽ പ്ലാസ്റ്റിക് ഒഴിവാക്കുക എന്നത് നടപടി ആണോ...

ആണോ എന്ന് ഒറ്റ ചോദ്യം ചോദിച്ചാൽ ഉത്തരം അല്ല എന്ന് തന്നെയാവും. ഇപ്പോൾ നമ്മൾ കുത്തിക്കൊണ്ടിരിക്കുന്ന ഈ മൊബൈൽ ഫോണിന്റെ പാർട്സ് തൊട്ടു ഇട്ടിരിക്കുന്ന വാച്ച്, ചെരിപ്പ്, വസ്ത്രത്തിൽ ഉള്ള ബട്ടൻസ്, എന്നിങ്ങനെ നമ്മുടെ ദൈനംദിന ജീവിതത്തിൽ അവിഭാജ്യഘടകങ്ങൾ ആയവയും ആണ്. ഇതെങ്ങനെ നമുക്കു ഒഴിവാക്കാനാവും!?

പക്ഷെ നമുക്കു ഇത് ഒരു പരിധി വരെ ഉപയോഗം കുറയ്ക്കാൻ കഴിയും എന്നത് മാത്രം ഓർക്കുക... നമ്മളിൽ മിക്കവാറും പേരും കടയിൽ ഒരു സാധനം വാങ്ങിയാൽ കവർ ചോദിച്ചു വാങ്ങുന്ന കൂട്ടത്തിൽ ആണ്.. ഈ പ്ലാസ്റ്റിക് കവർ മാത്രം ഭൂമിയിൽ ഉണ്ടാക്കുന്ന മലിനീകരണം എത്രയാണ്?. അതുകൊണ്ട് പരമാവധി സാധനങ്ങൾ വാങ്ങേണ്ട അവസ്ഥയിൽ ഒരിക്കൽ ഉപയോഗിച്ച കവർ വീണ്ടും കൈയ്യിൽ കരുതുക, കൈയ്യിൽ ബാഗ് ഉണ്ടെങ്കിൽ അതിൽ കൊണ്ടു പോകുക എന്ന ചെറിയ കാര്യങ്ങൾ കൊണ്ട് തന്നെ വലിയ തരത്തിൽ പ്ലാസ്റ്റിക് വീട്ടിലും പരിസരത്തും കുന്നു കൂടുന്നത് ഒഴിവാക്കാം.

പ്ലാസ്റ്റിക് മിനറൽ വാട്ടർ ബോട്ടിലുകൾ ആണ് മറ്റൊരു അബദ്ധം... ഇത്തരത്തിൽ ഉള്ള ബോട്ടിലുകൾ പരമാവധി ഉപയോഗം കഴിഞ്ഞാൽ ഏതെങ്കിലും ചവറു കൊട്ടയിൽ തന്നെ നിക്ഷേപിക്കുക, കഴിയുമെങ്കിൽ കുടി വെള്ളം കൂടുതൽ വേണ്ട കാലാവസ്ഥയിൽ വെള്ളം കൂടെ കരുതുക.

ഫ്ലെക്സിനൊക്കെ പരമാവധി തുണി ഉപയോഗിക്കുക. അതിനു കഴിയില്ലെങ്കിൽ ഉപയോഗിച്ച ഫ്ളക്സ് ആവശ്യം കഴിഞ്ഞാൽ കൃത്യമായി എടുത്തു വീട്ടിലോ മറ്റോ മറ്റെന്തെങ്കിലും ഉപയോഗത്തിന് എടുക്കുക... വഴിയിൽ ഇട്ടു പോകരുത്..

നമ്മൾ ചെയ്യുന്ന ഇത്തരം കൊച്ചു കാര്യങ്ങൾ കൊണ്ടാണ് പ്ളാസ്റ്റിക് ഉൽപന്നങ്ങൾ കൂടി വന്നു സമുദ്രത്തിൽ ഒരു പ്ലാസ്റ്റിക് മല തന്നെ ഉയർന്നു കൊണ്ടിരിക്കുന്നത്. .. ഇതൊക്കെ അറിയാതെ വയറിൽ ആക്കുന്ന കൊണ്ട് ഒരുപാട് ജല ജീവികളും, മൃഗങ്ങളും ചത്തു പോകുന്നുണ്ട് എന്ന് ഓർക്കുക.

ആഗോള താപനം കൊണ്ടാണ് ആവർത്തിച്ചു ലോകത്തെമ്പാടും മാറി മാറി വരുന്ന ന്യൂനമർദം അടക്കം ഉള്ള ഒരുപാട് പ്രകൃതി ദുരന്തങ്ങൾ ഉണ്ടാവുന്നത് എന്നു നമുക്കറിയാം... ഇതിന്റെ കാരണവും അറിയാം.

കാട് നികത്തി നാട് പണിയേണ്ട നിർബന്ധിത അവസ്ഥയാണ് നമുക്കുള്ളത് എന്നത് കൊണ്ട് മരം വെട്ടരുത് എന്നൊക്കെ പറയുന്നതിൽ ഒരു യുക്തിയും ഇല്ല. എന്നു കരുതി മരം ഇല്ലാതാവുന്നത് കണ്ടില്ലെന്ന് വക്കാനും ആവില്ല... അപ്പോൾ എന്ത്!?.

വേറൊന്നും അല്ല. നമുക്കു ഉപയോഗിക്കേണ്ട ഭാഗത്ത് ഒരു മരം മുറിക്കുമ്പോ മറ്റൊരു ഭാഗത്ത് 2 തൈ നടാൻ ഓർത്താൽ മതി...

പിന്നെ വീട്ടിൽ തന്നെ കൊച്ചു ഗാർഡൻ, പച്ചക്കറി കൃഷി മറ്റു ഫലതൈകൾ വക്കുക...

ഇത്തരത്തിൽ ചെടികൾ വച്ചു ദൈനം ദിനം പരിപോഷിപ്പിക്കാൻ അല്പം സമയം കണ്ടെത്തുന്നത് നമ്മുടെ മാനസിക ആരോഗ്യത്തിനു വരെ നല്ലത് ആണെന്ന് അറിയുക. മാത്രമല്ല.. ഇത്തരത്തിൽ ചെടികൾ വീടിനോട് ചേർന്നു വരുന്നതു കൊണ്ട് ആവശ്യത്തിനു ശുദ്ധ വായു കിട്ടുകയും ചെയ്യും...

വീട്ടിൽ കൊച്ചു കൃഷികൾ നടത്തുന്നതുകൊണ്ട് മറ്റൊരു വലിയ ഗുണം... വീട്ടിലെ ജൈവ വേസ്റ്റ് കൊണ്ട് കമ്പോസ്റ്റ് വളം ഉണ്ടാക്കി ഒരേ സമയം വേസ്റ്റ് നിർമാർജനവും, കാർഷിക വള നിർമാണവും നടക്കും. വീട്ടിൽ കൃഷി കൂടുംതോറും പുറത്തു നിന്നു വാങ്ങേണ്ട അവസ്ഥ കുറയും... അത് കൊണ്ട് തന്നെ കുത്തകകൾ വ്യാപകമായി ഉണ്ടാക്കുന്ന രാസവള പച്ചക്കറികളുടെ ആവശ്യകത കുറയും... പരിസ്ഥിതിയിൽ രാസ വളം, കീടനാശിനി ഒക്കെ ഉണ്ടാക്കുന്ന വലിയ അപകടങ്ങൾ കുറയും...

മഴക്കാലം കഴിഞ്ഞാൽ അടുത്ത മാസം തൊട്ട് വരൾച്ച എന്ന കാലവസ്ഥയിലേക്ക് എത്തിയിട്ടുണ്ട് കഴിഞ്ഞ 2,3 വർഷങ്ങൾ കൊണ്ട് നമ്മുടെ നാട്. എന്തു കൊണ്ടൊക്കെ ഇങ്ങനെ എന്നു ചിന്തിച്ചിട്ടുണ്ടോ?.

വേറൊന്നും അല്ല... മഴയെ ഒന്നു മിനിമം നിലം തൊടാൻ എങ്കിലും സമ്മതിച്ചാൽ അല്ലെ അത് മണ്ണിൽ ഇറങ്ങുകയുള്ളു. തിങ്ങി നിറഞ്ഞു നിൽക്കുന്ന വീടുകളിൽ നിന്ന് കുത്തിയൊലിച്ചു വരുന്ന വെള്ളം മുറ്റത്തെ വിരിച്ച ടൈൽസിലൂടെ നേരെ റോഡ് കളിലേക്ക് ഒഴുകുന്നു. അതു നേരെ തോട് അവിടന്ന് മണൽ ഇല്ലാത്ത ന മ്മുടെ പുഴകൾ... മണലില്ലാത്ത പുഴ സത്യത്തിൽ ഒരു വെള്ളത്തിന്റെ പൈപ്പ് പോ ലെയാണ് വെള്ളത്തെ ശേഖരിക്കാൻ ഒന്നും ഇല്ലാത്തതുകൊണ്ട് കുത്തിയൊഴുകി നേരെ കടലിലോട്ട് ഒരു പോക്ക്.... ഇവിടെ ജലക്ഷാമം ഒന്നും വന്നാൽ പോര. പു ഴയുടെ ഇപ്പോളത്തെ അവസ്ഥ നമുക്കു അറിയുന്നതു കൊണ്ട് പെയ്യുന്ന മഴ പര മാവധി നമ്മുടെ പറമ്പിൽ തന്നെ ഇറങ്ങാൻ മണ്ണിന്റെ സ്വഭാവികതയുടെ മേൽ ടൈൽസ് ഒട്ടിക്കാതെ വയ്ക്കുക... ടെറസിൽ ഇൽ നിന്ന് വരുന്ന വെള്ളം നേരെ കി ണറിൽ പോകും വിധം സെറ്റ് ചെയ്യുക എന്നിവ ഇനിയുള്ള കാലത്ത് വളരെ അ ത്യാവശ്യം ആണ്.

ഇത്രയും ഓർത്താൽ മതി... 10 വർഷം മുന്നേ ഒക്കെ കാശു കൊടുത്തു കുടിവെ ള്ളം വാങ്ങുക എന്നു നമുക്കു ചിന്തിക്കേണ്ടി വന്നിട്ടില്ല. ഇന്ന് പുറത്തിറങ്ങിയാൽ വെള്ളം വാങ്ങേണ്ട ഗതികേട് ഉണ്ട്.

ഒരു പ്രധാന കാര്യം... നമ്മുടെ കേരളം വ്യത്യസ്ത ഭൂപ്രകൃതി ഉള്ള നാടാണ്.അ തുകൊണ്ട് എല്ലാ നാട്ടിലും ഒരേ കെട്ടിട നിർമ്മാണം യുക്തി അല്ല.

ഈയിടെ വെള്ളപ്പൊക്കത്തിൽ വൈറൽ ആയിരുന്ന ഒരു പോസ്റ്റ് ഉണ്ടായിരിക്കു ന്നു വെള്ളം പൊങ്ങിയിട്ടും ഉയർത്തി പണിഞ്ഞത് കൊണ്ട് വെള്ളത്തിൽ മുങ്ങാ തെ നിന്ന ആലപ്പുഴയിലെ കെട്ടിടങ്ങൾ... നമ്മുടെ സർക്കാരിന്റെ പദ്ധതിയിൽ കഴി ഞ്ഞ വെള്ളപ്പൊക്കത്തിൽ വീട് നഷ്ടപെട്ടവർക്ക് വേണ്ടി ഉണ്ടാക്കിയ വീടുകൾ ആ ണവ... എന്തു കൊണ്ടാണ് അവർ സുരക്ഷിതർ ആയത്?

അവിടെത്തെ കാലവസ്ഥയ്ക്കും ഭൂപ്രകൃതിക്കും യുക്തമായ ഭവന നിർമാണ പ ദ്ധതി നടപ്പിൽ ആയത് കൊണ്ട് തന്നെ... ഹഹ നമുക്കു പക്ഷെ ഇത് പഠിക്കാൻ ക ഴിഞ്ഞ പ്രളയത്തിൽ 500 പേരോളം മരിക്കേണ്ടി വന്നു എന്ന് മാത്രം.

ഇവിടെയാണ് ഗാഡ്ഗിലിന്റെ പല പദ്ധതികളുടെയും പ്രസക്തി. അദ്ദേഹം റിപ്പോർ ട്ടിൽ 2011 -ൽ പറഞ്ഞതാണ് ഭൂപ്രകൃതിക്ക് അനുയോജ്യമല്ലാത്ത നമ്മുടെ ഭവന നിർമാണം അപകടം ക്ഷണിക്കും എന്ന്.

അതു കൊണ്ട് സ്വന്തം നാടിനു യുക്തമായ രീതിയിൽ തന്നെ വീട് വച്ചാൽ നമു ക്കൊക്കെ കൊള്ളാം.

ഈരീതിയിൽ പരിസ്ഥിതിമലിനീകരണംനിയന്ത്രിച്ച് ലോകനന്മയ്ക്കായി നമുക്ക് ഓരോരുത്തർക്കും കൈകോർക്കാം.

**ഹാറൂൺ എം റഫീക്ക്**
XI Science ഗവൺമെൻറ്, എച്ച്.എസ്. തട്ടത്തുമല,
ആറ്റിങ്ങൽ ഉപജില്ല, തിരുവനന്തപുരം

# പരിസ്ഥിതി സംരക്ഷണം – ഈ കാലഘട്ടത്തിന്റെ ആവശ്യകത

മലരണിക്കാടുകൾ തിങ്ങിവിങ്ങി
മരതക കാന്തിയിൽ മുങ്ങിമുങ്ങി
കരളും മിഴിയും കവർന്നു മിന്നി
കറയൊറ്റരാലസൽ ഗ്രാമ ഭംഗി

മലയാളത്തിലെ ഓർഫ്യൂസ് എന്ന വിശേഷണ പദത്തിലൂടെ നമ്മുടെ മനസ്സിൽ ഇടം നേടിയ പ്രശസ്ത കവി ചങ്ങമ്പുഴയുടെ ഈ വരികൾ നമുക്ക് ഒരിക്കലും മറക്കാൻ സാധിക്കില്ല. നമ്മുടെ പരിസ്ഥിതിയുടെ ഭംഗിയെ വിശേഷിപ്പിക്കുന്ന വരികളാണ് ഇവ. എന്നാൽ ഇന്ന് ഇവ ഒരു കവി യുടെ ഭാവന മാത്രമായി.

അത്യാഗ്രഹിയായ മനുഷ്യന്റെ ചിന്തകൾ പരിസ്ഥിതിയുടെ നാശത്തിന് തുടക്കം കുറിച്ചു. വനനശീകരണം , ജലമലിനീകരണം, കുന്നിടിക്കൽ, മണൽ വാരൽ അങ്ങനെ അളക്കാനാകാത്ത ക്രൂരതകൾ കൊണ്ട് മനുഷ്യൻ തന്റെ ആഗ്രഹങ്ങൾ നിറവേറ്റി. എന്നാൽ മനുഷ്യന്റെ ക്രൂരതകളുടെ ഫലം അനുഭവിക്കുന്നത് നമുക്കൊപ്പം മറ്റു ജീവജാലങ്ങൾ കൂടിയാണ്. ഒരു തെറ്റുപോലും ചെയ്യാതെ അവർ ദാരുണമായി മരിക്കുന്നു. ഡോഡോ, സ്റ്റാർഫിഷ് അങ്ങനെ ഒരുപാട് ജീവജാലങ്ങൾ നമ്മുടെ അത്യാഗ്രഹത്തിനിടയിൽ ഇന്ന് നഷ്ടപ്പെട്ടിരിക്കുന്നു. ഇന്ന് കാലം ജലത്തെ, സൂര്യനെ, സസ്യങ്ങളെ, മൃഗങ്ങളെ എന്തിന് ഭക്ഷണത്തെ വരെ ഭയപ്പെടുന്നു. കാരണം ഭൂമിയിൽ ഇന്ന് എവിടെയും കീടനാശിനികളും വൈറസുകളും മാത്രമാണ്.

മനുഷ്യന്റെ ക്രൂരതയ്ക്ക് അടിയറവുപറയേണ്ടിവന്ന പുഴയാണ് ചാലിയാർ. പണ്ട് ചാലിയാറിൽ മനുഷ്യൻ അഭിമാനിച്ചു. അവരുടെ ജീവിതത്തിലെ ഒരു ആശ്രയം തന്നെയായിരുന്നു ചാലിയാർ. എന്നാൽ ഇന്ന് ചാലിയാറിൽ കാണുന്നത് മാലിന്യങ്ങളുടെ കൂമ്പാരമാണ്. ഇപ്പോൾ ചാലിയാറിനെ ആശ്രയിച്ചവർ ക്യാൻസർ പോലുള്ള മാരക രോഗങ്ങൾക്ക് അടിമപ്പെട്ടിരിക്കുന്നു. ചാലിയാർ ഇതിലൊന്നുമാത്രമാണ്. പാപനാശിനി എന്ന് അറിയപ്പെടുന്ന ഗംഗാനദിയുടെ അവസ്ഥയും ഇതാണ്. പട്ടണത്തിലെ മാലിന്യങ്ങൾ കൊണ്ട് ഇന്ന് മലിനീകരിക്കപ്പെടുകയാണ് ഗംഗാ നദി. പുണ്യ നദി എന്ന് നാം വിശേഷിപ്പിക്കുന്ന ഗംഗ ഇന്നിപ്പോൾ രോഗാണുക്കളും രാസവസ്തുക്കളും ഏറ്റവും അധികമുള്ള നദിയായി മാറിയിരിക്കുന്നു.

കുഞ്ഞുങ്ങളെ മുതൽ വൃദ്ധരെവരെ വികലാംഗരാക്കാനും കൊല്ലാനും ഇടയാക്കിയ കാസർഗോഡിലെ എൻഡോസൾഫാൻ കീടനാശിനിയും മനുഷ്യന്റെ അത്യാഗ്രഹങ്ങളിലൊന്നാണ്. വായുവിലൂടെയും ജലത്തിലൂടെയും പടർന്ന് ജീവജാലങ്ങളുടെ ജീവനു തന്നെ ഹാനിയുണ്ടാക്കുകയാണ് ഈ കീടനാശിനി. 2006 ലെ ഭോപാൽ ദുരന്തത്തിനും കാരണം എൻഡോസൾഫാൻ കീടനാശിനി തന്നെ. ദില്ലിയിൽ

വായു മലിനീകരണം കാരണം ശുദ്ധവായു വിലക്കുവാങ്ങേണ്ടിവന്ന അവസ്ഥയുണ്ടായിരിക്കുന്നു എന്ന വാർത്ത ഈയിടെ പ്രതത്തിൽ വായിച്ചിരുന്നത് നമ്മൾ എല്ലാവരും ഓർക്കുന്നുണ്ടാകുമല്ലോ. ഇതിന്റെ പ്രധാനകാരണം ഫാക്ടറികളിൽ നിന്നും വാഹനങ്ങളിൽ നിന്നുമുള്ള പുകകൊണ്ടാണ് എന്ന കാര്യം നമ്മൾ ഒരിക്കലുംവിസ്മരിച്ചു കൂടാ.

ഇതിനെല്ലാം പുറമെ നാം രണ്ടുവർഷമായി കണ്ടറിഞ്ഞ ഒരു മഹാവിപത്താണ് പ്രളയം. കൺമുൻപിൽ മനുഷ്യൻ മരിക്കുന്നതും അവരുടെ വേദനകളും സങ്കടങ്ങളും കഷ്ടപ്പാടുകളുമെല്ലാം നാം കാണുകയും മനസ്സിലാക്കുകയും ചെയ്തു. ഈ കൊടുംക്രൂരതക്കു കാരണം മനുഷ്യൻ തന്നെ, പക്ഷെ നാം ഒരിക്കലും മനസ്സിലാക്കുന്നില്ല. എന്നു മുതൽ പരിസ്ഥിതി നശീകരണം തുടങ്ങിയോ അന്നുമുതൽ നൂറ്റാണ്ടുകളായി മനുഷ്യൻ കാണാത്ത ഈ പ്രതിസന്ധികൾ ഉടലെടുത്തിരുന്നു.

ഇന്നു നാം കോവിഡ് പ്രതിസന്ധിയിൽ പെട്ടിരിക്കുന്നു. ആരോഗ്യ പ്രതിരോധവും, ശുചിത്വവു മാണ് ഇവയെ തകർക്കാനുള്ള നമ്മുടെ ആയുധം. എന്നാൽ ആരോഗ്യപ്രതിരോധത്തിനായാലും ശുചിത്വത്തിനായാലും നാം ആശ്രയിച്ചിരിക്കുന്നത് പരിസ്ഥിതിയിലെ വിഭവങ്ങളെയാണ്. അതിനാൽ വിഷമുക്തമായതും ആരോഗ്യപ്രദമായതുമായ ഒരു പരിസ്ഥിതിയെ ആദ്യം നമുക്ക് വളർത്തിയെടുക്കാം. പ്രളയം, ഓഖി, നിപ്പ, കൊറോണ അങ്ങനെ ഓരോ പ്രതിസന്ധിഘട്ടങ്ങളിൽ മാത്രമാണ് നാം പരിസ്ഥിതിയുടെ മഹത്വത്തെക്കുറിച്ച് ഓർക്കുന്നതും മനസ്സിലാക്കുന്നതും. എന്നാൽ ആ പരിസ്ഥിതിയെ സംരക്ഷിക്കണം എന്ന സത്യം നാം മനസ്സിലാക്കുന്നില്ല.പരിസ്ഥിതി എന്നാൽ എന്താണ് എന്നുചോദിക്കുന്ന ഒരു തലമുറയെയല്ല നാം വാർത്തെടുക്കേണ്ടത്. പകരം പരിസ്ഥിതിയില്ലെങ്കിൽ നാം ഇല്ല എന്ന ആശയം മനസ്സിലാക്കുന്ന ഒരു തലമുറയെയാണ് നാം വാർത്തെടുക്കേണ്ടത്. ഇന്നു നാം പരിസ്ഥിതിയെ സംരക്ഷിച്ചാൽ നാം രക്ഷിക്കുന്നത് നിരവധിതലമുറകളുടെ സ്വപ്നങ്ങളെയാണ്.

നമ്മൾ കേട്ടിട്ടുണ്ടാകും ഒരുകാലത്ത് മനുഷ്യനും പ്രകൃതിയും സുഹൃത്തുക്കളായിരുന്നു. അതിനാൽ പരിസ്ഥിതി സംരക്ഷണത്തെ നാം ഒരു കടമയായി കണക്കാക്കരുത്. ഒരു കൂട്ടുകാരനോടുള്ള സ്നേഹമായിട്ടാണ് അതിനെ കാണേണ്ടത്. കൊറോണകാലം ഒരു ആശങ്കനിറഞ്ഞഘട്ടമെന്നു ചിന്തിക്കാതെ നൂറ്റാണ്ടുകൾക്കുമുൻപേ ഉണ്ടായിരുന്നമനുഷ്യനും പ്രകൃതിയും തമ്മിലുള്ള സൗഹൃദം വീണ്ടെടുക്കാനുള്ള ഒരു അവസരമായി കാണുക. സ്വാതന്ത്ര്യത്തിന്റെ ഒരു ലോകം നമുക്കുണ്ടാക്കാം, നമ്മുടെ കൂട്ടുകാരനുവേണ്ടി.

**ദുർഗ്ഗ എസ്. മേനോൻ**
7സി ഗവൺമെൻറ്, ഗേൾസ് എച്ച്.എസ്. എസ് ,കോട്ടൺഹിൽ,
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം

# CLEANLINESS

A clean environment is very necessary to live a peaceful and a healthy lie. But our environment is getting dirty day by day because of some negligence of human beings. it is an issue which everyone must know about especially our kids. Clean environment has been a question of importance and has grabbed a lot of attention laterly. People are now gaining insight becoming aware about the importance of a clean environment as it is important for a healthy life and a safe future. Maintaining the cleanliness is not the responsibility of one person alone but is a collective responsibility. It is good for our health. Therefore it is of great importance to keep our surrounding clean.People throw litter here and there on the roads, in the society compouds, we see litter. So we must inculcate the habit of using dustbins and clean the litter as much as we can. Cleanliness projects and campaigns such as "Siva Narmada Agitation", "Swach Bharat Abhiyaan" and "Go Green" have been undertaken by the government. The reason these campaigns had to start were the amount of pollution which was increasing day by day due to the excessive use o technology and science. Therefore more and more industrialization and urbanisation has been accountable for our environment. Keeping the environment clean is something which cannot be ignored. The health of human and flora and fauna depends on the cleanliness of environment. Dirty environment serves as an abode for lots of diseases. Cleanliness portrays your images like a mirror. So if you like to keep your surroundings clean it depicts your image and viceversa .As humans we must take steps as little as they may be to help our environment. We must plant trees and we must be ecofriendly and also encourage others as well.Use stairs instead of elevators .Use bicycles instead of cars. Save water and plant more trees and recycle plastic materials are the few measures that we must take. By implementing these ideas we can reduce the ill effects of pollution and begin living a peaceful life. In the words of George Bernard Shaw "Better keep yourself clean and bright .you are the window through which you must see the world". So ask yourself how you wish to see this world for yourself and the future generation.

**പവിത്ര അജിത് എ എസ്**
9 G ഗവൺമെൻറ്, ഗേൾസ് വി.എച്ച്.എസ്.എസ് മണക്കാട്,
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം

# ഒന്നിച്ചു നേരിടാം

ഇപ്പോൾ ഈ ലോകം മുഴുവൻ പടർന്നു പിടിക്കുന്ന ഒരു വലിയ വിപത്താണ് കൊറോണ വൈറസ്സ്. കൊറോണ വൈറസ്സ്മൂലം ഉണ്ടാകുന്ന രോഗത്തിനെ ഇഛഢഗകഉ 19 (Corona Virus Disease 2019) എന്നറിയപ്പെടുന്നു. ഡിസംബർ ആദ്യ വാരം ചൈനയിലാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്.

കൊറോണ - ശ്വാസകോശത്തെ ആണ് ആദ്യം ബാധിക്കുന്നത്. പിന്നീട് ആന്തരികാവയവങ്ങളുടെ പ്രവർത്തനം തകരാറിൽ ആക്കുന്നു. മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക് രോഗം പടരുന്നു. വുഹാൻ കൊറോണ, ചൈനീസ് ന്യുമോണിയ, വുഹാൻ ന്യുമോണിയ, 2020 നോവൽ കൊറോണ എന്നീ പേരുകളിലും രോഗം അറിയപ്പെടുന്നു. ചുമയ്ക്കുമ്പോഴും, തുമ്മുമ്പോഴും ശരീര ദ്രവങ്ങളുമായി സമ്പർക്കം ഉണ്ടാകുമ്പോൾ, പകരുന്ന ഈ രോഗം ചിലപ്പോൾ ന്യൂമോണിയയിലേക്ക് നയിക്കാനും മരണം സംഭവിക്കാനും സാധ്യതയുണ്ട്.

കൊറോണ എന്ന രോഗത്തെ മറികടക്കാൻ പൊതു നിർദേശങ്ങൾ എടുക്കുക. ജനങ്ങൾ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും പാലിക്കുക. തുമ്മുമ്പോഴും, ചുമയ്ക്കുമ്പോഴും തൂവാല ഉപയോഗിക്കുക. കൈകൾ ഇടയ്ക്കിടെ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുക. പുറത്തിറങ്ങുമ്പോൾ മാസ്ക് ധരിക്കുക. പനി, ചുമ തൊണ്ടവേദനയാണ് പ്രധാന ലക്ഷണങ്ങൾ.

കൊറോണ ലോകമാകെ പടർന്ന് പിടിക്കുന്നു. ഏകദേശം പതിനെട്ടു ലക്ഷം ആളുകൾക്ക് രോഗം ബാധിച്ചു കഴിഞ്ഞിരിക്കുന്നു. ഒരു ലക്ഷത്തിലധികം പേർ മരിച്ചു. രോഗം പടരുന്നതിനാൽ സർക്കാർ എല്ലായിടത്തും ലോക് - ഡൗൺ പഖ്യാപിച്ചു. അവശ്യ വസ്തുക്കൾ ഉള്ള കടകൾ മാത്രമേ തുറക്കുന്നുള്ളു. മറ്റു കടകൾ അടച്ചു. ലോക്ഡൗൺ പ്രഖ്യാപിച്ചതോടെ ട്രെയിൻ, ബസ്സ്, വിമാനം എന്നിവ നിർത്തലാക്കി. സാധനങ്ങൾ വാങ്ങുവാൻ ഒരു വീട്ടിൽ നിന്നു ഒരാൾ മാത്രമേ പോകാൻ പാടുള്ളു. അല്ലെങ്കിൽ പോലീസ് നടപടി സ്വീകരിക്കും. ഉത്സവങ്ങൾ നിർത്തലാക്കി. ആളുകൾ കൂട്ടം കൂടാൻ പാടില്ല എന്ന് സർക്കാർ ഉത്തരവിട്ടു. കൂട്ടം കൂടുമ്പോൾ രോഗം പടരാൻ സാധ്യത കൂടുതലാണ്. വിദേശ രാജ്യങ്ങളിൽ നിന്ന് വന്നവരും രോഗം ബാധിച്ചവരും നിരീക്ഷണത്തിലാണ്. കൊറോണ കാരണം എല്ലാവരും അവധിക്കാലം വീട്ടിലിരുന്ന് ചിലവഴിക്കണം. കൊറോണയെ മറികടക്കാൻ പേടിയല്ല ജാഗ്രതയാണ് വേണ്ടത്. നമുക്ക് എല്ലാവർക്കും കൊറോണയെ ഒന്നിച്ചു നേരിടാം.

**ആയില്യ എ വി**
6 സി ഗവൺമെൻറ് മോഡൽ എച്ച്.എസ്.എസ് വെങ്ങാനൂർ,
ബാലരാമപുരം ഉപജില്ല, തിരുവനന്തപുരം

# ഓൺലൈൻ പഠന സാധ്യതകളും പ്രശ്നങ്ങളും

നമ്മൾ ഏവരും ഇപ്പോൾ കടന്നു പോയിക്കൊണ്ടിരിക്കുന്നത് മാനസികമായി സംഘർഷങ്ങൾ ഉണ്ടാക്കുന്ന ഒരു ഭയാനകമായ സന്ദർഭത്തിലൂടെയാണ്. Covid 19 അതായത് കൊറോണ വൈറസ് എന്ന മഹാമാരി സംഹാരതാണ്ഡവമാടുന്ന ഈ സാഹചര്യത്തിൽ നമ്മൾ എല്ലാവരും അവരവരുടെ വീടുകളിൽ ആണ്. എല്ലാവരും സുരക്ഷിതരാണെന്ന് കരുതുന്നു. വളരെ പ്രധാനപ്പെട്ട മേഖലകളിലൊന്നാണ് പഠനം അഥവാ വിദ്യാഭ്യാസ മേഖല. പരീക്ഷകൾ മുടങ്ങിയ സാഹചര്യത്തിൽ. ഒരു തയാറെടുപ്പിനായി പല വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇപ്പോൾ ഓൺലൈൻ പഠനം ആരംഭിച്ചിരിക്കുകയാണ്. ഓൺലൈൻ പഠനം ഇതിനു മുൻപ് അറിയപ്പെട്ടിരുന്നത് വിദൂരപഠനം എന്നായിരുന്നു. ഇതിന്റെ പിറവി 150 വർഷം മുന്നേ നടന്നതാണ്. കത്തുകളിലൂടെ അറിവ് പകർന്നു നൽകുകയായിരുന്നു പതിവ്. എന്നാൽ 1954-ൽ BF സ്കിന്നർ എന്ന ഹാർവാഡിലെ പ്രൊഫസർ തന്റെ കുട്ടികൾക്ക് നിർദേശങ്ങൾ നൽകിയിരുന്നത് അദ്ദേഹം നിർമിച്ച പഠന യന്ത്രം അതായത് teaching machine എന്ന യന്ത്രത്തിലൂടെയായിരുന്നു. എന്നാൽ കംപ്യൂട്ടർ അധിഷ്ഠിത പരിശീലനപരിപാടി ലോകം പരിചയപ്പെട്ടത് 1960-കളിലാണ്.

ലോകത്തിലെ ഏത് വിഷയം എടുത്താലും അതിന് നല്ലതും മോശവുമായ രണ്ടു വർശങ്ങൾ ഉണ്ടാകും എന്നത് നമുക്ക് സംശയമില്ലാത്ത കാര്യമാണ്, അതുപോലെ തന്നെ ഈ ഓൺലൈൻ പഠനത്തിനും രണ്ടു വശങ്ങളുണ്ട്. മനുഷ്യരുടെ മന ശാസ്ത്രം പറയുന്നത് 'രണ്ടുപേർ സംസാരിക്കുന്നത്  പരസ്പരം കണ്ണുകൾ നോക്കിയാണെങ്കിൽ അവർ സംസാരിക്കുന്ന കാര്യങ്ങൾ മനസ്സിൽ ഉറപ്പിച്ചു വയ്ക്കാൻ സഹായിക്കുമെന്നതാണ്,  ഇതിലൂടെ ഒരാൾക്ക് മറ്റൊരാളുടെ കാഴ്ചപ്പാടുകൾ വ്യക്തമായി മനസ്സിലാവുന്നു. ഇതിനു പ്രായഭേദമില്ല ലിംഗവ്യത്യാസമില്ല. 'അതുപോലെതന്നെ ക്ലാസുകളിൽ നിന്ന് അറിവ് നേടുന്നതിൽനിന്നും വ്യത്യസ്തമായിരിക്കും വിദൂരപഠനം അഥവാ ഓൺലൈൻ ക്ലാസ്സ്. കൂട്ടുകാർ തമ്മിൽ അടുത്തിരുന്ന് അറിവ് നേടുമ്പോൾ അവരിൽ അത് ജിജ്ഞാസയും ധൈര്യവും ആത്മവിശ്വാസവും വർധിപ്പിക്കും. അവരെ കൂടുതൽ അറിവ്നേടാനായി പ്രോത്സാഹിപ്പിക്കും. ഇത് അടുത്തിരിക്കുന്ന വരിലും ബാധിക്കും. അവർ കൂടുതൽ ചോദ്യങ്ങൾ ചോദിക്കും സംശയങ്ങൾ ദൂരീകരിക്കാൻ ഇത് സഹായിക്കും. ഓൺലൈൻ ക്ലാസ്സ് ആകുമ്പോൾ ഇവയൊന്നും നടക്കില്ല. ക്ലാസിൽ നിന്നും കിട്ടുന്ന ഒരു ആശ്വാസം കുട്ടികൾക്ക് ഓൺലൈൻ പഠനത്തിലൂടെ കിട്ടുന്നില്ല.

ഓൺലൈൻ ക്ലാസുകൾ പലതരത്തിലുണ്ട് വീഡിയോ കോൾ വഴി ഉള്ള പഠനം അതുപോലെതന്നെ വാട്സാപ്പിലൂടെയും മെസ്സേജുകൾളിലൂടെയും ഉള്ള പഠനം.

വാട്സാപ്പിലൂടെയും മെസ്സേജുകൾ ഇലൂടെയും പഠനം. മുഖത്തോട് മുഖം നോക്കി ഇരിക്കുമ്പോൾ നേരത്തെ പറഞ്ഞതുപോലെ കണ്ണുകൾതമ്മിലുള്ളബന്ധം പഠനത്തിൽപ്രതിഫലിക്കും.അധ്യാപകനും വിദ്യാർഥിയും തമ്മിലുള്ള ബന്ധം അത് വർധിപ്പിക്കും. പക്ഷേ വാട്സാപ്പ് മെസഞ്ചർ തുടങ്ങിയവ ഇതിനെതിരായി ആണ് നിൽക്കുന്നത്.ക്ലാസ്സിൽ നിന്ന് പഠിപ്പിക്കുമ്പോൾ അധ്യാപകർക്ക് ഉള്ള വഴക്കം ഓൺലൈൻ ക്ലാസ്സുകളിൽ താത്കാലികമായി നഷ്ടപ്പെട്ടുപോകുന്നു. ഇത് കുട്ടികളിൽ പഠനത്തോടുള്ള ഇഷ്ടം ജിജ്ഞാസ ഇവ കുറയ്ക്കുകയും സംശയങ്ങൾ കൂടാൻ ഇട വരുത്തുകയും ചെയ്യുന്നു. അതുപോലെ ക്ലാസുകളിൽ നിന്ന് ഉള്ള പഠനം പരിമിതികൾ ഇല്ലാത്തതാണ് എന്നാൽ ഇന്റർനെറ്റ് എന്നസംവിധാനത്തിലൂടെ സാങ്കേതികമായി കുറേ പരിമിതികൾ നമ്മളുടെ കഴിവ് പുറത്തെടുക്കാൻ തടസ്സം നിൽക്കുന്നു. കുട്ടികൾക്ക് അധ്യാപകർ പറഞ്ഞു കൊടുക്കുന്ന പാഠങ്ങൾ മനസ്സിൽ ഉറപ്പിക്കുന്നത് മന്ദഗതിയിലാകുന്നു.

ഓൺലൈനായി പരിശീലന പരീക്ഷകളും ഇതിനോടകം തുടങ്ങുന്നു. വാട്സ്ആപ്പ്, ഫേസ്ബുക്കുകളിൽ തുടങ്ങുന്ന പഠന ഗ്രൂപ്പുകളിൽ പരീക്ഷകൾ നടത്തുമ്പോൾ കുട്ടികളിൽ വഞ്ചന ഉടലെടുക്കുന്നു. കേരളത്തിലെ ഭൂരിഭാഗം വിദ്യാർത്ഥഥികളുടെയും മാതാപിതാക്കളുടെ കൈയ്യിൽ മൊബൈലും അതിൽ ഇന്റർനെറ്റും ഉണ്ട്. കൈയ്യിൽ മൊബൈലും ഇന്റർനെറ്റും ഇല്ലാത്ത ന്യൂനപക്ഷം മാതാപിതാക്കളുടെ കുട്ടികൾ ഇങ്ങനെ തുടങ്ങുന്ന ഓൺലൈൻ പരിശീലന പരിപാടികളിൽ അംഗത്വം നേടാൻ കഴിയാതെ പോകുന്നു എന്നത് ഇതിന് ഒരു വീഴ്ചയാണ്. ഓൺലൈൻ കോഴ്സുകൾക്ക് കാമ്പസ് ക്ലാസുകളേക്കാൾ കൂടുതൽ സമയം ആവശ്യമാണ്.നീട്ടിവെക്കുന്നത് ഓൺലൈൻ കോഴ്സുകൾ എളുപ്പമാക്കുന്നു. ഓൺലൈൻ കോഴ്സുകൾക്ക് നല്ല സമയ-മാനേജ്മെന്റ് കഴിവുകൾ ആവശ്യമാണ്. ഓൺലൈൻ കോഴ്സുകൾ ഒറ്റപ്പെടലിന്റെ ഒരു ബോധം സൃഷ്ടിച്ചേക്കാം.കൂടുതൽ സ്വതന്ത്രമായിരിക്കാൻ ഓൺലൈൻ കോഴ്സുകൾ നിങ്ങളെ അനുവദിക്കുന്നു.

ഇങ്ങനെയൊക്കെ വശങ്ങൾ ഉണ്ടെങ്കിലും, ഒരു രൂപ യാത്ര ചിലവില്ലാതെ വീട്ടിലിരുന്ന് തന്നെ വേറൊരു സ്ഥലത്ത് ഇരിക്കുന്ന ആളുമായി സംസാരിക്കാനും കാര്യങ്ങൾ മനസ്സിലാക്കാനും സാധിക്കുന്നു എന്നത് ഈ സാങ്കേതിക വിദ്യയുടെ വലിയൊരു നല്ല ലാഭമാണ്. ഈ വിദ്യയിലൂടെ നമുക്ക് വേറൊരു രാജ്യത്തിലെ, സംസ്ഥാനത്തിൽ ഇരിക്കുന്ന ആളുമായി അറിവ് പങ്കിടാനും സംശയങ്ങൾ ദൂരീകരിക്കാനും സാധിക്കുന്നു.കൊറോണ എന്ന മഹാമാരി വന്നശേഷം ലോക്ഡൗണായി എല്ലാവരും വീട്ടിൽ ഇരിക്കുന്ന ഈ സമയത്ത് പഠിച്ച കാര്യങ്ങൾ ഒന്നുകൂടി ഓർത്തെടുക്കാൻ ഈ സാങ്കേതികവിദ്യ സഹായിക്കുന്നു. ഇതിനോടകം തുടങ്ങുന്ന പല ഓൺലൈൻ കോഴ്സുകളും ട്യൂഷനുകളും ഓൺലൈൻ പഠനത്തിനു വലിയ പിന്തുണ നൽകുന്നു.

സൗകര്യപ്രദമായ ഷെഡ്യൂളും പരിസ്ഥിതിയും. ഉന്മേഷത്തോടെ ഉള്ള പഠനത്തിന് കാരണമാകുന്നു.കുറഞ്ഞ ചെലവും കടങ്ങളും സാമ്പത്തികമായി പിന്നോക്കം ഉള്ളവരെയും ഉൾപ്പെടുത്തി ഉള്ള സമത്വ വിദ്യാഭ്യാസത്തിന് കാരണമാകുംസ്വയം ഉത്തരവാദിത്തവും അച്ചടക്കവും ലഭ്യമാക്കാൻ സാധിക്കുന്നു.ഉത്തരവാദിത്വത്തോടെയുള്ള പഠനത്തിന് വഴിയൊരുക്കുന്നുകോഴ്സ് വിഷയങ്ങളുടെ കൂടുതൽ തിരഞ്ഞെടുപ്പിന് സഹായിക്കുന്നു.

ഓൺലൈൻ പഠനം തീർച്ചയായും വിദ്യാർത്ഥികൾക്ക് കൂടുതൽ ഫലപ്രദമായ ഓപ്ഷനാണ്, പക്ഷേ ഇത് പരിസ്ഥിതിക്കും നല്ലതാണ്. വ്യക്തിഗത കോഴ്സുകളിൽ പരമ്പരാഗതമായതിനേക്കാൾ ഓൺലൈൻ കോഴ്സുകൾ ശരാശരി 90% കുറവ്ഊർജ്ജവും 85 ശതമാനം കുറവ് ഇഛ2 ഉദ്‌വമനം ചെയ്യുന്നു എന്ന് ബ്രിട്ടനിലെ ഓപ്പൺ യൂണിവേഴ്സിറ്റി കണ്ടെത്തി.ഓൺലൈൻ കോഴ്സുകൾ വിദ്യാർത്ഥികൾക്ക് മറ്റ് ദിവസങ്ങൾക്ക് പകരം അവരുടെ ബാക്കി ദിവസങ്ങളിൽ പഠന സമയം ആസൂത്രണം ചെയ്യാനുള്ള അവസരം നൽകുന്നു. വിദ്യാർത്ഥികൾക്ക് അവരുടെ സൗകര്യത്തിനനുസരിച്ച് പഠിക്കാനും പ്രവർത്തിക്കാനും കഴിയും. ഈ ആനുകൂല്യങ്ങളെല്ലാം വിദ്യാർത്ഥികളെ അവരുടെ വിദ്യാഭ്യാസവുമായി ജോലിയും കുടുംബ പ്രതിബദ്ധതയും സന്തുലിതമാക്കാൻ സഹായിക്കുന്നു.എല്ലാ തരത്തിലെയും പ്രായത്തിലെയും വിദ്യാർത്ഥികൾ ഇടപഴകുന്നതിനും വിവരങ്ങൾ ആക്സസ് ചെയ്യുന്നതിനുമുള്ള രീതി ഓൺലൈൻ പഠനം മാറ്റുന്നു. അതിന്റെ പ്രഭാവം മാറ്റം വരുത്തുന്ന വിദ്യാർത്ഥിയേയും സ്ഥാപനത്തേയും ആശ്രയിച്ചിരിക്കുന്നു.നന്നായി വികസിപ്പിച്ചെടുത്ത ഒരു പരമ്പരാഗത കോഴ്സ് പോലെ നന്നായി വികസിപ്പിച്ച ഓൺലൈൻ കോഴ്സിന് വിദ്യാർത്ഥികൾക്ക് പുതിയ പഠന ലോകങ്ങൾ തുറക്കാൻ കഴിയും.ലോകത്തിൽ അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന തൊഴിൽ ശക്തിയെ ബോധവത്കരിക്കുന്നതിനുള്ള ഏറ്റവും ചെലവു കുറഞ്ഞ മാർഗങ്ങളിലൊന്നായി ഓൺലൈൻ പഠനം അതിവേഗം മാറുകയാണ് വരും തലമുറക്ക് വീട്ടിലിരുന്നു തന്നെ പഠിക്കാൻ അവസരം ലഭിക്കുന്നു ഇതിലൂടെ പരമ്പരാഗതമായ പഠന രീതി നശിക്കുന്നു. ഗുരുകുല വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം ആയി, ഇപ്പോൾ ആധുനിക വിദ്യാഭ്യാസം ആയിക്കഴിഞ്ഞു, നാളെ അത് നമുക്ക് വീട്ടിൽ തന്നെ ഇരുന്നു പഠിക്കേണ്ടതായി വരും. ഇതാണ് സത്യം. ഭാവിയിൽ ഇതെല്ലാം ചരിത്രം എന്ന പുസ്തകത്തിന്റെ അവശേഷിക്കുന്ന ഭാഗത്തിൽ സ്വർണ ലിപികളിൽ എഴുതി ചേർക്കും എന്ന പ്രതീക്ഷയോടെ നിർത്തുന്നു.

**കാർത്തിക് എം ജെ**
10 C ഗവൺമെൻറ്, മോഡൽ ബി.എച്ച്.എസ്. എസ് തൈയ്ക്കാട്,
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം

# പരിസര ശുചിത്വവും പകർച്ചവ്യാധികളുടെ നിർമ്മാർജനവും

ഓരോ ജീവിയും അതിനു ചുറ്റുപാടുമുള്ള മറ്റു സഹജീവികളും അജൈവ ഘടകങ്ങളുമായി പരസ്പരാശ്രയത്തിലും സഹവർത്തിത്വത്തിലും ആണ് നിരന്തരം ജീവിക്കുന്നത്. ജീവലോകം എത്രമാത്രം മനോഹരവും വൈവിധ്യവും ഉള്ളതാണ്. വൈറസ്, ബാക്ടീരിയ, അമീബ മുതൽ ശരീരത്തിനുള്ളിൽ കോടിക്കണക്കിന് കോശങ്ങൾ ഉള്ള ആനയും നീലത്തിമിംഗല വും മനുഷ്യനും എല്ലാം ഈ വൈവിധ്യത്തി ൽ ഉൾപ്പെടുന്നു. ഏകകോശ സസ്യങ്ങൾ മുതൽ റെഡ് വുഡ് മരങ്ങൾ വരെയുണ്ട്. പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിൽക്കണമെങ്കിൽ ജീവിയ ഘടകങ്ങളും അജീവിയ ഘടകങ്ങളും മിതമായ തോതിൽ ഉണ്ടാകണം. ഇവ പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടിരിക്കുന്നു. പ്രകൃതിയിലെ സന്തുലിതാവസ്ഥയിൽ ഉണ്ടാകുന്ന വ്യതിയാനം ഏറ്റവുമധികം ബാധിക്കുന്നത് മനുഷ്യസമൂഹത്തെ ആണ്. സൂക്ഷ്മ ജീവികളിൽ ഗുണകരമായ ധാരാളം ജീവികൾ നമുക്ക് ചുറ്റും നിലകൊള്ളുന്നു. ലോകത്തിലെ തന്നെ ഏറ്റവും ശ്രദ്ധേയമായ ആരോഗ്യസ്ഥിതി നിലനിന്നിരുന്ന ഈ കൊച്ചുകേരളത്തിലെ സ്ഥിതി ഇന്ന് പാടെ മാറിക്കഴിഞ്ഞു. കേരളം ഇന്ന് പകർച്ചവ്യാധികളുടെ നാടായി മാറി കൊണ്ടിരിക്കുകയാണ്. പകർച്ചവ്യാധികൾ മിക്കവയും കൊതുകിലൂടെ യും എലി യിലൂടെയും പകരുന്നതാണ്. അതിനാൽ കൊതുകിന്റെ യും എലിയുടെയും വൻതോതിലുള്ള വർധനവാണ് നിയന്ത്രണവിധേയം ആയിരുന്ന പലതരം വൈറസുകളും കേരളത്തിൽ വീണ്ടും പ്രത്യക്ഷപ്പെടാൻ കാരണമായത്. കൂടാതെ, മലിനജലം കെട്ടിക്കിടക്കുന്നതി ലൂടെയും പരിസരശുചിത്വം ഇല്ലായ്മയും, വ്യക്തിശുചിത്വക്കുറവും ആണ് മറ്റു പല രോഗങ്ങൾക്കും കാരണമാകുന്നത്. മഞ്ഞപ്പിത്തം, എലിപ്പനി, ഡെങ്കിപ്പനി തുടങ്ങിയ അപകടകാരികളായ രോഗങ്ങൾ ഇന്ന് നമ്മുടെ പ്രദേശത്ത് പിടിപെടുന്നു. പ്രശ്നവും പരിഹാരവും വീടുകളിലെല്ലാം പരിശോധിക്കുമ്പോൾ കാണുന്നത് അവരുടെ ഭക്ഷണസംസ്കാരം വളരെയധികം മാറിക്കഴിഞ്ഞിരിക്കുന്നു എന്നാണ്. ബേക്കറി സാധനങ്ങൾ, പാക്കറ്റ് ഭക്ഷണങ്ങൾ ഇവ ഇന്ന് കൂടുതലായി ഉപയോഗിക്കപ്പെടുന്നുണ്ട്. ഭക്ഷണാവശിഷ്ടങ്ങൾ മുമ്പത്തേക്കാളും ഏറെ വർധിച്ചിരിക്കുന്നു. ഇതുസംസ്കരിക്കുന്നതിന് വീട്ടുകാരുടെ ഭാഗത്തുനിന്നും വേണ്ടത്ര ശ്രദ്ധ ഉണ്ടാകുന്നതായി കാണുന്നില്ല. വലിച്ചെറിയുന്ന ഇത്തരം ഭക്ഷണാവശിഷ്ടങ്ങൾ പരിസര മലിനീകരണത്തിനും കൊതുകുകളുടെ വളർച്ചയ്ക്കും കാരണമാകുന്നു. ഉപയോഗശൂന്യമായ വസ്തുക്കൾ പൊതുസ്ഥലത്തും പരിസരപ്രദേശങ്ങളിലും വലിച്ചെറിയുന്നു.ഇത് ഭയങ്കരമായ പാരിസ്ഥിതിക പ്രശ്നങ്ങളാണ് ഉണ്ടാക്കുന്നത്.

വളർത്തുമൃഗങ്ങളെ വൃത്തിയായി സൂക്ഷിക്കുന്നതിന് വേണ്ടത്ര ശുഷ്കാന്തി മിക്ക വീട്ടുകാരും കാണിക്കുന്നില്ല. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കാതെ അവയുടെ ചുറ്റുപാടും ഉപയോഗശൂന്യമായ വസ്തുക്കളും ചിരട്ടകളും ടയറുകളും പ്ലാസ്റ്റിക്കും വലിച്ചെറിയുന്നത് കൊതുകിന്റെ ക്രമാതീതമായ വർദ്ധനവിന് കാരണമാകുന്നു. പരിഹാരമാർഗങ്ങൾ ഭക്ഷണാവശിഷ്ടങ്ങൾ സംസ്കരിക്കുന്നതിന് ബോധവൽക്കരണ പരിപാടികൾ നടത്തുക. ഓരോ വീട്ടിലും മണ്ണിരകമ്പോസ്റ്റ് പ്രോത്സാഹിപ്പിച്ചാൽ ഒരു പരിധിവരെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. പ്ലാസ്റ്റിക് വസ്തുക്കൾ പരിസരത്ത് അലക്ഷ്യമായി വലിച്ചെറിയാതെ അവ റീസൈക്കിൾ ചെയ്ത് ഉപയോഗിക്കുവാനായി നൽകുക. കഴിയുന്നത്ര വീടുകളിലും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചാൽ ഓരോ വീട്ടിലേയും മാലിന്യം അവർക്ക് തന്നെ ബയോഗ്യാസായും ജൈവവളം ആയും ഉപയോഗിക്കുവാൻ കഴിയും. അങ്ങനെ ഒരു പരിധിവരെ പരിസരമലിനീകരണം കുറയ്ക്കുവാൻ സാധിക്കും. ശുചിത്വം ഒരു സംസ ്കാരമാണ്. ഓരോ ജീവിയും അതിന്റെ ചുറ്റുപാടുമുള്ള മറ്റു സഹജീവികളും പരസ്പര ആശ്രയത്തിലും സഹകരണത്തിലും ആണ് ജീവിക്കുന്നത്. വ്യക്തിശുചിത്വം പാലിക്കുന്നവരിൽ പകർച്ചവ്യാധികൾ താരതമ്യേന കുറവായിരിക്കും. ഒരു പ്രദേശത്തെ ആവാസവ്യവസ്ഥ സംരക്ഷിച്ച് നിലനിർത്തേണ്ടത് സമൂഹത്തിന്റെ കടമയാണ്.

**നേഹ ജിനേഷ്**
7 E GVHSS ഞെക്കാട്,
ആറ്റിങ്ങൽ ഉപജില്ല, തിരുവനന്തപുരം

# ജലത്തിന്റെ വിശുദ്ധി

ജീവന്റെ നിലനിൽപ്പിനെ ഏറ്റവും അധികം സ്വാധീനിക്കുന്ന അഭിവാജ്യ ഘടകമാണ് ജലം. കഴിഞ്ഞ കുറച്ച്ദശാബ്ദങ്ങളായി ജലത്തിന്റെ ആവശ്യകത വർദ്ധിച്ചുകൊണ്ടിരിക്കുകയാണ് മാത്രമല്ല ലോകത്തിലെ പല പ്രദേശങ്ങളിലും ജലക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. പുതിയ പഠനങ്ങൾ പ്രകാരം ലോകജനതയിൽ ഏകദേശം 40 ശതമാനത്തോളം ആൾക്കാർ ജലക്ഷാമം നേരിട്ടുകൊണ്ടിരിക്കുകയാണ്. പുതിയ അനുമാനം അനുസരിച്ച് 2020തോടെ ലോകജനസംഖ്യ ഇപ്പോഴുള്ളതിനേക്കാൾ ഇരട്ടിക്കും എന്നതിൽ സംശയമില്ല. ജനസംഖ്യാ വർദ്ധനവിനനുസരിച്ച് വർധിച്ചുകൊണ്ടിരിക്കുന്ന പരിസ്ഥിതിപ്രശ്നങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന അതിലൊന്ന് ജലമലിനീകരണമാണ്. ഇന്നത്തെ അവസ്ഥയിൽ നഗരമാലിന്യങ്ങൾ ,വ്യവസായ മാലിന്യങ്ങൾ ,കാർഷിക അവശിഷ്ടങ്ങൾ എന്നിവയുടെ

നിക്ഷേപ കേന്ദ്രങ്ങളായി നദികൾ മാറിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല ആവാസവ്യവസ്ഥയുടെ സ്ഥിരമോ താൽക്കാലികമോ ആയിട്ടുള്ള നാശവും ഇവിടെ വലിയ തോതിൽ നടന്നുവരുന്നു. ലോകജനതയെ ഞെട്ടിപ്പിക്കുന്ന ജല സത്യങ്ങളിൽ ഒന്ന് ഏകദേശം 80 ശതമാനത്തോളം വരുന്ന പകർച്ചവ്യാധികളുടെ യും മഹാരോഗങ്ങളുടെയും ഉൽഭവ കേന്ദ്രം അശുദ്ധജലമാണെന്നതാണ്. മാത്രമല്ല ഇതിന്റെ ഫലമായി ലക്ഷക്കണക്കിന് പിഞ്ചു കുഞ്ഞുങ്ങളാണ് വർഷംപ്രതി മരിക്കുന്നത്. സുരക്ഷിതവും ഉപയോഗയോഗ്യമായ ശുദ്ധജലം ലഭിക്കാത്ത ഏകദേശം 300 കോടിയിലധികം ജനങ്ങൾ ഈ ലോകത്ത് ഉണ്ടെന്ന സത്യം തീർത്തും ഞെട്ടിപ്പിക്കുന്നതാണ്.

ജലത്തിന്റെ അസാന്നിധ്യത്തിൽ ഒരു ജീവകണത്തിനും ഭൂമിയിൽ മുന്നോട്ട് പോകുവാൻ ആകില്ല. നമ്മുടെ ദാഹം ശമിപ്പിക്കുവാനും നമ്മുടെ ഭക്ഷ്യധാന്യങ്ങളുടെ ഉൽപ്പാദന പ്രവർത്തനങ്ങൾക്കും മൃഗങ്ങളുടെയും പക്ഷികളുടെയും എന്ന് വേണ്ട സമസ്ത ജീവജാലങ്ങളുടെയും നിലനിൽപ്പിന് ജലം കൂടിയേതീരൂ.

ഇന്ന് മനുഷ്യജീവിതത്തെ ഏറ്റവുമധികം സ്വാധീനിക്കുന്ന അടിസ്ഥാന ഘടകങ്ങളിൽ ഒന്നായ വൈദ്യുതിയുടെ ഉൽപാദനത്തിനും ജലം അത്യാവശ്യമാണ്. അതുപോലെതന്നെ രാജ്യങ്ങൾക്കിടയിൽ ഉള്ള സാധന കൈമാറ്റത്തിന് ഏറ്റവുമധികം സഹായിക്കുന്ന ചിലവുകുറഞ്ഞ മാർഗങ്ങളിലൊന്നാണ് ജലഗതാഗതം.ജലമില്ലെങ്കിൽ ജലഗതാഗതത്തിന് എന്താണ് പ്രസക്തി!

ഇന്ന് മറ്റേതൊരു കച്ചവടസാധനമെന്ന പോലെ വെള്ളവും വിലകൊടുത്തു വാങ്ങേണ്ട സ്ഥിതിയിലാണ് നാം എത്തിയിരിക്കുന്നത്. എന്നാൽ ഇത്രയൊക്കെയായിട്ടും ജലത്തിന്റെ ദുരുപയോഗത്തിന് നാം ഒട്ടും പിന്നിലല്ലഎന്നത് വളരെ നിരാശാജനകമായ ഒരു വസ്തുതയാണ്. പൊതുനിരത്തിനരികിൽ ടാപ്പിൽ നിന്ന് അനാവശ്യമായി വെള്ളം കളയുമ്പോൾ പോലും കണ്ടിട്ട് കാണാതെ പോകുന്ന മാന്യന്മാർ ഓർക്കേണ്ട ആദ്യപാഠം ജലസംരക്ഷണത്തിന്റെ ആവശ്യകതയാണ്. ഭാവിയിൽ ജലത്തിന്റെ അഭാവം ഉണ്ടാക്കിയേക്കാവുന്ന പ്രശ്നങ്ങൾ തീർത്തും വിവരണാതീതമാണ്.

'ഒരുതുള്ളി വെള്ളംപോലും പാഴാക്കരുത് ' എന്നസന്ദേശം വാക്കുകളിൽ ഒതുങ്ങാതെ പ്രവർത്തനതലത്തിൽ എത്തിക്കേണ്ടതുണ്ട്. കാഴ്ചപ്പാടുകളിലും പെരുമാറ്റങ്ങളിലും നമ്മുടെ സമൂഹം ഇനിയും ഏറെ മുന്നോട്ട് പോകണം. അനാവശ്യമായി ജലം നഷ്ടമാവുന്നത് കണ്ടാൽ അത് പരിഹരിക്കാനുള്ള വേണ്ട നടപടികൾ കൈക്കൊള്ളേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. നമ്മെക്കൊണ്ടു ചെയ്യാൻ കഴിയാത്ത കാര്യങ്ങളാണ് അവ എങ്കിൽ അതുമായി ബന്ധപ്പെട്ട അധികാരകേന്ദ്രങ്ങളെ അറിയിക്കേണ്ട ചുമതല നമുക്കുണ്ട്.

ഭൂമിയുടെ പല ഭാഗങ്ങളിലും ജലക്ഷാമം നിമിത്തം മരുഭൂമികൾ ആയി മാറിക്കൊണ്ടിരിക്കുകയാണ്. തീർത്തും ദുരിത ജീവിതമാണ് ആ പ്രദേശങ്ങളിലെ ജനങ്ങൾ നയിച്ചുകൊണ്ടിരിക്കുന്നത്. എന്തിനധികം പറയണം, ജീവൻ നിലനിർത്താൻ സസ്യങ്ങളും ജന്തുക്കളും ഒരുപോലെ പെടാപ്പാട് പെടുന്ന കാഴ്ച നമുക്കവിടെ കാണാം. മരുഭൂമിയെ മരുപ്പച്ചയാക്കി മാറ്റുവാനുള്ള ദിവ്യശക്തി ജലത്തിനുണ്ട്.

കോടിക്കണക്കിന് ജീവനപഹരിക്കപ്പെട്ട പ്രകൃതിക്ഷോഭങ്ങളുടെ പ്രധാന ഭീകരൻ ജലം തന്നെഎന്നത് യാഥാർത്ഥ്യങ്ങളുടെ മറ്റൊരു മുഖമാണ്. മഹാമാരി ആകുവാനും വെള്ളപ്പൊക്കം സൃഷ്ടിക്കുവാനും,രാക്ഷസ തിരമാലകൾ ആയി ആഞ്ഞടിക്കുംവാനും ഇതേ ജലത്തിന് ശക്തിയുണ്ട്. എന്നാൽ ഈ ഭീകരന്റെ സാന്നിധ്യം ഇല്ലാത്ത ലോകം നമ്മുടെ ചിന്തകൾക്കുമപ്പുറമാണ്.

**അഫ്സാന എൻ.എസ്**
8 A ഗവ.ട്രൈബൽ ഹൈസ്കൂൾ, ഇടിഞ്ഞാർ,
പാലോട് ഉപജില്ല, തിരുവനന്തപുരം

# കൊറോണയുടെ ഇന്ത്യൻ സന്ദർശനവും കേരളവാസവും

2019 ഡിസംബർ മാസം മുതലാണ് കൊറോണ എന്ന വാക്ക്കേൾക്കാൻ തുടങ്ങിയത്. ചൈനയിലെ വുഹാൻ പ്രവശ്യയിലെ വുഹാൻ സമുദ്രോൽപ്പന്ന ചന്തയിലെ ചെമ്മീൻ കച്ചവടക്കാരിയായ വൈഗൂയയിലാണ് ഈ വൈറസ് സ്ഥിരീകരിക്കപ്പെട്ടത്. ഇവർക്കൊപ്പം ചന്തയിൽ പണിയെടുത്തിരുന്നവരും ഇതേ രോഗലക്ഷണങ്ങളുമായി ചികിത്സ തേടിയെത്തി. വുഹാനിൽ ആദ്യം ചികിത്സ തേടിയ 27 പേരിൽ വൈഗൂയിയും ഉൾപ്പെട്ടിരുന്നു.

ഇന്ത്യയിൽ ആദ്യം വൈറസ് സ്ഥിരീകരിക്കപ്പെട്ടത് ചൈനയിൽ നിന്നെത്തിയ തൃശൂർ സ്വദേശിയായ വനിതയിലാണ്. യുവതിയുടെ സ്രവ സാംപിളിൽ നിന്ന് പൂണെ നാഷണൽ ഇൻസ്റ്റിറ്റൂട്ട് ഓഫ്വൈ റോളജി ”സാർസ് കോവ് 2 ’ എന്ന വൈറസിനെ വേർതിരിച്ചു.തുടർന്ന് ആലപ്പുഴയിലെ നാഷണൽ ഇൻസ്റ്റിറ്റൂട്ട് ഓഫ് വൈറോളജി യൂണിറ്റിൽ കൊവിഡ് 19 ആണെന്ന് സ്ഥിരീകരിച്ചു. ഇതൊരു തുടക്കംമാത്രം.

ഇറ്റലിയിൽ നിന്ന് വന്ന മകന്റെയും കുടുംബത്തിന്റെയുംസഹവാസം കൊണ്ട് 93 വയസ്സായ തോമസ്സിനും 88 വയസ്സായ മറിയാമ്മയ്ക്കും കൊവിഡ് 19 ബാധിച്ചു. മാർച്ച് മാസം 8ാം തീയതി കോട്ടയം മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്തു.

60 വയസ്സിനു മുകളിൽ രോഗം ബാധിച്ചാൽ രക്ഷപ്പെടില്ല എന്നതാണ് സത്യം. എന്നാൽ ഡോക്ടർമാരുടെയും നഴ്സുമാരുടെയും മറ്റ്ആപോഗ്യപ്രവർത്തകരുടെയും കൂട്ടായ പരിശ്രമത്തിന്റെ ഫലമായി 4 ദിവസം വെന്റിലേറ്ററിൽ അനക്കമില്ലാതെ കിടന്ന തോമസ്സും മറിയാമ്മയും 31/03/2020ന് ആശുപത്രി വിട്ടു.

കൊവിഡ് 19 കേരളത്തെ പിന്തുടർന്നിട്ട് രണ്ടര മാസമായി. ലോകംപകർച്ച വ്യാധിയാൽ വിറച്ചുനിൽക്കുമ്പോൾ കേരളം ചിട്ടയായ പ്രവർത്തനവുമായി ഒട്ടേറെ മുന്നോട്ടുപോയി. സർക്കാരും ആരോഗ്യപ്രവർത്തകരും ആശാവർക്കർമാരും പോലീസും നിതാന്ത ജാഗ്രതയോടെ ഒന്നിച്ചു നിന്ന് കൊറോണ എന്ന വിപത്തിനെ പിടിച്ചു നിർത്തി.

ചൈനയിലെ വുഹാനിൽ തുടങ്ങിയ കൊറോണ ഇറ്റലി, ഫ്രാൻസ്,അമേരിക്ക, സ്പെയിൻ, തുടങ്ങി ലോകരാജ്യങ്ങളിലെല്ലാം പടർന്നുപിടിച്ചു ഭീഷണിയായി നിൽക്കുന്നു. ഇന്നു കേരളം ലോകത്തിൽ ഒന്നാമതായി നിൽക്കുന്നു. എന്തുകൊണ്ട് നമ്മൾ ആദ്യം ലോക്ക്ഡൌൺ പ്രഖ്യാപിച്ചു. വീടും പരിസരപ്രദേശങ്ങളും ശുചീകരിച്ചു. നമ്മുടെ മുഖ്യമന്ത്രിയും ആരോഗ്യമന്ത്രിയും ആരോഗ്യവകുപ്പും പകർച്ച വ്യാധികൾ തടയുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തി. ദ്രുതകർമ്മ യോഗം ചേർന്നോ ഗനിരീക്ഷണത്തിനും ചികിത്സയ്ക്കും പരിശീലനത്തിനും അവബോധം ഉണർത്തുന്നതിന് മാർഗനിർദേശങ്ങൾ തയാറാക്കി നൽകി.

സാമ്പിളുകൾ പരിശോധിക്കുന്നതിനുവേണ്ടി ആലപ്പുഴയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി യൂണിറ്റിൽ ക്രമീകരണം നടത്തി. കൺട്രോൾ റൂമുകളും കോൾസെന്ററുകളും തുറന്ന് 24 മണിക്കൂർ പ്രവർത്തനം തുടങ്ങി. മാർച്ച്24ന് കേരളം രണ്ടാഴ്ച്ചത്തെ ലോക്ഡൌൺ പ്രഖ്യാപിച്ചു. ഇതിനു പിന്നാലെ കേന്ദ്രം 21 ദിവസത്തെ ലോക്ഡൌൺ പ്രഖ്യാപിച്ചു. കൊറോണ ബാധിതരെ ചികിത്സിക്കാൻ ആശുപത്രികൾ സജ്ജമാക്കി. ഐസൊലേഷൻ വാർഡുകൾ തുറക്കാൻ ജില്ലാ മെഡിക്കൽ കോളേജ് ഓഫീസർമാരെ ചുമതലപ്പെടുത്തി. ക്വാറൻറ്റൈൻ സൌകര്യമൊരുക്കി രോഗികളെയും രോഗബാധിതരെന്ന് സംശയിക്കുന്നവരെയും നിരീക്ഷണത്തിലാക്കി.

ക്വാറൻറ്റൈൻ സൌകര്യങ്ങൾ ശക്തമായി സജ്ജീകരിച്ച് കേരളം പ്രതിരോധസന്നാഹമാരംഭിച്ചു. ആരോഗ്യവകുപ്പ് പ്രത്യേകം സ്ക്വാഡുണ്ടാക്കി, കൺട്രോൾ റൂമും തുറന്നു. സാനിട്ടൈസേഷൻ ശക്തമാക്കി, സാമൂഹിക അകലം പാലിക്കുക, മാസ്കും ധരിക്കുകഎന്നിവ സ്വഭാവമാക്കി മാറ്റി. എല്ലാ മേഖലകളിലും പോലീസിന്റെ ജാഗ്രതാപൂർവമായ സേവനം ഉറപ്പാക്കി. റൂട്ട്മാപ്പ്, ജിയോഫെൻസിങ്ങ് എന്നിവ ഫലപ്രദമായി. എല്ലാവർക്കും അന്നം ഉറപ്പാക്കി. 2,75000 പേരെ ഉൾക്കൊള്ളിച്ച്

സന്നദ്ധസേന രൂപീകരിച്ച്കേരളമാകെ അണുവിമുക്തമാക്കി. രാപ്പകലില്ലാതെ കർമം ചെയ്ത ആരോഗ്യപ്രവർത്തകർ അതിജീവനത്തിന്റെ നേതൃനായകരായി.

നമ്മൾ കഴിഞ്ഞ 4 വർഷത്തിനിടയിൽ എന്തെല്ലാം ദുരന്തങ്ങളാണ്നേരിട്ടത്-രണ്ട് പ്രളയം, ഓഖി, നിപ്പ വൈറസ് വ്യാപനം. ഇതിനെയെല്ലാം അതിജീവിച്ച നമ്മൾ കൊവിഡിനെയും ഇവിടെ വസിക്കാൻ അനുവദിക്കില്ല. പോലീസിന്റെയും ആരോഗ്യപ്രവർത്തകരുടെയും ജനങ്ങളുടെയും പങ്കാളിത്തത്തോടെ പൊരുതി ജയിക്കും ഇവിടെയും നമ്മൾ. ഒരുമയോടെ നിൽക്കാം നിതാന്ത ജാഗ്രതയോടെ.

**മീനാക്ഷി എൻ രാജ്**
5 B ഗവൺമെൻറ്, ഗേൾസ് എച്ച്.എസ്. എസ് ,കോട്ടൺഹിൽ,
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം

# നാം കാണുന്ന നമ്മുടെ പരിസ്ഥിതി

നമുക്കു ചുറ്റും ഒന്നു കണ്ണോടിച്ചു നോക്കൂ.എന്തൊക്കെ മാറ്റങ്ങളാണ് നമുക്ക് ചുറ്റും സംഭവിക്കുന്നത്.പരിസ്ഥിതിയെയും പരിസരത്തെയും നമ്മൾ വേണ്ടവിധം ശ്രദ്ധിക്കാറില്ല.അല്ലേ?ഈ ലോക്ഡൗൺ കാലം പ്രകൃതിക്കു വേണ്ടി ഒരുക്കിയ ഒന്നായി കരുതാം. അറിവിന്റെ ഉന്നതിയിൽ നാം അഹങ്കരിക്കുമ്പോഴും പ്രകൃതിയുടെ ഒരു കാരുണ്യവും നമ്മൾ തിരിച്ചറിയുന്നില്ല. പുല്ല്, പുഴു,പക്ഷികൾ,മൃഗങ്ങൾ തുടങ്ങി വിരലിൽ എണ്ണാവുന്ന വൈവിധ്യങ്ങൾ മാത്രമേ നാം തിരിച്ചറിയുന്നുള്ളൂ.

ജലം,വായു,സസ്യജന്തുക്കൾ ഇവാ ഉൾപ്പെടുന്ന പരിസ്ഥിതിയാണ് ഈ ഭൂമിയുടെ അടിസ്ഥാനം.ഒരു മഴ പെയ്യുന്നു.പറയുമ്പോൾ എത്ര നിസ്സാരമല്ലേ! മഴ നൽകുന്നത് ജീവധാരയാണ്.മഴയുടെ ശാസ്ത്രം നാം മനസിലാക്കുന്നു. അത് നിയന്ത്രിക്കാൻ മനുഷ്യനായി നമുക്ക് കഴിയുന്നുണ്ടോ ?

പരിസ്ഥിതി ശാസ്ത്രം പഠിക്കുമ്പോഴും പരിസ്ഥിതിയോട് ഇണങ്ങി ജീവിക്കുക എന്ന സത്യത്തെ മനസിലാക്കാൻ മറന്നുപോകുന്നുണ്ട്.മനുഷ്യ വർഗ്ഗത്തിന്റെ അനിയന്ത്രിതവും അശാസ്ത്രീയവുമായ ഇത്തരം ഇടപെടലുകൾ നശിപ്പിക്കുന്നത് പ്രകൃതിയുടെ ജീവനാഡിയാണ്. പിറന്നുവീണ മണ്ണിനെ നശിപ്പിക്കുന്ന മനുഷ്യൻ അവന്റെ തന്നെ നാശത്തിന് വഴിതെളിക്കുന്നു.അത് എങ്ങനെയാണെന്ന് നമുക്ക് നോക്കാം.പ്രകൃതിയോട് ഇണങ്ങി ജീവിച്ചിരുന്ന മാനവൻ അതിനെ നിയന്ത്രിക്കാൻ ആരംഭിച്ചു.ഇതിനായി സ്വാഭാവികത നശിപ്പിക്കുന്നു.ഇതിന്റെ ഫലമായി വനം, വൃക്ഷങ്ങൾ, ജീവികൾ എന്നിവയെ നശിപ്പിക്കാൻ ആരംഭിച്ചു. മണ്ണിന് ദോഷകരമായ വസ്തുക്കൾ മണ്ണിലേക്ക് വലിച്ചെറിഞ്ഞു.അത് മണ്ണിനെ വായുവിനെയും

ജലത്തിനെയും ദോഷകരമാക്കി മാറ്റി.സ്വന്തം സുഖങ്ങൾക്കായി ചൂഷണം ചെയ്തു. ഖനനങ്ങൾ ഭൂമിയുടെ അടിത്തറ ഇളക്കി. ഇപ്പോഴും അതു തുടർന്നുകൊണ്ടിരിക്കുന്നു. കാലം തെറ്റിപ്പെയ്യുന്ന മഴയും വനവരൾച്ചയും പ്രകൃതി ദുരന്തങ്ങളും മഹാമാരികളും നമ്മൾ വിളിച്ചു വരുത്തിയതാണ്. പ്രകൃതിക്കു ദോഷകരമായ രീതിയിൽ സൂക്ഷ്മാണുക്കൾ പെറ്റുപെരുകി. എന്ന് അതു കൊറോണയിൽ വരെ എത്തിയിരിക്കുന്നു.

കൊറോണക്കാലത്തു 'മനുഷ്യൻ 'എന്താണ് എന്നുള്ള സത്യം തിരിച്ചറിഞ്ഞിരിക്കുന്നു. രാജ്യാതിർത്തികൾ,പണം,വർഗം,മതം,രാഷ്ട്രീയം തുടങ്ങിയ അതിർവരമ്പുകൾ ഇല്ലെന്നും ലോകത്തു പ്രകൃതിയെന്നതും ഭൂമിയെന്നതും ഒന്നാണെന്നുമുള്ള സത്യം ഈ ചെറിയ ജീവിയായ 'കൊറോണ' നമ്മെ പഠിപ്പിക്കുന്നു. കൊറോണ പടർന്നു പിടിക്കുന്ന രാജ്യങ്ങളിൽ കാർബൺഡൈഓക്സൈഡിന്റെയും വായു മലിനീകരണതോതും വൻതോതിൽ കുറയുന്നതായി പഠനങ്ങൾ വെളിപ്പെടുത്തുന്നു. മനുഷ്യന്റെ ചെറിയ കാലയളവിലുള്ള ഇടപെടൽ കുറഞ്ഞതുമൂലം പ്രകൃതിക്കുണ്ടായ മാറ്റം വലുതാണ് എന്ന് നമുക്ക് ബോധ്യപെട്ടല്ലോ? ഈ നാളുകളിൽ കഴിഞ്ഞ വർഷത്തേക്കാളും 50 ശതമാനത്തേക്കാളും കാർബൺമോണോക്സൈഡിന്റെ അളവുകുറഞ്ഞതായി പഠനങ്ങൾ പറയുന്നു.

**ദേവി എ എൽ**
8 ഗവ എച്ച് എസ് എസ് വെഞ്ഞാറമൂട്,
ആറ്റിങ്ങൽ ഉപജില്ല, തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ
സംരക്ഷണ യജ്ഞം

State Council of Educational
Research and Training (SCERT)
Vidyabhavan, Poojappura, Thiruvananthapuram
Kerala-695 012. Website www.scert.kerala.gov.in
e-mail scertkerala@gmail.com

KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION

